C. H. MOHAMMED KOYA
LIBRARY

UNIVERSITY OF CALICUT

Acc. No. NB6261

CUP 2744/04/5000

510·A

# അറബി–മലയാളകൃതികൾ – ഭാഷാപരവും സാംസ്കാരികവുമായ സവിശേഷതകളെ മുൻനിർത്തിയുള്ള ഒരു പഠനം

ARABI-MALAYALAM WORKS -

A STUDY OF LINGUISTIC AND CULTURAL ASPECTS

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി
ബിരുദത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


അഷ്റഫ് കെ.ടി



മലയാള കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2009

- NB6261 -

TH
450.07 ASH/A

# പ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ഡോ. ജി. ബാലസുബ്രമണിയന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർമ്മിച്ച ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അസോസിയേറ്റ്ഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോവേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
5-10-09

അഷ്റഫ്. കെ.ടി.

**Dr.G.Balasubramanian**
Prof. & Head
Department of Dravidian &
Computational Linguistics
Dravidian University
Kuppam
Andhra Pradesh

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന *"അറബി-മലയാളകൃതികൾ ഭാഷാപരവും സാംസ്കാരികവുമായ സവിശേഷതകളെ മുൻനിർത്തിയുള്ള ഒരു പഠനം"* എന്ന പ്രബന്ധം അഷ്റഫ് കെ.ടി. എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

G. Balasubramanian 16/09/09

കാലിക്കറ്റ് യൂണിവേഴ്സിറ്റി
16-09-09

ഡോ. ജി. ബാലസുബ്രമണിയൻ

## കൃതജ്ഞത

പ്രബന്ധരചനയുടെ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ ഗുരുനാഥൻ ഡോ.ജി.ബാലസുബ്രഹ്മണിയനോടുള്ള ആദരവും നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനവും കൃത്യനിഷ്ഠയോടെയുള്ള നിർദ്ദേശവും മൂലമാണ് എനിക്ക് ഗവേഷണം പൂർത്തിയാക്കാൻ സാധിച്ചത്. ഗവേഷണത്തിന്റെ ആരംഭത്തിൽ വകുപ്പദ്ധ്യക്ഷനായിരുന്ന ഡോ.ടി.ബി.വേണുഗോപാലപ്പണിക്കരുടെ പണ്ഡിതോചിതമായ ഇടപെടൽ ഗവേഷണത്തിന് ഏറെ സഹായിച്ചിട്ടുണ്ട് എന്നത് നന്ദിയോടെ സ്മരിക്കട്ടെ. വകുപ്പദ്ധ്യക്ഷന്മാരായിരുന്ന ഡോ.എൻ. ഗോപിനാഥൻ നായർ, ഡോ.പി.എം.വിജയപ്പൻ എന്നിവരേയും ആദരവോടെ ഓർക്കുന്നു. ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻ പ്രൊഫ. ടി.പവിത്രനോടും എനിക്ക് നന്ദിയുണ്ട്.

ക്രിയാത്മകമായ അഭിപ്രായങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും പ്രബന്ധരചനയ്ക്കുവേണ്ട ആത്മവിശ്വാസം നൽകിയ ഡോ.സി.ജെ.ജോർജ്ജ്, ഡോ. പി.സോമനാഥൻ, ഡോ. പി.ടി.അബ്ദുൾ അസീസ്, ഹസൻ നെടിയനാട് എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. സാങ്കേതിക സഹായങ്ങൾ നൽകിയ ഡോ. എ.ബി. മൊയ്തീൻകുട്ടി, ഫൈസൽ എളേറ്റിൽ എന്നിവർക്കും നന്ദിരേഖപ്പെടുത്തട്ടെ. പ്രബന്ധം ടൈപ്പുചെയ്തുതന്ന കുമാരിഅനിത, പഴയങ്ങാടിയോടും കൃതജ്ഞത രേഖപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
5-10-09

അഷ്റഫ്. കെ.ടി

## ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് നമ്പർ |
| അധ്യായം ഒന്ന് | **ആമുഖം** | | **1 - 8** |
| | 1.1. | പഠനലക്ഷ്യം | |
| | 1.2. | പഠനത്തിന്റെ പ്രസക്തി | |
| | 1.3. | പൂർവ്വപഠനങ്ങൾ | |
| | 1.3. 1. | അറബിമലയാളത്തെക്കുറിച്ചുള്ള സവിശേഷപഠനങ്ങൾ | |
| | 1.3.2. | അറബിമലയാളം പരാമർശിക്കപ്പെട്ടകൃതികൾ | |
| | 1.4. | പഠനരീതി | |
| | 1.5. | പഠനത്തിന്റെ പരിമിതി | |
| | 1.6. | പ്രബന്ധത്തിന്റെ സ്വരൂപം | |
| അധ്യായം രണ്ട് | **അറബിമലയാളത്തിന്റെ ഉത്ഭവവും വളർച്ചയും** | | 9 - 17 |
| | 2.1. | കേരളത്തിലെ മാപ്പിളമാർ | |
| | 2.2. | മാപ്പിള എന്ന പദം | |
| | 2.3. | അറബിമലയാളത്തിന്റെ ആവിർഭാവം | |
| അധ്യായം മൂന്ന് | **അറബിമലയാളസാഹിത്യപാരമ്പര്യം** | | 18 - 83 |
| | 3.1. | അറബിമലയാളകൃതികളുടെ പൊതുസവിശേഷത | |
| | 3.2. | പ്രധാനപ്പെട്ട അറബിമലയാള എഴുത്തുകാർ | |
| | 3.3. | അറബിമലയാളത്തിന്റെ നിലവിലെ അവസ്ഥ | |
| | 3.4. | കൃതികളുടെ അച്ചടിയും സംവിധാനവും | |
| | 3.5. | ഗദ്യം | |
| | 3.5.1. | വൈജ്ഞാനികസാഹിത്യം | |
| | 3.5.1.1. | മതസാഹിത്യം | |
| | 3.5.1.1.1. | ഖുർആൻതർജ്ജമകൾ | |

3.5.1.1.2. കർമ്മശാസ്ത്രഗ്രന്ഥങ്ങൾ

3.5.1.1.3. ഇസ്ലാമികതത്വശാസ്ത്രകൃതികൾ

3.5.1.1.4. ഇസ്ലാമികനിയമഗ്രന്ഥങ്ങൾ

3.5.1.2. മതേതരഗദ്യകൃതികൾ

3.5.1.2.1. ഭാഷാവിജ്ഞാനീയം

3.5.1.2.1.1 നിഘണ്ടുക്കൾ

3.5.1.2.1.2. വ്യാകരണകൃതികൾ

3.5.1.2.2. ചരിത്രകൃതികൾ

3.5.1.2.3. വൈദ്യകൃതികൾ

3.5.1.2.4. ലൈംഗികശാസ്ത്രം

3.5.1.2.5. ജ്യോതിഷം

3.5.1.2.6. സ്വപ്നവ്യാഖ്യാനം

3.5.1.2.7. താന്ത്രികകൃതികൾ

3.5.2. സർഗ്ഗാത്മകകൃതികൾ

3.5.2.1. നോവലുകൾ

3.5.2.2. ചരിത്രകഥകൾ

3.5.2.3. കാവ്യപരിഭാഷകൾ

3.6. പദ്യകൃതികൾ

3.6.1. വൈജ്ഞാനിക പദ്യകൃതികൾ

3.6.1.1. തത്വചിന്താപരമായ കൃതികൾ

3.6.1.2. കർമ്മാനുഷ്ഠാനനിയമങ്ങൾ

3.6.1.3. വിശ്വാസസംബന്ധമായ കൃതികൾ

3.6.2. സർഗ്ഗാത്മകപദ്യകൃതികൾ

3.6.2.1. മാലപ്പാട്ടുകൾ

3.6.2.2. പടപ്പാട്ടുകൾ

3.6.2.3. കിസ്സപ്പാട്ടുകൾ

3.6.2.4. പ്രേമകാവ്യങ്ങൾ

3.6.2.5. വിലാപകാവ്യങ്ങൾ

| | | | |
|---|---|---|---|
| | 3.6.2.6. | ദാർശനികകാവ്യങ്ങൾ | |
| | 3.6.2.7. | സർക്കീട്ടുപാട്ടുകൾ | |
| | 3.6.2.8. | കത്തുപാട്ടുകൾ | |
| | 3.6.2.9. | സാരോപദേശ കൃതികൾ | |
| | 3.6.2.10. | താരാട്ടുപാട്ടുകൾ | |
| | 3.6.2.11. | കല്ല്യാണപ്പാട്ടുകൾ | |
| | 3.6.2.12. | ഇതരകാവ്യശാഖകൾ | |
| | 3.6.2.12.1. | അമ്പകൾ | |
| | 3.6.2.12.2. | പുപ്പേച്ചർ | |
| | 3.6.3. | പദ്യകൃതികളുടെ രചനാസങ്കേതങ്ങൾ | |
| | 3.6.3.1. | ഇശലുകൾ | |
| | 3.6.3.2. | അലങ്കാരങ്ങൾ | |
| | 3.6.3.2.1. | പ്രധാനപ്പെട്ട ശബ്ദാലങ്കാരങ്ങൾ | |
| | 3.6.3.2.1.1. | കമ്പി | |
| | 3.6.3.2.1.2. | കഴുത്ത് | |
| | 3.6.3.2.1.3. | വാൽകമ്പി | |
| | 3.6.3.2.1.4. | വാലുമ്മൽകമ്പി | |
| | 3.6.3.2.2. | അർത്ഥാലങ്കാരങ്ങൾ | |
| അധ്യായം നാല് | **അറബിമലയാള കൃതികൾ – സാമൂഹിക സാംസ്കാരിക പശ്ചാത്തലം** | | 84 - 106 |
| | 4.1. | അറബിമലയാളകൃതികളുടെ സാമൂഹിക സാഹചര്യം | |
| | 4.2 | സാമുദായികചിന്തയുടെ വളർച്ച | |
| | 4.3. | മാലപ്പാട്ടുകളുടെ സാമൂഹ്യസാഹചര്യം | |
| | 4.4. | പടപ്പാട്ടുകളുടെ സാമൂഹികപശ്ചാത്തലം | |
| | 4.5. | ഇസ്ലാമികനിയമഗ്രന്ഥങ്ങളുടെ രൂപീകരണ സാഹചര്യം | |
| | 4.6. | കല്യാണപ്പാട്ടുകളുടെ രൂപീകരണപശ്ചാത്തലം | |
| | 4.7. | ഇതരകൃതികളുടെ രൂപീകരണസാഹചര്യം | |

| | | |
|---|---|---|
| അധ്യായം അഞ്ച് | അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകൾ | 107 - 147 |
| 5.1. | അറബി ലിപി | |
| 5.2. | പുതുതായി രൂപപ്പെടുത്തിയ ലിപികൾ | |
| 5.3. | വ്യാകരണവിശകലനം | |
| 5.3.1. | നാമം | |
| 5.3.1.1. | സർവ്വനാമം | |
| 5.3.1.2. | മറ്റുചില സർവ്വനാമരൂപങ്ങൾ | |
| 5.3.2. | ലിംഗം | |
| 5.3.3. | വചനം | |
| 5.3.4. | വിഭക്തി | |
| 5.3.4.1. | മിശ്രവിഭക്തി | |
| 5.3.5. | തദ്ധിതം | |
| 5.3.6. | ഭേദകം | |
| 5.3.7. | ദ്യോതകം | |
| 5.3.7.1. | നിപാതം | |
| 5.3.7.2. | അവ്യയം | |
| 5.3.7.2.1. | ഗതി | |
| 5.3.7.2.2. | ഘടകം | |
| 5.3.8. | ക്രിയ | |
| 5.3.8.1. | പൂർണ്ണക്രിയ (മുറ്റുവിന) | |
| 5.3.8.2. | അപൂർണ്ണക്രിയ (പറ്റുവിന) | |
| 5.3.8.2.1. | പേരെച്ചം | |
| 5.3.8.2.2. | വിനയെച്ചം | |
| 5.3.8.2.2.1. | മുൻവിനയെച്ചം | |
| 5.3.8.2.2.2. | പിൻവിനയെച്ചം | |
| 5.3.8.2.2.3. | പാക്ഷികവിനയെച്ചം | |
| 5.3.9. | നിഷേധക്രിയകൾ | |

5.3.10. കാലം

5.3.11. പ്രകാരം

5.3.12. അനുപ്രയോഗം

5.3.13. ഖിലധാതുക്കൾ

5.3.14. പുരുഷഭേദംചേർന്നരൂപങ്ങൾ

5.3.15. സമാസം

5.3.16. സന്ധി

5.3.16.1. ലോപസന്ധി

5.3.16.2. ആഗമസന്ധി

5.3.16.3. ദ്വിത്വസന്ധി

5.3.16.4. ആദേശസന്ധി

5.4. നിഘണ്ടുപരം

5.4.1. പ്രാചീനപദങ്ങൾ

5.4.2. രൂപഭേദംവന്നപദങ്ങൾ

5.4.3. പ്രയോഗത്തിലുള്ള പദങ്ങൾ

5.4.4. തമിഴ്പദങ്ങൾ

5.4.5. അറബിപദങ്ങൾ

5.5. മലയാളവുമായുള്ള സാമ്യവ്യത്യാസങ്ങൾ

5.5.1. വ്യാകരണതാരതമ്യം

5.5.1.1. നാമം

5.5.1.1.1. സർവ്വനാമം

5.5.1.1.2. മറ്റുസർവ്വനാമരൂപങ്ങൾ

5.5.1.2. വചനം

5.5.1.3. വിഭക്തി

5.5.1.4. നിഷേധക്രിയകൾ

5.5.1.5. പ്രകാരം

5.5.1.6. അപൂർണ്ണക്രിയ

5.5.1.7. സന്ധി

| | | |
|---|---|---|
| 5.5.1.7.1. | ലോപസന്ധി | |
| 5.5.1.7.2. | ആഗമസന്ധി | |
| 5.5.1.7.3. | ദിത്വസന്ധി | |
| 5.5.1.7.4. | ആദേശസന്ധി | |
| 5.5.2. | പദസങ്കേതതാരതമ്യം | |
| 5.5 2.1. | സ്വരപരിണാമം | |
| 5.5.2.2. | വ്യഞ്ജനപരിണാമം | |
| ഉപസംഹാരം | | 148-152 |
| ഗ്രന്ഥസൂചി | | 153-156 |
| അനുബന്ധം | | i -xliv |

## അധ്യായം ഒന്ന്

## ആമുഖം

മലയാളഭാഷ അറബിലിപി ഉപയോഗിച്ച് എഴുതുന്ന സവിശേഷ ലിഖിത സമ്പ്രദായത്തെയാണ് അറബിമലയാളം എന്നു വിളിക്കുന്നത്. കേരളത്തിലെ മാപ്പിള മാർക്കിടയിലാണ് ഈ എഴുത്തുരീതി നിലവിലുള്ളത്. സാധാരണവ്യവഹാരാവശ്യ ങ്ങൾക്കും സാഹിത്യരചനയ്ക്കും അറബിമലയാളം ഉപയോഗിച്ചിരുന്നു. അറബിമല യാളത്തിന്റേതുമാത്രമായ കാവ്യശാഖകളും രചനാരീതികളും നിലനിന്നിരുന്നു.

മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, ഖിസ്സപ്പാട്ടുകൾ, ഒപ്പനപ്പാട്ടുകൾ തുടങ്ങിയ കാവ്യശാഖകൾ അറബിമലയാളസാഹിത്യത്തിൽ മാത്രമേ കാണാൻ കഴിയുന്നുള്ളു. തനതായ രചനാശൈലിയും സങ്കേതങ്ങളും ഉപയോഗിച്ച് രചിക്കുന്നവയാണ് ഇത്തരം കാവ്യങ്ങൾ. ഇതിനുപുറമേ പദ്യ, ഗദ്യ വിഭാഗങ്ങളിലായി വിവിധങ്ങളായ നിര വധി കൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. വൈജ്ഞാനികവും സർഗ്ഗാത്മകവുമായ കൃതി കൾ ഉൾക്കൊള്ളുന്ന അറബിമലയാളം മലയാളത്തിന്റെ മറ്റൊരു കൈവഴിയാണ്.

### 1.1. പഠനലക്ഷ്യം

അറബിമലയാളത്തിലെ പ്രസിദ്ധീകരിക്കപ്പെട്ട ഗദ്യപദ്യകൃതികൾ ശേഖരിക്കുക യും, വർഗ്ഗീകരിക്കുകയും ചെയ്യുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. കൃതികളുടെ സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുവാനും ഈ പഠ നത്തിൽ ശ്രമിക്കുന്നുണ്ട്. മാനക മലയാളവുമായി അറബിമലയാളത്തിനുള്ള സാമ്യവ്യത്യാസങ്ങളും ഇവിടെ ആലോചനയ്ക്ക് വിധേയമാക്കുന്നുണ്ട്.

### 1.2. പഠനത്തിന്റെ പ്രസക്തി

അച്ചടിച്ചുപ്രസിദ്ധീകരിച്ച നിരവധി കൃതികൾ ഉൾക്കൊള്ളുന്ന അറബിമലയാളസാഹിത്യത്തിൽ പ്രചാരം ലഭിച്ചത് ഏതാനും മാപ്പിളപ്പാട്ടുകൾക്കു മാത്രമാണ്. വിവിധശാഖകളിലായി നിരവധി ഗദ്യപദ്യകൃതികൾ ഉൾക്കൊള്ളുന്ന അറബിമലയാളസാഹിത്യം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. അറബിമലയാളകൃതികളെ വിഷയാടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുകയോ കാലഗണനാക്രമത്തിൽ ക്രോഡീകരിക്കുകയോ ചെയ്തിട്ടുമില്ല.

ഇപ്പോൾ പ്രചാരത്തിലില്ലാത്ത ലിഖിതസമ്പ്രദായമാണ് അറബിമലയാളം. അതുകൊണ്ടുതന്നെ ലഭ്യമായ കൃതികൾ വർഗ്ഗീകരിച്ച് ക്രോഡീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. മാത്രമല്ല കേരളസാഹിത്യസമ്പത്തിന്റെ ഭാഗമെന്ന നിലയിൽ അറബിമലയാളകൃതികളെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തേണ്ടതുമുണ്ട്.

കേരളത്തിലെ മാപ്പിളമാരുടെ സാമൂഹിക സാംസ്കാരിക പ്രത്യേകതകൾ, സാഹിത്യ ചിന്തകളിലെ സവിശേഷതകൾ തുടങ്ങി നിരവധികാര്യങ്ങൾ വിശകലനവിധേയമാക്കാൻ അറബിമലയാളകൃതികൾ സഹായിക്കും. വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ സാഹിത്യസമ്പത്ത് ഒന്നാകെയെടുത്ത് സാംസ്ക്കാരികവും ഭാഷാപരവുമായ തലത്തിൽ വിലയിരുത്തുന്നത് മലയാളഭാഷാപഠനത്തെ മുന്നോട്ട് നയിക്കുന്ന പുതിയ കണ്ടെത്തലുകൾക്ക് വഴിതുറക്കും.

### 1.3. പൂർവ്വപഠനങ്ങൾ

രണ്ട് വിഭാഗങ്ങളിലായാണ് പൂർവ്വപഠനങ്ങളുള്ളത്. അറബിമലയാളം, മാപ്പിളപ്പാട്ട് എന്നിവയെകുറിച്ചുള്ളതാണ് ആദ്യത്തേത്. മലയാളസാഹിത്യചരിത്രം പ്രതിപാദിക്കുന്നതിനിടയിൽ അറബിമലയാളത്തെക്കുറിച്ച് പരാമർശിക്കുക മാത്രം ചെയ്ത കൃതികളാണ് രണ്ടാമത്തേത്.

### 1.3.1. അറബിമലയാളത്തെക്കുറിച്ചുള്ള സവിശേഷപഠനങ്ങൾ

അറബിമലയാളത്തെയും സാഹിത്യത്തേയും ഭാഷാരീതിയെയും കുറിച്ച് ചില പഠനങ്ങളും പരാമർശങ്ങളും മുമ്പുണ്ടായിട്ടുണ്ട്. അവയിൽ പ്രധാനമായവ ഇവിടെ ക്രോഡീകരിക്കുന്നു. *അറബിമലയാളസാഹിത്യചരിത്രം* (1970) എന്ന കൃതിയിൽ ഒ. അബു അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകളെ ശൈലിയുടേയും പദപ്രയോഗത്തിന്റേയും വ്യാകരണസമ്പ്രദായങ്ങളുടേയും അടിസ്ഥാനത്തിൽ വിലയിരുത്തുകയും പ്രധാനപ്പെട്ട ചില അറബിമലയാളകൃതികളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. *മാപ്പിളമലയാളം - ഒരു ഭാഷാമിശ്രം* (1978) എന്ന കൃതിയിൽ കെ.ഒ. ഷംസുദ്ദീൻ ഒരു ഭാഷാഭേദം എന്നനിലയ്ക്ക് മാപ്പിളമലയാളത്തെ വിലയിരുത്തുന്നു. അറബിമലയാളത്തിന്റെ ഉത്ഭവവികാസങ്ങൾ, വാക്യഘടന, കാവ്യരചനാസങ്കേതങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃതിയിൽ പരാമർശിക്കുന്നുണ്ട്. അറബിശബ്ദങ്ങളും മലയാളശബ്ദങ്ങളും മണിപ്രവാളരീതിയിൽ കലർന്നിട്ടുള്ളതാണ് അറബിമലയാളം എന്ന നിരീക്ഷണത്തിലാണ് അദ്ദേഹം ഊന്നുന്നത്. *മഹത്തായ മാപ്പിളസാഹിത്യ പാരമ്പര്യം* (1978) എന്ന പേരിൽ സി.എൻ. അഹമ്മദ് മൗലവിയും കെ.കെ. മുഹമ്മദ് അബ്ദുൾകരീമും ചേർന്നെഴുതിയ ഗ്രന്ഥത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത് കേരളമാപ്പിളമാരുടെ രാഷ്ട്രീയ-സാമൂഹ്യജീവിതം വികസിച്ചുവന്നതെങ്ങനെയെന്നും ഇസ്ലാംമതം കേരളീയസമൂഹത്തിൽ വരുത്തിയ സ്വാധീനം എന്തെല്ലാമായിരുന്നുവെന്നുമാണ്. പുസ്തകത്തിന്റെ വലിയൊരുഭാഗം മുസ്ലിം എഴുത്തുകാരുടെ ഡയറക്ടറി എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കേരള സംഗീത നാടക അക്കാദമി പ്രസിദ്ധീകരിച്ച *സമാഗമം* എന്ന ഗ്രന്ഥം (1979) മാപ്പിളപ്പാട്ടുകളെകുറിച്ചും മാപ്പിളകലകളെകുറിച്ചും സാമാന്യപരിചയം നൽകാവുന്ന ഏഴ് ഉപന്യാസങ്ങളുടെ ഒരു സമാഹാരമാണ്. കൂട്ടത്തിൽ ചില ലേഖനങ്ങൾ അറബിമലയാളത്തിന്റെ ഉത്ഭവത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. തൃശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാപ്പിള സ്റ്റഡീസ് പ്രസിദ്ധീകരിച്ച *അറബിമല*

യാളം എന്ന ലേഖനസമാഹാരം (പ്രസിദ്ധീകരണവർഷം രേഖപ്പെടുത്തിയിട്ടില്ല) അറ ബിമലയാളത്തിന്റെ ഉത്ഭവവും വളർച്ചയും, ഭാഷാശൈലി, മാപ്പിളമലയാളനിഘണ്ടു, അറബിമലയാളലിപി എന്നിങ്ങനെ വിവിധ മേഖലകളെ സ്പർശിക്കുന്നു. കെ.എൻ. എഴുത്തച്ഛൻ, ബി.സി. ബാലകൃഷ്ണൻ, കെ.ഒ. ഷംസുദ്ദീൻ, സി.കെ. കരിം, ജോസഫ് കൊളങ്ങാടൻ തുടങ്ങിയവരുടെ ലേഖനങ്ങളാണ് ഈ കൃതിയിലുള്ളത്. യുവകലാ സാഹിതി പ്രസിദ്ധീകരിച്ച *മഹാകവി മോയിൻകുട്ടി വൈദ്യർ അനുസ്മരണ പ്രബന്ധ ങ്ങൾ* (1990) എന്ന പുസ്തകം മോയിൻകുട്ടി വൈദ്യരുടെ സാഹിത്യസംഭാവന വിശ കലവിധേയമാക്കുന്നതിലൂടെ അറബിമലയാളത്തിന്റെ സാമാന്യസ്വഭാവത്തെ വിശദീ കരിക്കുന്നു. *മാപ്പിളപ്പാട്ടുകളുടെസാഹിത്യസാസ്കരികമൂല്യങ്ങൾ - മോയിൻകുട്ടി വൈദ്യരുടെ കൃതികളെ ആധാരമാക്കി ഒരു പഠനം* എന്ന അപ്രകാശിത ഗവേഷണപ്ര ബന്ധത്തിലും (മുഹ്‌യിദ്ദീൻ, 1992) മാപ്പിളപ്പാട്ടുകളുടെ സാഹിത്യാനുഭവം, രചനാ സങ്കേതങ്ങൾ എന്നിവ ആഴത്തിൽ ചർച്ചചെയ്തിട്ടുണ്ട്. ഒ.എം.. കരുവാരക്കുണ്ട് എഡിറ്റ് ചെയ്ത് മഞ്ചേരി വികാസ് ബുക്ക്സ്റ്റാൾ പ്രസിദ്ധീകരിച്ച *മാപ്പിളകലകൾ* (1995) എന്ന പുസ്തകം മാപ്പിള കലാരൂപങ്ങളെ പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ മോയിൻകുട്ടിവൈദ്യരുടെ കൃതികളുടെ സവിശേഷതയെ തിരിച്ചറിയാൻ ശ്രമിക്കു ന്നുണ്ട്.. ബാലകൃഷ്ണൻ വള്ളിക്കുന്ന് രചിച്ച *മാപ്പിളപ്പാട്ട് ഒരാമുഖപഠനം* എന്ന പുസ്തകത്തിൽ (1995) മാപ്പിളപ്പാട്ടുകളുടെ കാവ്യഭാഷയെകുറിച്ച് വിശദമായി ചർച്ച ചെയ്യുന്നു, *മാപ്പിളസംസ്ക്കാരത്തിന്റെ കാണാപ്പുറങ്ങൾ* (2000) എന്ന കൃതിയിൽ ബാലകൃഷ്ണൻവള്ളിക്കുന്ന് മാപ്പിളപ്പാട്ടുകളിലേയും മാപ്പിളകലകളിലേയും വംശീയ മായ സവിശേഷതകൾ പഠനവിധേയമാക്കുന്നു. വി.എം. കുട്ടി രചിച്ച *മാപ്പിള പ്പാട്ടിന്റെലോകം* (2000) എന്ന ഗ്രന്ഥം ഒപ്പനപ്പാട്ടുകളുടെ രചനാസങ്കേതങ്ങളെക്കുറിച്ച് സാമാന്യമായി പ്രതിപാദിക്കുന്നു. മഹാകവി മോയിൻകുട്ടിവൈദ്യർ സ്മാരക കമ്മറ്റി പുറത്തിറക്കിയ *മാപ്പിളജീവിതം* എന്ന ലേഖനസമാഹാരത്തിലും (2000) അറബിമല

യാളത്തെക്കുറിച്ച് സാമാന്യേന പരാമർശിക്കുന്നുണ്ട്. *മോയീൻകുട്ടിവൈദ്യരുടെ സമ്പൂർണ്ണകൃതികളിൽ* (മുഹമ്മദ് അബ്ദുൾ കരിം, അബുബക്കർ, 2005) അദ്ദേഹത്തിന്റെ മുഴുവൻ രചനകളും സമാഹരിച്ചിട്ടുണ്ട്. *മാപ്പിളപ്പാട്ട്* (ബാലകൃഷ്ണൻ, ഉമർ, 2006) എന്ന കൃതിയിൽ ചില അറബിമലയാളരചനകൾ മലയാളലിപ്യന്തരണം നടത്തി ടിപ്പണിയോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.3.2. അറബിമലയാളം പരാമർശിക്കപ്പെട്ടകൃതികൾ

കേരളീയ മുസ്ലീങ്ങളെക്കുറിച്ചുള്ള ചരിത്ര-സാംസ്കാരികപഠനങ്ങളിലും അറബിമലയാളം സാമാന്യമായി പരാമർശിക്കപ്പെടുന്നുണ്ട്. കൂടാതെ *കേരള സാഹിത്യചരിത്രം* (പരമേശ്വരയ്യർ, 1967) *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* (ജോർജ്ജ്, 1958) *കേരളമുസ്ലീം ഡയറക്ടറി* (കരിം, 1960) *മാപ്പിള മുസ്ലിംസ് ഓഫ് കേരള* (റൊണാൾഡ്, 1976) *കേരള സംസ്കാരം* (ശ്രീധരമേനോൻ, 1978) *പദ്യസാഹിത്യചരിത്രം* (ചുമ്മാർ, 1979) *മുസ്ലീംങ്ങളും കേരളസംസ്ക്കാരവും* (മുഹമ്മദ്കുഞ്ഞി, 1982) *മാപ്പിളാസ് ഓഫ് മലബാർ* (മുഹമ്മദ്കോയ, 1993) *മാപ്പിള മുസ്ലിംസ് ഓഫ് കേരള* (ഇബ്രാഹിംകുഞ്ഞ്, 1989) *കോഴിക്കോട്ടെ മുസ്ലീം ചരിത്രം* (മമ്മത്കോയ, 1994) *പ്രാചീന കേരളവും മുസ്ലീം ആവിർഭാവവും* (കരിം, 1999) തുടങ്ങിയ ഗ്രന്ഥങ്ങളിൽ അറബിമലയാളത്തെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്.

ആനുകാലികങ്ങളിലും സോവനീറുകളിലും അറബിമലയാളത്തെക്കുറിച്ച് ചില ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. *കണ്ണൂർ ജില്ലാ മുസ്ലീം ലീഗ് സോവനീർ* (1958) *കോഴിക്കോട് ജില്ലാ ലീഗ് സോവനീർ* (1959) *സീതിസാഹിബ് സ്മാരകഗ്രന്ഥം*(1961) *ചന്ദ്രിക വാരിക റിപ്പബ്ലിക്ക് പതിപ്പ്* (1968, 1972) *കേരള സ്റ്റേറ്റ് മാപ്പിളസോങ് ലവേഴ്സ് അസോസിയേഷൻ സോവനീർ* (1991) തുടങ്ങിയവ ഇവയിൽ പ്രധാനമായവയാണ്.

മേൽസൂചിപ്പിച്ച പഠനങ്ങളെല്ലാം അറബിമലയാളത്തെയും പ്രത്യേക കാവ്യശാഖകളെയും സാമാന്യമായി പരിചയപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളൂ എന്നാൽ അറബി-മലയാളസാഹിത്യത്തെ ഒന്നാകെയെടുത്ത് സമാഹരിച്ച് വർഗ്ഗീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന ഒരു പഠനം ഇതുവരെ ഉണ്ടായിട്ടില്ല. കൃതികളിലെ പ്രതിപാദ്യം, പ്രതിപാദനരീതി, ഭാഷാസവിശേഷതകൾ, സാംസ്കാരികാന്തരീക്ഷം തുടങ്ങിയവ സമഗ്രമായി വിലയിരുത്തുന്ന പഠനം ഈ മേഖലയിൽ അനിവാര്യമാണ്.

## 1.4. പഠനരീതി

കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിച്ച ഇരുന്നൂറോളം കൃതികളാണ് ഈ പഠനത്തിന്റെ പ്രഥമാകരങ്ങൾ. അറബിമലയാളം, മാപ്പിളപ്പാട്ട്, മാപ്പിളകലകൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ, മുസ്ലിം ജീവിതം, സംസ്കാരം എന്നിവ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ, കേരള ചരിത്രഗ്രന്ഥങ്ങൾ, ഭാഷാശാസ്ത്ര പഠനങ്ങൾ, നിഘണ്ടുക്കൾ, വ്യാകരണ ഗ്രന്ഥങ്ങൾ എന്നിവയാണ് ഈ പഠനത്തിന്റെ ദ്വിതീയാകരങ്ങൾ. വിവരണാത്മകഭാഷാശാസ്ത്രപഠനരീതിയാണ് അവലംബിച്ചിരിക്കുന്നത്. വ്യാകരണപരമായ സംജ്ഞകളും വിശകലനരീതിയും വിവരണത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വർഷങ്ങളെല്ലാം സൂചിപ്പിക്കുന്നത് ക്രിസ്തുവർഷം അടിസ്ഥാനമാക്കിയാണ്.

## 1.5. പഠനത്തിന്റെ പരിമിതി

കൃതികൾ ലഭ്യമാവാത്തതിനാൽ മുഴുവൻ അറബിമലയാളകൃതികളും പഠനവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. പലതരത്തിലും കൃതികൾ നശിച്ചുപോയിട്ടുണ്ട്. മലയാളത്തിൽ മാപ്പിളസാഹിത്യകൃതികൾ പ്രചരിക്കാൻ തുടങ്ങിയതോടെ അറബിമലയാള കൃതികളുടെ പ്രസക്തി നഷ്ടമായി. അതിനാൽത്തന്നെ അവ സൂക്ഷിക്കുന്നതിൽ ആളുകൾ ശ്രദ്ധിച്ചില്ല. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി പഴയ ഓടിട്ട വീടുകൾക്ക് പകരം കോൺക്രീറ്റ്വീടുകൾ വന്നതോടെ, വീടുമാറ്റത്തിനിടയിലും മറ്റും

ധാരാളം കൃതികൾ നശിപ്പിക്കപ്പെട്ടു. ഓടിട്ടവീടുകളുടെ ഉത്തരത്തിലും മേൽപ്പടികളിലുമായിരുന്നു പൊതുവെ അറബിമലയാളകൃതികൾ സൂക്ഷിച്ചിരുന്നത്. മാപ്പിളമാർക്കിടയിലെ മതപരിഷ്ക്കരണപ്രസ്ഥാനങ്ങൾ മതസത്തയ്ക്ക് നിരക്കുന്നില്ല എന്നപേരിൽ മാലപ്പാട്ടുപോലുള്ള കൃതികൾ നശിപ്പിച്ചിട്ടുമുണ്ട്.

ശേഷിച്ചകൃതികൾ ആരുടെയെല്ലാം കൈവശമാണ് ഉള്ളത് എന്നറിയാൻ വളരെ പ്രയാസം നേരിട്ടു. കൃതി കൈവശമുള്ളവരിൽ പലരും അവ പുറത്തെടുക്കാനോ പരിശോധിക്കാൻ തരാനോ തയ്യാറായില്ല. കണ്ടെത്താൻ കഴിഞ്ഞവയിൽത്തന്നെ പലകൃതികളും വേണ്ടത്ര പരിരക്ഷകിട്ടാത്തതു കാരണം ഭാഗികമായി പേജുകൾ നഷ്ടപെട്ടവയും വായിക്കാനോ പകർപ്പെടുക്കാനോ കഴിയാത്തവിധത്തിൽ ദ്രവിച്ചുപോയവയുമായിരുന്നു. എങ്കിലും, അറബിമലയാളത്തിന്റെ ഭാഷാസ്വഭാവത്തെയും മറ്റു സവിശേഷതകളെയും മനസ്സിലാക്കാൻ പര്യാപ്തമായ കൃതികൾ ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**1.6. പ്രബന്ധത്തിന്റെ സ്വരൂപം**

ഈ പ്രബന്ധം അഞ്ച് അധ്യായങ്ങളിലായി വിഭജിച്ചിരിക്കുന്നു. ഒന്നാമധ്യായം 'ആമുഖ'മാണ്. ഇതിൽ പഠനലക്ഷ്യം, പഠനത്തിന്റെ പ്രസക്തി, പൂർവ്വപഠനങ്ങൾ, പഠനരീതി, പഠനത്തിന്റെ പരിമിതി, പ്രബന്ധത്തിന്റെ സ്വരൂപം എന്നിവ വിവരിച്ചിരിക്കുന്നു. രണ്ടാമധ്യായത്തിൽ 'അറബിമലയാളത്തിന്റെ ഉത്ഭവവും വളർച്ചയും' വിശദീകരിക്കുന്നു. കേരളവും അറബികളുമായുള്ള ബന്ധം, കേരളത്തിലെ മാപ്പിളമാർ, അറബിമലയാളത്തിന്റെ ആവിർഭാവം തുടങ്ങിയ കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 'അറബിമലയാളസാഹിത്യപാരമ്പര്യം' എന്ന മൂന്നാമധ്യായത്തിൽ അറബിമലയാള സാഹിത്യസമ്പത്തിനെ പൊതുവായി വർഗ്ഗീകരിക്കുകയും ലഭ്യമായിടത്തോളം കൃതികളുടെ പട്ടിക കൊടുക്കുകയും ചെയ്യുന്നു. 'അറബിമലയാള കൃതികൾ-സാമൂഹികസാംസ്കാരിക പശ്ചാത്തലം' എന്ന നാലാമധ്യായത്തിൽ അറബിമലയാളസാഹി

ത്യത്തിലെ ഓരോ വിഭാഗത്തിന്റെയും സാമൂഹ്യസാസ്കാരിക പശ്ചാത്തലം വിവരിക്കുന്നു. 'അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകൾ' എന്ന അഞ്ചാമധ്യായത്തിൽ അറബിമലയാളത്തിന്റെ ഭാഷാഘടന, ഘടകങ്ങൾ എന്നിവ വിശകലനവിധേയമാക്കുകയും പൊതുവായ പ്രത്യേകതകൾ എടുത്തുകാണിക്കുകയും ചെയ്യുന്നു.

അറബിമലയാളകൃതികളെക്കുറിച്ച് നടത്തിയ പഠനത്തിൽ കണ്ടെത്തിയ നിഗമനങ്ങളും നിരീക്ഷണങ്ങളും 'ഉപസംഹാര'ത്തിൽ ക്രോഡീകരിക്കുന്നു. ഈ പഠനത്തിനായി ആശ്രയിച്ച ഗ്രന്ഥങ്ങളുടെ പട്ടിക തുടർന്നു ചേർത്തിട്ടുണ്ട്.

'അനുബന്ധ'ത്തിൽ അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകൾ തിരിച്ചറിയാനായി അപഗ്രഥനവിധേയമാക്കിയ പാഠഭാഗങ്ങളുടെ മലയാളലിപ്യന്തരണവും മുഹ്യിദ്ദീൻമാലയുടെ മൂലകൃതിയും ചേർത്തിരിക്കുന്നു. അപഗ്രഥനത്തിലൂടെ വേർതിരിച്ചെടുത്ത അറബിപദങ്ങളും അറബിമലയാളപദങ്ങളും അനുബന്ധത്തിൽ ചേർക്കുന്നുണ്ട്.

## അധ്യായം രണ്ട്

## അറബിമലയാളത്തിന്റെ ഉത്ഭവവും വളർച്ചയും

കേരളവുമായി വിദേശികൾക്ക് അതിപ്രാചീനകാലം മുതൽക്കുതന്നെ ബന്ധമുണ്ടായിരുന്നു. വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്നതായിരുന്നു ഇത്. വിദേശികളുമായുള്ള കേരളത്തിന്റെ വ്യാപാരപാരമ്പര്യത്തെ കുറിച്ച് എല്ലാ ചരിത്രകാരൻമാരും ഏതാണ്ട് ഒരേ അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്രിസ്തുവിനു മുമ്പുള്ള സഹസ്രാബ്ദത്തിന്റെ ആദ്യനൂറ്റാണ്ടുകൾമുതൽക്കെങ്കിലും ചെങ്കടൽ, പേർഷ്യൻ ഉൾക്കടൽ തുടങ്ങിയ തുറമുഖങ്ങളിൽ നിന്നുള്ള കച്ചവടക്കപ്പലുകൾ കുരുമുളക്, ഏലം തുടങ്ങിയ ഉൽപന്നങ്ങൾക്കുവേണ്ടി കേരള തുറമുഖങ്ങളിൽ വന്നിരുന്നു എന്നതിന് തെളിവുകളുണ്ടെന്ന് കെ.എം. പണിക്കർ(1957:1) അഭിപ്രായപ്പെടുന്നുണ്ട്. സോളമൻ ചക്രവർത്തിയുടെ കാലത്തിനു (ബി.സി. 1000) വളരെ മുമ്പുതന്നെ ഒമാനിലും പേർഷ്യൻ ഉൾക്കടലിന്റെ തീരങ്ങളിലുംനിന്ന് കേരളത്തിലേക്ക് കടൽവഴി വന്ന അറബികളാണ് ആദ്യമായി കറുവപ്പട്ട പേർഷ്യയിലേക്ക് കൊണ്ടുപോയത് എന്ന് എ. ശ്രീധരമേനോനും (1978:20) സാക്ഷ്യപ്പെടുത്തുന്നു

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സാധ്യതകളും കടൽമാർഗ്ഗമുള്ള വാണിജ്യത്തിന് വളരെ അനുകൂലമാണ്. നാണ്യവിളകൾ ധാരാളമായി കൃഷി ചെയ്യുന്ന ഉൾനാടുകളും അവ തീരപ്രദേശത്തെത്തിക്കാൻ സഹായകമായ വിധത്തിൽ ഗതാഗതയോഗ്യമായ നിരവധി നദികളും വിശാലമായ തുറമുഖപ്രദേശങ്ങളും കേര

ളത്തെ ഒരു വാണിജ്യകേന്ദ്രമാക്കുന്നതിനും അതിന്റെ കുത്തക നിലനിർത്തുന്നതിനും വളരെയധികം സഹായിച്ചു.

കൊടുങ്ങല്ലൂർ, കോഴിക്കോട്, കണ്ണൂർ, കൊല്ലം തുടങ്ങിയ തുറമുഖങ്ങളായിരുന്നു കേരളത്തിലെ അക്കാലത്തെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ. ഉൾനാടുകളിൽ നിന്നും ശേഖരിച്ചു കൊണ്ടുവരുന്ന കേരളീയ വിഭവങ്ങൾ വിദേശ വ്യാപാരികൾക്ക് കൈമാറ്റം ചെയ്തിരുന്നത് ഈ കേന്ദ്രങ്ങളിൽ വെച്ചായിരുന്നു. തങ്ങൾക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ ലഭിക്കാൻ വിദേശ വ്യാപാരികൾക്ക് ദിവസങ്ങളോളം ഇവിടെ താവളമടിക്കേണ്ടിവന്നു. വിളവെടുപ്പ്കാലങ്ങളിൽ ഉൽപ്പന്നങ്ങൾ ശേഖരിച്ച് സംസ്കരിച്ച് സൂക്ഷിക്കാനും വേണ്ടുന്ന സന്ദർഭങ്ങളിൽ അവ വ്യാപാരികൾക്ക് കൈമാറാനുമുള്ള സാങ്കേതിക സൗകര്യങ്ങൾഅക്കാലത്ത് വികസിപ്പിച്ചിട്ടില്ലായിരുന്നു. തങ്ങൾക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ സംഭരിച്ചുതീരുന്നതുവരെ കേരളക്കരയിൽ താമസിക്കാൻ വിദേശ വ്യാപാരികൾ നിർബന്ധിതരായി. ഇത് തദ്ദേശീയരുമായി ഇടപഴകുവാനും ബന്ധം സ്ഥാപിക്കുവാനും അവർക്ക് സൗകര്യമേകി. ജൂലൈ, ആഗസ്ത് മാസങ്ങളിൽ അറബികളുടെ കപ്പൽ മലബാർ തീരത്തേക്ക് പുറപ്പെടുകയും അവിടെ ഏതാണ്ട് മൂന്ന്, നാല് മാസക്കാലം വരെ താമസിച്ച് കച്ചവടം നടത്തിയതിനു ശേഷം ഡിസംബറിലോ ജനുവരിയിലോ മടങ്ങിപ്പോവുകയുമായിരുന്നു പതിവ് എന്ന് *പ്രാചീന മലബാർ* (ഷംസുല്ലാഖാദിരി, 1954:17)എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇങ്ങനെ കുറച്ചുകാലം കേരളത്തിൽ കഴിയേണ്ടിവന്ന വിദേശവ്യാപാരികൾ സ്വാഭാവികമായും നാട്ടുകാരുമായി പലതരത്തിൽ സമ്പർക്കത്തിലേർപ്പെട്ടു. വിദേശ വ്യാപാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിന്റെ ഭാഗമായി ഭരണാധികാരികൾ തന്നെ തീരപ്രദേശങ്ങളിൽ ഗണികാകേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. ഗണികാവൃത്തിക്കുതന്നെ മാന്യമായ സ്ഥാനമാണ് കല്പിക്കപ്പെട്ടിരുന്നത്. ഗണികയെ ഗവൺമെന്റ് ഉദ്യോഗസ്ഥയായി കണക്കാക്കിയിരുന്നുവെന്ന് എ. ബാലകൃഷ്ണപി

ളത്തെ ഒരു വാണിജ്യകേന്ദ്രമാക്കുന്നതിനും അതിന്റെ കുത്തക നിലനിർത്തുന്നതിനും വളരെയധികം സഹായിച്ചു.

കൊടുങ്ങല്ലൂർ, കോഴിക്കോട്, കണ്ണൂർ, കൊല്ലം തുടങ്ങിയ തുറമുഖങ്ങളായിരുന്നു കേരളത്തിലെ അക്കാലത്തെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ. ഉൾനാടുകളിൽ നിന്നും ശേഖരിച്ചു കൊണ്ടുവരുന്ന കേരളീയ വിഭവങ്ങൾ വിദേശ വ്യാപാരികൾക്ക് കൈമാറ്റം ചെയ്തിരുന്നത് ഈ കേന്ദ്രങ്ങളിൽ വെച്ചായിരുന്നു. തങ്ങൾക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ ലഭിക്കാൻ വിദേശ വ്യാപാരികൾക്ക് ദിവസങ്ങളോളം ഇവിടെ താവളമടിക്കേണ്ടിവന്നു. വിളവെടുപ്പ്കാലങ്ങളിൽ ഉൽപ്പന്നങ്ങൾ ശേഖരിച്ച് സംസ്കരിച്ച് സൂക്ഷിക്കാനും വേണ്ടുന്ന സന്ദർഭങ്ങളിൽ അവ വ്യാപാരികൾക്ക് കൈമാറാനുമുള്ള സാങ്കേതിക സൗകര്യങ്ങൾഅക്കാലത്ത് വികസിപ്പിച്ചിട്ടില്ലായിരുന്നു. തങ്ങൾക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ സംഭരിച്ചുതീരുന്നതുവരെ കേരളക്കരയിൽ താമസിക്കാൻ വിദേശ വ്യാപാരികൾ നിർബന്ധിതരായി. ഇത് തദ്ദേശീയരുമായി ഇടപഴകുവാനും ബന്ധം സ്ഥാപിക്കുവാനും അവർക്ക് സൗകര്യമേകി. ജൂലൈ, ആഗസ്ത് മാസങ്ങളിൽ അറബികളുടെ കപ്പൽ മലബാർ തീരത്തേക്ക് പുറപ്പെടുകയും അവിടെ ഏതാണ്ട് മൂന്ന്, നാല് മാസക്കാലം വരെ താമസിച്ച് കച്ചവടം നടത്തിയതിനു ശേഷം ഡിസംബറിലോ ജനുവരിയിലോ മടങ്ങിപ്പോവുകയുമായിരുന്നു പതിവ് എന്ന് *പ്രാചീന മലബാർ* (ഷംസുല്ലാഖാദിരി, 1954:17)എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇങ്ങനെ കുറച്ചുകാലം കേരളത്തിൽ കഴിയേണ്ടിവന്ന വിദേശവ്യാപാരികൾ സ്വാഭാവികമായും നാട്ടുകാരുമായി പലതരത്തിൽ സമ്പർക്കത്തിലേർപ്പെട്ടു. വിദേശ വ്യാപാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിന്റെ ഭാഗമായി ഭരണാധികാരികൾ തന്നെ തീരപ്രദേശങ്ങളിൽ ഗണികാകേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. ഗണികാവൃത്തിക്കുതന്നെ മാന്യമായ സ്ഥാനമാണ് കല്പിക്കപ്പെട്ടിരുന്നത്. ഗണികയെ ഗവൺമെന്റ് ഉദ്യോഗസ്ഥയായി കണക്കാക്കിയിരുന്നുവെന്ന് എ. ബാലകൃഷ്ണപി

ള്ളയും (1951:50) സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ വിദേശ വ്യാപാരികൾ തദ്ദേശീയരായ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള ബന്ധം കേരളീയ സമൂഹത്തിൽ പലതരത്തിലുള്ള ആദാനപ്രദാനങ്ങൾക്കും കാരണമായി. മാപ്പിളമാർ എന്നൊരു വിഭാഗം ഉടലെടുക്കുന്നത് ഈ ബന്ധത്തിന്റെ ഫലമായാണ്. വിദേശവ്യാപാരികളുമായുള്ള സമ്പർക്കത്തിന്റെ ഫലമായി കേരളത്തിൽ രൂപമെടുത്ത പുതിയൊരു സങ്കരവിഭാഗമാണ് മാപ്പിളമാർ.

2.1. കേരളത്തിലെ മാപ്പിളമാർ

കേരളത്തിൽ ഇസ്ലാംമതം പ്രചരിക്കുന്നതിന് എത്രയോ മുമ്പുതന്നെ മാപ്പിളമാർ ഉണ്ടായിരുന്നു. വിദേശികളുമായി രക്തബന്ധമുണ്ടായിരുന്ന കേരളീയരെയാണ് മാപ്പിള എന്നു വിളിച്ചിരുന്നത് എന്ന് മനസ്സിലാക്കാം. ആദ്യകാലങ്ങളിൽ തികച്ചും മതഭിന്നമായതും അതേസമയം ജന്മത്തിന്റെ അടസ്ഥാനത്തിലുള്ളതുമായ സമുദായ നാമമായിരുന്നു 'മാപ്പിള' എന്നത്. പിന്നീടാണ് മത വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാപ്പിള എന്ന സംബോധന രൂപപ്പെടുന്നത്.

വ്യാപാരാവശ്യത്തിനായി എത്തിയ അറബികളുടെ സന്താനങ്ങളായ മാപ്പിളമാർ ഏറിയകൂറും തീരപ്രദേശങ്ങളിലും, തുറമുഖങ്ങളിലുമാണ് നിവസിച്ചിരുന്നത് എന്നുകരുതാം. എന്നാൽ പിന്നീട് മതപ്രചരണ ലക്ഷ്യത്തോടെ വിദേശ മിഷനറിമാർ കേരളത്തിന്റെ ഉൾപ്രദേശങ്ങളിലും എത്തിത്തുടങ്ങി. അവിടങ്ങളിൽ മതപരിവർത്തനം ചെയ്യപ്പെട്ടവരേയും മാപ്പിളമാർ എന്നു വിളിച്ചു തുടങ്ങിയിരിക്കാം. ചുരുക്കത്തിൽ വിദേശികൾക്ക് തദ്ദേശീയരായ സ്ത്രീകളിൽജനിച്ച സന്തതിപരമ്പരയെയും, ഇസ്ലാംമതം സ്വീകരിച്ച തദ്ദേശീയരെയും സാമാന്യമായി വിളിച്ചിരുന്ന സാമുദായിക നാമമാണ് മാപ്പിള എന്ന് കരുതുന്നതാണ് യുക്തി. ഈ പ്രബന്ധത്തിൽ ഇനിമുതൽ 'മാപ്പിള' എന്നപദം കൊണ്ട് വിവക്ഷിക്കുന്നത് ഇസ്ലാംമതവിശ്വാസികളായ മലയാളികളെയാണ്.

**2.2. മാപ്പിള എന്ന പദം**

മാപ്പിള എന്ന പദത്തിന്റെ ഉല്പത്തിയെക്കുറിച്ച് വിവിധങ്ങളായ അഭിപ്രായങ്ങൾ പണ്ഡിതൻമാർക്കിടയിലുണ്ട്. 'മാ' എന്നും 'പിള്ള'യെന്നുമുള്ള രണ്ട് പദങ്ങളുടെ സമാസമാണ് അതെന്നും മാതാവിന്റെ മകൻ എന്നാണ് അർത്ഥമാക്കുന്നതെന്നും ശംസുല്ലാ ഖാദിരി (1954:45) അഭിപ്രായപ്പെടുന്നു. 'മാപ്പിള' എന്ന പദം 'മഹാ', 'പിള്ള' എന്നീപദങ്ങൾ കൂടിച്ചേർന്നതാണെന്നും വിദേശവ്യാപാരികളെ തദ്ദേശീയർ ബഹുമാനാർത്ഥം മഹാപിള്ള എന്നു വിളിച്ചുവന്നിരുന്നുവെന്നും മഹാപിള്ളയുടെ ലുപ്തരൂപമാണ് മാപ്പിള എന്നുമൊരഭിപ്രായം എ.പി ഇബ്രാഹിം കുഞ്ഞും (1989:277) പ്രകടിപ്പിച്ചിട്ടുണ്ട്.

> അറബികൾ ഇവിടെവന്ന് കാർഷികവൃത്തി സ്വീകരിച്ചപ്പോൾ അവരെ കർഷകർ എന്നർത്ഥമുള്ള മാഫലാഹ് എന്ന പദംകൊണ്ട് വിവക്ഷിച്ചു (ബാലകൃഷ്ണൻ വള്ളിക്കുന്ന്, 1998:27).

വ്യത്യസ്തമായ മറ്റൊരഭിപ്രായമാണ് മേൽ ഉദ്ധരണിയിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ അറബിപദത്തിൽ നിന്ന് നിഷ്പന്നമായതാണ് മാപ്പിള എന്ന പദം എന്നമട്ടിലുള്ള അഭിപ്രായത്തിന് പരിമിതികളുണ്ട്. അറബികൾ തന്നെ അറബികൾക്ക് വിളിപ്പേരിട്ടു എന്നു സങ്കൽപ്പിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം ഇവിടെ വന്ന അറബികൾ അവരെ സ്വയം ഒരു പുതിയ പദംകൊണ്ട് വിശേഷിപ്പിക്കാൻ സാധ്യതയില്ല. ഈ നാട്ടുകാരായിരിക്കാം അവരെ വിശേഷിപ്പിക്കാൻ ഒരു പുതിയ വാക്ക് ഉപയോഗിച്ചിരിക്കുക. അതൊരിക്കലും ഒരു അറബിവാക്കുകൊണ്ടാവാൻ ഇടയില്ല.

മലയാളത്തിൽ മാപ്പിള എന്ന പദത്തിന്റെ അർത്ഥം ജാമാതാവ് എന്നാണ്. തമിഴിലും 'മാപ്പിളൈ' എന്ന പദത്തിന് ഇതേഅർത്ഥമാണുള്ളത്. വിദേശികൾ ഇവിടെ വന്ന് തദ്ദേശീയരെ വിവാഹം ചെയ്തപ്പോൾ അവരെ ഇവിടത്തുകാർ ജാമാതാവ് എന്ന അർത്ഥത്തിൽ മാപ്പിള എന്നു വിളിക്കാൻ തുടങ്ങി. വിവിധ അഭിപ്രായങ്ങളുടെ

കൂട്ടത്തിൽ ഇതാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നത്. ഇന്നും മലബാറിലെ മുസ്ലീംകൾ വരനെ 'മാപ്പിള, പുതുമാപ്പിള (പുതിയാപ്ല)' എന്നു വിളിക്കാറുണ്ട്. മാത്ര മല്ല തമിഴ്നാട്ടിലും വരനെ 'മാപ്പിളൈ' എന്നാണ് വിളിക്കാറ്.

മാപ്പിളമാരുടെ പ്രയത്നഫലമായാണ് അറബിമലയാളം എന്ന ലിപിസമ്പ്ര ദായം രൂപപ്പെട്ടത് മാപ്പിളമാരാൽ ഉണ്ടാക്കപ്പെട്ടതും പ്രചരിപ്പിക്കപ്പെട്ടതുമായതു കൊണ്ട് അറബിമലയാളത്തെ മാപ്പിളമലയാളം എന്നും വിളിക്കാറുണ്ട്.

2.3. അറബിമലയാളത്തിന്റെ ആവിർഭാവം

അറബിമലയാളത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പ്രധാനമായും രണ്ട് ചിന്താഗതിക ളാണുള്ളത്. അതിലൊന്ന് ഇങ്ങനെ ക്രോഡീകരിക്കാം: അറബിമലയാളം രൂപീകരി ച്ചത് അറബികളാണ്. ഇസ്ലാംമതത്തിന്റെ ആവിർഭാവത്തോടുകൂടി വ്യാപാരം എന്ന തോടൊപ്പം മതപ്രചരണവും അറബികളുടെ കേരളീയ യാത്രയുടെ ലക്ഷ്യങ്ങളിലൊ ന്നായിമാറി. എന്നാൽ വ്യാപാരത്തിന് ആവശ്യമായ പരിമിതമായ ഭാഷാജ്ഞാനവും ആശയവിനിമയ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തി മതപ്രചരണം നടത്തുക അസാ ധ്യമായിരുന്നു. മതമെന്നാൽ ജീവിതവ്യവസ്ഥ എന്നതിലുപരി സൈദ്ധാന്തികവും പ്രത്യയശാസ്ത്രപരവുമായ പല പ്രത്യേകതകളും ഉൾക്കൊള്ളുന്നതാണ്. ഇത്തര ത്തിൽ ഇസ്ലാമികമായ ആശയങ്ങളും ആചാരാനുഷ്ഠാനങ്ങളും തദ്ദേശീയർക്ക് പരിച യപ്പെടുത്തിക്കൊടുക്കാൻ പര്യാപ്തമായ ഒരു ഭാഷ അനിവാര്യമായിത്തീർന്നു. എന്നാൽ ഈ ആവശ്യം നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ ഇരുകൂട്ടർക്കും അറി യാവുന്ന ഒരു ഭാഷയുടെ അസാന്നിധ്യം വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചു.

അതോടൊപ്പം തന്നെ 'ഖുർആൻ' പാരായണം, ഏറ്റവും പ്രഥമികമായ ചില ആരാധനകൾ എന്നിവയ്ക്ക് അറബിലിപിജ്ഞാനം അനിവാര്യമാകയാൽ കേരളീയരെ അറബിലിപി പഠിപ്പിക്കേണ്ടത് അത്യാവശ്യമായിവന്നു. അറബിലിപിജ്ഞാനം മേൽപ്പറഞ്ഞ ഭാഷാപ്രതിസന്ധി പരിഹരിക്കാൻ എളുപ്പം വഴിയൊരുക്കി. പ്രദേശിക

ഭാഷ അതിന്റെ തന്നെ ലിപി ഉപയോഗിച്ച് എഴുതുന്നതിന് പകരം അറബിലിപി ഉപയോഗിച്ച് പ്രാദേശികഭാഷ എഴുതുന്ന രീതി അറബികൾ സ്വീകരിച്ചു. അങ്ങനെയാണ് പ്രാദേശിക ഭാഷയ്ക്ക് അറബിലിപി ഉപയോഗിക്കുന്ന സമ്പ്രദായം രൂപപ്പെട്ടത്.

പ്രദേശിക ഭാഷാജ്ഞാനം നേടിയ അറബികൾ അറബി ലിപി ഉപയോഗിച്ച് മലയാളം എഴുതിത്തുടങ്ങുകയും അതിനു പ്രചാരം ലഭിക്കുകയും ചെയ്തു. അറബികൾ ചെന്നെത്തിയ മിക്കരാജ്യങ്ങളിലും ആ സങ്കേതം ഉൽഭവിച്ചിട്ടുണ്ട് എന്ന് കാണാം. ഇത്തരത്തിൽ അറബികളുടെ മുൻകയ്യാൽ വളർന്നുവന്ന ഭാഷാരീതിയാണ് അറബിമലയാളം. ഇതിന്റെ ഗുണഭോക്താക്കൾ മാപ്പിളമാരായിരുന്നതിനാൽ ഇതിനെ മാപ്പിളമലയാളം എന്നു വിളിച്ചിരുന്നു. പഞ്ചാബി, സിന്ധി, തമിഴ്, കന്നഡ തുടങ്ങിയ ഭാഷകളും അറബിലിപിയുപയോഗിച്ച് എഴുതുന്ന രീതി നിലനിൽക്കുന്നുണ്ടായിരുന്നു. ഒ.അബു (1970:22), സി.കെ കരിം (1960:665) എന്നിവർ അറബിമലയാളം അറബികളുണ്ടാക്കിയെന്ന അഭിപ്രായക്കാരാണ്.

> ഹിജറാബ്ദം ഒന്നാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ തങ്ങൾ കുടിയേറിപ്പാർക്കുകയോ മതപ്രചരണാർത്ഥം ചെന്നെത്തുകയോ ചെയ്ത നാടുകളിലെ പ്രദേശിക ഭാഷകൾ അറബിലിപികളിൽ എഴുതിത്തുടങ്ങിയ മുസ്ലീങ്ങൾ കൃസ്ത്വാബ്ദം ഒമ്പതാം നൂറ്റാണ്ടിൽ മലബാറിൽ വന്നപ്പോൾ ഇന്നാട്ടിലെ ഭാഷയും അറബിലിപികളിൽ എഴുതിത്തുടങ്ങി എന്നു വിചാരിക്കാതിരിപ്പാൻ നിർവ്വാഹമില്ല (അബു, 1970:22)

അറബിമലയാളം വിദേശീയരായ അറബികളുടെ ബോധപൂർവ്വമായ സൃഷ്ടിയല്ല എന്നും അറബിലിപിജ്ഞാനം നേടിയ തദ്ദേശീയരുടെ വ്യവഹാരപരിശ്രമത്തിന്റെ ഫലമായി രൂപം കൊണ്ടതാണെന്നുമുള്ളതാണ് അറബിമലയാളത്തിന്റെ ഉൽഭവത്തെക്കുറിച്ചുള്ള രണ്ടാമത്തെ കാഴ്ചപ്പാട്. മതപരമായ ആവശ്യങ്ങൾക്കായി മാപ്പിളമാർ അറബിലിപിജ്ഞാനം നേടി. ഈ ലിപി മാപ്പിളമാർ അവരുടെ വ്യവഹാരാവശ്യ

ങ്ങൾക്ക് ഉപയോഗപ്പെടുത്തി. തങ്ങളുടെ വാമൊഴിയിലെ മതപരമായ കാര്യങ്ങൾ രേഖപ്പെടുത്താനായിരിക്കും ആദ്യം ഈ രീതി പ്രയോഗിച്ചത്. അറബിഭാഷ ദൈവദത്തമാണെന്നും മതകാര്യങ്ങൾ അറബിയിൽതന്നെ എഴുതണമെന്നുമുള്ള വിശ്വാസമായിരിക്കാം ഇതിനു പ്രചോദനമായിട്ടുണ്ടാവുക

മതസിദ്ധാന്തങ്ങളും കർമ്മശാസ്ത്രവിധികളും അതിന്റെ പരിശുദ്ധിയിൽ തന്നെ വിനിമയം ചെയ്യപ്പെടണം എന്ന കർക്കശമായ നിലപാട് പുലർത്തിയ അക്കാലത്തെ മുസ്ലിം മതപണ്ഡിതൻമാർ ഈ എഴുത്തുരീതിയെ സർവ്വാത്മനാ സ്വീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തിട്ടുണ്ടാവണം. ഇസ്ലാമിന്റെ അടിസ്ഥാന ഗ്രന്ഥമായ ഖുർആൻ അറബിഭാഷയിലാണെന്നതും മതപരമായ സാങ്കേതികപദങ്ങൾ അതിന്റെ ഉച്ചാരണശുദ്ധിയോടുകൂടി നിലനിർത്താൻ ഇതര ഭാഷാശബ്ദങ്ങൾക്ക് കഴിയില്ല എന്ന അതിസൂക്ഷ്മതയുമായിരിക്കാം മതപണ്ഡിതൻമാരെ ഈ രീതി അവലംബിക്കാൻ പ്രേരിപ്പിച്ചത്.

ഖുർആൻ പാരായണത്തിനും മറ്റുമായി അറബിലിപി പരിശീലിപ്പിക്കുവാനുള്ള അറബികളുടെ പരിശ്രമങ്ങളും, ഇതുപ്രചാരത്തിൽ വരുത്താൻ അറബിഭാഷാജ്ഞാനമുള്ള ഇന്നാട്ടിലെ മതപണ്ഡിതൻമാർ നല്കിയ പ്രോത്സാഹനവും, വ്യവഹാരത്തിന് വേണ്ടി സ്വന്തമായി ഒരു ലിപി കൈവന്ന സാമാന്യ ജനങ്ങളുടെ ആവേശവും കൂടിച്ചേർന്നപ്പോൾ അറബിമലയാളം വളർച്ചകൈവരിക്കാൻ തുടങ്ങി എന്നു സ്വാഭാവികമായും കരുതാം.

ഈ വാദമുഖം യഥാർത്ഥത്തിൽ അറബികൾ ചെന്നിടത്തൊക്കെ പ്രാദേശിക ഭാഷകൾ അറബിലിപിയിലെഴുതുന്ന സമ്പ്രദായം രൂപപ്പെടുത്തി എന്ന സമീപനത്തെ ദുർബലമാക്കുന്നില്ല. അവിടങ്ങളിലും യഥാർത്ഥത്തിൽ ഇതേ പ്രക്രിയയായിരിക്കും സംഭവിച്ചിരിക്കുക. അറബികൾ ചെന്നെത്തിയ പ്രദേശത്തൊക്കെ അവർ ബോധപൂർവ്വം ഒരു മിശ്രഭാഷാസമ്പ്രദായം രൂപപ്പെടുത്തുന്നതിന് പകരം സാമാന്യ ജന

ങ്ങൾക്ക് അറബിലിപിജ്ഞാനം നൽകുകയാണ് ചെയ്തിരിക്കുക. പ്രാചീനകാലഘട്ട ത്തിൽ അറബികൾ ചെന്നെത്തിയ മിക്കപ്രദേശങ്ങളിലും സാമാന്യജനങ്ങൾ അവരുടെ വാമൊഴിയെ അവർ സ്വായത്തമാക്കിയ ലിപിയിൽ എഴുതിത്തുടങ്ങുകയും അങ്ങനെ ഓരോ പ്രദേശത്തും അറബിലിപിയിലുള്ള പ്രാദേശികഭാഷാലിഖിതരൂപങ്ങൾ വളർന്നു വരികയും ചെയ്തു.

> ആഫ്രിക്കയിലെ സ്വാഹിലിഫൗസാ, ഫുലാനി, സോമാലി തുടങ്ങിയ ഭാഷകൾക്ക് ആദ്യമായി ലിപി പ്രദാനം ചെയ്തത് അറബിയാണ്. അടുത്ത കാലത്തായി താൻസാനിയ തുടങ്ങിയ കിഴക്കൻ ആഫ്രിക്കൻ രാഷ്ട്രങ്ങൾ റോമൻലിപി ഔദ്യോഗികലിപിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാലും അവി ടങ്ങളിൽ അറബിലിപിയുടെ ഉപയോഗം കുറഞ്ഞിട്ടില്ല. ഒരു സമാന്തരലിപി യായി ഇന്നും അത് തുടർന്നുപോരുന്നു (ജലീൽ, 1989:279)

ഇസ്ലാം കേരളത്തിൽ പ്രചരിക്കാൻ തുടങ്ങിയതുമുതൽത്തന്നെ അറബിമലയാ ളവും രൂപപ്പെട്ടിട്ടുണ്ടായിരിക്കാം. ഇത് ഒരു വ്യവസ്ഥാപിത ലിഖിത സമ്പ്രദായമാവുന്ന തും, മാപ്പിളമാരുടെ വിശേഷവ്യവഹാരമാവുന്നതും ഏറെ കാലത്തിന് ശേഷമാവാം. വിദേശികളുമായുള്ള സമ്പർക്കവും ബന്ധവും തീരപ്രദേശത്തായിരുന്നു കൂടുതൽ ഉണ്ടായിരുന്നത്. അതിനാൽ മാപ്പിളമാർ ഏറിയകൂറും തീരപ്രദേശത്തുമാത്രം ഒതു ങ്ങിനിന്നു. അറബിമലയാളവും തീരദേശത്ത് മാത്രമേ പ്രചരിച്ചിരുന്നുള്ളൂ. വ്യാപകമാ യത് ഉൾനാടുകളിൽ മതപ്രചരണം വ്യാപകമായതോടുകൂടിയാണ്. ആദ്യകാല അറ ബിമലയാളകൃതികളെല്ലാം രചിക്കപ്പെടുന്നത് തലശ്ശേരി, പൊന്നാനി തുടങ്ങിയ തീര പ്രദേശങ്ങളിലാണ്. പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിൽ ഇസ്ലാമതം ഉൾനാടുക ളിൽ പ്രചരിക്കുന്നതോടുകൂടിയാണ് അറബിമലയാളവും വളർച്ച പ്രാപിക്കുന്നത്.

> ബ്രാഹ്മണ മേധാവിത്വത്തിന്റെ പ്രേരണകൊണ്ട് ചേരത്തമിഴ് ഭാഷാമിശ്ര മായും മണിപ്രവാളമായും ഇന്നത്തെമലയാളമായും പരിണമിച്ച കഥ

നമ്മുടെ മുമ്പിലുണ്ട്. വടക്കേ ഇന്ത്യയിൽ നിലവിൽവന്ന മുസ്ലീം ഭരണാധികാരത്തിന്റെ സന്താനമാണ് ഉറുദു എന്ന ഭാഷാമിശ്രിതം. ഇതു പോലെതന്നെ ഇസ്ലാംമതം സ്വീകരിച്ചു മക്കത്ത് പോയചേരമാൻപെരുമാൾ, അറക്കൽ രാജകുടുംബം മലബാറിലെ രക്ഷാപുരുഷൻമാരായിരുന്ന ആലിമരക്കാർ തുടങ്ങിയവരുടെ സാംസ്കാരിക നേതൃത്വവും അല്പകാലമെങ്കിലും നിലനിന്ന ടിപ്പു ഭരണവും മറ്റുമായിരുന്നു മാപ്പിളമലയാളത്തിന് ജന്മവും വളർച്ചയും നൽകിയ ചരിത്രപശ്ചാത്തലം(ഷംസുദ്ദീൻ, 1978:5)

ആദ്യകാലങ്ങളിൽ മതപരമായ കാര്യങ്ങൾക്ക് മാത്രം പ്രയോജനപ്പെടുത്തിയിരുന്ന ഈ ലിപിസമ്പ്രദായം ക്രമേണ സാഹിത്യരചന ഉൾപ്പെടെയുള്ള സാമാന്യ വ്യവഹാരാവശ്യങ്ങൾക്കും ഉപയോഗിക്കാൻ തുടങ്ങി. കാലാന്തരത്തിൽ അത് മാപ്പിളസമുദായത്തിന്റെ ലിഖിതസമ്പ്രദായമായി മാറി.

# അധ്യായം മൂന്ന്

# അറബിമലയാളസാഹിത്യപാരമ്പര്യം

വളരെ സമ്പന്നമായ ഒരു സാഹിത്യപാരമ്പര്യമാണ് അറബിമലയാളത്തിനുള്ളത്. ഗദ്യത്തിലും പദ്യത്തിലുമായി ധാരാളം കൃതികൾ അറബിമലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. മതപരമായ വിജ്ഞാന സമ്പാദനം ലക്ഷ്യംവെച്ചുകൊണ്ട് രൂപപ്പെടുത്തിയതിനാൽത്തന്നെ അറബിമലയാളത്തിലെ ഒട്ടുമിക്കകൃതികളിലേയും പ്രതിപാദ്യം ഇസ്ലാം മതചിന്തകളോടും ചരിത്രത്തോടും ബന്ധപ്പെട്ടുകിടക്കുന്നു. മതേതരമായ കൃതികൾ താരതമ്യേന കുറവാണ്.

## 3.1 അറബിമലയാളകൃതികളുടെ പൊതുസവിശേഷത

1607-ൽ രചിക്കപ്പെട്ട *മുഹ്‌യിദ്ദീൻമാല*യാണ് കണ്ടെടുക്കപ്പെട്ട ആദ്യത്തെ അറബിമലയാള കൃതി. എന്നാൽ മുഹ്‌യിദ്ദീൻമാലയ്ക്കു ശേഷം കണ്ടുകിട്ടിയ രണ്ടാമത്തെ കൃതി 125 വർഷത്തിനുശേഷമുള്ള *നൂൽമാല* യാണ്. അതായത് കണ്ടുകിട്ടിയവയിൽ ഒന്നാമത്തെ കൃതിയും രണ്ടാമത്തെ കൃതിയും തമ്മിലുള്ള കാല വ്യത്യാസം 125 വർഷമാണ്. ഇത്രയും കാലം അറബിമലയാളത്തിൽ സാഹിത്യ പ്രവർത്തനങ്ങളൊന്നും ഉണ്ടായില്ല എന്ന് ധരിച്ചുകൂട. ഈ കാലഘട്ടത്തിലെ കൃതികൾക്ക് എന്ത് സംഭവിച്ചു എന്നതിനെ കുറിച്ച് അന്വേഷിക്കേണ്ടതാണ്.

മതപരമായ കർമ്മാനുഷ്ഠാനങ്ങളെക്കുറിച്ചും വിശ്വാസാചാരങ്ങളെക്കുറിച്ചും പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദ്യകാലകൃതികളിൽ ഏറിയതും രചിക്ക

പ്പെട്ടിട്ടുള്ളത്. എന്നാൽ പിൽക്കാലങ്ങളിൽ ഏതു വിഷയവും ഇതിവൃത്തമായി സ്വീകരിക്കുന്ന രീതി കാണാൻകഴിയുന്നു. മതം, ചരിത്രം, വൈദ്യം, ജ്യോതിഷം, നോവൽ, സഞ്ചാര സാഹിത്യം തുടങ്ങിയ മേഖലകളിലെ കൃതികൾ അറബിമലയാളത്തിലുണ്ട്.

കേരളത്തിൽ ബാസൽമിഷന്റെ നേതൃത്വത്തിൽ 1868ൽ ആദ്യ പ്രസ്സ് സ്ഥാപിതമായ ഉടൻ തന്നെ അറബിമലയാള കൃതികൾ അച്ചടിക്കാൻ സൗകര്യമുള്ള പ്രസ്സും സ്ഥാപിതമായിട്ടുണ്ട്. തീപ്പുത്തിൽ കുഞ്ഞഹമ്മദാണ് ഇത് സ്ഥാപിച്ചത്. തുടർന്ന് തലശ്ശേരി പ്രദേശത്ത് ധാരാളം പ്രസ്സുകൾ സ്ഥാപിക്കപ്പെട്ടു. ഒട്ടുമിക്ക കൃതികളിലും പ്രത്യേകിച്ച് പദ്യകൃതികളിൽ തലശ്ശേരിയിൽ അച്ചടിച്ചത് എന്നുകാണുന്നുണ്ട്. പിന്നീട് മലപ്പുറം ജില്ലയിലെ പൊന്നാനി, തിരൂർ, തിരൂരങ്ങാടി, കുണ്ടോട്ടി തുടങ്ങിയ പ്രദേശങ്ങളിലെല്ലാം പ്രസ്സുകൾ സ്ഥാപിക്കപ്പെട്ടു. കേരളത്തിൽ പ്രസ്സുകൾ സ്ഥാപിതമാകുന്നതിന് മുമ്പുതന്നെ ബോംബെയിലെ താനയിൽ അറബിമലയാള ഗ്രന്ഥങ്ങൾ അച്ചടിക്കാൻ സൗകര്യമുണ്ടായിരുന്നു എന്നും ''വെള്ളാട്ടിമസ്അല'' മുതലായ കൃതികൾ അവിടെ അച്ചടിച്ചതാണെന്നും ബാലകൃഷ്ണൻ വള്ളിക്കുന്ന് അഭിപ്രായപ്പെടുന്നുണ്ട് (20/12/2004, സ്വകാര്യ സംഭാഷണം). അതുവരെ വാമൊഴിയായോ കൈയെഴുത്ത് പ്രതിയായോ, പ്രചരിക്കപ്പെട്ട കൃതികൾ പ്രസക്തിയോ പ്രാധാന്യമോ നോക്കാതെ അച്ചടിക്കപ്പെട്ടു. മാത്രമല്ല അച്ചടിക്കാനായി പ്രസ്സുകാർതന്നെ കൃതികൾ രചിപ്പിക്കുകയുണ്ടായി. മിക്കവാറും എല്ലാ കൃതികളും പകർപ്പവകാശത്തോടുകൂടി പ്രസ്സുകാർ തന്നെ പ്രസിദ്ധീകരിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്.

സ്വതന്ത്രമായ ഇതിവൃത്തം സ്വീകരിക്കുമ്പോഴും അതിനെ മതത്തിന്റെ ഒരു അന്തരീക്ഷത്തിലേക്ക് എത്തിക്കുവാൻ കർത്താക്കൾ ശ്രമിക്കുന്നുണ്ട്. ഇസ്ലാംമത വിശ്വാസമനുസരിച്ച് സ്വതന്ത്ര കല്പനകളും കെട്ടുകഥകളും നിഷിദ്ധമാണെന്നൊരു ചിന്തയുണ്ടായി. അതിനാൽ മതപരവും സാമൂഹികവുമായ വിലക്ക് മറികടക്കാനുള്ള ഒരു ഉപായം എന്ന നിലയിലാവണം കൃതികളെ മത സാഹചര്യത്തിലേക്ക് എത്തിക്കു

വാൻ ശ്രമിക്കുന്നത്. 'കുറത്തിപ്പാട്ട്' എന്ന കൃതി ഉദാഹരണമായി പറയാവുന്നതാണ്. മാലാഖമാരിൽ പ്രമുഖനായ ജിബ്രീലിനോട് കുറത്തിയുടെ വേഷത്തിൽ ഭൂമിയിൽ ചെല്ലുവാൻ ദൈവം ആവശ്യപ്പെടുന്നു. ഇങ്ങനെ കുറത്തിയുടെ രൂപമെടുത്ത ജിബ്രീ ലിനെ കവി അംഗപ്രത്യംഗം വർണ്ണിക്കുന്നുണ്ട്. സ്ത്രീയെയും സ്ത്രീസൗന്ദര്യത്തേയും കാവ്യവിഷയമാക്കുന്നത് അക്കാലത്തെ ഇസ്ലാമിക സമൂഹം അംഗീകരിക്കാൻ സാധ്യ തയില്ല. എന്നാൽ നാട്ടിൻപുറത്തെ കുറത്തികളേയും അവരുടെ പെരുമാറ്റ രീതി കളെയും കാവ്യ വിഷയമാക്കാൻ രസികനായ ഒരു കവിക്ക് പ്രചോദനം ഉണ്ടാവു കയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ മതപരമായ പശ്ചാത്തലം ഉണ്ടാക്കിയെടു ക്കാനാണ് ജിബ്രീലിനെകൊണ്ട് ദൈവവിധിപ്രകാരം കുറത്തിവേഷം കെട്ടിക്കുകയും അറേബ്യയിൽ കുറത്തികളില്ലാതിരുന്നിട്ടുപോലും മക്കയിലേക്ക് കുറത്തിയെ പറഞ്ഞ യക്കുകയും ചെയ്യുന്നത്.

നാട്ടിൽ നടക്കുന്ന വിവാഹാഘോഷങ്ങളും ചമയങ്ങളും കാവ്യവിഷയമാ ക്കാൻ താല്പര്യം തോന്നിയാൽ നബിമാരുടെ വിവാഹം എന്ന വ്യാജേന കൃതി രചി ക്കുന്നു. പ്രവാചകൻമാർ മരണപ്പെട്ടുപോയവരായിരുന്നതിനാൽ വിവാഹം സ്വർഗ്ഗ ത്തിൽവെച്ചു നടക്കുന്നതായി ചിത്രീകരിക്കുന്നു. കവിതകളിൽ മാത്രമല്ല ചികിത്സ, ലൈംഗീകം മുതലായ കൃതികളിലെല്ലാം മതപരമായ പിന്തുണയും സാംഗത്യവും ഉണ്ടെന്നു വരുത്താൻ ശ്രമിക്കുന്നുണ്ട്. തികച്ചും കേരളീയസാഹചര്യത്തിലെ ഒറ്റമൂലി കളും പ്രയോഗങ്ങളുമാണെങ്കിൽ പോലും അതിനെല്ലാം പ്രവാചക വചനത്തിന്റേയും നബിചര്യയുടേയും അടിസ്ഥാനം നൽകാൻ ശ്രമിച്ചിട്ടുണ്ട്.

ഇതിനുപരിയായി കൃതി ഏതു മേഖലയിൽപ്പെട്ടതാണെങ്കിലും അത് വായി ക്കുകയോ കേൾക്കുകയോ ചെയ്താൽ ദൈവപ്രീതിയും ജീവിത വിജയവും ഇഷ്ടല ബ്ധിയും ഉണ്ടാകുമെന്ന ഫലശ്രുതിയും കൃതിയുടെ ആദ്യത്തിൽ ചേർക്കാറുണ്ട്. ഇത്തരത്തിൽ കൃതികൾക്ക് മതാത്മകത വരുത്താൻ രചയിതാക്കൾ ശ്രമിക്കുന്നതിനു

പിന്നിൽ സമുദായത്തിൽ നിന്നുള്ള എതിർപ്പ് ഇല്ലാതാക്കുക എന്നതുപോലെ തന്നെ കൃതികൾക്ക് സ്വീകാര്യത ഉണ്ടാക്കുക എന്നൊരു ലക്ഷ്യവും ഉണ്ട്.

### 3.2. പ്രധാനപ്പെട്ട അറബിമലയാള എഴുത്തുകാർ

ധാരാളം എഴുത്തുകാർ അറബിമലയാളത്തിൽ ഉണ്ടായിട്ടുണ്ട്. പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും നൂതനത്വവും മൗലികതയും കൊണ്ട് ശ്രദ്ധേയമായ ധാരാളം കൃതികൾ ഇവർ രചിച്ചിട്ടുണ്ട്. പുതിയ സങ്കേതങ്ങളുടെ ഉപജ്ഞാതാക്കൾ എന്ന അർത്ഥത്തിൽ ഖാസിമുഹമ്മദ്, കുഞ്ഞായിൻ മുസ്ല്യാർ, മാപ്പിള ആലിം ഉമർ ലബ്ബ, മാനാന്റെകത്ത് കുഞ്ഞിക്കോയതങ്ങൾ, മുണ്ടമ്പ്ര ഉണ്ണിമമ്മദ്, ചാക്കീരിമൊയ്തീൻകുട്ടി, എം.എ ഇമ്പിച്ചി, നല്ലളം ബീരാൻ, നാലകത്ത് കുഞ്ഞിമൊയ്തീൻകുട്ടി, കുഞ്ഞിസീതിക്കോയതങ്ങൾ, പി.ടി ബീരാൻകുട്ടി, സുജായി മൊയ്തു മുസ്ല്യാർ, ഇച്ചമസ്താൻ, മാട്ടുങ്ങൽ കുഞ്ഞിക്കോയ, ചേറ്റുവായ് പരീക്കുട്ടി, സി.എ. ഹസ്സൻകുട്ടി, കെ.ടി മുഹമ്മദ്, പുലിക്കോട്ടിൽ ഹൈദർ, മോയിൻകുട്ടി വൈദ്യർ, കെ.എൻ മമ്മുഞ്ഞി, ബീരാൻകുട്ടി മുസ്ല്യാർ എന്നിവർ പ്രത്യേക പരാമർശം അർഹിക്കുന്നു.

സ്ത്രീ എഴുത്തുകാർ വളരെ കുറച്ചുപേർ മാത്രമാണ് അറബി മലയാളത്തിൽ രചന നിർവ്വഹിച്ചിട്ടുള്ളത്. ഇവരിൽ പരിഗണനാർഹമായ സൃഷ്ടികളുടെ കർത്താക്കളാണ് കെ. ആമിനക്കുട്ടി, പി.കെ ഹലീമ, വി ആയിശക്കുട്ടി, സി.എച്ച് കുഞ്ഞായിശ എന്നിവർ.

ഏതെങ്കിലും ഒരു നൂതനസങ്കേതത്തിൽ ആരെങ്കിലും ഒരാൾ രചിക്കുന്ന കൃതിയുടെ ചുവടുപിടിച്ച് പിന്നീട് ഒരുപാട് കൃതികൾ ഉണ്ടാക്കുന്ന പ്രവണത കാണാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഒരേ കാവ്യം തന്നെ കഥാപാത്രങ്ങളുടേയും രചനാകാരന്റേയും പേരുകൾമാത്രം മാറ്റി എഴുതി പുതിയൊരു കാവ്യമാണെന്ന രീതിയിൽ രചിക്കപ്പെട്ടിട്ടുണ്ട്.

തികച്ചും ലളിതവും അനായാസകരവുമായ ഘടനയും ഗ്രാമീണ വാമൊഴികളുടെ പ്രയോഗവുമാണ് അറബിമലയാള കൃതികളുടെ ഒരു പ്രത്യേകത. അതിനാൽത്തന്നെ ആർക്കും കൃതികൾ രചിക്കാവുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. മാത്രമല്ല, എന്തെഴുതിയാലും അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ പ്രസാധകർ ധാരാളം ഉണ്ടായിരുന്നുതാനും.

3.3 അറബിമലയാളത്തിന്റെ നിലവിലെ അവസ്ഥ

മലയാള ഭാഷയ്ക്ക് കൂടുതൽ പ്രചാരംസിദ്ധിക്കുകയും മലയാള ഭാഷയിൽ ധാരാളം സാഹിത്യ കൃതികൾ പുറത്തിറങ്ങാൻ തുടങ്ങുകയുംചെയ്തതിനു ശേഷവും അറബിമലയാളം മാപ്പിളമാരുടെ സാഹിത്യ ഭാഷയായി തുടർന്നു പോന്നു. മുസ്ലിംജനസാമാന്യം വിദ്യാഭ്യാസപരമായി മുന്നേറാൻ തുടങ്ങിയതോടെ അറബിലിപിയുപയോഗിച്ച് മലയാളം എഴുതുന്നതിന്റെ സാംഗത്യമില്ലായ്മ ചർച്ചചെയ്യപ്പെടാൻ തുടങ്ങി. മലയാളഭാഷയിൽ നൈപുണ്യമുള്ള ധാരാളം എഴുത്തുകാർ മാപ്പിളമാർക്കിടയിൽ നിന്നു വളർന്നുവരികയും ചെയ്തു. ഭാഷാരീതിയോടുള്ള വിയോജിപ്പ് എന്നതോടൊപ്പം ഇതിവൃത്തത്തിന്റെ ഇസ്ലാമികമായ അടിസ്ഥാനത്തെക്കുറിച്ചും അഭിപ്രായ വ്യത്യാസങ്ങൾ രൂപപ്പെട്ടു.

ഇസ്ലാമിക പരിഷ്കരണ പ്രസ്ഥാനങ്ങൾ മാലപ്പാട്ടിലെയും മറ്റു കൃതികളിലേയും ആശയത്തേയും സമീപനത്തേയും വിശ്വാസപരമായ കാരണങ്ങളാൽ ശക്തമായി എതിർക്കുകയും, നേർച്ചപ്പാട്ടുകളുടെ അനുഷ്ഠാനപരമായ കാര്യങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തു. ഇങ്ങനെ മതപരവും വിദ്യാഭ്യാസപരവുമായ പരിഷ്ക്കാരങ്ങൾ അറബിമലയാള രീതിയിൽ കൃതികളെഴുതുന്ന പ്രവണത ക്രമേണ ഇല്ലാതാവാൻ കാരണമായി. മാപ്പിള ഗ്രന്ഥകാരൻമാർ മലയാളത്തിൽ രചനനടത്തുവാനും തുടങ്ങി. എന്നിരുന്നാലും കേരളത്തിലെ മുസ്ലീങ്ങളിലെ സുന്നി വിഭാഗം

ഇപ്പോഴും ഈ ഭാഷാരീതി നിലനിർത്താൻ വേണ്ടി കൃതികൾ രചിക്കുകയും ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. മലപ്പുറംജില്ലയിലെ ചേളാരി ആസ്ഥാനമായി പ്രവർത്തിക്കുന്ന സമസ്തകേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡിന്റെ മദ്രസാപാഠപുസ്തകങ്ങളിൽ ചിലവയും *അൽമുഅല്ലിം* എന്ന പ്രസിദ്ധീകരണം ഭാഗികമായും അറബിമലയാള രീതിയിൽ രചിക്കപ്പെട്ടുവരുന്നു.

### 3.4 കൃതികളുടെ അച്ചടിയും സംവിധാനവും

അറബിമലയാള കൃതികളുടെ അച്ചടിരീതിയും കൃതികളുടെ കെട്ടുംമട്ടും സവിശേഷശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. ഡിസൈനുകൾ വരച്ചുചേർത്ത പുറംചട്ടയിൽ കൃതി രചിക്കാനിടയായ സാഹചര്യം, കൃതിയുടെ ഉള്ളടക്കത്തെകുറിച്ചുള്ള ലഘു വിവരണം, ഫലശ്രുതി, പ്രസാധകരുടെ പേര് എന്നിവ ചേർത്തിട്ടുണ്ടാകും.

പലപ്പോഴും ഒന്നിലധികം കൃതികൾ സ്വന്തംനിലയിൽ കൂട്ടിച്ചേർത്ത് ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്ന രീതി പലരും സ്വീകരിച്ചിരുന്നു. കൃതിയുടെ സമാഹാരം എന്ന രീതിയിൽ പ്രസാധനം ചെയ്തിട്ടില്ലെങ്കിലും വിവിധ കൃതികൾ വാങ്ങുന്നയാൾ സ്വന്തം നിലയ്ക്കാണ് അവ ഒന്നിച്ചുചേർത്തിരിക്കുന്നത്. കൃതികളുടെ സമാഹാരമാണ് എന്ന് തോന്നിപ്പിക്കുന്ന ഇത്തരം ഗ്രന്ഥങ്ങളിൽ വിവിധ പ്രസാധകരുടെ വ്യത്യസ്ത കാലങ്ങളിൽ ഇറങ്ങിയ കൃതികൾ കൂട്ടിച്ചേർത്തിരിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ഗ്രന്ഥത്തിൽ തന്നെ ഗദ്യവും പദ്യവും അവയിലെ തന്നെ വിവിധ വിഭാഗങ്ങളിൽപെടുന്ന കൃതികളും കാണുന്നുണ്ട്. ഇങ്ങനെ വ്യത്യസ്ത കൃതികൾ കൂട്ടിച്ചേർത്ത് അനുവാചകർ സ്വന്തമായുണ്ടാക്കുന്ന ഗ്രന്ഥങ്ങളിൽ നിന്ന് ഓരോ കൃതിയും തിരിച്ചറിയാൻ പ്രത്യേകം തയ്യാർചെയ്ത പുറംചട്ടകൾ സഹായകമാകുന്നു.

കൃതിയുടെ അവസാന ഭാഗത്ത് കൃതി അച്ചടിച്ച വർഷം, പ്രസാധകരുടെ വിശദവിവരം, കൃതി അച്ചടിക്കാൻ വേണ്ടി പകർത്തിയെഴുതിയ ആളുടെ പേര്, പകർപ്പാവകാശത്തെക്കുറിച്ചുള്ള വിവരങ്ങൾ, അത് ലംഘിക്കുന്നവർക്കെതിരെയുള്ള മുന്നറിയി

പ്പുകൾ എന്നിവയെല്ലാം ചേർത്തിട്ടുണ്ടാകും. കൃതികൾ അറബിമലയാളത്തിലാണെ ങ്കിലും ഒരറബിപ്പേരും കൂടാതെ മലയാളപേരും നൽകിയിട്ടുണ്ടാകും. *ഫൈളുൽബാരി പരോപകാരി തർജ്ജമ കിത്താബ്, സീറത്തുറസൂൽ-ഇസ്ലാമിക ചരിത്ര ഗ്രന്ഥം, ഇആ നത്തുത്താലിബിൻ ഫീ ഫത്ഹി അഫ്ഖാലിൻ മുബ്ത്തദിഇൗൻ എന്ന് പേർവെച്ച പത്ത് കിത്താബ്* എന്നിങ്ങനെയാണ് പേർ നൽകുന്നത്.

3.5 ഗദ്യം

അറബിമലയാളത്തിൽ ഗദ്യസാഹിത്യം വികസിക്കുന്നത് പിൽക്കാലത്താണ്. ആദ്യ കാലങ്ങളിൽ പദ്യസാഹിത്യത്തിനായിരുന്നു പ്രചാരം. മതവിഷയങ്ങൾ പഠിപ്പി ക്കുക എന്ന ലക്ഷ്യംവെച്ചുകൊണ്ടാണ് അറബിമലയാളത്തിലെ എല്ലാകൃതികളും എന്നുതന്നെ പറയാം. പദ്യകൃതികളെ അപേക്ഷിച്ച് ഗദ്യകൃതികൾ വളരെ കുറവാണ്.

ഗദ്യത്തിലെ ഭാഷ ലളിതവും വാമൊഴിരൂപത്തോട് കൂടുതൽ അടുത്തു നിൽക്കുന്നതുമാണ്. കർത്താവ് അനുവാചകരോട് നേരിട്ട് സംവദിക്കുന്ന രീതിയി ലാണ് മിക്കവാറും കൃതികൾ.

ഈ വിഭാഗത്തിൽ സ്വതന്ത്രകൃതികൾ വളരെ കുറവാണ്. ഏതെങ്കിലും അറബി കൃതികളുടെ ആശയാനുവാദമോ സ്വതന്ത്രപരിഭാഷയോ ആണ് മിക്കവാറും കൃതികൾ. അറബിമലയാളത്തിൽ ഗദ്യകൃതികളെന്നാൽ തർജ്ജമകളാണ്. എന്നാൽ ഒരു കൃതിയും പദാനുപദതർജ്ജമയല്ല. ഗദ്യമെന്നതിനുപകരം തർജ്ജമ എന്നാണ് പറ യുക. മിക്കവാറും ഗദ്യകൃതികളും തർജ്ജമകളായതിനാലായിരിക്കാം ഗദ്യകൃതികളെ യെല്ലാം തർജ്ജമ എന്നുംവിശേഷിപ്പിക്കുന്ന രീതിയുണ്ടായത്. ഗ്രന്ഥകർത്താക്കൾ തന്നെ തങ്ങൾ എഴുതുന്ന സ്വതന്ത്ര ഗദ്യകൃതികളെ തർജ്ജമ എന്ന് വിശേഷിപ്പിക്കാറുണ്ട്.

എന്തെന്നാൽ അസ്മാഅ്, അൽസമാത്തുകളും മരുന്നുമുറകളും മറ്റും ഫടിഫ്ഫിക്കുന്നതിനാലും ഇന്ന് ദുനിയാവിലുള്ള അനേകം കുണത്തെ സംഫാദിഫ്ഫാൻ കാരണമായതിനോടും കൂടെ അതുകളെ ഫറ്റി മുൻകാലവും ഫിൻകാലവും ഉള്ള ഉലമാക്കൻമാരും ഗുരുക്കൻമാരും ഫലെഫലെ ബാശകളിലായി വളരെ കിത്താബുകളെയും യേടുകളേയും ഉണ്ടാക്കിനടത്തിയിരിക്കുന്നു. നമ്മുടെ മലയാള ബാശയിൽ അതുകളെബകയിൽ ഫ്റമാണ്ക്കത്തക്കവണ്ണം മതിയായത് യാതൊന്നും യിതുവരെ ഉണ്ടാക്കഫെട്ടത് കാണായ്കയാൽ ഈ ഉഫകാരംയെന്ന തർജ്ജമനെ ഇതാ നമ്മൾ ഉണ്ടാക്കുന്നു ...............(ഉപകാരം)

ചില കൃതികൾ അവലംബമാക്കി ഗ്രന്ഥകർത്താവ് സ്വയം തയ്യാറാക്കിയ സ്വതന്ത്രകൃതിയാണെങ്കിലും ഇതിനെ തർജ്ജമ എന്നാണ് വിശേഷിപ്പിക്കുന്നത്. പാടൂർ കോയക്കുട്ടിതങ്ങൾ എഴുതിയ സ്വതന്ത്ര കൃതിയായ വൈതുല്യത്തിന്റെ പേരുതന്നെ *ബൈതുല്യം തർജ്ജമ* എന്നാണ്.

കൃതിക്ക് വിശ്വാസപരവും മതപരവുമായ അംഗീകാരം നേടിയെടുക്കാൻ വേണ്ടിയാവണം സ്വതന്ത്രകൃതികൾപോലും തർജ്ജമകൾ എന്ന രീതിയിൽ അവതരിപ്പിക്കുന്നത്. അറബികൃതികളുടെ തർജ്ജമയാണ് എന്ന് പറഞ്ഞാൽ ആധികാരികത ലഭിക്കുകയും പ്രതിപാദ്യത്തിന്റെ സാംഗത്യം ചോദ്യംചെയ്യപ്പെടാനുള്ള സാധ്യത കുറയുകയും ചെയ്യും. അറബിമലയാള ഗദ്യത്തെ വൈജ്ഞാനികമെന്നും സർഗ്ഗാത്മകമെന്നും രണ്ടായിതരിക്കാം.

**3.5.1. വൈജ്ഞാനികസാഹിത്യം**

മതം, ചരിത്രം, വൈദ്യം, ഭാഷാവിജ്ഞാനം, ലൈംഗികശാസ്ത്രം, ജ്യോതിശാസ്ത്രം, സ്വപ്നവ്യാഖ്യാനം, ജ്യോതിഷം, താന്ത്രികകൃതികൾ എന്നിവയാണ് വൈജ്ഞാനികസാഹിത്യത്തിൽ ഉൾപ്പെടുന്നത്.

### 3.5.1.1. മതസാഹിത്യം

അറബിമലയാളം ഗദ്യവിഭാഗത്തിലെ ബഹുഭൂരിപക്ഷം ഗ്രന്ഥങ്ങളും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ഖുർആൻതർജ്ജമകൾ, കർമ്മശാസ്ത്രഗ്രന്ഥങ്ങൾ, ഇസ്ലാമികമതനിയമങ്ങൾ, ഇസ്ലാമികതത്വശാസ്ത്രം എന്നിവയാണ് മതസാഹിത്യത്തിലെ പ്രധാന വിഭാഗങ്ങൾ.

#### 3.5.1.1.1. ഖുർആൻതർജ്ജമകൾ

മുസ്ലീംകളെല്ലാം ഖുർആൻപാരായണം ചെയ്യാൻ അറിഞ്ഞിരിക്കണം. എന്നാൽ അറബിഭാഷാജ്ഞാനം ഉള്ളവർക്ക് മാത്രമേ ഖുർആൻ ഓതി അർത്ഥം ഗ്രഹിക്കാൻ കഴിയുമായിരുന്നുള്ളു. മറ്റുള്ളവർ വെറുതെ പാരായണം ചെയ്യുകമാത്രമാണ് ചെയ്തിരുന്നത്. ഈ സാഹചര്യത്തിലാണ് ഖുർആൻ തർജ്ജമ ഉണ്ടാവുന്നത്.

അറബിമലയാളത്തിലെ ആദ്യത്തെ ഖുർആൻ പരിഭാഷ കണ്ണൂർ അറയ്ക്കൽ കൊട്ടാരത്തിലെ മായിൻകുട്ടി എളയയുടെതാണ്. കണ്ണൂർ അറയ്ക്കൽ കൊട്ടാരത്തിലെ മായിൻകുട്ടി എളയ ഖുർആന്റെ പരിഭാഷ ആറു വാള്യങ്ങളിലായി 1855ൽ പ്രസിദ്ധീകരിച്ചു. പിന്നീട് ഖുർആൻ പൂർണ്ണമായി ആരും തർജ്ജമ ചെയ്തതായി കാണുന്നില്ല. എന്നാൽ ഖുർആനിലെ വിവിധ അധ്യായങ്ങൾ അറബിമലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

പട്ടിക - 1

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | സൂറത്തുൽ റഹ്മാൻ തർജ്ജമ | കൊളത്തൂർ കിട ക്കാട് അലിക്കു ട്ടിമൗലവി | 1992 | 1992 | ഖുർആനിലെ 'റഹ്മാൻ; എന്ന അധ്യായത്തിന്റെ പരി ഭാഷയാണീ ഗ്രന്ഥം. |
| 2. | തർജ്ജുമാനുൽ ഖുർ ആൻ അമ്മജുസ്അ് തർജ്ജമ | - | - | 1992 | ഖുർആനിന്റെ മുപ്പത് ഭാഗങ്ങളിൽ അവസാന ഭാഗമായ 'അമ്മ' യുടെ പരിഭാഷയാണിത്. |
| 3. | തബാറക്ക ജുസ്അ് തർജ്ജമ | കെ ഉമർ മുസ്ല്യാർ | - | 1992 | ഖുർആനിന്റെ മുപ്പത് ഭാഗങ്ങളിൽ ഒരു ഭാഗ ത്തിന്റെപരിഭാഷ. (മുൽകം, അൽഖലം, അൽഹാഖ, അൻമആ രിജ് ആഹ് ജിന്ന് മുസ മ്മിൽ മുദ്ദസ്സിൽ ഖയാമ, ഇൻസാൻ, മുർസ ലാത്ത് എന്നീ അധ്യായ ങ്ങൾ) |
| 4. | തുഹ്ഫത്തുൽ വാസിഅ ഫീ തർജ്ജമത്തുൽ വാഖിഅ | കൊടിഞ്ഞി പിള്ളാട് എ.എൻ മൗലവി | 1993 | 1993 | ഖുർആനിലെ 'വാഖിഅ' എന്ന അധ്യായത്തിന്റെ പരിഭാഷ. |
| 5. | യാസീൻ എന്ന സൂറ ത്തിന്റെ തഫ്സീർ തർജ്ജമ | - | - | - | ഖുർആനിലെ 'യാസീൻ' എന്ന അധ്യായത്തിന്റെ തർജ്ജമ |
| 6. | ജമിഅത്ത് മജാമി ഉൽ ബയാൻ ഫി ത ഫ്സീരി ജമീഉൽ ഖുർആൻ എന്ന 'അൽബഖറ' തർജ്ജമ | തുന്നൻ വീട്ടിൽ മുഹമ്മദ് മുസ്ല്യാർ | - | - | വിശുദ്ധ ഖുർആനിലെ ഒന്നാമത്തെ അധ്യായ മായ'ഫാതിഹ'യുടെയും രണ്ടാമത്തെ അധ്യായ മായ 'അൽബഖറ' യുടേയും പരിഭാഷയാ ണിത്. |

### 3.5.1.1.2 കർമ്മശാസ്ത്രഗ്രന്ഥങ്ങൾ

ഇസ്ലാമിക വിശ്വാസികൾ ധാരാളം ആരാധനാ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ട തുണ്ട്. ഈ കർമ്മങ്ങളെല്ലാം അനുഷ്ഠിക്കുന്നതിന് കൃത്യമായ ചിട്ടകളും ക്രമങ്ങളു മുണ്ട്. ഇവയെ വിശദമായി പ്രതിപാദിക്കുന്നവയാണ് ഇസ്ലാമിക കർമ്മശാസ്ത്ര ഗ്രന്ഥ ങ്ങൾ. ഇതിൽ ഇസ്ലാമിക സാമൂഹിക നിയമങ്ങളും മറ്റും ചർച്ചചെയ്യപ്പെടാറില്ല. പകരം ആരാധനാ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതിന്റെ വിശദീകരണങ്ങളാണുള്ളത്.

പാടൂർ കോയക്കുട്ടി തങ്ങൾ എഴുതിയ *ബൈത്തുല്യ*മാണ് ഈ വിഭാഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃതി. അറബി ഭാഷയിൽ എഴുതപ്പെട്ട ഹുംദത്തിൽ മുസ്വല്ലിൻ, റിയാലുസ്വാലിഹീൻ, ഫത്ഹുൽ മുഈൻ എന്നിവയുടെ പരിഭാഷകളും ഈ വിഭാഗ ത്തിൽ പെടുത്താവുന്നവയാണ്.

പട്ടിക - 2

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | വെള്ളാട്ടി മസ്അല | - | - | 1860 | ബാഗ്ദാദിലെ രാജാവായ ഹാറൂൺ അൽ റഷീദിന്റെ രാജകൊട്ടാരത്തിൽ അബു ഗഹ്മ് എന്ന കച്ചവടക്കാ രൻ സുന്ദരിയായ സൗദ എന്ന അടിമസ്ത്രീയെ ഹാജരാക്കി. അവളുടെ ബുദ്ധിയും പാണ്ഡി ത്യവും പരീക്ഷിക്കാനായി രാജസദസിലെ പാണ്ഡി തർ അവളോട് പല ചോദ്യ ങ്ങളും ചോദിക്കുന്നു. ചോദ്യങ്ങൾക്കെല്ലാം അവൾ മറുപടി പറഞ്ഞു. മാത്രമല്ല പണ്ഡിതൻമാരെ തോൽപ്പിക്കുകയും ചെയ്യു ന്നു. ഇസ്ലാംമതത്തിലെ കർമ്മശാസ്ത്ര സംബന്ധി യായ കാര്യങ്ങളാണ് ചോദ്യോത്തരങ്ങളുടെ ഉള്ളടക്കം. |

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 2. | തൗബ | – | – | 1899 | ഇസ്ലാം മത വിശ്വാസപ്രകാരം മനുഷ്യൻ എപ്പോഴും ദൈവത്തോട് പ്രായശ്ചിത്തം ചെയ്തു കൊണ്ടിരിക്കുന്നു. ഇതിനായി അറബിയിൽ ധാരാളം പ്രാർത്ഥനകളുണ്ട് ഇത്തരം പ്രാർത്ഥനകളുടെ പരിഭാഷയാണ് പ്രതിപാദ്യം. |
| 3. | ഉംദത്തുൽ ഇലാ ഇർശാദിൽ മുസ്ലിമിൻ(പത്തു കിത്താബ് തർജ്ജമ) | കെ. കുഞ്ഞി അഹമ്മദ് മൗലവി | – | 1927 | തിരൂരങ്ങാടി ആമിറുൽ ഇസ്ലാം (മത പഠന കേന്ദ്രം) ഉപയോഗിച്ചിരുന്ന 'ഉംദത്തുൽ മിസ്കീമിൻ' എന്ന അറബി കൃതിയെ അധികരിച്ചെഴുതിയത്. |
| 4. | ഖൈളുൽബാരി പരോപകാരി തർജ്ജമ | പാടൂർ തെക്കുതര വെളിയത്ത് കുഞ്ഞഹമ്മദ് മൗലവി | – | 1930 | ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ച് എഴുതിയ കൃതിയല്ല ഇത്. സിംഹത്തിന്റെ 25 പര്യായങ്ങൾ, രൂപം, ജീവിത രീതി, ഗർഭം, പ്രസവം എന്നിവ വിശദീകരിക്കുന്നു. സിംഹവുമായി ബന്ധപ്പെട്ട മറ്റു ചില ഘടകങ്ങൾ; അന്ത്യനാളിന്റെ അടയാളമായ ദജ്ജാലിന്റെ വരവ്, ക്ഷൗരം ചെയ്യുന്നതിന്റെ നിബന്ധനകൾ, പ്രാർത്ഥന, ചില കർമ്മാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം സൂചിപ്പിക്കുന്നു. തുടർന്ന് പ്രവാചകനു ശേഷം അറേബ്യയുടെ ഭരണ നേതൃത്വം ഏറ്റെടുത്ത അബൂബക്കർ, ഉമർ, ഉസ്മാൻ അലി തുടങ്ങിയ അൻപത്തിയാറോളം ഖലീഫമാരുടെ(ഭരണകർത്താക്കളുടെ) ചരിത്രവും രേഖപ്പെടുത്തിയിരിക്കുന്നു. |

*പട്ടിക – 2 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 5. | റിസാലത്തുഹയ ളിവൽ ഇസ്തി ഹാളതി | പാലശ്ശേരി കമ്മു മുസ്ല്യാർ | – | 1945 | മുസ്ലിം സ്ത്രീകൾ ആരാധ നകളിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. ആർത്തവം, പ്രസവം തുടങ്ങി അശുദ്ധിയുടെ സമയങ്ങളിൽ പാലി ക്കേണ്ട വിധങ്ങൾ, ഗർഭസ മയത്തെ ആരാധനകൾ തുടങ്ങി സ്ത്രീകൾക്ക് മത സംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കാൻ വേണ്ടി രചി ച്ചിരിക്കുന്ന കൃതിയാണ്. |
| 6. | അൽഹിദായ ത്തുൽ ഇസ്ലാ മിയ്യ - രണ്ടാം ഭാഗം | മജ്ദിനുൽ ഉലൂം മദ്രസ യിലെ പ്രധാ നാധ്യാപകർ | - | 1949 | മദ്രസ വിദ്യാർത്ഥി കൾക്കുള്ള പാഠപുസ്തകം എന്ന രീതിയിലാണ് ഇത് എഴുതിയിരിക്കുന്നത്. ഇസ്ലാംമതത്തിലെ വിശ്വാ സസംബന്ധമായതും അനുഷ്ഠാനസംബന്ധമാ യതുമായ കാര്യങ്ങൾ വിശദീകരിച്ചിരിക്കുന്നു |
| 7. | ഇആനത്തുലതാ ബിൻ ഫിഫത്ഹി തഹ്വാലിൽ മുമ്ബ്അദിഊൻ - എന്നു പേർവെച്ച പത്ത് കിത്താബ് തർജ്ജമ | തേൾപറമ്പിൽ ഖാദിർ കുട്ടി മുസ്ല്യാർ | 1945 | 1949 | ഇസ്ലാമത വിശ്വാസം അനു ഷ്ഠാന കർമ്മങ്ങൾ, ആരാ ധനാക്രമങ്ങൾ, അന്ത്യ നാൾ, അതിന്റെ അടയാള ങ്ങൾ എന്നിവയാണ് പ്രതി പാദ്യം. |
| 8. | അഅ്ള മുസ്സ്വലാത്ത് | - | - | 1961 | ഇസ്ലാമിക വിശ്വാസപ്ര കാരം നിർബന്ധമായ അഞ്ചുനേരത്തെ നമ സ്ക്കാരാനന്തരം ചൊല്ലാൻ വേണ്ടിയുള്ള ചില പ്രാർത്ഥനകളും പ്രവാചകന്റെ പേരിലുള്ള ചില സ്വലാത്തുകളു(ര ക്ഷാപ്രാർത്ഥന) മാണ് ഇതിലെ പ്രതിപാദ്യം. |

*പട്ടിക - 2 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 9. | മുഅ്ജമുൽ അലാമതി ലിയൗവ്മിൽ ഖിയാമ തർജ്ജമ | എം.എ. ആലി മുസ്ല്യാർ | 1954 | 1955 | ഇസ്ലാം മത വിശ്വാസപ്രകാരമുള്ള ലോകാവസാനത്തെക്കുറിച്ചാണ് പ്രതിപാദ്യം. |
| 10. | കിതാബ് ഉംദത്തുൽ മുസ്ലീൻ | – | – | 1962 | പ്രവാചകൻ മുഹമ്മദിന്റെ ആത്മാവിനെ സൃഷ്ടിച്ചതും, ആദമിനെ സൃഷ്ടിച്ചതും പ്രവാചകൻ മുഹമ്മദിന്റെ ദൈവസന്നിധിയിലേക്കുള്ള ആകാശയാത്രയും, മുസ്ലിംകൾ നിർബന്ധമായി ചെയ്തിരിക്കേണ്ട നമസ്കാരങ്ങളെ കുറിച്ചും അതിന്റെ ശ്രേഷ്ഠതയെ കുറിച്ചും വിശദീകരിക്കുന്ന കൃതി. |
| 11. | ഖസദുസ്സബീൻ ഫി ത്വാഅത്തില്ലാഹി വൈതുല്യം തർജ്ജമ | സയ്യിദ് മുഹമ്മദ് ഫഖ്റുദ്ദീൻ എന്ന കോയക്കുട്ടി തങ്ങൾ | - | 1985 | ഇസ്ലാം മതപരമായ ആശയങ്ങളും അനുഷ്ഠാന കർമ്മങ്ങളും വിധിവിലക്കുകളും, പ്രവാചക ചരിത്രവും ഉൾക്കൊള്ളുന്നു. |
| 12. | മഹ്ശറ പ്രളയം | കെ.വി മുഹമ്മദ് മുസ്ല്യാർ | – | 1989 | ലോകാവസാനം, മരണാനന്തര ജീവിതം, സ്വർഗ്ഗ-നരക ലബ്ധി എന്നിവ വിശദീകരിച്ചിരിക്കുന്നു. |
| 13. | കിഫായത്തിൽ ബനാതി ഫിദ്ദിമാഉൽ മുത്വബിഖാത്തി | എൻ.കെ മുഹമ്മദ് മുസ്ല്യാർ | – | – | സ്ത്രീകളുടെ ആർത്തവം, പ്രസവം, രക്തസ്രാവം എന്നിവയെകുറിച്ചും ഇവയുണ്ടാകുന്ന കാലഘട്ടത്തിൽ ആരാധനാകർമ്മങ്ങൾ ഒഴിവാക്കേണ്ടതിനെ കുറിച്ചും ആദ്യഭാഗത്ത് വിശദമാക്കിയിരിക്കുന്നു. രണ്ടാംഭാഗത്ത് ഭർത്താവ് മരിച്ചവരും വിവാഹമോചനം നേടിയവരുമായ സ്ത്രീകൾ ആചരിക്കേണ്ട മര്യാദകളെ കുറിച്ചും പറഞ്ഞിരിക്കുന്നു. |

*പട്ടിക - 2 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 14. | തുഹഫത്തുൽ ഹജ്ജാജ് | ഖാലിദ്ഹു അബ്ദുള്ള എന്ന കല ത്തൻ മുസ്ല്യാർ | - | - | ഹജ്ജിന് പോകുന്നവർ അനുഷ്ഠിക്കേണ്ട കാര്യ ങ്ങൾ, നിബന്ധനകൾ, പ്രാർത്ഥനകൾ എന്നിവ വിവരിക്കുന്ന കൃതി. ഹജ്ജ് ഉംറ (ഹിജറ വർഷം ദുൽഹജ്ജ് മാസ ത്തിൽ നടത്തുന്ന മക്കയി ലെക്കുള്ള തീർത്ഥാടന മാണ് ഹജ്ജ് മറ്റു മാസങ്ങ ളിൽ നടത്തുന്നത് ഉംറ) എന്നിവ നിർബന്ധമാ ക്കുന്ന സാഹചര്യം അവ യിൽ നിർബന്ധമായും പുലർത്തേണ്ട കാര്യങ്ങൾ ചടങ്ങുകൾ എന്നിവ വിശദ മായി പ്രതിപാദിച്ചിരിക്കുന്നു. |
| 15. | മതോപദേശ ങ്ങൾ അടങ്ങിയ അറബി ഗ്രന്ഥ ത്തിന്റെ തർജ്ജമ | - | - | - | ഇസ്ലാംമത സംബന്ധമായ ഉപദേശങ്ങളാണ് പ്രതി പാദ്യം |

*പട്ടിക - 2 തുടർച്ച*

### 3.5.1.1.3. ഇസ്ലാമികതത്വശാസ്ത്രകൃതികൾ

ദൈവം, പ്രവാചകത്വം, ദൈവത്തിന്റെ ഏകത്വ സവിശേഷതകൾ, ഇസ്ലാമിക ജീവിതം, വീക്ഷണം തുടങ്ങി ഇസ്ലാംമത തത്വങ്ങൾ പ്രതിപാദിക്കുന്ന കൃതികളുണ്ട്. മതപരമായ ഗ്രന്ഥങ്ങളാണെങ്കിലും കർമ്മാനുഷ്ഠാനങ്ങളെക്കാളുപരി മതത്തിന്റെ സൈദ്ധാന്തികവശമാണ് ഇത്തരം കൃതികളിൽ ചർച്ചചെയ്യപ്പെടുന്നത്.

പട്ടിക – 3

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ബാജിബാത്തുൽ അവ്വൽ എന്ന അഖീദ | – | – | 1890 | അള്ളാഹുവിന്റേയും സ്വത്വത്തിൽ ഉണ്ടായിരിക്കേത് അതേസമയം അവർക്ക് ഉണ്ടായിരിക്കാൻ പാടില്ലാത്തതുമായ വിശേഷണങ്ങളെ വിശദീകരിക്കുന്നതാണ് രീതി. |
| 2. | റത്തീബ് അസ്മാഉൽ ഹുസ്ന | – | – | 1898 | അള്ളാഹുവിന്റെ വിവിധനാമങ്ങൾ പ്രാർത്ഥനയ്ക്കുപയോഗിക്കുന്നതിനായി വിശദീകരിച്ചിരിക്കുന്നു. ദൈവനാമങ്ങൾ പ്രഘോഷിക്കുന്നതിലൂടെ ആഗ്രഹസാഫല്യം ലഭിക്കുമെന്ന വിശ്വാസത്തിലാണ് കൃതിയുടെ രചന. |
| 3. | ഫത്ഹുന്നൂർ ഫീ മുഹിമ്മാത്തുൽ ഉമൂർ | മുഹമ്മദ് നൂഹ് മിസ്ല്യാർ | 1940 | 1942 | കിളക്കര മാപ്പിള ലബ്ബ ആലം സാഹിബ് തമിഴ് ഭാഷയിൽ രചിച്ച 'മഗാനി' യുടെ തർജ്ജമ. |
| 4. | ദലാഉലുൽ ഖുദ്സിയ്യത് തർജ്ജമ | ടി. കുഞ്ഞി മുഹ്യിദ്ദീൻ മൗലവി വെളിയങ്കോട് | 1950 | 1950 | ഇസ്ലാം മത വിശ്വാസ പ്രകാരം അള്ളാഹുവിനും പ്രാവചകൻമാർക്കും സ്ഥായിയായ ഭാവങ്ങളെ തെളിവുകൾ നിരത്തി വിവരിച്ചിരിക്കുന്നു. |

### 3.5.1.1.4. ഇസ്ലാമികനിയമഗ്രന്ഥങ്ങൾ

ഇസ്ലാമികനിയമങ്ങ(ശരീഅത്ത്)ളെ ആസ്പദമാക്കിയുള്ള കൃതികളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയുമായി ബന്ധപ്പെട്ട നിയമവശങ്ങൾ പ്രതിപാദിക്കുന്നവയാണ് ഇവ.

പട്ടിക – 4

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | അറുക്കുന്നതിന്റെ ശർത്തുകളും ഫർളുകളും സുന്നത്തുകൾ മക്റുഹാത്തുകൾ | – | – | 1963 | മൃഗങ്ങളെയും പക്ഷികളെയും ഭക്ഷിക്കുന്നതിനായി അറുക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിർബന്ധമായ നിബന്ധനകളും ഒഴിവാക്കേണ്ട കാര്യങ്ങളും വിശദമായി പറഞ്ഞിരിക്കുകയാണ് ഈ ലഘുകൃതിയിൽ. |
| 2. | ഫത്ഹുൽ ഹതാഹ് പരോസാധ്യം എന്നുംപേരുള്ള അനന്തരാവകാശ മസ്അല തർജ്ജമ | ശുജാഇ മൊയ്തു മുസ്ല്യാർ | – | 1989 | ഇസ്ലാമിലെ അനന്തരാവകാശ നിയമങ്ങളെ കുറിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളുമാണ് കൃതിയിലെ പ്രതിപാദ്യം. |
| 3. | മസാഉലുന്നിക്കാഹ് | കെ.കെ മുഹമ്മത് മുസ്ല്യാർ | - | – | ഇസ്ലാംമത ആചാര പ്രകാരം വിവാഹത്തിന്റെ നിബന്ധനകളും തൽസംബന്ധമായ മറ്റു കാര്യങ്ങളും പ്രതിപാദിക്കുന്ന കൃതി. വിവാഹത്തിന്റെ ആവശ്യകത, വിവാഹം ചെയ്യേണ്ട വിധം, കുടുംബ ഭരണം എന്നിവയെല്ലാം വിശദീകരിക്കുന്നുണ്ട്. |

### 3.5.1.2. മതേതരഗദ്യകൃതികൾ

മതവിശ്വാസത്തോടോ ആചാരാനുഷ്ഠാനങ്ങളോടോ നേരിട്ട് ബന്ധമില്ലാത്ത കൃതികളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്.

3.5.1.2.1. ഭാഷാവിജ്ഞാനീയം

നിഘണ്ടുക്കൾ, വ്യാകരണകൃതികൾ ഭാഷാശാസ്ത്രകൃതികൾ എന്നിവയാണ് ഈ വിഭാഗത്തിലുള്ളത്.

3.5.1.2.1.1. നിഘണ്ടുക്കൾ

അറബിമലയാളത്തിൽ വിവിധ സാഹിത്യശാഖകൾ രൂപപ്പെടുകയും നിരവധി കൃതികൾ രചിക്കപ്പെടുകയും ചെയ്തപ്പോൾ നിഘണ്ടുക്കളും ആവശ്യമായിവന്നു. കാവ്യരചയിതാക്കൾക്കും വായനക്കാർക്കും ഉപകാരപ്രദമാകുംവിധം ചില നിഘണ്ടുക്കൾ അറബിമലയാളത്തിലുണ്ടായിട്ടുണ്ട്.

പട്ടിക - 5

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ഭാഷാഭൂഷണം | ചാക്കീരി മൊയ്തീൻകുട്ടി | - | - | ശബ്ദകോശം |
| 2. | സർവോപകാര നിഘണ്ടു | സി.പരീക്കുട്ടി ഹാജി | - | - | പര്യായ നിഘണ്ടു |

3.5.1.2.1.2. വ്യാകരണകൃതികൾ

അറബിമലയാളത്തിലെ വ്യാകരണകൃതികൾ എന്നാൽ അറബിഭാഷയെക്കുറിച്ചുള്ള വ്യാകരണമാണ്. മലയാളഭാഷയുടെ വ്യാകരണനിയമങ്ങൾ അറബിമലയാളത്തിൽ രചിക്കപ്പെട്ടിട്ടില്ല. അറബിമലയാളത്തിനു മാത്രമായി വ്യാകരണനിയമങ്ങൾ ഒന്നും തന്നെയില്ല. അറബി പഠിക്കുന്ന മുസ്ലിം കുട്ടികളെ മുന്നിൽക്കണ്ട് ഉണ്ടാക്കിയവ മാത്രമാണ് അറബിമലയാളത്തിലെ വ്യാകരണകൃതികൾ. ഉച്ചാരണത്തിന് പ്രാധാന്യം നൽകുന്ന ഉച്ചാരണശാസ്ത്രകൃതികളാണ് ഇവയിൽ കൂടുതലും.

പട്ടിക – 6

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | അഹ്കാമു തജ് വീദ് | എം. മുഹമ്മദ് അബ്ദിൽ ഖാദിർ മൗലവി | 1951 | 1952 | ഖുർആൻ പാരായണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഉച്ചാരണ സംബന്ധമായ കാര്യങ്ങൾ വിശദീകരിക്കുന്നു. |
| 2. | ഇർശാദു സ്സുബിയാൻ അലാ തജ്‌വീദിൽ ഖുർആൻ | മൗലവി മുഹമ്മദ്ബ്നുമ നൂൽ ഖുർആൻ | – | 1955 | വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട നിയമങ്ങളും, നിബന്ധനകളും പ്രതിപാദിച്ചിരിക്കുന്നു. |
| 3. | ദുറുസുന്നഹ്‌വ് | ഇ.കെ കുഞ്ഞി അഹ്മദ് കുട്ടി മൗലവി | – | 1978 | അറബി വ്യാകരണത്തിൽ പ്രാഥമികമായി അറിഞ്ഞിരിക്കേണ്ട വിഷയങ്ങളാണ് പ്രതിപാദ്യം. |

### 3.5.1.2.2. ചരിത്രകൃതികൾ

അറബിമലയാളത്തിലെ ചരിത്രകൃതികൾ മുഴുവനും ഇസ്ലാമികചരിത്രവുമായി ബന്ധപ്പെട്ടവയാണ്. കൃത്യമായ ചരിത്രരചനാ സങ്കേതങ്ങളുപയോഗിച്ച് ശാസ്ത്രീയമായി തയ്യാർചെയ്തവയല്ല. ഖുർആനിലെ പരാമർശങ്ങളും ഇസ്ലാമിക ചരിത്രപുസ്തകങ്ങളിലെ സൂചനകളും വെച്ചുകൊണ്ട് തയ്യാറാക്കിയ കൃതികളാണിവ.

ഇസ്ലാംമത പ്രവാചകൻമാരുടേയും ഇസ്ലാമിക ഭരണാധികാരികൾ നടത്തിയ യുദ്ധത്തിന്റേയും ചരിത്രമാണ് ഏറിയ കൂറും. കേരള മുസ്ലിം ചരിത്രം വിവരിക്കുന്ന

കൃതികളും ഉണ്ടായിട്ടുണ്ട്. മതേതരചരിത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടില്ല എന്നു തന്നെ പറയാം.

**പട്ടിക - 7**

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | സീറത്തുൽ റസൂൽ | കെ.സി കോമുക്കുട്ടി | – | 1929 | മുഹമ്മദ് നബിയുടെ പ്രവാചക ദൗത്യത്തിന് മുമ്പുള്ള അറബി സമൂഹത്തെക്കുറിച്ചും പ്രവാചകന്റെ ജീവിതത്തെക്കുറിച്ചും വിവരിക്കുന്ന ചരിത്ര കൃതി. മൗലാനാ മുഹമ്മദ് അസ്ലം സാഹിബ് എഴുതിയ താരിഖുൽയമ്മ എന്ന ഉറുദു ഗ്രന്ഥത്തിന്റെ പരിഭാഷ. |
| 2. | ഖിസ്സസുൽ ഇസ്റാഅ് വൽമിഅ്റാജ് എന്ന മിഅ്റാജ് തർജമ | ആണ്ടത്തോട് പി. ബാപ്പുമുസ്ല്യാർ | 1927 | 1946 | പ്രവാചകൻ മുഹമ്മദ് നബി ദൈവ നിയോഗപ്രകാരം നടത്തിയ ആകാശയാത്രയും, ദൈവവുമായുള്ള കൂടിക്കാഴ്ച്ചയുമാണ് പ്രതിപാദ്യം. |
| 3. | ഖിസ്സത്തിൽ യൂസഫ് അലൈഹിസ്സലാം അഹ്സനുൽ ഖസസ് | - | - | 1964 | ഖുർആനിലെ 'യൂസഫ്' എന്ന അധ്യായത്തെ ആധാരമാക്കി എഴുതിയ കൃതി. ഇസ്ലാംമത പ്രവാചകനായ യൂസഫ് നബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |
| 4. | ഖിസ്സത്തുർ റസൂലുല്ലാഹി യൂനുസ് | കെ.സി.കോമുക്കുട്ടി മൗലവി | – | 1964 | ഇസ്ലാം മത പ്രവാചകൻമാരിൽ ഒരാളായ യൂനുസുനബിയുടെ ജീവചരിത്രമാണ് പ്രതിപാദ്യം. അറബിയിലെ ചില ഗ്രന്ഥങ്ങളിൽ നിന്ന് ലഭിച്ചതാണ് ആശയം എന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്. |
| 5. | സീറത്തുന്നബിയ്യി | - | – | – | പ്രവാചകനായ മുഹമ്മദ് നബിയുടെ ജീവചരിത്രം. |

*പട്ടിക - 7 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 6. | നഫ്അ ത്തുൽ അക്റം - ഖിസ്സത്തുൽ ഈസബ്നു മറിയം തർജമ | എ.പി അബ്ദുൽഖാദർ മൗലവി | - | - | ഇസ്ലാമിക പ്രവാചകൻമാരിൽ പ്രധാനിയായിരുന്ന ഈസാനബിയുടെ ജീവചരിത്രം. |
| 7. | സരിയ്യ ത്തുൽ യമാമ എന്ന യുദ്ധം | പി.ഐ. അഹമ്മദ് കുട്ടി | - | - | പ്രവാചകനുശേഷം അറേബ്യയുടെ ഭരണം ഏറ്റെടുത്ത സിദ്ദീഖിന്റെ ഭരണകാലത്തുണ്ടായ ചില സംഭവങ്ങളാണ് പ്രതിപാദ്യം. പൊതുഖജനാവിലേക്കുള്ള 'സക്കാത്ത്' നൽകാൻ തയ്യാറാവാത്തവരുമായി നടത്തിയ യുദ്ധവും, അതിനേ തുടർന്നുണ്ടായ വാദകോലാഹലങ്ങളും വിവരിച്ചിരിക്കുന്നു. കൂടാതെ പ്രവാചകനെന്ന അവകാശവാദവുമായി രംഗത്തുവന്ന ഹാരീസിന്റെ മകൻ സജാഹിയാമാമയിലെ മുറ്റസലിമത്തുൽ കദാബ് എന്നിവർക്കെതിരെയുള്ള യുദ്ധവും പ്രതിപാദിച്ചിട്ടുണ്ട്. |
| 8. | മലബാർ ചരിത്രം | ഇബ്രാഹിം മൗലവി | - | - | മലബാറിലെ മുസ്ലീം ചരിത്രം വിവരിക്കുന്നു. |
| 9. | തുഹ്ഫ ത്തുൽ മുജാഹിദീൻ തർജമ | കെ. മുസാൻകുട്ടി | - | - | സൈനുദ്ദീൻ മഖ്ദൂം എഴുതിയ കേരളചരിത്രഗ്രന്ഥത്തിന്റെ പരിഭാഷ. |
| 10. | ഖിസ്സത്തു ഖർബലാ - ജസയോടു കൂടിയത് | അണ്ടത്തോട് ബാപ്പു മൗലവി | - | - | പ്രവാചകന്റേയും നാലു ഖലീഫമാരുടേയും ചരിത്രം, കർബലായുദ്ധം, അതിന്റെ പ്രതികാരം മുതലായ ഇസ്ലാമിക സംഭവങ്ങളാണ് വിശദീകരിച്ചിരിക്കുന്നത്. |

പട്ടിക - 7 തുടർച്ച

**3.5.1.2.3. വൈദ്യകൃതികൾ**

അറബിമലയാളത്തിൽ ഏതാനും വൈദ്യകൃതികൾ ഉണ്ടായിട്ടുണ്ട്. ഇതിൽ രണ്ട് രീതിയിലുള്ള കൃതികൾ കാണാൻ കഴിയുന്നുണ്ട്. അറേബ്യൻ ചികിത്സാരീതികളുമായി ബന്ധപ്പെട്ടവയാണ് ഒന്നാമത്തേത്. ഇതിൽ ഔഷധങ്ങളോടൊപ്പം ചില ഖുർആൻ സൂക്തങ്ങളും മന്ത്രങ്ങളും പ്രതിവിധികളും നിർദ്ദേശിക്കുന്നുണ്ട്. രണ്ടാമത്തെ വിഭാഗം തികച്ചും കേരളീയസാഹചര്യത്തിലുള്ളതും നാട്ടുവൈദ്യത്തോട് ബന്ധപ്പെട്ടു കിടക്കുന്നതുമായ കൃതികളാണ്.

കൊങ്ങണം വീട്ടിൽ അഹമ്മദ് എന്ന ബാവമുസ്ല്യാരാണ് ഭൂരിഭാഗം വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടേയും രചയിതാവ്. വലിയ *വൈദ്യസാരം, പരോപകാരം, ഒറ്റമൂലികൾ* എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. കാരക്കൽ മമ്മദ് *വിഷവൈദ്യം* എന്ന പുസ്തകം രചിച്ചു.

**പട്ടിക – 8**

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ശംഫശിഫ എന്ന വിഷ ചികിത്സാ ഗ്രന്ഥം | കൊങ്ങണം വീട്ടിൽ ഇബ്രാഹിം കുട്ടി മുസ്ല്യാർ | – | 1973 | വിഷം തീണ്ടിയാൽ പ്രയോഗിക്കാനുള്ള മരുന്നുകളും മന്ത്രങ്ങളും ഒറ്റമൂലികളും വിശദീകരിച്ചിരിക്കുന്നു. |
| 2. | മഗാനിമുൽ ഇഖ്വാൻ ഫീ തറാജിമിൽ യത്വദ്ത്തിൽ ഹയാൻ | കെ.വി ബാവ മുസ്ല്യാർ | – | - | ഔഷധങ്ങളും ചികിത്സാരീതികളും വിശദീകരിച്ചിരിക്കുന്നു. |
| 3. | തിബ്ബുൽ അഖ്രാള് | പി.വി കുഞ്ഞിമുഹമ്മദ് മുസ്ല്യാർ | – | - | വിവിധ അസുഖങ്ങൾക്കുള്ള ഔഷധങ്ങളും ചികിത്സാരീതികളും വിശദീകരിച്ചിരിക്കുന്നു. |

### 3.5.1.2.4. ലൈംഗികശാസ്ത്രം

സ്ത്രീപുരുഷലക്ഷണങ്ങൾ, ലൈംഗികബന്ധത്തിലേർപ്പെടേണ്ട രീതികൾ, ലൈംഗികോത്തേജനവും ശക്തിയും ലഭിക്കാനുപയോഗിക്കുന്ന മരുന്നുകൾ എന്നിവയെല്ലാം പ്രതിപാദിക്കുന്നവയാണിവ.

പട്ടിക - 9

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | സ്ത്രീസുഖം എന്ന ബൈശി തർജമ | - | 1890 | 1897 | ലൈംഗിക ശാസ്ത്ര സംബന്ധമായ കാര്യങ്ങളാണ് വിവരിച്ചിരിക്കുന്നത്. പതിനഞ്ചോളം ലൈംഗിക ശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് ഇതിൽ ഉള്ളത്. രതിസുഖത്തിന് സഹായകമാകുന്ന നിർദ്ദേശങ്ങളും ഔഷധങ്ങളും ഇതിൽ വിശദമാക്കുന്നു. |
| 2. | അല്ലാമുന്നിസാഅ് അഥവാ കന്യകാധർമ്മം | ചാലിലകത്ത് ഇബ്രാഹിംകുട്ടി | 910 | 1994 | ദാമ്പത്യ ജീവിതത്തിൽ മുസ്ലിം സ്ത്രീപുരുഷൻമാർ പാലിക്കേണ്ട മര്യാദകൾ പരസ്പരം നിർവ്വഹിക്കേണ്ട കടപ്പാടുകൾ, ലൈംഗികബന്ധത്തിലേർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ലൈഗിക ജീവിതം കൂടുതൽ ആസ്വാദ്യകരമാക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളാണ് കൃതിയുടെ പ്രതിപാദ്യം. |

### 3.5.1.2.5. ജ്യോതിഷം

ഈ വിഭാഗത്തിൽപ്പെടുന്ന ഒറ്റ കൃതിമാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. കേരളീയജ്യോതിഷ രീതികൾ വിശദീകരിച്ചിരിക്കുന്നതിനുവേണ്ടി രചിക്കപ്പെട്ട നുജൂം കിത്താബാണ്(നക്ഷത്രക്കണക്ക്) ഇത്.

പട്ടിക – 10

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ബയാനുൽ ഫലക്ക് - എന്ന നുജ്ജൂം കിതാബ് | സൈനുൽ മഹ്ദി തങ്ങൾ | - | - | നക്ഷത്ര രാശി, നക്ഷത്ര ഫലങ്ങൾ എന്നിവയാണ് കൃതിയുടെ ഉള്ളടക്കം. |

3.5.1.2.6. സ്വപ്നവ്യാഖ്യാനം

സ്വപ്നങ്ങളുടെ വ്യാഖ്യാനം ചമയ്ക്കാൻ സഹായിക്കുന്ന കൃതികൾ അറബിമലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. രണ്ട്കൃതികളാണ് കണ്ടെത്താൻ കഴിഞ്ഞത്. സ്വപ്നവ്യാഖ്യാനം രചിക്കുന്നതിന് കർത്താക്കളെ പ്രേരിപ്പിച്ച ഘടകം പ്രവാചകനായ യൂസഫ് നബിയുടെ ചരിത്രമാണ്. ഖുർആനിൽ യൂസഫ് നബിയുടെ ചരിത്രം പറയുന്നിടത്ത് അദ്ദേഹത്തിന് സ്വപ്നവ്യാഖ്യാനം നടത്താനുള്ള കഴിവ് ഉണ്ടെന്നുപറയുന്നുണ്ട്. ഈ അമാനുഷികമായ കഴിവ് അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്.

പട്ടിക – 11

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ഇശാറത്തുൽ ഗൈബ് എന്ന കിനാവിന്റെ വലിയ തഅ്ബീർ | - | - | 1974 | സ്വപ്നവ്യാഖ്യാനമാണ് പ്രതിപാദ്യം. സ്വപ്നത്തിൽ ദർശിക്കുന്ന വസ്തുക്കളുടേയും സംഭവങ്ങളുടേയും അടിസ്ഥാനത്തിൽ അത് എന്തെല്ലാം മാറ്റങ്ങളാണ് ജീവിതത്തിൽ ഉണ്ടാക്കുകയെന്നും എന്തിന്റെയെല്ലാം മുന്നറിയിപ്പുകളാണെന്നും വിശദമാക്കുന്നു. |
| 2. | കിനാവിന്റെ തഅ്ബീർ | - | - | - | സ്വപ്നത്തിൽ ദർശിക്കുന്ന വസ്തുക്കളുടേയും സംഭവങ്ങളുടേയും അടിസ്ഥാനത്തിൽ ജീവിതത്തിൽ എന്തെല്ലാം സംഭവിക്കുമെന്നു വിവരിക്കുന്ന സ്വപ്നവ്യാഖ്യാനമാണ് പ്രതിപാദ്യം. |

### 3.5.1.2.7. താന്ത്രികകൃതികൾ

അഭിചാരപ്രവർത്തനങ്ങൾക്കും മന്ത്രവാദത്തിനും ഉപകരിക്കുന്ന വിധത്തിൽ ചില കൃതികൾ അറബിമലയാളത്തിലുണ്ട്. അസ്മാഇന്റെ പണി എന്ന പേരിലാണ് ഇത്തരം പ്രവർത്തനങ്ങൾ അറിയപ്പെടുന്നത്. ഒരു കൃതിയേ ഈ വിഭാഗത്തിൽ നിന്ന് ലഭിച്ചിട്ടുള്ളൂ.

പട്ടിക – 12

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ഉപകാരം എന്ന തർജമ | കൊങ്ങണം വീട്ടിൽ അഹ്മദ് ബാവ മുസ്ല്യാർ | – | 1941 | മന്ത്രം മരുന്ന് അഭിചാര കർമ്മങ്ങൾ എന്നിവയെകുറിച്ച് പ്രതിപാദിപാദിക്കുന്ന കൃതിയാണിത്. |

### 3.5.2 സർഗ്ഗാത്മകകൃതികൾ

അറബിമലയാളഗദ്യത്തിൽ സർഗ്ഗാത്മകകൃതികൾ താരതമ്യേന കുറവാണ്. ഇസ്ലാമികചരിത്രം അവലംബമാക്കി രചിക്കപ്പെട്ട ചരിത്ര കഥകൾ, പേർഷ്യൻ-അറബി നോവലുകളുടെ പരിഭാഷകൾ, ചില കൊച്ചു നോവലുകൾ എന്നിവ മാത്രമേ ഈ വിഭാഗത്തിലുള്ളൂ.

### 3.5.2.1 നോവലുകൾ

ചന്തുമേനോന്റെ 'ഇന്ദുലേഖ' രചിക്കുന്നതിനും ആറുവർഷം മുമ്പുതന്നെ *ചഹാർദർവേശ്* എന്ന പേർഷ്യൻ നോവൽ അറബിമലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. എണ്ണത്തിൽ കുറവാണെങ്കിലും ചില സാമൂഹ്യനോവലുകളും രചിക്കപ്പെട്ടിട്ടുണ്ട്.

പട്ടിക – 13

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ഖിസ്സത്ത് ഹസനുൽ ബുസ്വരി | വെളിയംകോട് ഹസൻ മുസലിയാർ | 1926 | 1926 | ഹസനുൽബുസ്വരി എന്ന അറേബ്യൻ രാജാവിന്റെ കഥ |
| 2. | ചഹർദർവേശ് | മുഹ്യിദ്ദീനു ബ്നു മാഹിൻ അലി | 1885 | 1928 | നാലു ചക്രവർത്തിമാരുടെ കഥപറയുന്ന പേർഷ്യൻ നോവലിന്റെ പരിഭാഷ. |
| 3. | സുബൈദ | എം.പി സെയ്ദലവിക്കോയ തങ്ങൾ | 1954 | 1954 | രണ്ടാനമ്മയുടെ ക്രൂരത മൂലം വിഷമിക്കുന്ന സുബൈദയെന്ന സ്ത്രീയുടെ കഥ |
| 4. | സൈനബ | കെ.കെ.എം. ജമാലുദ്ദീൻ | 1955 | 1955 | മുസ്ലിംങ്ങൾക്കിടയിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ചോദ്യംചെയ്തുകൊണ്ടെഴുതിയ നോവൽ |

1.5.2.2. ചരിത്രകഥകൾ

ഖുർആനിലോ മറ്റു മതഗ്രന്ഥങ്ങളിലോ സൂചിതമായ സംഭവങ്ങളെ ആസ്പദമാക്കി എഴുതിയവയാണിവ. കഥകൾ സാങ്കല്പികമാണെങ്കിലും ഇസ്ലാമിക കഥാപാത്രങ്ങളും പശ്ചാത്തലവും സ്വീകരിച്ചിട്ടുണ്ട്.

പട്ടിക - 14

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ആദരാവായ നബി മുഹമ്മദ് റസൂൽ തങ്ങളോട് ലഅ്നത് ആക്കപ്പെട്ട ഇബ്‌ലീസിനോട് ചോദിച്ച ചോദിയത്തിന് അവർ ജവാബ് പറഞ്ഞത് ആയിരിക്കും | - | - | 1930 | പ്രവാചകൻ മുഹമ്മദ് നബിയും ഇബ്‌ലീസും തമ്മിൽ നടന്നുവെന്ന് സങ്കൽപ്പിക്കുന്ന വാഗ്വാദം. |
| 2.. | സുലൈമാൻ നബിയുടെ മഹാത്ഭുത കഥകൾ | - | - | 1987 | ഇസ്ലാംമത പ്രവാചകൻമാരായിരുന്ന ദാവൂദ് നബിയുടേയും മകൻ സുലൈമാൻ നബിയുടേയും ജീവചരിത്രമാണ് വിശദീകരിച്ചിരിക്കുന്നത്. |
| 3. | സുലൈമാൻനബിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട ഒരു ഭീകരരൂപിയുടെ കഥ | - | - | - | ഇസ്ലാംമത പ്രവാചകനായ സുലൈമാൻ നബിയുടെ മുമ്പിൽ ഒരു ഭീകര സത്വം പ്രത്യക്ഷപ്പെടുന്നു. പിന്നീട് അദ്ദേഹവും ഈ സത്വവും തമ്മിൽ നടന്ന വാഗ്വാദവും യുദ്ധവുമാണ് പ്രതിപാദ്യം. |

### 3.5.2.3. കാവ്യപരിഭാഷകൾ

ചില അറബികാവ്യങ്ങൾ അറബിമലയാളഗദ്യത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പ്രവാചകസ്തുതിഗീതങ്ങളും മറ്റു ദിവ്യപുരുഷൻമാരെ പ്രകീർത്തിക്കുന്നതുമായ കാവ്യങ്ങളുടെ പരിഭാഷകളാണിവ.

പട്ടിക - 15

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ബുർദയെ ത്തിന്റെ പരിഭാ ഷയും വ്യാഖ്യാനവും | കൊളത്തൂർ കെ. ബീരാൻകുട്ടി മുസ്ല്യാർ | 1955 | 1955 | അറബികാവ്യമായ 'ഖസീദത്തുൽ ബുർദ' യുടെ പരിഭാഷ. |
| 2. | ഖുത്ബിയ്യത് തർജമ | വലിയോറ കെ. അഹ്മദ് മൗലവി | 1952 | 1977 | മുഹ്യിദ്ദീൻ ശൈഖിന്റെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ട് സൗഖദുള്ള വാഹിരി അറബി ഭാഷയിലെഴു തിയ കാവ്യത്തിന്റെ വിവർത്തനം. |
| 3. | മൻഖൂസ് മൗലിദ് തർജമ | ഇബ്നുസൈനു ദ്ദീൻ ഖത്തീബ് | - | 1987 | കേരളത്തിലെ സുന്നിവി ഭാഗം മുസ്ലിങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന മുഹമ്മദ് നബിയുടെ ജന്മദിന ത്തോടനുബന്ധിച്ച് പാരായണം ചെയ്യുന്ന അറബികാവ്യമാണ് 'മൻഖൂസ് മൗലിദ്.' ഇതിന്റെ ഗദ്യ വിവർത്തനം |

### 3.6. പദ്യകൃതികൾ

അറബിമലയാളസാഹിത്യസമ്പത്തിന്റെ ഏറിയകൂറും പദ്യകൃതികളാണ്. രചനാ രീതിയിലും, പദപ്രയോഗത്തിലും, പ്രമേയ സ്വീകരണത്തിലും അറബിമലയാള ത്തിന്റേത് മാത്രമായ ചില പ്രത്യേകതൾ ഈ കൃതികളിലുണ്ട്. കൃതികൾ രചിക്കുന്ന തിന് കൃത്യമായ സങ്കേതങ്ങൾ നിലവിലുണ്ടായിരുന്നു. പദ്യകൃതികളേയും വൈജ്ഞാനികമെന്നും സർഗ്ഗാത്മകമെന്നും രണ്ടായിത്തിരിക്കാം.

### 3.6.1. വൈജ്ഞാനിക പദ്യകൃതികൾ

ഗദ്യമാതൃകകൾ ഉണ്ടാകുന്നതിന് മുമ്പ് ഇസ്ലാമികാധ്യാപനങ്ങൾ സാമാന്യ ജനങ്ങളെ പഠിപ്പിക്കാനായിട്ടാണ് വൈജ്ഞാനിക വിഭാഗത്തിൽപ്പെടുന്ന പദ്യകൃതികൾ ഉണ്ടായിട്ടുള്ളത്. വൈജ്ഞാനിക മേഖലയിലെ പദ്യകൃതികൾ ഭൂരിഭാഗവും മതാത്മകമാണ്. തത്വചിന്ത, വിശ്വാസാചാരങ്ങൾ കർമ്മാനുഷ്ഠാന നിയമങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ധാരാളം പദ്യ കൃതികളുണ്ട്. ചില ചരിത്രകാവ്യങ്ങളും കാണാൻ കഴിയുന്നുണ്ട്. എല്ലാ കൃതികളും ഇസ്ലാംമതവുമായി ബന്ധപ്പെട്ടവയാണ്.

#### 3.6.1.1. തത്ത്വചിന്താപരമായ കൃതികൾ

ഇസ്ലാമിക തത്ത്വചിന്തയുടെ അടിസ്ഥാനത്തിൽ മനുഷ്യ ജീവിതത്തേയും, ജീവിത ലക്ഷ്യത്തേയും കുറിച്ച് എഴുതിയ കൃതികളാണിവ.

പട്ടിക-16

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | മുർസൽമാല നേർച്ചപ്പാട്ട് | കൽപ്പാന്റകത്ത് സൂപ്പിക്കുട്ടി | - | 1899 | പ്രവാചക വിശ്വാസമാണ് പ്രതിപാദിച്ചിരിക്കുന്നത്. |
| 2. | അഖീദത്തുമാല | ചെറുശ്ശേരി കുഞ്ഞറമുസ്ല്യാർ | - | 1921 | ഇസ്ലാംമത വിശ്വാസപ്രകാരം ദൈവത്തിന്റെ 20 വിശേഷണങ്ങളും ദൈവത്തിന് ഉണ്ടാവാൻ പാടില്ലാത്ത 20 സവിശേഷതകളും പ്രവാചകൻമാർക്ക് നിർബന്ധമായും ഉണ്ടാവേണ്ട പ്രത്യേകതകളുമാണ് പ്രതിപാദ്യം. |
| 3. | വഹ്ദത്ത് മാല | പി.കെ എ. പരീത് ബാവാഖാൻ അലിസാഹിബ് ഈരാറ്റുപേട്ട | 1955 | 1955 | സൂഫി ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന ദൈവസ്നേഹം . ആത്മാർപ്പണം തുടങ്ങിയ വിഷയങ്ങൾ അധികരിച്ചെഴുതിയ കാവ്യം. |

### 3.6.1.2 കർമാനുഷ്ഠാനനിയമങ്ങൾ

ഇസ്ലാമിക ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കേണ്ടവിധവും അതിന്റെ ചിട്ടവട്ട ങ്ങളും നിർദ്ദേശിക്കുന്ന കൃതികളാണിവ.

പട്ടിക - 17

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | അമലിയാത്ത് മാലപ്പാട്ട് | കോഴിക്കോട് മരാ പ്പറമ്പ് പി. മുഹമ്മദ് | 1927 | 1960 | ഇസ്ലാംമത വിശ്വാസി കൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട വിശ്വാസകാര്യങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ, അതുമായി ബന്ധപ്പെട്ട നിബന്ധനകൾ എന്നിവ വിശദമായി പറയുന്ന കാവ്യം. |
| 2. | ലോക നീതി മാല | താന്നൂർ എം. ബാവ ക്കുട്ടി മൗലവി | - | 1963 | ഇസ്ലാം മതത്തിന്റെ ശാസനകൾക്ക് നിര ക്കാത്ത അനാചാര ങ്ങൾക്കെതിരെ വിശ്വാ സികളെ പ്രബോധനം ചെയ്യുന്നതാണ് കൃതി. |

### 3.6.1.3. വിശ്വാസസംബന്ധമായ കൃതികൾ

ഇസ്ലാംമത കാഴ്ച്ചപ്പാടിൽ ജീവിതം, മരണം, മരണാനന്തര ജീവിതം, സ്വർഗ്ഗം, നരകം എന്നിവയെ സംബന്ധിക്കുന്ന വിശ്വാസങ്ങൾ പ്രതിപാദിക്കുന്നവയാണ് ഈ വിഭാഗത്തിൽപ്പെടുന്ന കൃതികൾ.

പട്ടിക – 18

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ലിഖാമാല | മായൻകുട്ടി എളയ (മുഹ്‌യിദ്ദീബിനു അബ്ദുൾഖാദർ) | - | 1924 | ഇസ്ലാം മത വിശ്വാസപ്രകാരമുള്ള മരണാനന്തര ജീവിതത്തെ കുറിച്ചാണ് കൃതിയിൽ വിവരിക്കുന്നത്. |
| 2. | വലിയ നസ്വീഹത്ത് മാല | മാനാന്റകത്ത് കുഞ്ഞിക്കോയ തങ്ങൾ | - | 1944 | ഇസ്ലാം മത വിശ്വാസപ്രകാരമുള്ള മരണാനന്തര ജീവിതത്തെ കുറിച്ചുള്ള വർണ്ണനകളാണ് പ്രതിപാദ്യം. |
| 3. | കൊമ്പിന്റെ പാട്ട് | - | - | 1972 | ഇസ്ലാംമത വിശ്വാസപ്രകാരമുള്ള മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ടകാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. |
| 4. | മഅ്രിഫത്തുമാല | പി.എ കുഞ്ഞുക്കോയ തങ്ങൾ അഹ്ദസ്സഖാഫ് ശരീഫ് | - | 1975 | ഇസ്ലാംമത വിജ്ഞാനം കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയും മതവിജ്ഞാനം കരസ്ഥമാക്കാൻ വിശ്വാസികളെ ആഹ്വാനം ചെയ്തും എഴുതിയ കൃതി. |

### 3.6.2. സർഗ്ഗാത്മകപദ്യകൃതികൾ

വൈവിധ്യപൂർണ്ണമായ നിരവധി പ്രസ്ഥാനങ്ങളും രചനാസങ്കേതങ്ങളും കൊണ്ട് നിറഞ്ഞതാണ് അറബിമലയാള സർഗ്ഗാത്മക പദ്യകൃതികൾ. അറബിമലയാളത്തിൽ മാത്രമായിട്ടുള്ള നിരവധി വിഭാഗങ്ങൾ ഇവയിൽപ്പെടുന്നു.

#### 3.6.2.1. മാലപ്പാട്ടുകൾ

മൺമറഞ്ഞുപോയ പുണ്യാത്മാക്കളെ കുറിച്ചോ, ചരിത്രപുരുഷൻമാരെ കുറിച്ചോ ഉള്ള അപദാനഗാനങ്ങളാണ് മാലപ്പാട്ടുകൾ. പുണ്യാത്മാക്കളുടെ ജനനം, ജീവചരിത്രം, അമാനുഷികസിദ്ധികൾ തുടങ്ങിയ കാര്യങ്ങൾ ഈ കൃതികളിൽ സവിസ്തരം പ്രതിപാദിക്കപ്പെടുന്നു. അറബിഗ്രന്ഥങ്ങളിൽ നിന്നോമറ്റോ നേടിയ ചരിത്ര

ജ്ഞാനവും കേട്ടുകേൾവിയും അടിസ്ഥാനപ്പെടുത്തിയാണ് ഈ കൃതികൾ രചിക്കപ്പെടുന്നത്. മാലകൾ പാടുകയോ പാടിപ്പിക്കുകയോ ചെയ്യുന്നത് ഫലസിദ്ധി ലക്ഷ്യമാക്കിയാണ്. ആ അർത്ഥത്തിലാണ് ഇവയ്ക്ക് നേർച്ചപ്പാട്ടുകൾ എന്നുകൂടി പേർ വന്നിട്ടുള്ളത്. രോഗശമനം, ആഗ്രഹപൂർത്തി, ഋണമുക്തി, സന്താനലബ്ധി, സുഖപ്രസവം തുടങ്ങി ഭൗതിക ഫലങ്ങൾ കാംക്ഷിച്ചുകൊണ്ടാണ് മാലകൾപാരായണം ചെയ്യപ്പെടുന്നത്. മിക്ക മാലകളിലും ഫലശ്രുതിയായി ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ദൈവനാമത്തിലാണ് കൃതികളുടെ ആരംഭം. തുടർന്ന് പ്രവാചകൻ മുഹമ്മദ് നബിക്ക് ദൈവരക്ഷ ലഭിക്കുന്നതിനും ദൈവാനുഗ്രഹത്തിനുമായി പ്രാർത്ഥിക്കുന്നു. എന്നാൽ ഖിലാഫത്ത് മാലകളിൽ ഈ പ്രാർത്ഥനയ്ക്കുശേഷം പ്രവാചകന്റെ അനുചരൻമാരിൽ പ്രധാനികളായ അബൂബക്കർ സിദ്ധിക്ക്, ഉമർ, ഉസ്മാൻ, അലി തുടങ്ങിയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകളും ഉൾപ്പെടുത്തിക്കാണുന്നുണ്ട്. മാലപ്പാട്ടുകളുടെ അന്ത്യത്തിൽ പുണ്യാത്മാക്കളുടെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ട് അവരെ മുൻനിർത്തി ദൈവത്തോടുള്ള പ്രാർത്ഥനകളാണ് ഉൾക്കൊള്ളുന്നത്. *ഇടതേട്ടം (തവസ്സുൽ ഇസ്തിഗാസ)* എന്ന് മതപ്രവർത്തകരുടെ ഇടയിൽ പൊതുവെ അറിയപ്പെടുന്ന ഈ പ്രാർത്ഥന നേർച്ചപ്പാട്ടുകളിൽ *ഇരവ്(മുനാജാത്ത്)* എന്ന പേരിലാണന്നറിയപ്പെടുന്നത്. ഇരവ് എന്നാൽ പ്രാർത്ഥന എന്നാണർത്ഥം. പുണ്യാത്മാക്കളും ദൈവങ്ങളും തമ്മിലുള്ള ബന്ധം മുൻനിർത്തി തന്റെ ആഗ്രഹപൂർത്തിക്ക് വേണ്ടിയുള്ള പ്രാത്ഥനയാണ് ഇരവിന്റെ ഉള്ളടക്കം.

മാലപ്പാട്ടുകൾ ഒരു അനുഷ്ഠാനമായി വീടുകളിൽ ചൊല്ലാറുണ്ടായിരുന്നു. അസുഖമോ ധനനഷ്ടമോ സംഭവിക്കുമ്പോൾ വീടുകളിൽ മാലപ്പാട്ട് നേർച്ചയാക്കുകയും, ഫലസിദ്ധിക്ക് വേണ്ടി അത് പാടിക്കുകയുമാണ് പതിവ്. സംഘമായി മാലപ്പാട്ട് ആലപിക്കുന്ന സന്ദർഭത്തിൽ അന്തരീക്ഷത്തിൽ കുന്തിരിക്കവും, ചന്ദനത്തിരികളും

പുകഴ്ത്തുന്നു. മതപുരോഹിതൻമാരാണ് ആലാപനത്തിന് നേതൃത്വം നൽകുന്നത്. നേർച്ചപ്പാട്ടിന് ശേഷം സദ്യയും ഉണ്ടാവാറുണ്ട്.

ഇസ്ലാംമതത്തിൽ ആവിർഭവിച്ച മതനവീകരണപ്രസ്ഥാനങ്ങൾ ഇവ അനിസ്ലാമികമാണെന്ന അഭിപ്രായം പ്രകടിപ്പിച്ചതോടെ ഇവയുടെ പ്രാധാന്യം കുറഞ്ഞുവന്നു. ആധുനിക ചികിത്സാ സൗകര്യം വർദ്ധിച്ചതോടെ അനുഷ്ഠാനമെന്ന രീതിയിലും ആലാപനം ഏതാണ്ട് നിലച്ചു. ഒരു സാഹിത്യകൃതി എന്ന നിലയിലുള്ള പ്രാധാന്യമാണ് ഇന്ന് മാലപ്പാട്ടുകൃതികൾക്കുള്ളത്.

പട്ടിക – 19

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | മുഹ്യിദ്ദീൻമാല | ഖാസി മുഹമ്മദ് | 1607 | 1888 | മുഹ്യിദ്ദീൻ ശൈഖ് എന്ന ദിവ്യന്റെ മഹാത്മ്യങ്ങളാണ് പ്രതിപാദ്യം |
| 2. | രിഫാഈമാല | – | 1812 | 1899 | സെയ്ദ് അഹമ്മദ് കബീർ രിഫാഈ എന്ന ദിവ്യന്റെ മഹാത്മ്യങ്ങളാണ് പ്രതിപാദ്യം |
| 3. | ഹംസത് മാല നേർച്ചപ്പാട്ട് | പൊന്നാനി കോടമ്പിയകത്ത് കുഞ്ഞിസസീതിക്കോയ തങ്ങൾ | 1899 | 1913 | ഇസ്ലാംമത പ്രവാചകനായ മുഹമ്മദ് നബിയുടെ പിതൃവ്യൻ ഹംസയുടെ കഥയാണ് ഇതിവൃത്തം. |
| 4. | സലാമത്ത്മാലാ നേർച്ചപ്പാട്ട് | നാലകത്ത് കുഞ്ഞിമൊയ്തീൻകുട്ടി | 1913 | 1914 | തോട്ടുങ്ങൽ പള്ളിക്കൽ മറവുചെയ്യപ്പെട്ട മുഹ്യിദ്ദീൻ മൗലവി ശൈഖ് തങ്ങളുടെ ജീവചരിത്രവും മഹത്വവും അത്ഭുതകർമ്മങ്ങളുമെല്ലാം വിശദീകരിച്ചിരിക്കുന്നു. |

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 5. | കശ്ഫുൻ ബുഖാരി ഫീവു ഗത്തിൽ മലയ്ബാരി | കൊച്ചണ്ണ തൈക്കാടത്ത് അബ്ദുൽഖാദർ | 1914 | 1914 | ആന്ത്രോത്ത് ദ്വീപിൽ അടക്കം ചെയ്യപ്പെട്ട സയ്യിദു ബുഖാരിയുടെ ജീവിതകഥ. |
| 6. | ശുഹദാനീതിമാല | സി.കെ അബ്ദുള്ള | 1921 | 1924 | ഇസ്ലാമിക ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് ബദർയുദ്ധം ഈ യുദ്ധത്തിൽ പങ്കെടുത്തവരുടെ പേരുകളും മഹത്വവും വിവരിച്ചെഴുതിയതാണീ കൃതി. |
| 7. | ബദറുദ്ദീൻമാല | - | 1930 | 1930 | ഇസ്ലാമിക ചരിത്രത്തിലെ സുപ്രധാന യുദ്ധമായ ബദർയുദ്ധത്തിൽ പങ്കെടുത്തവരുടെ മഹത്വം വിവരിച്ചെഴുതിയ കൃതി. |
| 8. | മണിത്തൊന കീർത്തനം എന്ന സാര സർഗുണമാല | പള്ളിപ്പാട്ട് വീരാൻ കുട്ടി മൗലവി | 1929 | 1930 | പെരുമ്പടപ്പ് പുത്തൻപള്ളിയിൽ ഖബറടക്കപ്പെട്ട മൗലാന കുഞ്ഞിഅഹമ്മദ് തങ്ങളുടെ മഹാത്മ്യങ്ങളാണ് പ്രമേയം. |
| 9. | ബദർമാലപ്പാട്ട് | കാഞ്ഞിരാല കുഞ്ഞിരായിൻ | - | 1935 | ഇസ്ലാമിക ചരിത്രത്തിലെ സുപ്രധാനമായ ഒരു യുദ്ധമാണ് ബദർയുദ്ധം. ഈ യുദ്ധത്തിൽ പങ്കെടുത്തവർ ബദരീങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവരെ പ്രകീർത്തിച്ചുകൊണ്ടെഴുതിയ കൃതി. |
| 10. | നയ്ലിൻ മുനാമൽ മഖ്സൂദ് എന്ന ബദ്രിയത് മാല | ചുളിക്കൽ വീട്ടിൽ മുഹമ്മദ് ഹാജി | - | 1935 | ഇസ്ലാമിക ചരിത്രത്തിൽ വളരെ പ്രധാന്യമുള്ള ബദർ യുദ്ധത്തിൽ പങ്കെടുത്തവരെ പ്രകീർത്തിച്ചുകൊണ്ടെഴുതിയ കൃതി. |

*പട്ടിക - 13 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 5. | കശ്ഫുൻ ബുഖാരി ഫീലു ഗത്തിൽ മല യ്ബാരി | കൊച്ചണ തെക്കൊടത്ത് അബ്ദുൽഖാദർ | 1914 | 1914 | ആന്ത്രോത്ത് ദ്വീപിൽ അടക്കം ചെയ്യപ്പെട്ട സയ്യിദു ബുഖാരിയുടെ ജീവിതകഥ. |
| 6. | ശുഹദനീതിമാല | സി.കെ അബ്ദുള്ള | 1921 | 1924 | ഇസ്ലാമിക ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് ബദർയുദ്ധം ഈ യുദ്ധത്തിൽ പങ്കെടു ത്തവരുടെ പേരുകളും മഹ ത്വവും വിവരിച്ചെഴുതിയ താണീ കൃതി. |
| 7. | ബദറുദ്ദീൻമാല | – | 1930 | 1930 | ഇസ്ലാമിക ചരിത്രത്തിലെ സുപ്രധാന യുദ്ധമായ ബദർയുദ്ധത്തിൽ പങ്കെടു ത്തവരുടെ മഹത്വം വിവരി ച്ചെഴുതിയ കൃതി. |
| 8. | മണിരത്ന കീർത്തനം എന്ന സാര സർഗുണമാല | പള്ളിപ്പാട്ട് വീരാൻ കുട്ടി മൗലവി | 1929 | 1930 | പെരുമ്പടപ്പ് പുത്തൻപള്ളി യിൽ ഖബറടക്കപ്പെട്ട മൗലാന കുഞ്ഞിഅഹമ്മദ് തങ്ങളുടെ മഹാത്മ്യങ്ങ ളാണ് പ്രമേയം. |
| 9. | ബദർമാലപ്പാട്ട് | കാഞ്ഞിരാല കുഞ്ഞിരായിൻ | – | 1935 | ഇസ്ലാമിക ചരിത്രത്തിലെ സുപ്രധാനമായ ഒരു യുദ്ധ മാണ് ബദർയുദ്ധം. ഈ യുദ്ധത്തിൽ പങ്കെടുത്തവർ ബദരീങ്ങൾ എന്ന പേരി ലാണ് അറിയപ്പെടുന്നത്, ഇവരെ പ്രകീർത്തിച്ചുകൊ ണ്ടെഴുതിയ കൃതി. |
| 10. | നജ്മിൻ മുനാ മൽ മഖ്സൂദ് എന്ന ബദ്രിയത് മാല | പുളിക്കൽ വീട്ടിൽ മുഹമ്മദ് ഹാജി | – | 1935 | ഇസ്ലാമിക ചരിത്രത്തിൽ വളരെ പ്രധാന്യമുള്ള ബദർ യുദ്ധത്തിൽ പങ്കെടുത്ത വരെ പ്രകീർത്തിച്ചുകൊ ണ്ടെഴുതിയ കൃതി. |

പട്ടിക – 19 തുടർച്ച

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 11. | യാഹൂമാല | പയ്യൽ അഹമ്മദ് വെട്ടം പുതിയങ്ങാടി | - | 1935 | മലപ്പുറം ജില്ലയിലെ വെട്ടം പുതിയങ്ങാടിയിൽ ജീവിച്ചിരുന്ന അബ്ദുൾ ഖാദർ എന്ന യാഹൂ എന്ന സിദ്ധനെ പ്രകീർത്തിച്ചു കൊണ്ടെഴുതിയ മാലപ്പാട്ട്. |
| 12. | സയ്യിദ് അലവി മാല | മുഹമ്മദ് ഹാജി | - | 1936 | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിക്കടുത്ത് മമ്പുറം എന്ന സ്ഥലത്ത് അന്ത്യവിശ്രമംകൊള്ളുന്ന സയ്യിദ് അലവി തങ്ങളുടെ അപദാനങ്ങൾ വാഴ്ത്തുന്ന കൃതി. |
| 13. | അബ്ദുഹാജിമാല | കോട്ടിക്കൊല്ലത്ത് മമ്മദുകുഞ്ഞി | - | 1936 | കോട്ടിക്കൊല്ലത്ത് മറവുചെയ്യപ്പെട്ട അബ്ദുഹാജി എന്ന ദിവ്യ പുരുഷന്റെ മഹത്വങ്ങളും അത്ഭുത കാര്യങ്ങളും വിവരിച്ചിരിക്കുന്നു. |
| 14. | സൈനബ്മാല | കാടാമ്പിക്കൽ മൊയ്തീൻകുട്ടി ഹാജി | - | 1936 | മലപ്പുറം ജില്ലയിലെ നന്ന മ്പ്രജമുഅത്ത് പള്ളിയിൽ ഖബറടക്കം ചെയ്യപ്പെട്ട സൈനബ ബീവി എന്ന ദിവ്യ വനിതയുടെ ജീവചരിത്രവും മഹത്വവും അത്ഭുത കൃത്യങ്ങളും വിവരിച്ചെഴുതിയ കൃതി. |
| 15. | സയ്യിദ് ഫള്ല് മാല | വടക്കിനിയേടത്ത് അഹമ്മദ്കുട്ടിമുല്ല | - | 1936 | മലപ്പുറം ജില്ലയിലെ മമ്പുറം തങ്ങൾ കുടുംബത്തിലെ സയ്യിദ്ഫള്ൽ എന്ന പൂക്കോയതങ്ങളെ കുറിച്ചെഴുതിയ മാലപ്പാട്ട്. |
| 16. | ഹുസൈൻ മാല | തുമ്പത്ത് മരക്കാർകുട്ടി | - | 1937 | മലപ്പുറം ജില്ലയിലെ പറപ്പൂർ പള്ളിക്കൽ ഖബറടക്കം ചെയ്യപ്പെട്ട ഹുസൈൻ അലവി ബല്റവിയ്യ് എന്ന ദിവ്യപുരുഷന്റെ ജീവചരിത്രവും മഹത്വവുമാണ് പ്രതിപാദ്യം |

*പട്ടിക - 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 17. | ഹസനൈനിമാല യെന്ന സിബ്തൈനിമാല | പുയമ്പുറത്ത് ചെറുപറമ്പിൽ മമ്മി | - | 1937 | പ്രവാചകൻ മുഹമ്മദ് നബിയുടെ മകൾ ഫാത്തിമബീവി, മക്കളായ ഹസൻ, ഹുസൈൻ എന്നിവരുടെ ജീവചരിത്രവും അവരുടെ അത്ഭുതശക്തിയും മഹത്വവും പ്രകീർത്തിച്ചുകൊണ്ടെഴുതിയ നേർച്ചപ്പാട്ടാണിത്. |
| 18. | അപ്പവാണിബാപ്പു മാല എന്ന മദ്ഹ് പാട്ട് | മുസ്ല്യാരകത്ത് ഇമ്പിച്ചമ്മദ് | - | 1937 | കോഴിക്കോട് ശൈഖിന്റെ പള്ളിയിൽ കബറടക്കം ചെയ്യപ്പെട്ട ശൈഖ് മുഹമ്മദെന്ന മാമുക്കോയ തങ്ങളുടെ ജീവചരിത്രവും മഹത്വവും അത്ഭുത കൃത്യങ്ങളും വിവരിച്ചെഴുതിയ കൃതി. |
| 19. | സിദ്ധീക്മാല | തിരൂരങ്ങാടി ചെമ്പൻമുഹമ്മദ് | - | 1937 | ഖലീഫയായിരുന്ന അബൂബക്കർ സിദ്ധീഖിന്റെ ജീവചരിത്രമാണ് ഇതിവൃത്തം. |
| 20. | ഫരിദ മൗഹിനി ശ്ശാ' | പുന്നയൂർ വാഴപ്പുള്ളി മുഹമ്മദ് | - | 1937 | മമ്പുറം അലവി തങ്ങൾ, നാഗൂർ മീറാൻ, ശാഹുൽ ഹമീദ് തങ്ങൾ, കാഞ്ഞിരമുറ്റം ശൈഖ്ഫരീദ്, യാഹു തങ്ങൾ, പൊന്നാനി മഖ്ദൂം കുഞ്ഞിബാവ മൗലവി എന്നിവരുടെ മഹത്വ വർണ്ണനയും സമകാലികരായ 15 കവികളുടെ വിവരണവും ഉൾക്കൊള്ളുന്നതാണ് കൃതി. |
| 21. | ആഘോഷ രസകരമാല | കളത്തിൽമമ്മുട്ടി | - | 1937 | തിരൂരങ്ങാടിക്കടുത്ത് മമ്പുറം എന്ന സ്ഥലത്ത് മറവുചെയ്യപ്പെട്ട സയ്യിദ് അലവി തങ്ങളുടെ മഹത്വം ഉദ്ഘോഷിച്ചെഴുതിയ കൃതി. |

*പട്ടിക - 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 17. | ഹസനൈനിമാല യെന്ന സിബ്ത്വൈനിമാല | പുയമ്പുറത്ത് ചെറുപറമ്പിൽ മമ്മി | - | 1937 | പ്രവാചകൻ മുഹമ്മദ് നബിയുടെ മകൾ ഫാത്തിമബീവി, മക്കളായ ഹസൻ, ഹുസൈൻ എന്നിവരുടെ ജീവചരിത്രവും അവരുടെ അത്ഭുതശക്തിയും മഹത്വവും പ്രകീർത്തിച്ചുകൊണ്ടെഴുതിയ നേർച്ചപ്പാട്ടാണിത്. |
| 18. | അപ്പവാണിബപ്പു മാല എന്ന മദ്ഹ് പാട്ട് | മുസ്ല്യാരകത്ത് ഇമ്പിച്ചമ്മദ് | – | 1937 | കോഴിക്കോട് ശൈഖിന്റെ പള്ളിയിൽ കബറടക്കം ചെയ്യപ്പെട്ട ശൈഖ് മുഹമ്മദെന്ന മാമുക്കോയ തങ്ങളുടെ ജീവചരിത്രവും മഹത്വവും അത്ഭുത കൃത്യങ്ങളും വിവരിച്ചെഴുതിയ കൃതി. |
| 19. | സിദ്ദീഖ്മാല | തിരൂരങ്ങാടി ചെമ്പൻമുഹമ്മദ് | – | 1937 | ഖലീഫയായിരുന്ന അബൂബക്കർ സിദ്ദീഖിന്റെ ജീവചരിത്രമാണ് ഇതിവൃത്തം. |
| 20. | കമല മോഹിനി മാല | പുന്നയൂർ വാഴപ്പള്ളി മുഹമ്മദ് | - | 1937 | മമ്പുറം അലവി തങ്ങൾ, നാഗൂർ മീറാൻ, ശാഹുൽ ഹമീദ് തങ്ങൾ, കാഞ്ഞിരമുറ്റം ശൈഖ്ഫരീദ്, യാഹു തങ്ങൾ, പൊന്നാനി മഖ്ദൂം കുഞ്ഞിബാവ മൗലവി എന്നിവരുടെ മഹത്വ വർണ്ണനയും സമകാലികരായ 15 കവികളുടെ വിവരണവും ഉൾക്കൊള്ളുന്നതാണ് കൃതി. |
| 21. | ആഘോഷ രസകരമാല | കളത്തിൽമമ്മുട്ടി | - | 1937 | തിരൂരങ്ങാടിക്കടുത്ത് മമ്പുറം എന്ന സ്ഥലത്ത് മറവുചെയ്യപ്പെട്ട സയ്യിദ് അലവി തങ്ങളുടെ മഹത്വം ഉദ്ഘോഷിച്ചെഴുതിയ കൃതി. |

*പട്ടിക - 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 22. | അലിയ്യുൽ കൂഫി മാല | കളത്തിൽ മമ്മൂട്ടി | – | 1937 | ഇറാഖിലെ കൂഫയിൽ ജീവിച്ചിരുന്ന ദിവ്യ പുരുഷനായ അലി എന്നവരുടെ ജീവചരിത്രവും മഹത്വവും ദിവ്യത്വവും വിവരിച്ചെഴുതിയ നേർച്ചപ്പാട്ടാണിത്. |
| 23. | യൂസ്ഫ്മദ്ഹ് പാട്ട് | – | – | 1937 | പ്രവാചകനായ യൂസഫ് നബിയുടെ ജീവചരിത്രത്തെ ആസ്പദമാക്കി എഴുതിയ കൃതിയാണിത്. |
| 24. | നത്ഹർവലിമാല | തിരുനടിക്കൽ ബീവിഞ്ഞി അഹമ്മദ് | – | 1937 | തമിഴ്നാട്ടിലെ തൃശ്നാപള്ളിയിൽ ഖബറടക്കം ചെയ്യപ്പെട്ട നദ്ഹർ തങ്ങളുടെ ജീവചരിത്രവും മഹത്വവും ഉദ്ഘോഷിച്ചെഴുതിയ കൃതി. |
| 25. | ഈസ മാല | – | – | 1938 | ഇസ്ലാംമത പ്രവാചകൻമാരിൽ പ്രമുഖനായ ഈസാനബിയുടെ (യേശു) ചരിത്രം |
| 26. | സിദ്ദിഖുൽ അക്ബർമാല നേർച്ചപ്പാട്ട് | ചമ്പയിൽ കുഞ്ഞി മുഹ്യിദ്ദീൻ | - | 1938 | ഖലീഫ അബൂബക്കർ സിദ്ധിഖിന്റെ മഹാത്മ്യങ്ങൾ പ്രകീർത്തിച്ചുകൊണ്ടെഴുതിയ കൃതി. |
| 27. | മദ്ഹറുൽ അജാഇബ് | തൊടുകയിൽ ഉണ്ണീൻ കുട്ടി | - | 1938 | തൃശ്ശൂർ ജില്ലയിലെ ഇലക്കക്കടുത്ത് കാളിയാർബട്ടത്ത് മറവ്ചെയ്ത ദിവ്യ പുരുഷന്റെ ജീവചരിത്രവും മരണശേഷം അദ്ദേഹത്തിന്റെ ദിവ്യത്വത്താലുള്ള അത്ഭുത പ്രവർത്തനങ്ങളുമെല്ലാമാണ് പ്രതിപാദ്യം. |
| 28. | നവനീത രത്ന അലങ്കാര നേർച്ചപ്പാട്ട് | ചെറുവത്തിൽ ബെളുത്തകോയ | - | 1938 | പ്രവാചകപത്നി ആയിശാബീവിയുടെ ജീവിത കഥ. |
| 29. | സംഗീത രത്ന മാല | ബാക്കിനിക്കളത്തിൽ ബാപ്പു | - | 1953 | എടപ്പാളിൽ ജീവിച്ചിരുന്ന ആയിശബീവി എന്ന ദിവ്യ സ്ത്രീയുടെ ജീവചരിത്രവും മഹാത്മ്യവുമാണ് ഇതിവൃത്തം. |

*പട്ടിക - 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 22. | അലിയ്യുൽ കൂഫി മാല | കളത്തിൽ മമ്മൂട്ടി | - | 1937 | ഇറാഖിലെ കൂഫയിൽ ജീവിച്ചിരുന്ന ദിവ്യ പുരുഷ നായ അലി എന്നവരുടെ ജീവചരിത്രവും മഹത്വവും ദിവ്യത്വവും വിവരിച്ചെഴു തിയ നേർച്ചപ്പാട്ടാണിത്. |
| 23. | യൂസ്ഫ്മദ്ഹ് പാട്ട് | - | - | 1937 | പ്രവാചകനായ യൂസഫ് നബിയുടെ ജീവചരി ത്രത്തെ ആസ്പദമാക്കി എഴുതിയ കൃതിയാണിത്. |
| 24. | നത്ഹർവലിമാല | തിരുനടിഫൽ ബീവിഞ്ചി അഹ മദ് | - | 1937 | തമിഴ്നാട്ടിലെ തൃശ്നാപ ള്ളിയിൽ ഖബറടക്കം ചെയ്യ പ്പെട്ട നദ്ഹർ തങ്ങളുടെ ജീവചരിത്രവും മഹത്വവും ഉദ്ഘോഷിച്ചെഴുതിയ കൃതി. |
| 25. | ഈസ മാല | - | - | 1938 | ഇസ്ലാംമത പ്രവാചകൻമാ രിൽ പ്രമുഖനായ ഈസാന ബിയുടെ (യേശു) ചരിത്രം |
| 26. | സിദ്ദിഖുൽ അക്ബർമാല നേർച്ചപ്പാട്ട് | ചമ്പയിൽ കുഞ്ഞി മുഹ്യിദ്ദീൻ | - | 1938 | ഖലീഫ അബൂബക്കർ സിദ്ധിഖിന്റെ മഹാത്മ്യങ്ങൾ പ്രകീർത്തിച്ചുകൊണ്ടെഴുതിയ കൃതി. |
| 27. | മശ്ഹറുൽ അജാ ഇബ് | തൊടുകയിൽ ഉണ്ണീൻ കുട്ടി | - | 1938 | തൃശ്ശൂർ ജില്ലയിലെ ഇലക്ക ക്കടുത്ത് കാളിയാർബട്ടത്ത് മറവ്ചെയ്ത ദിവ്യ പുരു ഷന്റെ ജീവചരിത്രവും മര ണശേഷം അദ്ദേഹത്തിന്റെ ദിവ്യത്വത്താലുള്ള അത്ഭുത പ്രവർത്തനങ്ങളുമെ ല്ലാമാണ് പ്രതിപാദ്യം. |
| 28. | നവനീത രത്ന അലങ്കാര നേർച്ച പ്പാട്ട് | ചെറുവത്തിൽ ബെളുത്തകോയ | - | 1938 | പ്രവാചകപത്നി ആയിശാ ബീവിയുടെ ജീവിത കഥ. |
| 29. | സംഗീത രത്ന മാല | ബാക്കിനിക്കളെ ത്തിൽ ബാപ്പു | - | 1953 | എടപ്പാളിൽ ജീവിച്ചിരുന്ന ആയിശബീവി എന്ന ദിവ്യ സ്ത്രീയുടെ ജീവചരി ത്രവും മഹാത്മ്യവുമാണ് ഇതിവൃത്തം. |

*പട്ടിക - 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 22. | അലിയ്യുൽ കൂഫി മാല | കളത്തിൽ മമ്മൂട്ടി | - | 1937 | ഇറാഖിലെ കൂഫയിൽ ജീവിച്ചിരുന്ന ദിവ്യ പുരുഷനായ അലി എന്നവരുടെ ജീവചരിത്രവും മഹത്വവും ദിവ്യത്വവും വിവരിച്ചെഴുതിയ നേർച്ചപ്പാട്ടാണിത്. |
| 23. | യൂസ്ഫ്മദ്ഹ് പാട്ട് | - | - | 1937 | പ്രവാചകനായ യൂസഫ് നബിയുടെ ജീവചരിത്രത്തെ ആസ്പദമാക്കി എഴുതിയ കൃതിയാണിത്. |
| 24. | നത്ഹർവലിമാല | തിരുനടിക്കൽ ബീവിഞ്ഞി അഹമദ് | - | 1937 | തമിഴ്നാട്ടിലെ തൃശ്നാപള്ളിയിൽ ഖബറടക്കം ചെയ്യപ്പെട്ട നദ്ഹർ തങ്ങളുടെ ജീവചരിത്രവും മഹത്വവും ഉദ്ഘോഷിച്ചെഴുതിയ കൃതി. |
| 25. | ഈസ മാല | - | - | 1938 | ഇസ്ലാംമത പ്രവാചകൻമാരിൽ പ്രമുഖനായ ഈസാനബിയുടെ (യേശു) ചരിത്രം |
| 26. | സിദ്ദിഖുൽ അക്ബർമാല നേർച്ചപ്പാട്ട് | ചമ്പയിൽ കുഞ്ഞി മുഹ്യിദ്ദീൻ | - | 1938 | ഖലീഫ അബൂബക്കർ സിദ്ധിഖിന്റെ മഹാത്മ്യങ്ങൾ പ്രകീർത്തിച്ചുകൊഴെുതിയ കൃതി. |
| 27. | മള്ഹറുൽ അജാഇബ് | തൊടുകയിൽ ഉണ്ണീൻ കുട്ടി | - | 1938 | തൃശ്ശൂർ ജില്ലയിലെ ഇലക്കക്കടുത്ത് കാളിയാർബട്ടത്ത് മറവ്ചെയ്ത ദിവ്യ പുരുഷന്റെ ജീവചരിത്രവും മരണശേഷം അദ്ദേഹത്തിന്റെ ദിവ്യത്വത്താലുള്ള അത്ഭുത പ്രവർത്തനങ്ങളുമെല്ലാമാണ് പ്രതിപാദ്യം. |
| 28. | നവനീത രത്ന അലങ്കാര നേർച്ചപ്പാട്ട് | ചെറുവത്തിൽ ബെളുത്തകോയ | - | 1938 | പ്രവാചകപത്നി ആയിശാബീവിയുടെ ജീവിത കഥ. |
| 29. | സംഗീത രത്ന മാല | ബാക്കിനിക്കളത്തിൽ ബാപ്പു | - | 1953 | എടപ്പാളിൽ ജീവിച്ചിരുന്ന ആയിശബീവി എന്ന ദിവ്യസ്ത്രീയുടെ ജീവചരിത്രവും മഹാത്മ്യവുമാണ് ഇതിവൃത്തം. |

*പട്ടിക – 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 22. | അലിയ്യുൽ കൂഫി മാല | കളത്തിൽ മമ്മൂട്ടി | - | 1937 | ഇറാഖിലെ കൂഫയിൽ ജീവിച്ചിരുന്ന ദിവ്യ പുരുഷ നായ അലി എന്നവരുടെ ജീവചരിത്രവും മഹത്വവും ദിവ്യത്വവും വിവരിച്ചെഴു തിയ നേർച്ചപ്പാട്ടാണിത്. |
| 23. | യൂസ്ഫ്മദ്ഹ് പാട്ട് | - | - | 1937 | പ്രവാചകനായ യൂസഫ് നബിയുടെ ജീവചരി ത്രത്തെ ആസ്പദമാക്കി എഴുതിയ കൃതിയാണിത്. |
| 24. | നത്ഹർവലിമാല | തിരുനടിക്കൽ ബീവിഞ്ഞി അഹ മദ് | – | 1937 | തമിഴ്നാട്ടിലെ തൃശ്നാപ ള്ളിയിൽ ഖബറടക്കം ചെയ്യ പ്പെട്ട നദ്ഹർ തങ്ങളുടെ ജീവചരിത്രവും മഹത്വവും ഉദ്ഘോഷിച്ചെഴുതിയ കൃതി. |
| 25. | ഈസ മാല | – | – | 1938 | ഇസ്ലാംമത പ്രവാചകൻമാ രിൽ പ്രമുഖനായ ഈസാന ബിയുടെ (യേശു) ചരിത്രം |
| 26. | സിദ്ദിഖുൽ അക്ബർമാല നേർച്ചപ്പാട്ട് | ചമ്പയിൽ കുഞ്ഞി മുഹ്യിദ്ദീൻ | – | 1938 | ഖലീഫ അബൂബക്കർ സിദ്ധിഖിന്റെ മഹാത്മ്യങ്ങൾ പ്രകീർത്തിച്ചുകൊണ്ടെഴുതിയ കൃതി. |
| 27. | മള്ഹറുൽ അജാ ഇബ് | തൊടുകയിൽ ഉണ്ണീൻ കുട്ടി | – | 1938 | തൃശ്ശൂർ ജില്ലയിലെ ഇലക്ക ക്കടുത്ത് കാളിയാർബട്ടത്ത് മറവ്ചെയ്ത ദിവ്യ പുരു ഷന്റെ ജീവചരിത്രവും മര ണശേഷം അദ്ദേഹത്തിന്റെ ദിവ്യത്വത്താലുള്ള അത്ഭുത പ്രവർത്തനങ്ങളുമെ ല്ലാമാണ് പ്രതിപാദ്യം. |
| 28. | നവനീത രത്ന അലങ്കാര നേർച്ച പ്പാട്ട് | ചെറുവത്തിൽ വെളുത്തകോയ | - | 1938 | പ്രവാചകപത്നി ആയിശാ ബീവിയുടെ ജീവിത കഥ. |
| 29. | സംഗീത രത്ന മാല | ബാക്കിനിക്കള ത്തിൽ ബാപ്പു | - | 1953 | എടപ്പാളിൽ ജീവിച്ചിരുന്ന ആയിശബീവി എന്ന ദിവ്യ സ്ത്രീയുടെ ജീവചരി ത്രവും മഹാത്മ്യവുമാണ് ഇതിവൃത്തം. |

*പട്ടിക - 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 30. | ഉവൈസ്മാല | നല്ലാൽ ഖാലിദ് ആന്ത്രോത്ത് ദ്വീപ് | – | 1954 | ഉവൈസുൽ ഖർനി യമനിയി എന്നയാളുടെ ജീവിത കഥയാണ് പ്രതിപാദ്യം. |
| 31. | സംഗീത സൗഭാഗ്യമാല | ബാക്കിനിക്കളത്തിൽ ബാപ്പു | – | 1954 | പൊന്നാനിയിൽ ഖബറടക്കിയിരിക്കുന്ന സയ്യിദ് ഹുസൈൻ എന്ന ദിവ്യന്റെ മഹാത്മ്യങ്ങളാണ് വിവരിച്ചിരിക്കുന്നത്. |
| 32. | ഫാത്തിമാമാല | കാഞ്ഞിരാല കുഞ്ഞിരായിൻ | – | 1957 | പ്രവാചകൻ മുഹമ്മദ് നബിയുടെ മകൾ ഫാത്തിമബീവിയുടെ മഹത്വം വിവരിച്ചെഴുതിയ കൃതി. |
| 33. | മഹമൂദ് മാല | ഉസ്മാൻ | 1957 | 1958 | പ്രവാചകനായ മുഹമ്മദ് നബിയുടെ മഹത്വം ഉൽഘോഷിക്കുന്ന കൃതിയാണിത്. |
| 34. | പുത്തനങ്ങാടിയിലെ രക്തസാക്ഷികൾ | ആനമങ്ങാട് കെ.പി അലി | – | 1959 | പെരിന്തൽമണ്ണയ്ക്കടുത്ത് അങ്ങാടിപ്പുറം പുത്തനങ്ങാടിയിൽ നടന്ന ഹിന്ദു മുസ്ലിം ലഹളയുടെ വിവരണം. |
| 35. | നഫീസത്ത്മാല | നാലകത്ത് കുഞ്ഞിമൊയ്തീൻ കുട്ടി | – | 1965 | പ്രവാചകനായ മുഹമ്മദ് നബിയുടെ മകൾ ഫാതിമയുടെ പുത്രനായ സയ്യിദ് ഹസ്സൻ എന്നവരുടെ പൗത്രി സുഹ്റയുടെ പൗത്രി നഫീസത്തുൽ മിസ്രിയയെ കുറിച്ചുള്ളതാണ് ഈ കൃതി. |
| 36. | ഫരീദ് ഔലിയാതങ്ങളുടെ നേർച്ചപ്പാട്ട് | പൊന്നാനിനാലകത്ത് കുഞ്ഞിമൊയ്തീൻ | – | 1965 | കൊച്ചിയിലെ കൽവത്തി ജുമുഅത്ത് പള്ളിയിൽ മറവുചെയ്യപ്പെട്ട ഫരീദ് ഔലിയയുടെ മഹാത്മ്യങ്ങളാണ് പ്രതിപാദ്യം. |
| 37. | ശൈഖ് മാമുക്കോയ മാല | പൊന്നാനി നാലകത്ത് കുഞ്ഞിമൊയ്തീൻ | – | 1967 | കോഴിക്കോട് ശൈഖിന്റെ പള്ളിയിൽ ഖബറടക്കം ചെയ്യപ്പെട്ട ശൈഖ് മുഹമ്മദ് എന്ന ശൈഖ് മാമുക്കോയയുടെ ജീവചരിത്രവും മഹത്വവും വിവരിക്കുന്ന കൃതി. |

*പട്ടിക – 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 38. | ഖാജാമുഹ്‌യിദ്ദീൻ അജ്മീർ മാല | പടിഞ്ഞാറകത്ത് മൊയ്തീൻ കുട്ടി | - | 1968 | പ്രസിദ്ധമായ അജ്മീർ ദർഗയിലെ ഖാജാ മുഹ്‌യിദ്ദീൻചിശ്തിയുടെ മഹത്വങ്ങൾ പ്രകീർത്തിക്കുന്ന കൃതി. |
| 39. | സുലൈമാൻനബി നേർച്ചപ്പാട്ട് അഥവാ സാമതസ സമ്പൂർണ്ണമാല | പള്ളിപ്പാട്ട് വീരാൻകുട്ടി മുസ്ല്യാർ | - | 1979 | ഇസ്ലാംമത പ്രവാചകൻമാരിൽ ഒരാളായ സുലൈമാൻനബിയുടെ ജീവചരിത്രമാണ് പ്രമേയം. |
| 40. | വെളിയംകോട് ആറ്റക്കോയ തങ്ങൾ മാല | മീരാൻകുട്ടി | - | 1980 | പൊന്നാനി വെളിയംകോട് ജനിച്ചു വളർന്ന പുത്തൻ മാളിയക്കൽ ഹസനുബ്നു അലിയ്യിൽ ഹബ എന്ന ആറ്റക്കോയതങ്ങളുടെ ജീവചരിത്രവും മഹത്വവും അദ്ദേഹം കാഴ്ചവെച്ച അത്ഭുത പ്രവർത്തനങ്ങളുമാണ് പ്രതിപാദ്യം. |
| 41. | ശറഹുസ്സദ്രിൽ ഫീ മനാഖിബി അഹ്‌ലിൽബദർ എന്ന ബദർ രത്നമാല | സയ്യിദ് കുഞ്ഞിക്കോയ തങ്ങൾ | - | 1980 | ബദരീങ്ങളുടെ മഹത്വം, ബദരീങ്ങളുടെ പേര്, ബദരീങ്ങൾ, മുഹ്‌യിദ്ദീൻ ശൈഖ്, രിഫാഈ ശൈഖ് എന്നിവരെ മുൻനിർത്തിയുള്ള പ്രാർത്ഥനയുമാണ് പ്രതിപാദ്യം. |
| 42. | അൽഏർവാടിയ്യി നേർച്ചപ്പാട്ട് | എടമുട്ടം ശാഹുൽ ഹമീദ് പി.കെ | - | 1981 | മദീനയിൽ പ്രവാചകനായ മുഹമ്മദ് നബിയുടെ കുടുംബത്തിൽ പെട്ടവരും തമിഴ്നാട്ടിലെ ഏർവാടിയിൽ ഖബറടക്കം ചെയ്യപ്പെട്ടവനുമായ ദിവ്യപുരുഷൻ ഇബ്രാഹിംബാദിശയുടെ മഹാത്മ്യങ്ങളാണ് പ്രതിപാദ്യം |
| 43. | സയ്യിദ് മദനി മാല നേർച്ചപ്പാട്ട് | ബപ്പൻ കുഞ്ഞി മുസ്ല്യാർ | - | 1983 | ഉള്ളാളം മേലങ്ങാടി വലിയ ജമുഅത്ത് പള്ളിയിൽ ഖബറടക്കം ചെയ്യപ്പെട്ട മുഹമ്മദ് ഹാജിഅൽ മദനി തങ്ങളുടെ ജീവചരിത്രവും അദ്ദേഹം കാണിച്ച അമാനുഷിത പ്രവൃത്തിയും പള്ളിയിൽ നടന്നു വരുന്ന നേർച്ചകളുടെ വിശദാംശങ്ങളുമാണ് കൃതിയുടെ ഇതിവൃത്തം. |

*പട്ടിക – 19 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 44. | ബാഷ്പ വലയം അഥവാ ഈഴവ മുസ്ലിം ലഹള | എച്ച് എസ് യൂസഫ് കുഞ്ഞി കായംകുളം | – | 1963 | തിരുവിതാംകൂറിലെ കായംകുളത്ത് ഈഴവരും മുസ്ലിംകളും തമ്മിലുള്ള കലഹത്തിൽ കലാശിച്ച ഒരു സംഭവമാണ് കൃതിയിലെ പ്രതിപാദ്യം |
| 45. | നൂഹ് നബിയുടെ കപ്പൽ ചരിത്രം | കരിത്തനാട് മൊയ്തീക്കുട്ടി ഹാജി | – | 1965 | ഇസ്ലാം മത പ്രവാചകൻമാരിൽ ഒരാളായ നൂഹ് നബിയുടെ ചരിത്രമാണ്. |
| 46. | റഹ്മത്ത്മാല | മാത്തൂർ അബൂബക്കർകുട്ടി | 1991 | 1991 | കോഴിക്കോട് ജില്ലയിൽ കുരുമംഗലത്തിനടുത്ത് മടവൂർ സ്വദേശിയായ സി.എം മുഹമ്മദ് അബൂബക്കർ മുസ്ല്യാരുടെ മഹത്വം ഉദ്ഘോഷിച്ചുകൊണ്ടെഴുതിയ കൃതി. |
| 47. | കോട്ടപ്പള്ളി നേർച്ചപ്പാട്ട് | കെ.ടി മുഹമ്മദ് | – | – | വെളിയംകോട് മാനാത്ത് പറമ്പിൽ കുഞ്ഞിമരക്കാർ ശഹീദിന്റെ ജീവചരിത്രം |
| 48. | സഫീനത്തുൽ നൻജാത് – എന്ന ജിഫ്റിമാല | കോഴിക്കോട് ചെമ്പകശ്ശേരി അലവി | - | - | പൊന്നാനി പുയൽപുറത്ത് കൊട്ടിലിങ്ങൽ അബ്ദുള്ള മുസ്ലിയാരുടെ ജീവചരിത്രം |

*പട്ടിക – 19 തുടർച്ച*

### 3.6.2.2. പടപ്പാട്ടുകൾ

പടപ്പാട്ടുകൾ എന്നതിന് യുദ്ധചരിത്രഗാനങ്ങൾ എന്നാണർത്ഥം. ഇസ്ലാമിക ചരിത്രത്തിലെ എല്ലാ യുദ്ധങ്ങളേയും ആസ്പദമാക്കി അറബിമലയാളത്തിൽ പടപ്പാട്ടുകൾ രചിക്കപ്പെട്ടിട്ടുണ്ട്. അപൂർവ്വമായി ചില സാങ്കൽപ്പിക യുദ്ധങ്ങളെ അടിസ്ഥാനമാക്കിയും പടപ്പാട്ടുകൾ രചിച്ചിട്ടുണ്ട്. എന്നാൽ അവയിലെ കഥാപാത്രങ്ങൾ ചരിത്രപുരുഷൻമാർ തന്നെയാണ്. ജിൻപടപ്പാട്ടുകൾ ഇതിനുദാഹരണങ്ങളാണ്. ഇസ്ലാമിക ചരിത്രത്തിന്റെ ഭാഗമല്ലാത്തതും എന്നാൽ കേരളത്തിലെ മാപ്പിളമാരുടെ ജീവിതവുമായി ബന്ധപ്പെട്ടതുമായ ചില സമരകഥകളും പടപ്പാട്ടുകൾക്ക് വിഷയമായിട്ടുണ്ട്. മലപ്പുറം

പടപ്പാട്ട്, ചേരൂർ പടപ്പാട്ട് എന്നിവ ഉദാഹരണങ്ങളാണ്. ഇസ്ലാംമതത്തിന്റെ ആവിർഭാവകാലഘട്ടങ്ങളിൽ ഇസ്ലാംമത വിശ്വാസികളും, അവിശ്വാസികളും തമ്മിൽ നടന്ന പോരാട്ടങ്ങളുടെ ചരിത്രമാണ് ഗാനരൂപത്തിൽ യുദ്ധവിവരണങ്ങളായി ഈ പടപ്പാട്ടുകളിൽ നിബന്ധിച്ചിരിക്കുന്നത്. അറബിമലയാളത്തിലെ ഏറ്റവും പ്രശസ്ത കവിയായ മോയിൻകുട്ടി വൈദ്യരുടെ ഏറ്റവും മികച്ച കൃതികൾ അദ്ദേഹത്തിന്റെ പടപ്പാട്ടുകളാണ്. പ്രത്യേകിച്ചും ബദർപടപ്പാട്ട്.

ചരിത്രകാരന്മാരുടെ വിവരണങ്ങളിൽ നിന്നും കവികൾ പ്രമേയസ്വീകരണം നടത്തുന്നു. മിക്കവാറും അറബിചരിത്രകൃതികളിൽ നിന്നാണ് പ്രമേയം സ്വീകരിക്കുന്നത്. പ്രതിപാദ്യം കൽപിതമല്ലെങ്കിലും യുദ്ധരംഗത്തെ കുറിച്ചും യോദ്ധാക്കളെക്കുറിച്ചുമുള്ള വർണ്ണനകളെല്ലാം കവിയുടെ ഭാവനയാണ്.

പട്ടിക-20

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | സഖൂംപടപ്പാട്ട് | ആലിംഉമർ ലബ്ബ | 1824 | 1868 | പ്രവാചകനായ മുഹമ്മദ്നബി ലോകത്തെമ്പാടുമുള്ള ഭരണാധികാരികളെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് ദൂതൻമാരെ അയച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇറാക്കിലെ പ്രശസ്തനായ ഭരണാധിപൻ സഖൂമിന്റെ അടുത്തേക്കും ദൂതുമായി ആളെ അയച്ചു. ക്ഷുഭിതനായ സഖൂം പ്രവാചകനുമായി യുദ്ധത്തിന് തയ്യാറാവുന്നു. തുടർന്നുണ്ടായ യുദ്ധവും പ്രവാചക വിജയവും സഖൂമിന്റെ ഇസ്ലാം ആശ്ലേഷവുമാണ് ഇതിവൃത്തം. |
| 2. | ബനീഖൂ റൈളപ്പാട്ട് | തലശ്ശേരി എം.പി ചൊക്രാൻ | 1887 | 1895 | പ്രവാചകൻ മുഹമ്മദ് നബിയും, മക്കയിലെ പ്രമുഖ യഹൂദ ഗോത്രമായിരുന്നബനൂഖുറൈളയും തമ്മിൽ നടന്ന യുദ്ധമാണ് പ്രതിപാദ്യം. |

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 3. | ചെറിയജിൻപടപ്പാട്ട് | | 1861 | 1902 | പ്രവാചകന്റെ ജാമാതാവും ഏറ്റവും അടുത്ത അനുയായികളിൽ ഒരാളുമായിരുന്ന ഇമാം അലി ജിന്നുകളുമായി നടത്തിയ യുദ്ധമാണ് പ്രതിപാദ്യം. |
| 4. | ഖൈബർ പടപ്പാട്ട് | ചെറിയമുണ്ടം വടക്കിനിയേടത്ത് അഹമ്മദ്കുട്ടിമുല്ല | – | 1921 | ഇസ്ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ട യുദ്ധങ്ങളിൽ ഒന്നായ ഖൈബർ യുദ്ധ ചരിത്രമാണ് പ്രതിപാദ്യം. |
| 5. | സംഗീത സാരം | മേലേപുറത്ത് കരുത്തഞ്ഞാട് ഹൈദർ | – | 1927 | മലപ്പുറം പടയും അതിൽ വീരമൃത്യുവരുച്ചവരുടെ മഹത്വവും വിവരിച്ചെഴുതിയ കൃതി. |
| 6. | കർബലായുദ്ധം | കെ.ടി മുഹമ്മദ് | – | 1971 | ഇസ്ലാമിക ചരിത്രത്തിലെ പ്രസിദ്ധമായ കർബല യുദ്ധമാണ് പ്രതിപാദ്യം. |
| 7. | ഹുനൈൻ പടപ്പാട്ട് | പൊന്നാനി മാളിയക്കലകത്ത് കുഞ്ഞിഅഹമ്മദ് | – | 1971 | ഇസ്ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ട യുദ്ധങ്ങളിൽ ഒന്നായ ഹുനൈൻ യുദ്ധമാണ് പ്രതിപാദ്യം. |
| 8. | ഖർബലാ ഖിസ്സപ്പാട്ട് | എം.പി ഉണ്ണിമമ്മദ് മുണ്ടമ്പ്ര | – | 1985 | പ്രവാചക പൗത്രൻ ഹുസൈനും ബാഗ്ദാദ് ഗവർണർ മുആവിയയുമായുള്ള അധികാര തർക്കവും തുടർന്നുണ്ടായ യുദ്ധവുമാണ് വിഷയം. |
| 9. | ചേറൂർപട | കെ.ടി. മുഹമ്മദ് | – | – | മമ്പുറം അലവി തങ്ങളുടെ സവിധത്തിൽ വെച്ച് അടിയാളരായ ചിലർ ഇസ്ലാംമതത്തിലെ വരികൾ വിവർത്തനം ചെയ്തു. ഇവരോട് അന്നുവരെ തുടർന്ന് വന്നജാത്യാചാരങ്ങൾ മേലിൽ പാലിക്കേണ്ടതില്ലെന്ന് തങ്ങൾ ഉപദേശിച്ചു. അന്നുവരെ മേൽജാതിക്കാരോട് പ്രകടിപ്പിച്ചിരുന്ന ആചാരവാക്കുകളും പെരുമാറ്റങ്ങളും തുടരാൻ വിസമ്മതിച്ച ഇവരെ മേൽജാതിക്കാരായ പ്രമാണിമാർ മർദ്ദിക്കുകയും വീടുകൾ ചുട്ടെരിക്കുകയും ഇവർക്കെതിരെ കലക്ടർക്ക് പരാതി നൽകുകയും ചെയ്തു തുടർന്ന് ബ്രിട്ടീഷ് പട്ടാളക്കാരുമായിട്ടുണ്ടായ ഏറ്റുമുട്ടലിൽ ഏഴാളുകൾ മരണപ്പെട്ടു ഈ സംഭവം ആസ്പദമാക്കി എഴുതിയ കൃതി. |

*പട്ടിക 20 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 10. | ബദ്റുൽകുബ്റാ എന്ന ബദർപടപ്പാട്ട് | മോയിൻകുട്ടി വൈദ്യർ | -- | -- | ഇസ്ലാമികചരിത്രത്തിലെ പ്രധാന യുദ്ധമായ ബദർ യുദ്ധത്തിന്റെ ചരിത്രം |
| 11. | ഉഹദ് | മോയിൻകുട്ടി വൈദ്യർ | -- | -- | ഉഹ്ദ് മലയിൽവെച്ച് മുസ്ലിംകളും, ശത്രുക്കളും തമ്മിൽ നടന്ന യുദ്ധചരിത്രം |
| 12. | സലീഖത് | മോയിൻകുട്ടി വൈദ്യർ | -- | -- | സലീഖത്ത് രാജ്ഞിയും ഇസ്ലാമിക സൈന്യവും തമ്മിൽ നടന്ന യുദ്ധചരിത്രം |
| 13. | ഫതുഹുശ്ശാം എന്ന മഹായുദ്ധവർത്തമാനം പടപ്പാട്ട് | ചേറ്റുവായ് പരീക്കുട്ടി | 1876 | – | ഒന്നാം ഖലീഫയായിരുന്ന അബൂബക്കർ സിദ്ധിഖിന്റെ കാലത്ത് ശാം എന്ന പ്രദേശത്ത് നിയോഗിച്ചിരുന്ന ഇസ്ലാമിക പ്രബോധന സൈനിക സംഘങ്ങൾ നേരിടേണ്ടിവന്ന എതിർപ്പുകളും അവർ നടത്തിയ യുദ്ധങ്ങളും യുദ്ധ വിജയവുമെല്ലാമാണ് പ്രതിപാദ്യം. |

*പട്ടിക-20 തുടർച്ച*

### 3.6.2.3. കിസ്സപ്പാട്ട്

*ഖിസ്സ്വ* എന്ന അറബി വാക്കിന് കഥ എന്നാണ് അർത്ഥം. ചരിത്രകഥകളോ ചരിത്രപുരുഷൻമാരുടെ ജീവിത കഥകളോ പ്രമേയമായി സ്വീകരിച്ചുകൊണ്ട് എഴുതപ്പെടുന്ന ഖണ്ഡകാവ്യങ്ങളെയാണ് പൊതുവെ കിസ്സപ്പാട്ടുകൾ എന്നു വിളിക്കുന്നത്. ഖുർആനിൽ നിന്നോ, അതുപോലുള്ള പ്രമാണങ്ങളിൽ നിന്നോ ആയിരിക്കും ഇതിന്നാവശ്യമായ പ്രമേയം സ്വീകരിക്കുക. ഇതിലെ പ്രതിപാദ്യം ഇസ്ലാമിക ചരിത്രവുമായി ബന്ധപ്പെട്ടവ തന്നെയാണ്.

രചനാപരമായി കിസ്സപ്പാട്ടുകൾ ഏതെങ്കിലും പ്രത്യേക ശൈലിയോ കാവ്യസമ്പ്രദായമോ സ്വീകരിച്ചു കാണുന്നില്ല. കഥ പറഞ്ഞുപോകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. മലയാളത്തിലെ ഖണ്ഡകാവ്യങ്ങളോട് അടുത്തുനില്ക്കുന്നതാണ് പ്രതിപാദന രീതി.

പട്ടിക–21

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | മിഅ്റാജ് ഖിസ്സ പ്പാട്ട് | - | - | 1928 | പ്രവാചകൻ മുഹമ്മദ് നബി ദൈവനിർദ്ദേശപ്രകാരം ആകാശാരോഹണം നടത്തു ന്നതും മുൻപ്രവാചകൻമാരെ കാണുന്നതും ദൈവദർശനം ഉണ്ടാകുന്നതുമാണ് പ്രതിപാദ്യം. |
| 2. | കറാമത്തുൽ അത്ത്ലം യെന്നും, ഫർഹുൽ റവ്ലത്തെ ന്നും പേരുള്ള മുഹ്യിദ്ദീൻ ഖിസ്സപ്പാട്ട് | മുച്ചികൂട്ട ത്തിൽ കുഞ്ഞിബാവ വൈദ്യർ | – | 1932 | ദിവ്യപുരുഷനായി കരുതപ്പെ ടുന്ന മുഹ്യിദ്ദീൻ ശൈഖിന്റെ അത്ഭുത പ്രവൃത്തികൾ വിവ രിക്കുന്ന കൃതി. |
| 3. | മുഹ്യിദ്ദീൻ ഖിസ്സ പ്പാട്ട് | മുച്ചിക്കൂടത്തിൽ കുഞ്ഞിബാവ വൈദ്യർ | – | 1934 | മുഹ്യിദ്ദീൻ ശൈഖിന്റെ ജീവ ചരിത്രം. |
| 4. | ഇബ്രാഹിം ഖിസ്സപ്പാട്ട് | – | – | 1934 | പ്രവാചക പ്രമുഖനായ ഇബ്രാഹിം നബിയുടെ ചരിത്ര മാണ് പ്രതിപാദ്യം. |
| 5. | താലിപ്പാട്ട് എന്ന ഖിസ്സപ്പാട്ട് | - | 1860 | 1945 | വീട്ടിൽ വന്ന യാചകന് പ്രവാ ചകൻ മുഹമ്മദ് നബിയുടെ പുത്രി ഫാത്തിമ തന്റെ കെട്ടു താലി നൽകുന്നു. ആ കെട്ടു താലി ഫാത്തിമയ്ക്കു തിരിച്ചു ലഭിക്കുന്നതാണ് പ്രമേയം. |
| 6. | ആദം നബി കിസ്സ പ്പാട്ട് | വൈശ്യന്റ കത്ത് കുഞ്ഞാവ | – | 1946 | ആദി മനുഷ്യരായ ആദമി നേയും ഹവ്വായെയും സൃഷ്ടിച്ചതും, സ്വർഗ്ഗത്തിൽ താമസിപ്പിച്ചതും തുടർന്ന് സ്വർഗ്ഗ നഷ്ടം വന്ന് ഭൂമിയി ലെത്തിച്ചേരുന്നതും ഭൂമിയിൽ സന്താന പരമ്പരകളും സാമൂഹ്യ ജീവിതവും ഉണ്ടാ വുന്നതും ഇതിവൃത്തം. |
| 7. | ബദാഇഉൽ ബയാൻ മിൻഖസ സ്വൽ സുലൈമാൻ -സുലൈമാൻ ഖിസ്സപ്പാട്ട് | - | - | 1948 | ഇസ്ലാം മത പ്രവാചകൻമാ രായ ദാവൂദ് നബിയുടേയും മകൻ സുലൈമാൻ നബിയു ടേയും ചരിത്രമാണ് പ്രതി പാദ്യം. സുലൈമാൻ നബിയും ബൽക്കീസ് രാജ്ഞിയും തമ്മിലുള്ള സംഭാഷണങ്ങൾ, സുലൈ മാൻ നബി ഭരണത്തിൽ നിന്ന് നിഷ്കാസിതനാവുന്നതും വീണ്ടും തിരിച്ചുവരുന്നതു മെല്ലാം വിവരിച്ചിരിക്കുന്നു. |

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 8. | താജുൽ അഖ്ബാർ എന്ന യൂസുഫ് ഖിസ്സ പ്പാട്ട് | എം.എ മുത്തു ക്കോയ തങ്ങൾ | - | 1949 | ഇസ്ലാമിക പ്രവാചകൻമാരിൽ ഒരാളായ യൂസുഫ് നബി യുടെ ജീവചരിത്രമാണ് പ്രതി പാദ്യം. |
| 9. | പഞ്ചാഭരണ കീർത്തനം | മുഹമ്മദ് കുട്ടി അൽരായ നല്ലൂരിച്ചി | – | 1950 | പ്രവാചക പുത്രി ഫാത്തിമയുടേയും ഭർത്താവ് അലിയുടേയും സ്വഭാവശുദ്ധി ദൈവം പരീക്ഷിക്കുന്നതും അതിൽ അവർ വിജയിക്കുന്ന തുമാണ് പ്രതിപാദ്യം. |
| 10. | ഇബ്റാഹിമിബ്നു അദ്ഹം ഖിസ്സപ്പാട്ട് | ആലത്തിയൂർ സി.കെ അവ റാൻ | – | 1954 | ഹുറാസാനിനടുത്ത് ബൽക്ക് എന്ന പ്രദേശത്ത് ജീവിതം നയിച്ച ഇബ്റാഹിമ്ബിനു അദ്ഹം എന്ന രാജാവ് എല്ലാ സുഖസൗകര്യങ്ങളും ഉപേ ക്ഷിച്ച് ദൈവചിന്തയിൽ മുഴുകി സിംഹാസനം ഉപേ ക്ഷിച്ച കഥയാണ് പ്രതിപാദ്യം. |
| 11. | ബിശേഷമായ ബെത്തിലപ്പാട്ട് | മോയിൻകുട്ടി വൈദ്യർ | – | 1956 | ഇസ്ലാംമത പ്രവാചകൻമാരിൽ ഒരാളായ സുലൈമാൻ നബി യുടെ ഭാര്യ ബിൽഖീസ് രാഞ്ജിക്ക് അവരുടെ അടിമ യായ ഒരു ജിന്ന് സർപ്പരൂപ ത്തിൽ വന്ന് ഒരു നല്ല വെറ്റില കാണിക്കയായി നല്കിയ താണ് ബെത്തിലപ്പാട്ടിന്റെ ഇതിവൃത്തം. ഈ പാട്ട്കൂ ടാതെ തീവണ്ടിയെ വർണ്ണിച്ചെ ഴുതിയ തീവണ്ടിചിന്ത് മേനി നൽഅശക് എന്ന ഒരു ഒപ്പന പ്പാട്ട് എന്നിവ ഈ കൃതിയിൽ കാണുന്നുണ്ട്. |

*പട്ടിക –21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 12. | ആകാശം ഭൂമി | – | – | 1958 | പ്രവാചകൻ മുഹമ്മദ് നബി യെപ്പറ്റി ഒരു രാജാവ് അറിയാനിടയായി. അദ്ദേഹം നബിയെ പരീക്ഷിച്ചറിയാൻ മക്കയിൽ വരുന്നു. പ്രവാചക സവിധത്തിൽ വന്ന രാജാവിനെ മര്യാദയോടുകൂടി സ്വീകരിച്ചു. രാജാവ് ഇസ്ലാം മതം വിശ്വസിക്കുന്നു. രാജാവ് ചന്ദ്രനെ പിളർത്തികാണിക്കണമെന്ന് നബിയോടാവശ്യപ്പെടുന്നു. നബി ദൈവത്തോട് പ്രാർത്ഥിക്കുകയും തൽഫലമായി ചന്ദ്രൻ പിളർക്കപ്പെടുകയും ചെയ്യുന്നു ഇതെല്ലാമാണ് പ്രതിപാദ്യം. |
| 13. | ഹദ്ദടികിസ്സപ്പാട്ട് | – | – | 1966 | അബുശഹ്മ എന്ന രാജകുമാരനെ മദീന നഗരം കാണാൻ വന്ന അവസരത്തിൽ ഒരുജൂതൻ ചതിയിൽ മദ്യപിപ്പിക്കുകയും തന്റെ മകളുമായി ശാരീരിക ബന്ധത്തിലേർപ്പെടാൻ സാഹചര്യമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു. ഇതിനെ തുടർന്ന് ഈ പെൺകുട്ടി ഗർഭിണിയാവുകയും സംഭവം പുറത്തറിയിയുയും രാജ സവിധത്തിൽ എത്തുകയും ചെയ്യുന്നു നീതിമാനായ രാജാവ് തന്റെ മകനായിട്ടുപോലും വ്യഭിചാരത്തിനുള്ള ശിക്ഷയായിട്ടുള്ള നൂറ് അടി മകന് നല്കുന്നു ഈ സംഭവമാണ് പ്രതിപാദ്യം. |
| 14. | അക്ബർ സദഖയെന്ന പക്ഷിപ്പാട്ട് | മൊഗ്രാൽ നടുത്തോപ്പിൻ അബ്ദുള്ള | – | 1966 | ഒരു പെൺപക്ഷി തന്റെ ഇണയെക്കുറിച്ച് പരാതിപറയുന്നു. പ്രവാചകൻ ആൺപക്ഷിയെ കൂട്ടികൊണ്ടുവരാൻ ബിലാൽ, ഉമർ എന്നിവരെ പറഞ്ഞയച്ചെങ്കിലും ആൺപക്ഷിവരാൻ കൂട്ടാക്കിയില്ല. വീരപരാക്രമിയായ അലി പോകുന്നു. ആൺ പക്ഷിയെ പ്രവാചക സവിധത്തിലേക്ക് കൊണ്ടുപോകുന്നതും പെൺപക്ഷിയുമായുള്ള പ്രശ്നങ്ങൾ പ്രവാചകൻ പറഞ്ഞവസാനിപ്പിക്കുന്നതുമാണ് പ്രതിപാദ്യം. |

*പട്ടിക –21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 15. | താഹിറാത്ത് മാല | പൊന്നാനി ഖാളിയാരകത്ത് കുഞ്ഞി ബാവ | - | 1969 | പ്രവാചകനായ മുഹമ്മദ് നബിയുടെ ജീവിതത്തിലെ ചില സംഭവങ്ങളാണ് പ്രതിപാദ്യം ജനനം, ഖദീജ ആയിശ എന്നിവരെ വിവാഹം ചെയ്തത്, ആയിശയുടെ പേരിൽ ആരോപണമുണ്ടായത്, ഹഫ്സത്ത്ബീവിയെ വിവാഹമോചനം ചെയ്തതും, തിരിച്ചെടുത്തതും ഭാര്യമാർ തമ്മിലുള്ള സൗഹൃദവും പിണക്കങ്ങളും മതൻവിരോധിച്ചത് എന്നിവയെല്ലാം വർണ്ണിച്ചിരിക്കുന്നു. |
| 16. | ഓമാരപ്പട എന്ന ഖിസ്സപ്പാട്ട് | വേങ്ങര സിപി മുഹമ്മദ് | – | 1970 | 1701ൽ സാമൂതിരിയുടെ ഭരണകാലത്ത് വാഴക്കാടിനടുത്ത് പാലുഴിയിൽ രാജവംശത്തിൽപ്പെട്ട ഒരു കന്യക ഇസ്ലാം മതം സ്വീകരിച്ചു. തുടർന്ന് ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘട്ടനമാണ് പ്രതിപാദ്യം. |
| 17. | താജുൽകലാം-മൂസാനബി ഖിസ്സപ്പാട്ട് | കയ്പമംഗലം പി.എസ്. മൂസ | 1961 | 1970 | ഇസ്ലാംമത പ്രവാചകൻമാരിൽ ഒരാളായ മൂസാനബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |
| 18. | മറിയം ബീവി ഖിസ്സ | യെടത്തോളി മൊയ്തുകുട്ടി | - | 1970 | ഇസ്ലാം മത പ്രവാചകൻമാരിൽ ഒരാളായ ഈസാനബിയുടെ മാതാവായ മറിയം ബീവിയുടെ ജീവചരിത്രവും ഈസാനബിയുടെ ജനനവുമാണ് പ്രതിപാദ്യം. |
| 19. | വലിയ ഉമർ ഖിസ്സപ്പാട്ട് | പി.എ. പരീക്കുട്ടി | - | 1973 | പ്രവാചകൻ മുഹമ്മദ് നബിയുടെ നിർദ്ദേശ പ്രകാരം പ്രധാന അനുചരനായ ഉമർ തന്റെ പൂർവ്വകഥ പറയുന്നതാണ് ഇതിവൃത്തം. |

*പട്ടിക -21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 20. | കുറത്തിപ്പാട്ട് | ആലപ്പുഴ കൈതക്കര സി.എ ഹസൻകുട്ടി | – | 1976 | മാലാഖമാരിൽ പ്രമുഖനായ ജിബിരിൽ (ഗബ്രിയേൽ മാലാഖ) ദൈവ നിയോഗമനുസരിച്ച് ഒരു കുറത്തിയുടെ വേഷത്തിൽ മക്ക, മദീന എന്നീ പട്ടണങ്ങൾ ചുറ്റി കഅബാലയത്തിൽ ചെന്ന് അലിയെ കണ്ടുമുട്ടുന്നതും കൈനോക്കി ലക്ഷണം പറയുന്നതുമെല്ലാമാണ് ഒന്നാംഭാഗം രണ്ടാംഭാഗത്ത് ഒരു മൈലാഞ്ചിപ്പാട്ടും, ഫാത്തിമ ബീവിയെയും പ്രവാചകൻ മുഹമ്മദ് നബിയെയും ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു പാട്ടും ഉൾപ്പെടുത്തിയിരിക്കുന്നു. |
| 21. | കുപ്പിപ്പാട്ട് | കെ.ടി. മുഹമ്മദ് | - | 1984 | പ്രവാചക പുത്രി ഫാത്തിമയെ കുറിച്ച് ഭർത്താവ് അലിക്ക് ചില സംശയങ്ങൾ ഉണ്ടാവുന്നതും പ്രവാചകൻ വളരെ യുക്തിപൂർവ്വം സംശയമെല്ലാംമാറ്റി ദമ്പതികളെ ഒന്നിപ്പിക്കുന്നതുമാണ് പ്രതിപാദ്യം. |
| 22. | വലിയ കച്ചവടപ്പാട്ട് | – | - | 1989 | പ്രവാചകൻ മുഹമ്മദ് നബി പ്രവാചകലബ്ധിക്ക് മുമ്പായി കച്ചവടത്തിലേർപ്പെട്ടിരുന്നു അക്കാലത്ത് മക്കയിലെ കുലീന കുടുംബാംഗമായ ഖദീജ എന്നവർക്കുവേണ്ടി കച്ചവടചരക്കുകളുമായി ശാമിലേക്ക് പോവുന്നതും വഴിമദ്ധ്യേ ധാരാളം അത്ഭുതങ്ങൾ സംഭവിക്കുന്നതും, ലാഭകരമായ കച്ചവടത്തിന് ശേഷം മക്കയിൽ തിരിച്ചെത്തിയ പ്രവാചകനിൽ ഖദീജ ആകൃഷ്ടയാവുന്നതും പ്രവാചകനെ വിവാഹം കഴിക്കുന്നതുമെല്ലാമാണ് കച്ചവടപ്പാട്ടിന്റെ ഇതിവൃത്തം. |

*പട്ടിക -21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 20. | കുറത്തിപ്പാട്ട് | ആലപ്പുഴ കൈതക്കര സി.എ ഹസൻകുട്ടി | – | 1976 | മാലാഖമാരിൽ പ്രമുഖനായ ജിബ്രിരിൽ (ഗബ്രിയേൽ മാലാഖ) ദൈവ നിയോഗമനുസരിച്ച് ഒരു കുറത്തിയുടെ വേഷത്തിൽ മക്ക, മദീന എന്നീ പട്ടണങ്ങൾ ചുറ്റി കഅബാലയത്തിൽ ചെന്ന് അലിയെ കണ്ടുമുട്ടുന്നതും കൈനോക്കി ലക്ഷണം പറയുന്നതുമെല്ലാമാണ് ഒന്നാംഭാഗം രണ്ടാംഭാഗത്ത് ഒരു മൈലാഞ്ചിപ്പാട്ടും, ഫാത്തിമ ബീവിയെയും പ്രവാചകൻ മുഹമ്മദ് നബിയെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പാട്ടും ഉൾപ്പെടുത്തിയിരിക്കുന്നു. |
| 21. | കുപ്പിപ്പാട്ട് | കെ.ടി. മുഹമ്മദ് | - | 1984 | പ്രവാചക പുത്രി ഫാത്തിമയെ കുറിച്ച് ഭർത്താവ് അലിക്ക് ചില സംശയങ്ങൾ ഉണ്ടാവുന്നതും പ്രവാചകൻ വളരെ യുക്തിപൂർവ്വം സംശയമെല്ലാംമാറ്റി ദമ്പതികളെ ഒന്നിപ്പിക്കുന്നതുമാണ് പ്രതിപാദ്യം. |
| 22. | വലിയ കച്ചവടപ്പാട്ട് | – | – | 1989 | പ്രവാചകൻ മുഹമ്മദ് നബി പ്രവാചകലബ്ധിക്ക് മുമ്പായി കച്ചവടത്തിലേർപ്പെട്ടിരുന്നു അക്കാലത്ത് മക്കയിലെ കുലീന കുടുംബാംഗമായ ഖദീജ എന്നവർക്കുവേണ്ടി കച്ചവടചരക്കുകളുമായി ശാമിലേക്ക് പോവുന്നതും വഴിമദ്ധ്യേ ധാരാളം അത്ഭുതങ്ങൾ സംഭവിക്കുന്നതും, ലാഭകരമായ കച്ചവടത്തിന് ശേഷം മക്കയിൽ തിരിച്ചെത്തിയ പ്രവാചകനിൽ ഖദീജ ആകൃഷ്ടയാവുന്നതും പ്രവാചകനെ വിവാഹം കഴിക്കുന്നതുമെല്ലാമാണ് കച്ചവടപ്പാട്ടിന്റെ ഇതിവൃത്തം |

*പട്ടിക -21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 23. | വലിയ ഉമർ ഖിസ്സ പ്പാട്ട് | സി.എച്ച് കുഞ്ഞായിശ തീരുരങ്ങാടി | – | – | പ്രവാചകൻ മുഹമ്മദ് നബി തന്റെ ഭാര്യ ഖദീജാബീവി യുടെ മരണത്തിൽ ദു:ഖിതനാ യിരിക്കുന്ന സമയത്ത് പ്രവാച കന്റെ മനപ്രയാസം തീർക്കാൻ അടുത്ത അനുചരൻ ഉമർ തന്റെ പൂർവ്വകഥ പറയുന്നു. ഉമറിന്റെ പൂർവ്വകാല ചരിത്ര മാണ് കൃതിയുടെ ഇതിവൃത്തം. |
| 24. | അയ്യൂബ് നബി യുടെ റഹ്മത് മാല | ചാലിലകത്ത് ഇബ്രാഹിം കുട്ടി മാസ്റ്റർ | - | - | ഒരു സ്ത്രീ തന്റെ മകനോട് വിവാഹം കഴിക്കാൻ ആവശ്യ പ്പെട്ടപ്പോൾ സ്ത്രീകളെല്ലാം വഞ്ചകികളാണെന്ന് പറഞ്ഞ് വിവാഹത്തിനു വിസമ്മതിക്കു ന്നു. അതിനുതെളിവായി ഈസാ നബി ജീവിപ്പിച്ച് കൊടുത്ത സുന്ദരിയായ ഒരു സ്ത്രീ തന്റെ ഭർത്താവിനെ വിട്ട് മറ്റൊരാളുടെ കൂടെ പോയ കഥ പറയുന്നു. ഇതിന് മറുപടിയായി ഉമ്മ പതി വ്രതയും സ്നേഹശീലയുമായ റഹ്മത്ത്ബീവിയുടെ കഥപറ ഞ്ഞുകൊടുക്കുന്നു. അയ്യൂബ് നബിയുടെ ഭാര്യയായ റഹ്മത്ത് ബീവി ഭർത്താവിന്റെ സുഖദു:ഖങ്ങളിൽ കൂടെ നിൽക്കുന്നതും കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതുമെല്ലാം വിശദമായി പറയുന്നു. ഇത് കേട്ട മകൻ വിവാഹത്തിന് സമ്മതിക്കു ന്നതാണ് പ്രതിപാദ്യം. |
| 25. | ഒട്ടകത്തിന്റെയും മാനിന്റെയും കഥ | മോയിൻകുട്ടി വൈദ്യർ | – | – | ഒരു ഒട്ടകവും മാനും നബിയുടെ അടുക്കൽവന്ന് പരാതി ബോധി പ്പിക്കുന്നതും നബി അവരുടെ സങ്കടംതീർത്തുകൊടുക്കുന്നതു മാണ് പ്രതിപാദ്യം. |
| 26. | ഹിജ്റ | മോയിൻകുട്ടി വൈദ്യർ | – | – | നബിയുടെ ജനനം മുതൽ ഉമ റിന്റെ ഇസ്ലാംമത പ്രവേശംവരെ യുള്ള ചരിത്രമത്ത അടിസ്ഥാന മാക്കിയുള്ള കാവ്യം. |
| 27. | നരിനായാട്ട് | പുലിക്കോട്ടിൽ ഹൈദർ | - | - | ഏറനാട് താലൂക്കിലെ വെള്ള ങ്ങാടിനടുത്ത് മലയിൽനിന്നും ഒരു നരിയെ പിടിച്ച കഥയാണ് ഇതിവൃത്തം. |
| 28. | സാലിഹ് നബി യുടെ ഒട്ടക ചരിത്രം ഖിസ്സപ്പാട്ട് | യെടത്തോളി മൊയ്തീൻകു ട്ടി മുസ്ല്യാർ | - | – | സമൂദ് ഗോത്രത്തിലെ പ്രവാച കൻ സാലിഹ് നബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |

*പട്ടിക –21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 23. | വലിയ ഉമർ ഖിസ്സ പ്പാട്ട് | സി.എച്ച് കുഞ്ഞായിശ തീരൂരങ്ങാടി | - | - | പ്രവാചകൻ മുഹമ്മദ് നബി തന്റെ ഭാര്യ ഖദീജാബീവി യുടെ മരണത്തിൽ ദുഃഖിതനാ യിരിക്കുന്ന സമയത്ത് പ്രവാച കന്റെ മനപ്രയാസം തീർക്കാൻ അടുത്ത അനുചരൻ ഉമർ തന്റെ പൂർവ്വകഥ പറയുന്നു. ഉമറിന്റെ പൂർവ്വകാല ചരിത്ര മാണ് കൃതിയുടെ ഇതിവൃത്തം. |
| 24. | അയ്യൂബ് നബി യുടെ റഹ്മത് മാല | ചാലിലകത്ത് ഇബ്രാഹിം കുട്ടി മാസ്റ്റർ | - | - | ഒരു സ്ത്രീ തന്റെ മകനോട് വിവാഹം കഴിക്കാൻ ആവശ്യ പ്പെട്ടപ്പോൾ സ്ത്രീകളെല്ലാം വഞ്ചകികളാണെന്ന് പറഞ്ഞ് വിവാഹത്തിനു വിസമ്മതിക്കു ന്നു. അതിനുതെളിവായി ഈസാ നബി ജീവിപ്പിച്ച് കൊടുത്ത സുന്ദരിയായ ഒരു സ്ത്രീ തന്റെ ഭർത്താവിനെ വിട്ട് മറ്റൊരാളുടെ കൂടെ പോയ കഥ പറയുന്നു. ഇതിന് മറുപടിയായി ഉമ്മ പതി വ്രതയും സ്നേഹശീലയുമായ റഹ്മത്ത്ബീവിയുടെ കഥപറ ഞ്ഞുകൊടുക്കുന്നു. അയ്യൂബ് നബിയുടെ ഭാര്യയായ റഹ്മത്ത് ബീവി ഭർത്താവിന്റെ സുഖദുഃഖങ്ങളിൽ കൂടെ നിൽക്കുന്നതും കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതുമെല്ലാം വിശദമായി പറയുന്നു. ഇത് കേട്ട മകൻ വിവാഹത്തിന് സമ്മതിക്കു ന്നതാണ് പ്രതിപാദ്യം. |
| 25. | ഒട്ടകത്തിന്റെയും മാനിന്റെയും കഥ | മോയിൻകുട്ടി വൈദ്യർ | - | - | ഒരു ഒട്ടകവും മാനും നബിയുടെ അടുക്കൽവന്ന് പരാതി ബോധി പ്പിക്കുന്നതും നബി അവരുടെ സങ്കടംതീർത്തുകൊടുക്കുന്നതു മാണ് പ്രതിപാദ്യം. |
| 26. | ഹിജ്റ | മോയിൻകുട്ടി വൈദ്യർ | - | - | നബിയുടെ ജനനം മുതൽ ഉമ റിന്റെ ഇസ്ലാംമത പ്രവേശംവരെ യുള്ള ചരിത്രത്തെ അടിസ്ഥാന മാക്കിയുള്ള കാവ്യം. |
| 27. | നരിനായാട്ട് | പുലിക്കോട്ടിൽ ഹൈദർ | - | - | ഏറനാട് താലൂക്കിലെ വെള്ള ങ്ങാടിനടുത്ത് മലയിൽനിന്നും ഒരു നരിയെ പിടിച്ച കഥയാണ് ഇതിവൃത്തം. |
| 28. | സാലിഹ് നബി യുടെ ഒട്ടക ചരിത്രം ഖിസ്സപ്പാട്ട് | ഒയടത്തോളി മൊയ്തീൻകു ട്ടി മുസ്ല്യാർ | - | - | സമൂദ് ഗോത്രത്തിലെ പ്രവാച കൻ സാലിഹ് നബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |

*പട്ടിക -21 തുടർച്ച*

### 3.6.2.4. പ്രേമകാവ്യങ്ങൾ

അറബിമലയാളത്തിൽ ചില പ്രേമകാവ്യങ്ങളുമുണ്ട്. സ്വതന്ത്രകൃതികളും പേർഷ്യൻകാവ്യങ്ങളുടെ പരിഭാഷയും ഇക്കൂട്ടത്തിൽ കാണുന്നുണ്ട്.

പട്ടിക – 22

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ശൽമിസിന്റെ പാട്ട് | - | - | 1910 | ബാല്യകാലം മുതൽ പരസ്പരം അനുരാഗബന്ധിതരായ രണ്ട് പ്രണയികളുടെ ശുഭപര്യവസായിയായ പ്രണയകഥയാണ് ഇതിവൃത്തം. |
| 2. | ബദറുൽമുനീർ കെസ് | വായ്പുള്ളിയിൽ മമ്മൂട്ടി | - | 1927 | ബദറുൽ മുനീർ, ഹുസ്നുൽ ജമാൽ എന്നിവർ തമ്മിലുള്ള പ്രണയ കഥ. ഒരു പേർഷ്യൻ നോവലിൽ നിന്നാണ് ഇതിവൃത്ത സ്വീകരണം നടത്തിയിരിക്കുന്നത്. |
| 3. | ബദറുൽമുനീർ ഹുസ്നുൽ ജമാൽ | മോയീൻകുട്ടി വൈദ്യർ | - | 1931 | ബദറുൽ മുനീർ, ഹുസ്നുൽ ജമാൽ എന്നിവർ തമ്മിലുള്ള പ്രഖ്യാതമായ പ്രണയ കഥ. ഒരു പേർഷ്യൻ നോവലിൽ നിന്നാണ് ഇതിവൃത്ത സ്വീകരണം നടത്തിയിരിക്കുന്നത് |
| 4. | സുഖസുന്ദരി മാല | എടക്കാടൻ കുഞ്ഞബ്ദുള്ള മുൻഷി | - | 1948 | അനുരാഗ ലോലമായ കാമുക ഹൃദയത്തിൽ ഉയരുന്ന ചിന്തകളും, കാമിനിയുടെ ശരീരവർണ്ണനയുമാണ് പ്രതിപാദ്യം |

### 3.6.2.5. വിലാപകാവ്യങ്ങൾ

പ്രവാചകൻമാരുടേയോ അവരുടെ ബന്ധുക്കളുടേയോ മരണരംഗമാണ് ഒട്ടുമിക്ക വിലാപകാവ്യങ്ങളുടേയും പ്രതിപാദ്യം. തുടർന്ന് അവരെമുൻനിർത്തികൊണ്ടുള്ള പ്രാർത്ഥനയും ചേർത്തിരിക്കും

പട്ടിക-23

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | വഫാത്ത് ഫാത്തിമ | കെ.ടി മുഹമ്മദ് | - | - | മുഹമ്മദ്നബിക്ക് തന്റെ മരണത്തെകുറിച്ച് ദൈവ സന്ദേശം ലഭിക്കുന്നതും രോഗബാധിതനായി ആയിശബീവിയുടെ വീട്ടിൽ കിടന്നിരുന്നതും ചില വസിയത്തുകൾ ചെയ്തതും വിവരിച്ചിരിക്കുന്നു കൂടാതെ പ്രവാചക പുത്രി ഫാത്തിമാ ബീവിയുടെ മരണ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. |
| 2. | വഫാത്തു ഖിസ്സത്തുന്നബി | എ.പി കുഞ്ഞവറു മൊല്ല | - | - | പ്രവാചകൻ മുഹമ്മദ്നബിയുടെ മരണരംഗമാണ് പ്രതിപാദ്യം |
| 3. | വഫാത്തുന്നബവിയ്യ് | ശയ്ഖ് അബ്ദുൾഖാദർ | - | - | പ്രവാചകൻ മുഹമ്മദ്നബിയുടെ മരണരംഗമാണ് പ്രതിപാദ്യം |
| 4. | വഫാത്ത് ഫാത്തിമത്ത് | സി.എച്ച് കുഞ്ഞായിശ | - | - | പ്രവാചകപുത്രി ഫാത്തിമയുടെ മരണമാണ് പ്രതിപാദ്യം |

### 3.6.2.6 ദാർശനികകാവ്യങ്ങൾ

ജീവിതത്തിന്റെ നശ്വരതയും ക്ഷണികതയും മുഖ്യപ്രമേയമാക്കികൊണ്ട് രചിക്കപ്പെട്ടവയാണ് ഈ വിഭാഗത്തിലെ കൃതികൾ.

പട്ടിക-24

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | കപ്പപ്പാട്ട് | കുഞ്ഞായിൻമുസ്ല്യാർ | - | - | മനുഷ്യജീവിതത്തെ ഒരു കപ്പൽയാത്രയോട് ഉപമിച്ചിരിക്കുന്നു. ഒരു അന്യാപദേശകൃതി |
| 2. | നൂൽമദ്ഹ് | കുഞ്ഞായിൻമുസ്ല്യാർ | - | - | മരണാനന്തര ജീവിതമുക്തികാംക്ഷിച്ചുകൊണ്ട് ലൗകിക ജീവിതത്തിൽ നിന്നും വിടുതൽചെയ്യേണ്ടതിന്റെ ആവശ്യകതയാണ് പ്രതിപാദ്യം. |
| 3. | ഹൈറാനിയ കടൽ | അബ്ദുള്ളക്കുട്ടി | - | - | ജീവിതത്തെ കാറ്റും കോളും നിറഞ്ഞ മഹാസാഗരത്തോട് ഉപമിച്ചെഴുതിയിരിക്കുന്നു. |
| 4. | സഫലമാല | കുളങ്ങരവീട്ടിൽ മൊയ്തുമുസ്ല്യാർ | - | - | സൂഫിദാർശനികകാഴ്ച്ചപ്പാടിലൂടെ ജീവിതത്തെ വിലയിരുത്തുന്ന ഒരു മിസ്റ്റിക് കാവ്യം. |

## 3.6.2.7. സർക്കീട്ട്പാട്ടുകൾ

യാത്രാവിവരണങ്ങളുടെ കാവ്യാവിഷ്കാരമാണ് സർക്കീട്ട്പാട്ടുകൾ. സഞ്ചാര സാഹിത്യവിഭാഗത്തിൽപ്പെടുത്താവുന്ന കൃതികളാണിവ.

പട്ടിക-25

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 2. | ഭദ്രാവതിസർക്കീട്ട് മാല | ആറ്റക്കോയയെന്ന മാനുതങ്ങൾ | - | 1959 | രചയിതാവ് ഭദ്രാവതിയിലേക്ക് നടത്തിയ യാത്രയാണ് പ്രതിപാദ്യം |
| 3. | രസകരമായ സർക്കീട്ട്പാട്ട് | പുലിക്കോട്ടിൽഹൈദർ | - | 1960 | കവി ഷൊർണ്ണൂരിലേക്ക് നടത്തിയ ചെറിയൊരു യാത്രയുടെ വിവരണമാണ് ഇത്. |
| 4. | ബത്തേരി സർക്കീട്ട്കീർത്തനം | എൻ. ഖാദർകുട്ടി ഫറോക്ക് | 1961 | 1961 | കോഴിക്കോട്ട് നിന്നും ബത്തേരിയിലേക്കും പിന്നീട് കുന്നംകുളത്തേക്കും നടത്തിയ യാത്രാവിവരണം |
| 5. | ഹജ്ജ്യാത്ര | വി.ടി. ബീരാൻകുട്ടി മൗലവി | - | - | കവി നടത്തിയ മക്കയിലേക്കുള്ള ഹജ്ജ്യാത്രയാണ് പ്രതിപാദ്യം |

### 3.6.2.8 കത്തുപാട്ടുകൾ

കത്തായി വായിക്കാനും, പാട്ടായി പാടാനും പറ്റിയവയാണ് കത്തുപാട്ടുകൾ എന്ന് എം.എൻ. കാരശ്ശേരി (1979:18) കത്തുപാട്ടുകളെ നിർവ്വചിക്കുന്നുണ്ട്. അറബിമല യാളത്തിലെ സന്ദേശകാവ്യങ്ങളാണിവ. കാല്പനികമായ പ്രമേയങ്ങൾക്കുപുറമെ വ്യവഹാരാവശ്യങ്ങളും കത്തുപാട്ടുകളിൽ പ്രതിപാദിച്ചുകാണുന്നുണ്ട്.

പട്ടിക–26

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | കത്തുപാട്ട് | മോയീൻകുട്ടി വൈദ്യർ | – | – | ഒരു യുവതിയോട് തോന്നിയ പ്രണയം അവളെ അറിയിച്ചുകൊണ്ടെഴുതിയ പാട്ട്. |
| 2. | മറിയക്കുട്ടി യുടെ കത്ത് | പുലിക്കോട്ടിൽഹൈദർ | – | – | ബല്ലാരിജയിലിൽഅടക്കപ്പെട്ട ഹസ്സൻകുട്ടിക്ക് ഭാര്യ മറിയക്കുട്ടി എഴുതുന്ന കത്ത്. |
| 3. | കത്തുപാട്ട് | നല്ലളംബീരാൻ | – | – | വിവാഹാഭ്യർത്ഥനനടത്തിയ അഹമ്മദിന് ആമിന അയച്ചകത്തും അഹമ്മദിന്റെ അയച്ചമറുപടിയും. |

### 3.6.2.9. സാരോപദേശ കൃതികൾ

നന്മയും സൽസ്വഭാവവും ദൈവചിന്തയും ജീവിതത്തിൽ പാലിക്കണമെന്ന് അനുവാചകരെ ഉപദേശിക്കുന്ന രീതിയിലുള്ള കാവ്യങ്ങളാണ് ഈ ഗണത്തിൽപ്പെടുന്നത്.

പട്ടിക–27

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ഉപദേശരത്ന സംഗീതമാല | പി. ആയിശക്കുട്ടി | – | 1963 | വിനോദങ്ങളിലും നേര മ്പോക്കുകളിലും മുഴുകി ഉത്തരവാദിത്വമില്ലാതെ ജീവിക്കുന്ന തന്റെ ഭർത്താവിനെ ഉപദേശി ക്കുന്ന രീതിയിലാണ് കൃതി. |
| 2. | സ്റി (സ്ത്രീ) ഉറുദിമാല | അല്ലുസാഹിബ് | – | - | ജീവിതംസംസ്ക്കരിക്കേ ണ്ടതിനെക്കുറിച്ച് സ്ത്രീകളെ ഉപദേശിക്കു ന്നകൃതി. |
| 3. | സ്റി (സ്ത്രീ) തടി ഉറുദിമാല | ഹസ്സൻകുട്ടിവൈ ദ്യർ | – | - | സ്ത്രീകളെ ഉപദേശിക്കു ന്നതാണ് പ്രതിപാദ്യം |
| 4. | മസ്അലാ ത്തുൽഫ | സയ്യിദ് മുഹമ്മ ദാലി | – | – | ഇസ്ലാമിക നിയമപ്രകാരം ജീവിക്കേണ്ടതെങ്ങനെ യെന്ന് നിർദ്ദേശിക്കുന്ന കൃതി. |

### 3.6.2.10 താരാട്ടുപാട്ട്

കുട്ടികളെ ഉറക്കാനുള്ള താരാട്ടുപാട്ടുകളും അറബിമലയാളത്തിലുണ്ട്. പ്രവാചകകഥകളും മറ്റു ഇസ്ലാമിക സംഭവങ്ങളും പ്രതിപാദിച്ചുകാണുന്നു. ഒറ്റക്കൃതിമാത്രമേ ഈ വിഭാഗത്തിൽ നിന്നായി ലഭിച്ചിട്ടുള്ളൂ.

പട്ടിക–28

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1 | അഹദാമര എന്ന താലോലപ്പാട്ട് | കോട്ടികൊല്ലത്ത് കെ.എൻ മമ്മുഞ്ഞി മൗലവി | – | 1959 | ഒരു താരാട്ട് പാട്ടാണിത്. കുഞ്ഞിനെ താലോലിക്കുന്ന തോടൊപ്പം പ്രവാചകൻ മുഹമ്മദ് നബിയുടെ മഹത്വം മുൻനിർത്തി കുഞ്ഞിനെ രക്ഷിക്കണ മെന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. |

### 3.6.2.11. കല്ല്യാണപാട്ടുകൾ

മാപ്പിള സാഹിത്യകൃതികളിൽ ഏറ്റവും പഴക്കമുള്ള പാട്ടുകളാണ് കല്ല്യാണപ്പാട്ടുകൾ. വിവാഹം, സുന്നത്ത് കല്ല്യാണം, കാതുകുത്ത് മുതലായ ആഘോഷങ്ങളോട് അനുബന്ധിച്ച് അരങ്ങേറുന്ന ഒപ്പനകളിൽപാടിയിരുന്ന ഒപ്പനപ്പാട്ടുകളും, വിവാഹത്തലേന്നു നടക്കുന്ന മൈലാഞ്ചികല്ല്യാണത്തോടനുബന്ധിച്ച് പാടിയിരുന്ന മൈലാഞ്ചിപ്പാട്ടുകളും, നവവരനെ സൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട അമ്മായിപ്പാട്ടുകളും പ്രവാചകന്റെ സ്വർഗ്ഗീയ വിവാഹത്തെ വർണ്ണിക്കുന്ന തൃക്കല്ല്യാണപ്പാട്ടുകളുമടങ്ങിയ വലിയ ഒരു ഗാനശേഖരം കല്ല്യാണപ്പാട്ട് വിഭാഗത്തിൽ ഉൾക്കൊള്ളുന്നു.

ഈ വിഭാഗത്തിൽപ്പെടുന്ന പ്രാചീന കൃതികളെ പഴയത് എന്നും പിൽക്കാലത്തുണ്ടായവയെ പുതിയത് എന്നും വിളിച്ചുവരുന്നു. പഴയ കൃതികളുടെ കർത്താവ്, കാലം എന്നിവയെക്കുറിച്ച് ഒരു സൂചനയും ലഭ്യമല്ല. എന്നാലും പ്രതിപാദന രീതി, പ്രമേയാവതരണം എന്നിവയുടെ അടിസ്ഥാനത്തിൽ പഴയതും പുതിയതും വേർതിരിച്ചറിയാൻകഴിയും.

പട്ടിക-29

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ആലത്തിൽ മൂലം (മൂല പുരാണം) | കോട്ടപ്പറമ്പത്ത് കുഞ്ഞക്കാക്ക | - | 1920 | പ്രവാചകൻ മുഹമ്മദ് നബി അബൂബക്കർ ഉമർ ഖദീജാ ബീവി ആയിശാബീവി എന്നിവരുടെ മഹത്വം വർണ്ണിച്ചെഴുതിയ കല്ല്യാണപ്പാട്ട്. |
| 2. | താജപ്പൂമാലകൾ | ചെമ്പകശ്ശേരിപറമ്പിൽ വലിയ തൊടുക അഹമ്മദ്കുട്ടിമൊല്ലയും ഗുരുനാഥൻമാരും | - | 1923 | ചില കല്ല്യാണപ്പാട്ടുകളും ഒരു ഹിന്ദുസ്ഥാനി ഗാനം ബൊംബെമാർക്കറ്റിന് തീപിടിച്ചതിനെ വർണ്ണിക്കുന്ന ബൊംബെ മാർക്കറ്റിപ്പാട്ട് ഹുസനുൽ ജമാൽ കെസ് ഗ്രീക്ക് യുദ്ധപ്പാട്ട് കപ്പൽ മറിഞ്ഞ് ചരക്ക് നഷ്ട്ടപ്പെട്ട പാട്ട് എന്നിവയെല്ലാമാണ് ഉള്ളടക്കം. |

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 3. | മംഗലസാര സംഗതിമാല | പൊന്നാനിഒറ്റകത്ത് കുഞ്ഞി ബാവ എന്ന ബുവാരി | - | 1924 | പൊന്നാനിയിലെ നാട്ടുപ്രമാണിയും പൗരപ്രമുഖനുമായ വലിയ ഖാൻസാഹിബ് ആറ്റക്കോയ വലിയ തങ്ങളുടെ മകളുടെയും കൊച്ചി തക്ക്യാവിൽ ആറ്റക്കോയ തങ്ങളുടെ മരുമകന്റേയും കല്ല്യാണാഘോഷമാണ് പ്രതിപാദ്യം. |
| 4. | പലവക സഭപ്പാട്ടുകൾ | ചെമ്പകശ്ശേരി അഹമ്മദ്കുട്ടിമു | - | 1928 | കല്ല്യാണ അവസരങ്ങളിലും, മറ്റ് ആഘോഷ സമയങ്ങളിലും പാടാനുള്ള ഗാനങ്ങളുടെ സമാഹാരമാണ് ഇത്. |
| 5. | തശിരിഫ് ഒപ്പനപ്പാട്ട് | മാട്ടുങ്ങൾ കുഞ്ഞിമക്കായ | - | 1956 | ഇസ്ലാം മത പ്രവാചകനായ മുഹമ്മദ് നബിയുടെ ജനനം, ജീവിതത്തിലെ വിവിധ സംഭവങ്ങൾ എന്നിവയെല്ലാമാണ് പ്രതിപാദ്യം. |
| 6. | സഭവിളക്കിപ്പാട്ട് | കണ്ണൂർ വെളുത്താണ്ടി അബ്ദുൾ ഖാദർ | - | 1956 | ഇസ്ലാം മത പ്രവാചകനായ മുഹമ്മദ്നബി, പ്രധാന അനുചരൻമാരും ഖലീഫമാരുമായ അബൂബക്കർ സിദ്ധിഖ്, ഉമർ, ഉസ്മാൻ, അലി എന്നിവരുടെ മഹത്വങ്ങൾ |
| 7. | പഴയ അമ്മായിപ്പാട്ട് | - | - | 1960 | മരുമകന് അമ്മായി (ഭാര്യാ മാതാവ്) വിശിഷ്ടമായ വിഭവങ്ങൾ ഒരുക്കുന്നതും വളരെ സ്നേഹത്തോടെ സൽക്കരിക്കുന്നതുമെല്ലാമാണ് പ്രതിപാദ്യം. |
| 8. | മംഗലാലങ്കാരം പുതുക്കപ്പാട്ട് | ആമിനക്കുട്ടി | - | 1961 | കല്ല്യാണാവസരങ്ങളിൽ വധുവിനെ ആനയിച്ചുകൊണ്ട് പാടാനുള്ള ക്ല്യാണപാട്ടുളാണ് പ്രതിപാദ്യം. |
| 9.. | മംഗലപൊങ്ങാര സംഗീതം | പൊന്നാനി വളന്നൂർ പി.കോയ | - | 1962 | വിവാഹസമയത്ത് മണവാട്ടിയെ ആനയിക്കുമ്പോൾ പാടുന്നപാട്ടും മലപ്പുറംപടയും അതിൽ രക്തസാക്ഷികളായവരുടെ മഹത്വവും ഉൾക്കൊള്ളുന്നതാണ് കൃതി. |

*പട്ടിക – 29 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 10. | ആദി മുതൽ പുരാണം ഒപ്പന പ്പാട്ട് | - | - | 1963 | പ്രവാചകൻ മുഹമ്മദ് നബി യുടെ ജനനം, തൽസമയത്ത് ലോകത്തുണ്ടായ അത്ഭുത ങ്ങൾ, ദൈവസിംഹാസനത്തിന്റെ വർണ്ണന, ദൈവം ഒരു സർപ്പത്തെ സൃഷ്ടിച്ച കഥ |
| 11. | മംഗളാലങ്കാരം എന്ന സ്ത്രീപുതു ക്കപ്പാട്ട് | കെ.ടി മുഹമ്മദ് | - | 1971 | കല്ല്യാണ ദിവസം മണവാട്ടി വരന്റെ ഗൃഹത്തിലേക്ക് പോകുമ്പോൾ പാടാനുള്ള പുതുക്കപ്പാട്ടുകളാണ്. |
| 12. | കല്ല്യാണ സുന്ദരി | കെ.ടി. മുഹമ്മദ് | 1971 | 1971 | മുസ്ലിം വിവാഹാഘോഷങ്ങളു മായി ബന്ധപ്പെട്ട കാര്യങ്ങ ളാണ് പ്രതിപാദ്യം. |
| 13. | മംഗലപ്പാട്ട് | എ.പി മുഹമ്മദ് മൗലവി | - | 1971 | മുസ്ലിം വിവാഹാവസരങ്ങളിൽ പാടാൻ വേണ്ടിയുള്ള കല്ല്യാണ പ്പാട്ടുകളാണ് പ്രതിപാദ്യം. |
| 14. | സൂര്യ കുമാരി മാല | ഒ.കെ കുഞ്ഞിമു ഹമ്മദ് | 1924 | 1976 | വിവാഹാവസങ്ങളിൽ പാടാ നുള്ള കല്ല്യാണപ്പാട്ടുകളാണ് |
| 15. | ചന്ദിര സുന്ദരി മാല | പി.കെ ഹലീമ | - | 1983 | പ്രവാചകന്റെ വിവാഹം, പ്രവാ ചകപത്നി ഖദീജബീവിയെ സംബന്ധിച്ച് മകൾ ഫാത്തി മയും സപത്നി ആയിശയും തമ്മിലുണ്ടായ വാദപ്രതിവാദം എന്നിവയെല്ലാമാണ് പ്രതി പാദ്യം വിവാഹാവസരങ്ങളിൽ പാടാനുണ്ടാക്കിയതാണ് കൃതി. |

*പട്ടിക - 29 തുടർച്ച*

### 3.6.2.12. ഇതരകാവ്യശാഖകൾ

മേൽ സൂചിപ്പിച്ച കാവ്യശാഖകൾക്ക് പുറമെ വേറെചില കാവ്യ പാരമ്പര്യ ങ്ങളും അറബിമലയാളത്തിലുണ്ട്. പക്ഷെ ഈ വിഭാഗത്തിൽനിന്നും കൃതികളെന്ന് പരിഗണിക്കാവുന്ന രചനകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

#### 3.6.2.12.1. അമ്പകൾ

ക്ലേശം നിറഞ്ഞ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ ജോലിഭാരം ലഘൂകരി ക്കാൻ വേണ്ടി താളാത്മകമായി ചൊല്ലുന്ന വിനോദഗാനങ്ങളാണിത്.

### 3.6.2.12.2. പൂപ്പേച്ചൽ

കുട്ടികൾ സംഘമായി മത്സരിച്ച് പാടുന്ന പാട്ടുസമ്പ്രദായമാണ് പൂപ്പേച്ചലുകൾ. പൂവുകൾ, മൃഗങ്ങൾ, പറവകൾ, വീട്ടുപകരണങ്ങൾ പലഹാരങ്ങൾ എന്നിങ്ങനെ ഓരോ വിഭാഗത്തിൽപ്പെട്ട സാധനങ്ങളുടേയും പേര് ചൊല്ലി മത്സരിക്കുന്ന കാവ്യരീതിയാണിത്.

മേൽപറഞ്ഞവകൂടാതെ അന്നു സമൂഹത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന പല ആഭരണങ്ങളുടെയും പേരുകൾ, വിവിധ മത്സ്യങ്ങളുടെ പേരുകൾ, ദേശങ്ങളുടെ പേരുകൾ തുടങ്ങിയവ മാലപോലെ കോർത്ത് പാടുന്ന പാട്ടുകളും ഉണ്ട്.

### 3.6.3 പദ്യകൃതികളുടെ രചനാസങ്കേതങ്ങൾ

അറബിമലയാളപദ്യകൃതികളുടെ രചനാസങ്കേതങ്ങൾ ലക്ഷണശാസ്ത്രഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല. എന്നാൽ കൃത്യമായ രചനാനിയമങ്ങൾ പാലിച്ചുകൊണ്ടാണ് കൃതികൾ രചിക്കപ്പെട്ടിട്ടുള്ളത്. ഇശലുകൾ എന്ന പേരിലാണ് അറബിമലയാള പദ്യകൃതികളുടെ രചനാസമ്പ്രദായം അറിയപ്പെടുന്നത്. വൃത്തവിശേഷങ്ങൾ തന്നെയാണ് ഇശലുകൾ. താളാത്മകയും സംഗീതാത്മകതയും കൈവരിക്കാൻ സഹായിക്കുന്നതോടൊപ്പം പദ്യത്തിന്റെ ആകർഷണീയതയും, ഭാവപ്രകടനവും സാധ്യമാക്കാൻ ഈ രചനാരീതി സഹായിക്കുന്നു.

> ഏതൊരു പദപ്രയോഗത്തിനും സാധാരണയിൽ കവിഞ്ഞ ഒരു സംവേദകത്വം നൽകാൻ നിശ്ചിതമായ പദവിന്യാസക്രമം സഹായിക്കുന്നു. സാധാരണ ഭാഷയിൽ കവിഞ്ഞ മാധുര്യമോ ശക്തിയോ പകരുന്ന, വാക്കിന് വശ്യതവരുത്തുന്ന ശബ്ദവിന്യാസ ക്രമമാണ് വൃത്തം (നാരായണകുറുപ്പ്, 1992:32)

മാപ്പിളപ്പാട്ടുൾപ്പെടെയുള്ള നമ്മുടെ പഴയ സാഹിത്യത്തിൽ ഇനിയും പലപല വിചിത്ര വൃത്തങ്ങൾ ഉപയോഗക്ഷമങ്ങളായിട്ടുണ്ട് (കുട്ടികൃഷ്ണമാരാർ, 1964:5)

ഈ അർത്ഥത്തിൽ അറബിമലയാള പദ്യകൃതികളിലെ ഇശലുകളെ വൃത്തങ്ങളായും പരിഗണിക്കാവുന്നതാണ്.

3.6.3.1. ഇശലുകൾ

പൂർവ്വ സൃഷ്ടിയായ ഒരു കൃതിയുടെ അതേ താളവും ഈണവും മാതൃകയാക്കി രചിക്കപ്പെടുന്ന ഒരു പദ്യത്തിന്റെഇശൽ പൂർവ്വ കൃതിയുടേയോ കൃതിയുടെ ആദ്യവരിയുടേയോ പേരിൽ അറിയപ്പെടുന്നു. ആ പദ്യം ചൊല്ലുന്ന രീതിയിൽ ചൊല്ലാം എന്ന മട്ട്. അറബിമലയാളകൃതികളുടെ കാര്യത്തിൽ മാത്രമല്ല മലയാളത്തിലും ആദ്യകാലങ്ങളിൽ ഇതുതന്നെയായിരുന്നു രീതി.

> "ശാസ്ത്രത്തിൽ നൂറുനൂറുതരം വൃത്തങ്ങൾക്കൊക്കെ പേരിടുക എന്നത് അത്രവലിയ കാര്യമൊന്നുമല്ല. അവയ്ക്കൊക്കെ ചൊല്ലുന്നമട്ടാണ് പ്രധാനം. അതനുസരിച്ച് ജനഗണമന എന്നമട്ട്, പൂവേപൊലി എന്നമട്ട് എന്നും മറ്റും പറഞ്ഞാൽ പേരിട്ട ഫലമായി. നമ്മുടെ ഭാഷയിൽ പണ്ടൊക്കെ അങ്ങിനെയാണ് ചെയ്തിരുന്നത്" (കുട്ടികൃഷ്ണമാരാർ, 1955/1966:7).

ഇശൽ *കപ്പപ്പാട്ട്* എന്നുപറഞ്ഞാൽ കപ്പപ്പാട്ട് എഴുതപ്പെട്ട അതേ ഈണത്തിൽ ചൊല്ലേണ്ടകൃതി എന്നാണർത്ഥം. കപ്പപ്പാട്ട് എന്നത് കണ്ടെടുക്കപ്പെട്ട അറബി മലയാള കൃതികളിൽ രണ്ടാമത്തേതാണ്. ഇശൽ *ഹഖാന* എന്ന് പറഞ്ഞാൽ അതിനർത്ഥം *ഹഖാനക്കോനമറാൽമക്കാവ് വിട്ട് നബി* എന്നു തുടങ്ങുന്ന, മോയിൻകുട്ടി വൈദ്യർ എഴുതിയ മാപ്പിളപ്പാട്ടിന്റെ അതേ ഈണത്തിൽ രചിക്കപ്പെട്ടതും പാടേണ്ടതുമായ പദ്യം എന്നാണ്.

കപ്പപ്പാട്ട് പാടി കേട്ട ഒരാൾക്ക് മാത്രമേ കപ്പപ്പാട്ട് ഇശലിൽ രചിക്കപ്പെട്ട ഒരു കൃതി പാടാൻ കഴിയു എന്ന പരിമിതി ഇതിനുണ്ട്. അറബിമലയാള കാവ്യങ്ങൾ വാമൊഴിയായി പ്രചരിച്ചു വന്നതിനാൽ ഇത് മനസ്സിലാക്കാൻ പൊതുവെ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. പാടി രസിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമാണ് അറബിമലയാള പദ്യ കൃതികൾ രചിക്കപ്പെട്ടിട്ടുള്ളത്. വായിച്ചാസ്വദിക്കുക എന്ന ലക്ഷ്യം രചനയെ സ്വാധീനിച്ചിട്ടില്ല.

> മട്ടുകളാട്ടെ ചൊല്ലിക്കേട്ടു പഠിക്കേണ്ടവയാണ്. എഴുതിക്കേട്ടു മനസ്സിലാക്കുക എളുപ്പമല്ല. എങ്കിലും വൃത്തങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നോക്കിയാൽ ഏതാണ്ടൊക്കെ സാധിക്കും വായിക്കുന്നവർക്ക് വല്ല ചിലപാട്ടും അറിഞ്ഞിരിക്കണമെന്നേയുള്ളു (കുട്ടികൃഷ്ണമാരാർ, 1955/1966:8)

മാത്രാപ്രധാനമായി ഈ വൃത്തമെന്ന് ലക്ഷണം പറഞ്ഞിട്ടില്ലെങ്കിലും താളാത്മകതയും പദക്രമവും അറബിമലയാള കൃതികൾ പാലിച്ചിട്ടുണ്ട്. രചനകൾ നിർവ്വഹിക്കുമ്പോൾ സമൂഹത്തിൽ നിലവിലുള്ള വാമൊഴിപ്പഴക്കങ്ങളുടേയും പാട്ടുരീതികളുടേയും ചുവടുപിടിച്ചുകൊണ്ടാണ് ഇത് സാധിക്കുന്നത്. നാടൻപാട്ടുകളുടെയും കഥാഗാനങ്ങളുടെയും ഈണവും താളവും അതേപടിയോ ഭേദത്തോടുകൂടിയോ സ്വീകരിക്കുകയാണ് ആദ്യകാല രചയിതാക്കൾ ചെയ്തിട്ടുള്ളത്.

> ഏറ്റവും കൂടുതലായി വൃത്തങ്ങളും താളഭേദങ്ങളും ഉപയോഗിച്ച കുഞ്ചൻനമ്പ്യാർ പോലും അതേ ചെയ്തുള്ളു. മലയാളത്തിൽ രാമചരിതകാരന്റെ നാട്ടുഗാന രീതികളെ അതുപോലെ കൈകൊണ്ടു. അതുകൊണ്ടു തന്നെ ചെയ്ത നിരണം കവികൾ ഒരു പ്രത്യേക താളം (കാക്കേ കാക്കേ കൂടെവിടെ എന്ന താളക്രമം) സ്വീകരിക്കാനും അതിൽ വൈവിധ്യം ഉണ്ടാക്കാനുമാണ് കൂടുതൽ ശ്രദ്ധിച്ചത്(നാരായണക്കുറുപ്പ്, 1992:20)

അറബിമലയാള കൃതികളിലെ കണ്ടെടുക്കപ്പെട്ട ആദ്യ കൃതിയായ 'മുഹ്‌യിദ്ദീൻമാല' ആലാപനം ലക്ഷ്യംവെച്ചെഴുതിയ കാവ്യമാണ്. ഈ കൃതി ഇന്നമട്ടിൽ ചൊല്ലണം എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

ആദിയുമന്തവും വേദവു മാമിവൾ

ആദിയായ് വേദത്തിൻ കാതലൊളിപ്പവൾ - എന്ന പഴയൊരുപ്പാട്ടിന്റ് ഈണത്തിലാണ് ഇത് ചൊല്ലുന്നത്. ഇതാവട്ടെ

വൈതാലെനീതിയെ വെള്ളിവിളങ്കലിൽ

ഐത്താലി നോഞ്ചി തരാലിയിനാന്റെമാർ - എന്ന തമിഴ് പദ്യത്തിന്റെ അതേ ഈണത്തിലാണ്താനും. ഇതേ ഈണത്തിൽ തന്നെ മുഹ്‌യിദ്ദീൻമാല മുഴുവനായും പാടാൻ കഴിയുന്നുണ്ട്. മുഹ്‌യദ്ദീൻമാലയിലെ ധാരാളം നിരകൾ കാകളിയുടെ ലക്ഷണത്തിന് നിരക്കുന്നുണ്ട്. ഉദാ:-

– – ᴗ   – – ᴗ   – – ᴗ   – – ᴗ
കോഴീടെ / മുള്ളോട് / കൂകെന്ന് / ചൊന്നാരെ

– – ᴗ   – – ᴗ   – – ᴗ   – – ᴗ
കൂശാതെ / കൂകിപ്പ / റപ്പിച്ചു / വിട്ടോവർ

എന്നാൽ ഇതിനർത്ഥം മുഹ്‌യിദ്ദീൻമാല കാകളി വൃത്തത്തിൽ എഴുതി എന്നല്ല; മറിച്ച് കാകളിയുടെ താളക്രമം മുഹ്‌യിദ്ദീൻമാല ദീക്ഷിക്കുന്നു എന്നുമാത്രം. കാകളി വൃത്തത്തിന്റെ നിയതമായ ചട്ടക്കൂടിൽ നിന്നും അല്പസ്വല്പം വ്യത്യാസങ്ങൾ പല വരികളും പുലർത്തുന്നതായും കാണാം.

വളരെ പ്രാചീനമായ ഒരു വൃത്തമാണ് കാകളി. ഗ്രാമ്യരീതികളുടെ താളക്രമം കാകളിയുടെ രചനാമാനദണ്ഡങ്ങളുടേതിനോടടുത്തു നിൽക്കുന്നവയാണ്. ആയതിനാൽ നിലവിലുള്ള ഗാനരീതിയുടെ ചുവടുപിടിച്ചു പദ്യരചന നടത്തിയ ആളുകളുടെ

പാത പിൻതുടർന്നു. പിന്നീട് അതേ താളക്രമത്തിലും പദവിന്യാസത്തിലും കൃതികൾ രചിക്കപ്പെട്ടു. ആലാപനം ഒന്നു മാത്രമാണ് രചനാലക്ഷ്യം എന്നതിനാൽ സംഗീതാത്മകതയ്ക്കാണ് അറബിമലയാള പദ്യകൃതികൾ മുൻതൂക്കം നൽകിയിട്ടുള്ളത്. എളുപ്പം ഓർത്തുവെക്കാനും ശ്രവണസുഖം നൽകുവാനുമുതകുന്നമട്ടിൽ താളാത്മകതയും ഈണവും ഉറപ്പുവരുത്തികൊണ്ടുള്ള പദവിന്യാസപ്രയോഗമാണ് മാപ്പിളപ്പാട്ടുകളുടെ രചനാരീതി. ഇതാവട്ടെ നിയതവും നിർവ്വചിക്കപ്പെട്ടതുമായ ലക്ഷണവിചാരങ്ങൾക്ക് പാത്രീഭവിച്ചിട്ടില്ല എന്നു മാത്രം.

ഇതിവൃത്തത്തിന്റെ ഭാവവും വികാരവും ഉൾക്കൊണ്ടുകൊണ്ട് ആലപിക്കാൻ കഴിയുന്ന ഇശലുകൾ സ്വീകരിക്കുന്നതിന് മാപ്പിളകവികൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. പ്രതിപാദ്യരസത്തെ പൂർണ്ണമായും ദ്യോതിപ്പിക്കുന്ന താളക്രമം അറബിമലയാളപദ്യകൃതികളുടെ ഒരു പ്രത്യേകത തന്നെയാണ്. മാലപ്പാട്ടുകളുടെ സാത്വികതയും കല്ല്യാണപാട്ടുകളിലെ ആലങ്കാരികതയും പടപ്പാട്ടിലെ ധീരതയും ധ്വനിപ്പിക്കേണ്ടിവരുമ്പോൾ വ്യത്യസ്തവും ഉചിതവുമായ താളക്രമമാണ് ദീക്ഷിക്കുന്നത്.

മലയാളഗാനപാരമ്പര്യരീതി പിന്തുടരുന്നതുകൊണ്ട് ഈരടികളാണ് പാട്ടിൽ പൊതുവെ കാണുന്നത്. തമിഴിലും മലയാളകാവ്യങ്ങളിലും ഇതേരീതിയാണ് പാലിച്ചുപോരുന്നത്. ഈരടിയിലെ ഓരോവരിയേയും പാദങ്ങളെന്നാണ് വിളിക്കുന്നത്. രണ്ട് പാദങ്ങൾ കൂടിച്ചേർന്ന ഈരടിയെ മാപ്പിളപ്പാട്ടിൽ പൊതുവെ മൊഴി എന്നു വിളിക്കാറുണ്ട്. രണ്ടിലധികം പാദങ്ങളുള്ള ധാരാളം മൊഴികൾ മാപ്പിളപ്പാട്ടിൽ കാണാൻകഴിയുന്നുണ്ട്. ഈ കാവ്യ വ്യവസ്ഥയില്ലായ്മ മാപ്പിളപ്പാട്ടിന്റെ മാത്രം പ്രശ്നമല്ല. ദ്രാവിഡവൃത്തസ്വീകരണം നടത്തിയ മലയാളപദ്യങ്ങളിലും കാണാവുന്നതാണ്. ഈരടി; പൂർത്തീകരണം സാധിക്കേണ്ട ഒരു ഏകകമാണ് എന്ന് കാണേണ്ടതെന്ന് എ.ആർ.രാജരാജവർമ്മ (1967:17) സൂചിപ്പിക്കുന്നുണ്ട്.

പാത പിൻതുടർന്നു. പിന്നീട് അതേ താളക്രമത്തിലും പദവിന്യാസത്തിലും കൃതികൾ രചിക്കപ്പെട്ടു. ആലാപനം ഒന്നു മാത്രമാണ് രചനാലക്ഷ്യം എന്നതിനാൽ സംഗീതാത്മകതയ്ക്കാണ് അറബിമലയാള പദ്യകൃതികൾ മുൻതൂക്കം നൽകിയിട്ടുള്ളത്. എളുപ്പം ഓർത്തുവെക്കാനും ശ്രവണസുഖം നൽകുവാനുമുതകുന്നമട്ടിൽ താളാത്മകതയും ഈണവും ഉറപ്പുവരുത്തികൊണ്ടുള്ള പദവിന്യാസപ്രയോഗമാണ് മാപ്പിളപ്പാട്ടുകളുടെ രചനാരീതി. ഇതാവട്ടെ നിയതവും നിർവ്വചിക്കപ്പെട്ടതുമായ ലക്ഷണവിചാരങ്ങൾക്ക് പാത്രീഭവിച്ചിട്ടില്ല എന്നു മാത്രം.

ഇതിവൃത്തത്തിന്റെ ഭാവവും വികാരവും ഉൾക്കൊണ്ടുകൊണ്ട് ആലപിക്കാൻ കഴിയുന്ന ഇശലുകൾ സ്വീകരിക്കുന്നതിന് മാപ്പിളകവികൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. പ്രതിപാദ്യരസത്തെ പൂർണ്ണമായും ദ്യോതിപ്പിക്കുന്ന താളക്രമം അറബിമലയാളപദ്യകൃതികളുടെ ഒരു പ്രത്യേകത തന്നെയാണ്. മാലപ്പാട്ടുകളുടെ സാത്വികതയും കല്ല്യാണപാട്ടുകളിലെ ആലങ്കാരികതയും പടപ്പാട്ടിലെ ധീരതയും ധ്വനിപ്പിക്കേണ്ടിവരുമ്പോൾ വ്യത്യസ്തവും ഉചിതവുമായ താളക്രമമാണ് ദീക്ഷിക്കുന്നത്.

മലയാളഗാനപാരമ്പര്യരീതി പിന്തുടരുന്നതുകൊണ്ട് ഈരടികളാണ് പാട്ടിൽ പൊതുവെ കാണുന്നത്. തമിഴിലും മലയാളകാവ്യങ്ങളിലും ഇതേരീതിയാണ് പാലിച്ചുപോരുന്നത്. ഈരടിയിലെ ഓരോവരിയേയും പാദങ്ങളെന്നാണ് വിളിക്കുന്നത്. രണ്ട് പാദങ്ങൾ കൂടിച്ചേർന്ന ഈരടിയെ മാപ്പിളപ്പാട്ടിൽ പൊതുവെ മൊഴി എന്നു വിളിക്കാറുണ്ട്. രണ്ടിലധികം പാദങ്ങളുള്ള ധാരാളം മൊഴികൾ മാപ്പിളപ്പാട്ടിൽ കാണാൻകഴിയുന്നുണ്ട്. ഈ കാവ്യ വ്യവസ്ഥയില്ലായ്മ മാപ്പിളപ്പാട്ടിന്റെ മാത്രം പ്രശ്നമല്ല, ദ്രാവിഡവൃത്തസ്വീകരണം നടത്തിയ മലയാളപദ്യങ്ങളിലും കാണാവുന്നതാണ്. ഈരടി; പൂർത്തീകരണം സാധിക്കേണ്ട ഒരു ഏകകമാണ് എന്ന് കാണേണ്ടെന്ന് ഏ.ആർ.രാജരാജവർമ്മ (1967:17) സൂചിപ്പിക്കുന്നുണ്ട്.

> ശ്ലോകത്തിലെ പോലെ ഈരടികളിൽ അന്വയം പൂർണ്ണമാക്കണമെന്ന് നിർബന്ധമില്ല. ഈരടി ശ്ലോകം പോലെ ഒന്ന് എന്നെണ്ണാവുന്ന ഒരൊറ്റപരി പൂർണ്ണവസ്തുവല്ല (രാജരാജവർമ്മ, 1976:17).

ഇത്തരത്തിലുള്ള മൊഴികളുടെ എണ്ണവ്യത്യാസങ്ങളാണ് വിവിധ ഇശലുകളെ പരസ്പരം വ്യാവർത്തിപ്പിച്ച് നിർത്തുന്നത്.

**3.6.3.2. അലങ്കാരങ്ങൾ**

ഇശലുകളിൽനിന്ന് വ്യത്യസ്തമാണ് അറബിമലയാള പദ്യകൃതികളിലെ അലങ്കാരങ്ങളുടെ അവസ്ഥ. അറബിമലയാള കാവ്യങ്ങളിലെ അലങ്കാരങ്ങൾക്ക് നിശ്ചിതമായ ലക്ഷണങ്ങൾ നിർണ്ണയിച്ചുകൊണ്ട് ആരുംതന്നെ ഒരു ഗ്രന്ഥവും എഴുതിയിട്ടില്ലെങ്കിലും ചില ശബ്ദാലങ്കാരങ്ങൾക്കുമാത്രം കൃത്യമായ നിർവ്വചനങ്ങൾ നിലവിലുണ്ട്. ശബ്ദാലങ്കാരങ്ങൾക്ക് ഇത്തരത്തിൽ *പ്രാധാന്യം കൈവന്നത് ആലാപനത്തിനാണ്* മാപ്പിളപ്പാട്ടിൽ മുൻതൂക്കം എന്നതുകൊണ്ടാണ്. എന്നാൽ അർത്ഥാലങ്കാരങ്ങൾക്ക് പ്രത്യേകം ലക്ഷണം പരാമർശിക്കപ്പെട്ടില്ലെങ്കിലും അർത്ഥാലങ്കാര വിശേഷങ്ങൾ മാപ്പിളപ്പാട്ടിൽ ഇല്ലെന്നു കരുതേണ്ടതില്ല.

**3.6.3.2.1. പ്രധാനപ്പെട്ട ശബ്ദാലങ്കാരങ്ങൾ**

അക്ഷരപ്രാസംതന്നെയാണ് അറബിമലയാളത്തിലെ ശബ്ദാലങ്കാരങ്ങൾ. നിശ്ചിത ക്രമത്തിൽ ഒരേഅക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന രീതിയാണ് കാണുന്നത്. ആവർത്തനത്തിന്റെ ക്രമവ്യത്യാസമനുസരിച്ച് അലങ്കാരങ്ങൾക്ക് വ്യത്യസ്തപേരുകൾ നൽകിയിരിക്കുന്നു.

**3.6.3.2.1.1. കമ്പി**

ഒരു മൊഴിയിലെ ഓരോപദത്തിലേയും ആദ്യാക്ഷരം ഒന്നുതന്നെയാകുന്നതിനെയാണ് *കമ്പി* എന്നുപറയുന്നത്. കമ്പിക്കുദാഹരണമാണ് താഴെകൊടുക്കുന്നത്:

*മനം നല്ലെ വസീറാവൽ വിവരങ്ങൾ വിശദമായ്*

*മഹാരാജാവിനോട്ടുത്തെങ്കിലും മാനെ - രാജൻ*

*മതിയല്ലന്നുമേ പതിയുകന്നിയെ തിരിഞ്ഞആനെ - മറുപടി*

*മമതയൊടി മനവുടുമെയവർ ചതി വരുത്താനെ*

3.6.3.2.1.2. കഴുത്ത്

തുടർച്ചയായ നാലുമൊഴികളിൽ ഓരോമൊഴിയിലേയും ആദ്യപാദത്തിലെ രണ്ടാമത്തെ അക്ഷരം ഒരേപോലെ ആയാൽ അതിനെ *കഴുത്ത്* എന്ന് പറയും

*നടകൊണ്ട് ശാഹുൽ വുജുദാനെ ശാഹാ*

*നൈനാർ അറികർ വക്കത്തബിതാഹാ*

*പാട്ടികൊണ്ട് അന്നബിക്ക് ഔലാഹ്*

*ചോരിശാ പുണ്ടെശുന്നിള്ളലായ് ജാഹാ*

*പൊട്ടിക്കൊണ്ടപോക്ക് നബിയും ബദിറാ*

*പേലല്ല ചൊല്ലാൻ സഹാബുവതാറാ*

*വിട്ടുകൊണ്ട് ബെള്ളൽ അറികോരും സാറാ*

*ബലൗത്തെ താളഫിൽ എത്തി സുമതേ*

3.6.3.2.1.3. വാൽക്കമ്പി

ഒരു മൊഴിയിലെ എല്ലാ പാദത്തിലേയും അവസാനത്തെ അക്ഷരം ഒരു പോലെ വരുന്നതിന് *വാൽക്കമ്പി* എന്നുപറയുന്നു.

*ഉളരിടെ ഉംഉംമും നാഖത്തേറി നടക്കുന്നേ*

*ഉമ്മുൽ ഖുറാവിൽ അണയും മൂന്ന് ദിനം മുന്നേ*

*തെളിവർ നബിക്കുമെത്തായ ആത്തിക്ക് ഉമ്മതാൻ*

*തേറിതിയിൽ തന്നിൽ കണ്ടാതേകമനാ താൻ*

*പളമാം ഹാറാനക്കാനാവ് കണ്ടകുളർത്താളെ*

*പകലിൽ അഞ്ചാസൈവരുത്തി ചേതിമൊളിന്താളെ*

*ഔർമക്കനിയെ ഈയൂറിലുള്ള തലവർക്ക്*

*കഷ്ടിൽ വലിയ ബലാൽ വരുന്നുണ്ട് ലാശക്ക്*

**3.6.3.2.1.4. വാലുമ്മൽകമ്പി**

നാലാമത്തെ മൊഴിയിലെ അവസാനത്തെ വാക്കുകൊണ്ട് അഞ്ചാമത്തെമൊഴി ആരംഭിച്ചാൽ അത് *വാലുമ്മകമ്പി* എന്ന ശബ്ദാലങ്കാരമായി.

*ഉളരീടെ ഉംളവും നാഖത്തേറി നടക്കുന്നേ*

*ഉമ്മുൽ ഖുറാവിൽ അണയും മൂന്ന് ദിനം മുന്നേ – (മൊഴി 1)*

*തെളിവർ നബിക്കമ്മെത്തായ ആത്തിക്കളമ്മതാൻ*

*തേറിതുയിൽ താന്നിൽ കണ്ടാളെ കമനായ് താൻ – (മൊഴി 2)*

*പളമാം ബൈദാനകിനാവ് കണ്ടെകുളർന്താളേ*

*പകലിൽ അഞ്ചാസൈ വരുത്തി ചേദിമൊളിന്തളെ – (മൊഴി 3)*

*കളർമക്കനിയെ ഈയുറിലുള്ള തലവർക്ക്*

*കല്ലിൽ വലിയ ബലാൽ വരുന്നുണ്ട് ലാശക്ക് – (മൊഴി 4)*

*കക്കില്ലാ കണ്ടെൻ ഒരു കനവ് മളല്ലെലി*

*കാബാണ്ടാമൊട്ടകം എറിനിങ്ങ് ബത്വഹായിൽ – (മൊഴി 5)*

ഇങ്ങനെ പ്രത്യേകമായി പേരിട്ടുവിളിച്ചിട്ടുള്ള ശബ്ദാലങ്കാരങ്ങൾ കമ്പിയും കഴുത്തും വാൽകമ്പിയും വാലുമ്മകമ്പിയും മാത്രമാണുള്ളതെങ്കിലും വർണ്ണങ്ങൾ പ്രയോഗിക്കുന്നതിൽ വൈവിധ്യം സ്വീകരിച്ചുകൊണ്ട് ഗാനാത്മകതയും ആകർഷണീയതയും വരുത്താനുള്ള ചിലശ്രമങ്ങളും കാണാവുന്നതാണ്. പ്രത്യേക നിയമങ്ങൾക്ക് വിധേയമല്ലാത്ത ഇത്തരം പ്രയോഗ വൈചിത്ര്യങ്ങൾ കൂടുതലും കാണുന്നത് വൈദ്യർ കൃതികളിലാണ്.

3.6.3.2.2. അർത്ഥാലങ്കാരങ്ങൾ

അറബിമലയാള പദ്യകൃതികളിൽ അർത്ഥാലങ്കാരങ്ങൾ വളരെ കുറവാണ്. ഉപമ, ഉൽപ്രേക്ഷ, രൂപകം തുടങ്ങിയ മലയാളത്തിലെ അർത്ഥാലങ്കാരങ്ങളുടെ നിർവ്വചനത്തിന്റെ പരിധിയിൽപെടുത്താവുന്ന അലങ്കാരങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. അർത്ഥവൈചിത്ര്യം സാധിക്കുന്ന മറ്റു അലങ്കാരങ്ങളൊന്നും കാണാൻ സാധിച്ചിട്ടില്ല.

> അർത്ഥാലങ്കാരങ്ങൾ മാപ്പിളപ്പാട്ടുകൃതികളിൽ താരതമ്യേന കുറവാണ്. ഉള്ളവതന്നെ സംസ്കൃതത്തിലും മലയാളത്തിലും അപൂർവ്വമായി അറബിയിലും ഉള്ള കാവ്യസങ്കേതങ്ങൾ അപ്പാടെ ഉപയോഗപ്പെടുത്തുന്നവയാണ്. (മുഹ്‌യിദ്ദീൻ, 1992:151)

# അധ്യായം നാല്

## അറബിമലയാള കൃതികൾ – സാമൂഹികസാംസ്കാരിക പശ്ചാത്തലം

എതൊരു കൃതിയും ഉടലെടുക്കുന്നതിന് പിന്നിൽ സാമൂഹികവും സാംസ്കാരികവുമായ ഒട്ടേറെ കാരണങ്ങളുണ്ടാകും. അതതു കാലങ്ങളിലെ സാമൂഹിക സാംസ്കാരിക ഘടകങ്ങൾ കൃതികളിൽ പ്രതിഫലിക്കുന്നു. അതിനാൽ കൃതികളെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ രണ്ടു രീതികൾ അവലംബിക്കേണ്ടിവരുന്നു. കൃതികൾ രൂപപ്പെടാൻഇടയാക്കിയ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഒന്നാമത്തേത്. കൃതികളിൽ പ്രതിഫലിക്കുന്ന സാമൂഹിക സാംസ്കാരിക സവിശേഷതകൾ വിലയിരുത്തലാണ് രണ്ടാമത്തേത്.

### 4.1. അറബിമലയാളകൃതികളുടെ സാമൂഹികസാഹചര്യം

അറബിമലയാളകൃതികൾ പൂർണ്ണമായും മാപ്പിളമാർ രചിക്കുകയും, മാപ്പിളമാർ മാത്രം വായിച്ചാസ്വദിക്കുകയും ചെയ്തതാണ്. അതിനാൽ അറബിമലയാളകൃതികളുടെ സാമൂഹികപശ്ചാത്തലം മാപ്പിള സാമൂഹികതയുമായി ബന്ധപ്പെട്ടു കിടക്കുന്നു. കേരളത്തിൽ മാപ്പിളമാർ ഒരു സമൂഹം എന്ന നിലയിൽ വേറിട്ടൊരു അസ്തിത്വം നേടുന്നത് പതിനെട്ടാംനൂറ്റാണ്ടോടുകൂടിയാണ്. മൈസൂർസുൽത്താൻമാർ മലബാർ കൈവശപ്പെടുത്തിയതോടുകൂടി ഉൾനാടുകളിൽ മതപരിവർത്തന പ്രക്രിയ കൂടുതൽ

വേഗത്തിലായി. അതുവരെ കേരളത്തിലെ തീരപ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഒരു സങ്കരവിഭാഗം മാത്രമായിരുന്നു മാപ്പിളമാർ. വ്യാപാരമോ അതുമായി ബന്ധപ്പെട്ട ജോലികളോ ചെയ്ത് ജീവിച്ചിരുന്ന മാപ്പിളമാർ മുഖ്യമായും തീരദേശങ്ങളിലാണ് വാസമുറപ്പിച്ചിരുന്നത് എന്ന കെ.എൻ. പണിക്കരുടെ(2007:71) അഭിപ്രായവും ഇത് ശരിവെക്കുന്നു.

അറേബ്യയിൽ ഇസ്ലാംമതം ആവിർഭവിച്ചതോടെ അറബികളായ കച്ചവടക്കാരിൽ ഇസ്ലാംമതവിശ്വാസികളുമുണ്ടാവാൻ തുടങ്ങി. ഇത്തരത്തിൽ മതവിശ്വാസികളായവർ അവരുടെ യാത്രകളിൽ കച്ചവടത്തോടൊപ്പം മതപ്രചരണവും ഒരു ദൗത്യമായെടുത്തു. മതപ്രചരണം ആദ്യം സാധ്യമായത് കച്ചവടക്കാരായ അറബികളോട് ഏറ്റവും അടുത്തിടപഴകിയ തീരപ്രദേശത്തെ നിവാസികൾക്കിടയിലാണ്. ഇവരിൽ മാപ്പിളമാർ പൈതൃകമായിത്തന്നെ അറബികളോട് ബന്ധമുള്ളവരായിരുന്നു.

> മതപ്രചരണത്തിന് ആവശ്യമായ സാഹചര്യങ്ങൾ നേരത്തെ സൃഷ്ടിക്കപ്പെട്ടുവെന്ന് പറയേണ്ടതുണ്ട്. വ്യാപാരാവശ്യാർത്ഥം കുടുപ്പാർപ്പുറപ്പിച്ച അറബികൾ ചിലരെങ്കിലും തദ്ദേശീയരായ സ്ത്രീകളെ വിവാഹം കഴിക്കുകയും ഈദൃശബന്ധങ്ങൾ മാപ്പിളമാർ എന്ന ഒരു സങ്കരസമൂഹം ഉരുത്തിരിയാൻ ഇടയാക്കുകയും ചെയ്തത് പിൽക്കാലത്ത് മതപ്രചരണത്തിന് വന്നവരുടെ ജോലി തുലോം എളുപ്പമാക്കി എന്നതാണ് സത്യം(ലോഗൻ, 1985/1985:210)

അതിനാൽ അവർ ഇസ്ലാംമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ പെട്ടെന്ന് തയ്യാറായി. കൂട്ടത്തിൽ തദ്ദേശീയരായ മറ്റുജനവിഭാഗങ്ങളും മതപരിവർത്തനം ചെയ്തു. തീരപ്രദേശത്തെ മുക്കുവൻമാരും മറ്റുതൊഴിലിൽ ഏർപ്പെട്ടിരുന്നവരും ഇതിൽ ഉൾപ്പെട്ടിരുന്നു. താഴ്ന്ന ജാതിയിൽപെട്ടവരും ധാരാളമായി ഇസ്ലാംമതം സ്വീകരിക്കുകയുണ്ടായി. ധനാഢ്യരായ അറബി കച്ചവടക്കാരുടെ സ്വാധീനവും മതം

മാറ്റംമൂലം ലഭിക്കുന്ന സ്വാതന്ത്ര്യവും താഴ്ന്ന ജാതിക്കാരെ മതംമാറ്റത്തിന് പ്രേരിപ്പിച്ചു. കച്ചവടക്കാരായ അറബികളുമായുള്ളടെ സൗഹൃദം രാജ്യത്തിന്റെ സാമ്പത്തികനിലനിൽപ്പിന് അത്യാവശ്യമായിരുന്നു. അതിനാൽ ഭരണാധികാരികൾ ഈ മതംമാറ്റത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിരുന്നത്.

> സാമൂതിരി മതപരിവർത്തനത്തെ എതിർത്തില്ല എന്നുമാത്രമല്ല പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മുക്കുവകുടുംബത്തിൽ നിന്നും ഒന്നോ രണ്ടോ അംഗങ്ങൾ ഇസ്ലാംമതം സ്വീകരിക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇത് അറബികളുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനും സ്വന്തമായി ഒരു നാവികപ്പട ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു(മാധവൻ നായർ 1971:55)

ഈ മതപരിവർത്തനപ്രക്രിയ ആദ്യകാലങ്ങളിൽ തീരപ്രദേശത്തുമാത്രം ഒതുങ്ങിനിന്നിരുന്നു. കാരണം കച്ചവടക്കാരായ അറബികളാണ് മതപ്രചരണം നടത്തിയിരുന്നത്. അവർക്ക് ബന്ധപ്പെടേണ്ടിവന്നത് തീരദേശത്തെ ജനങ്ങളുമായിട്ടായിരുന്നു. അതായത് ആദ്യകാലങ്ങളിൽ മാപ്പിളമാർ തീരപ്രദേശങ്ങളിൽ മാത്രം നിലനിന്നിരുന്ന ഒരു സമൂഹമായിരുന്നു. ആദ്യകാല മുസ്ലിം പള്ളികളും മതകേന്ദ്രങ്ങളും പൊന്നാനി, ചാലിയം, കോഴിക്കോട്, കൊടുങ്ങല്ലൂർ, തലശ്ശേരി, കാസർഗോഡ് തുടങ്ങിയ തീരപ്രദേശങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്.

കച്ചവടക്കാരായ അറബികളോടും അവരുടെ സ്വാധീനഫലമായി മതംമാറ്റത്തിലൂടെ ഉണ്ടായ മാപ്പിളസമൂഹത്തോടും വളരെ സൗഹാർദ്ദപരമായ സമീപനമാണ് അതത്കാലത്തെ ഭരണാധികാരികളും ഇതരവിഭാഗങ്ങളും പുലർത്തിയിരുന്നത്. ഇസ്ലാംമതവിശ്വാസികളായ മാപ്പിളമാർക്ക് ആരാധനാലയങ്ങൾ പണിയുവാനും മറ്റും അവകാശവും അവസരവും ലഭ്യമായിരുന്നു. ഇതോടൊപ്പം പ്രദേശിക ഭരണാധികാരികളോട് കൂറുപുലർത്തുന്നവരായി ഈ മാപ്പിളമാർതുടരുകയും ചെയ്തു. പ്രാദേ

ശികനാടുവാഴികൾ ആരാധനാലയങ്ങൾപണിയാൻ ആവശ്യമായ സ്ഥലം അനുവദി ച്ചുകൊടുത്തു. വാണിജ്യപരമായും സൈനികമായും മാപ്പിളമാർ അവരെ സഹായിക്കു കയും ചെയ്തു. അങ്ങനെ തികച്ചും സമാധാനപരമായ ഒരന്തരീക്ഷത്തിലാണ് കേരള ത്തിൽ ഇസ്ലാം ഒരു മതമായി പ്രചരിച്ചുവന്നത്.

4.2. സാമുദായികചിന്തയുടെ വളർച്ച

ഇസ്ലാം മതത്തിന്റെ പ്രധാനപ്പെട്ട ഒരു ആശയമാണ് സംഘമായി നടത്തുന്ന ആരാധനാകർമ്മങ്ങൾ. ദിവസേന അഞ്ചുനേരം പള്ളികളിൽ സംഘടിതമായിദൈവാ രാധന നടത്തണമെന്ന് മതം നിഷ്ക്കർഷിക്കുന്നു. ഏറ്റവും ചുരുങ്ങിയത് വെള്ളി യാഴ്ച ദിവസം ഉച്ചസമയത്തെ നമസ്ക്കാരത്തിന് പള്ളിയിൽ എത്തുക എന്നത് നിർബന്ധമാണ്. വെള്ളിയാഴ്ചയിലെ ഉച്ചനമസ്ക്കാരത്തിനുമുമ്പായി സമകാലിക സംഭവങ്ങളും മതസംബന്ധമായ കാര്യങ്ങളും ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രസംഗ ങ്ങൾ പതിവാണ്. മാത്രമല്ല ആരാധനയ്ക്ക് ശേഷമുള്ള കൂട്ടപ്രാർത്ഥനകളും അരങ്ങേ റാറുണ്ട്. ഇങ്ങനെയുള്ള കൂടിച്ചേരലുകളും, ആരാധനകളും, പ്രാർത്ഥനകളും ഒരു ഐക്യബോധം മാപ്പിളമാർക്കിടയിൽ വളർന്നുവരാനിടയാക്കി. ഇസ്ലാംമതവിശ്വാസിക ളെല്ലാം സമൻമാരാണെന്ന അധ്യാപനം ഈ ഐക്യബോധത്തെ കൂടുതലുട്ടിയുറപ്പി ച്ചു. ഇത് ക്രമേണ മാപ്പിളമാരുടേതായ ഒരു വ്യതിരിക്ത അസ്തിത്വരൂപീകരണത്തിനും കാരണമായിത്തീർന്നു. മതസാമുദായികത കാത്തു സൂക്ഷിക്കുമ്പോൾതന്നെ പൊതു സമൂഹത്തിന്റെ ഭാഗമാകുവാനും ഇവർക്കുകഴിഞ്ഞു. നിലവിലുള്ള ഭരണവ്യവസ്ഥിതി യേയും ഭരണകർത്താക്കളേയും ഇവർ അംഗീകരിക്കുകയും ചെയ്തിരുന്നു. സമകാ ലിക ഭരണകൂടത്തിൽ വളരെ പ്രധാനപ്പെട്ട പല ഉദ്യോഗങ്ങളും അവർ വഹിച്ചിരുന്നു. കുഞ്ഞാലിമരയ്ക്കാൻമാരായിരുന്നു സാമൂതിരിയുടെ നാവികസേനയുടെ മേധാവി കൾ.

ശികനാടുവാഴികൾ ആരാധനാലയങ്ങൾപണിയാൻ ആവശ്യമായ സ്ഥലം അനുവദി ച്ചുകൊടുത്തു. വാണിജ്യപരമായും സൈനികമായും മാപ്പിളമാർ അവരെ സഹായിക്കു കയും ചെയ്തു. അങ്ങനെ തികച്ചും സമാധാനപരമായ ഒരന്തരീക്ഷത്തിലാണ് കേരള ത്തിൽ ഇസ്ലാം ഒരു മതമായി പ്രചരിച്ചുവന്നത്.

4.2. സാമുദായികചിന്തയുടെ വളർച്ച

ഇസ്ലാം മതത്തിന്റെ പ്രധാനപ്പെട്ട ഒരു ആശയമാണ് സംഘമായി നടത്തുന്ന ആരാധനാകർമ്മങ്ങൾ. ദിവസേന അഞ്ചുനേരം പള്ളികളിൽ സംഘടിതമായിദൈവാ രാധന നടത്തണമെന്ന് മതം നിഷ്ക്കർഷിക്കുന്നു. ഏറ്റവും ചുരുങ്ങിയത് വെള്ളി യാഴ്ച ദിവസം ഉച്ചസമയത്തെ നമസ്ക്കാരത്തിന് പള്ളിയിൽ എത്തുക എന്നത് നിർബന്ധമാണ്. വെള്ളിയാഴ്ചയിലെ ഉച്ചനമസ്ക്കാരത്തിനുമുമ്പായി സമകാലിക സംഭവങ്ങളും മതസംബന്ധമായ കാര്യങ്ങളും ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രസംഗ ങ്ങൾ പതിവാണ്. മാത്രമല്ല ആരാധനയ്ക്ക് ശേഷമുള്ള കൂട്ടപ്രാർത്ഥനകളും അരങ്ങേ റാറുണ്ട്. ഇങ്ങനെയുള്ള കൂടിച്ചേരലുകളും, ആരാധനകളും, പ്രാർത്ഥനകളും ഒരു ഐക്യബോധം മാപ്പിളമാർക്കിടയിൽ വളർന്നുവരാനിടയാക്കി. ഇസ്ലാംമതവിശ്വാസിക ളെല്ലാം സമൻമാരാണെന്ന അധ്യാപനം ഈ ഐക്യബോധത്തെ കൂടുതലുട്ടിയുറപ്പി ച്ചു. ഇത് ക്രമേണ മാപ്പിളമാരുടേതായ ഒരു വ്യതിരിക്ത അസ്തിത്വരൂപീകരണത്തിനും കാരണമായിത്തീർന്നു. മതസാമുദായികത കാത്തു സൂക്ഷിക്കുമ്പോൾതന്നെ പൊതു സമൂഹത്തിന്റെ ഭാഗമാകുവാനും ഇവർക്കുകഴിഞ്ഞു. നിലവിലുള്ള ഭരണവ്യവസ്ഥിതി യേയും ഭരണകർത്താക്കളേയും ഇവർ അംഗീകരിക്കുകയും ചെയ്തിരുന്നു. സമകാ ലിക ഭരണകൂടത്തിൽ വളരെ പ്രധാനപ്പെട്ട പല ഉദ്യോഗങ്ങളും അവർ വഹിച്ചിരുന്നു. കുഞ്ഞാലിമരയ്ക്കാൻമാരായിരുന്നു സാമൂതിരിയുടെ നാവികസേനയുടെ മേധാവി കൾ.

> സാമൂതിരി രാജാവിന്റെ കീഴിൽ പല വലിയ ഉദ്യോഗങ്ങളും മാപ്പിളമാർ വഹിച്ചിരുന്നു ( മാധവൻ നായർ, 1971:23)

അധികാരപങ്കാളിത്തത്തോടെ സമാധാനപൂർവ്വം മുന്നോട്ടുപോയ തീരപ്രദേശങ്ങളിലെ മാപ്പിളമാരുടെ ജീവിതത്തിന്റെ ഗതി മാറുന്നത് പതിനഞ്ചാംനൂറ്റാണ്ടിലെ പോർച്ചുഗീസുകാരുടെ അധിനിവേശത്തോടുകൂടിയാണ്. അന്നുവരെ കച്ചവട മേധാവിത്തമുണ്ടായിരുന്ന മാപ്പിളമാരോട് കടൽ വ്യാപാരത്തിൽ മത്സരിക്കാനും അവരെ പുറന്തള്ളാനും പോർച്ചുഗീസുകാർ ശക്തമായി ശ്രമിച്ചു. പോർച്ചുഗീസുകാരും മാപ്പിളമാരും തമ്മിൽ കടൽക്കച്ചവടത്തിന്റെ മേൽക്കോയ്മക്കായി പരസ്പരം മത്സരിച്ചു. ഒരു നൂറ്റാണ്ടുകാലത്തോളം പോർച്ചുഗീസുകാരും കുഞ്ഞാലിമരയ്ക്കാൻമാരുടെ നേതൃത്വത്തിലുള്ള മാപ്പിളമാരും തമ്മിൽ യുദ്ധംനടക്കുകയുണ്ടായി. പോർച്ചുഗീസുകാരുടെ വാണിജ്യ രാഷ്ട്രീയാധിപത്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളെ ഒരു നൂറ്റാണ്ടുകാലത്തോളം ചെറുത്തുനിൽക്കുന്നതിൽ ഒരു വലിയ പങ്കുവഹിച്ചിരുന്നത് കുഞ്ഞാലിമരക്കാൻമാരായിരുന്നു

പോർച്ചുഗീസുകാരുമായുള്ള ഈ യുദ്ധത്തിന് വാണിജ്യാധികാരത്തർക്കം എന്നതോടൊപ്പം മതവൈരത്തിന്റേയും ഒരു വശംകാണാൻ കഴിയും. ക്രിസ്തുമതപ്രചരണം പോർച്ചുഗീസുകാരുടെ പ്രധാനപ്പെട്ട ഒരു ലക്ഷ്യമായിരുന്നു അതിനായി ഏതുമാർഗ്ഗവും സ്വീകരിക്കാൻ അവർ തയ്യാറായി. ഇവരുടെ അതിക്രമങ്ങൾക്ക് ഏറ്റവും കൂടുതൽ വിധേയരായത് മാപ്പിളമാരായിരുന്നു. ക്രൈസ്തവരും മുസ്ലിങ്ങളും തമ്മിൽ യൂറോപ്പിൽ നിലനിന്നിരുന്ന ശത്രുതയുടെ പ്രതിഫലനമായിരുന്നു പോർച്ചുഗീസുകാരുടെ പ്രവർത്തനങ്ങളിൽ കാണാൻകഴിഞ്ഞിരുന്നത്.

> മുഹമ്മദൻവ്യാപാരം അടിച്ചമർത്തുന്നതുകൊണ്ടുമാത്രം പോർച്ചുഗീസുകാർ തൃപ്തരായില്ല. മുസ്ലിങ്ങളെ കൂട്ടത്തോടെ ക്രിസ്തുമതത്തിൽ ചേർക്കാൻ അവർ ശ്രമിച്ചു. 1562ൽ ഗോവയിൽ വെച്ച് വളരെയേറെ

മുറിഷ്(മുസ്ലിം)കച്ചവടക്കാരെ പോർച്ചുഗീസുകാർ പിടികൂടി ബലാൽക്കാരമായി ക്രിസ്തുമതം സ്വീകരിപ്പിച്ചുവെന്നുപറയുന്നു.

(ലോഗൻ, 1885/1985:361).

മാപ്പിളമാരുടെ ശത്രു ഇസ്ലാമിന്റെ ശത്രുവാണെന്ന രീതിയിലാണ് മാപ്പിളനാവികർ പോർച്ചുഗീസുകാരെ നേരിട്ടത്. അതുകൊണ്ടുതന്നെ മാപ്പിളസമൂഹത്തിന്റെ മുഴുവൻ പിൻതുണയും മാപ്പിള നാവികപ്പടയ്ക്കുണ്ടായിരുന്നു. അന്നത്തെ മുസ്ലിം പണ്ഡിതൻമാർ പറങ്കികൾക്കെതിരിൽ വിശുദ്ധ യുദ്ധം (ജിഹാദ്) നടത്താൻ മുഴുവൻ മാപ്പിളമാരെയും ആഹ്വാനംചെയ്തുകൊണ്ട് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടായിരുന്നു. പറങ്കികൾക്കെതിരിൽ യുദ്ധം നടത്തേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കികൊണ്ട് സൈനുദ്ദീൻ മഖ്ദും ഒന്നാമൻ *തഹ്‌രീസുൽ അഹ്‌ലിൽ ഈമാനി-അലാജിഹാദിഅബ്ദത്തിസ്സുൽബാനി* എന്ന അറബി വിപ്ലവകാവ്യം രചിച്ചു. സൈനുദ്ദീൻ മഖ്ദും രണ്ടാമൻ രചിച്ച *തുഹ്ഫത്തുൽ മുജാഹിദീൻ* എന്ന അറബികൃതിയും പറങ്കികൾക്കെതിരിൽ ജിഹാദിനിറങ്ങാൻ മുസ്ലിങ്ങളെ ആഹ്വാനം ചെയ്യുന്നതാണ്.

ഖാസി മുഹമ്മദ് എഴുതിയ *ഫത്ഹുൽ മുബീൻ* എന്ന അറബികൃതിയും പറങ്കികളുമായുള്ള യുദ്ധത്തിനിറങ്ങാൻ പ്രേരിപ്പിക്കുന്നതാണ്. നായർപടയാളികളും കുഞ്ഞാലിമരക്കാരുടെ നാവികപ്പടയും ഒത്തുചേർന്ന് ചാലിയത്തെ പോർച്ചുഗീസ് നാവികക്കോട്ട കീഴടക്കിയ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് 1592ലാണ് ഈ കൃതി രചിക്കുന്നത്.

പോർച്ചുഗീസുകാരും മാപ്പിളകച്ചവടക്കാരും തമ്മിൽ തുടങ്ങിയ ശത്രുത ക്രമേണ മാപ്പിളസമുദായവും പോർച്ചുഗീസുകാരും തമ്മിലുള്ള സംഘർഷമായിമാറി ഇതിൽ മാപ്പിളപണ്ഡിതൻമാരും സാധാരണക്കാരും ഒരുപോലെ പങ്കാളികളായി.

#### 4.3. മാലപ്പാട്ടുകളുടെ സാമൂഹ്യസാഹചര്യം

പറങ്കികൾക്കെതിരെ *ഫത്ഹുൽമുബീൻ* എന്ന കാവ്യമെഴുതിയ ഖാസിമുഹമ്മദ് തന്നെയാണ് ആദ്യ അറബിമലയാളകൃതിയായ മുഹ്യിദ്ദീൻ മാലയും എഴുതുന്നത്. മുഹ്യിദ്ദീൻമാല എഴുതുന്നത് 1607ലാണ്. എന്നാൽ *ഫത്ഹുൽ മുബീനിൽ* കാണുന്നതുപോലെ വിദേശ ശക്തികൾക്കെതിരെ ജിഹാദ് നടത്തേണ്ടതിന്റെ ആവശ്യം, യുദ്ധരംഗവിവരണം, രാഷ്ട്രീയമായ മറ്റു കാര്യങ്ങൾ തുടങ്ങിയവയൊന്നും മുഹ്യിദ്ദീൻ മാലയിൽ കാണുന്നില്ല. രണ്ട് കൃതികളും എഴുതിയതിന്റെ ലക്ഷ്യം വ്യത്യസ്തമായിരുന്നു. മുസ്ലിങ്ങൾ എല്ലാവരും സഹോദരൻമാരാണെന്ന് മതം പഠിപ്പിക്കുമ്പോൾത്തന്നെ കഷ്ടതയനുഭവിക്കുന്ന മാപ്പിളമാരെ സഹായിക്കാത്ത മുസ്ലിം ഭരണാധികാരികളെ കുറ്റപ്പെടുത്താനും മലബാറിൽ സാമൂതിരിയുടെ നേതൃത്വത്തിൽ മാപ്പിളമാർ പോർച്ചുഗീസുകാർക്കെതിരായി നടത്തുന്ന യുദ്ധത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താനുമാണ് *ഫത്ഹുൽ മുബീൻ* എഴുതിയത്.

> സാമൂതിരിപ്പാട് രാജാധിരാജൻ തന്നെയാണ്. ഈ സംഭവങ്ങൾ ഞാൻ കാവ്യമാക്കിയത് ഇതരഭരണാധിപൻമാർ ശ്രവിക്കുവാനത്രെ. അവർ ഇത് കേൾക്കുമ്പോൾ ഒരു പക്ഷെ യുദ്ധത്തെ കുറിച്ച് ചിന്തിക്കുമായിരിക്കാം. അഥവാ ഇതവർക്കൊരു പാഠമായെന്നുംവരാം ഈ വാർത്ത രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിക്കട്ടെ. വിശിഷ്യ സിറിയായിലും ഇറാക്കിലും അപ്പോൾ വിവിധ രാജ്യങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ച സാമൂതിരിപ്പാടിനെ അവർ അറിയും (ഫത്ഹുൽ മുബീൻ വരി 15-20)

> ഇസ്ലാം മത വിശ്വാസിയല്ലാത്ത അദ്ദേഹം യുദ്ധം ചെയ്യുന്നു. മുസ്ലിം രാജാവ് യുദ്ധം ചെയ്യുന്നില്ല. ഹിന്ദുമതത്തിനും മുസ്ലിംങ്ങളുടെ മതത്തിനും വേണ്ടിയാണ് അദ്ദേഹം പോരാടുന്നത്. അതേസമയം മുസ്ലിം

രാജാക്കൻമാർ മുസ്ലിം ശത്രുക്കളോട് സന്ധിചെയ്യുകയാണ് (ഫത്ഹുൽ മുബീൻ വരി 50)

എന്നാൽ മുഹ്‌യിദ്ദീൻ മാല സാധാരണക്കാരായ മാപ്പിളമാരെ ലക്ഷ്യംവെച്ച് എഴുതിയിട്ടുള്ളതാണ്. അറബിലിപി അറിയാമെന്നല്ലാതെ അറബിഭാഷയിൽ കൂടുതൽ അറിവുകളൊന്നും അന്ന് കേരളത്തിലെ മാപ്പിളമാർക്കില്ല. അതുകൊണ്ടുതന്നെ അവർക്ക് വായിച്ചാസ്വദിക്കാൻ പറ്റുന്നതരത്തിൽ അറബിമലയാളത്തിലാണ് മുഹ്‌യിദ്ദീൻമാലയുടെ രചന. ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൾ ഖാദിർ ജീലാനി എന്ന ദിവ്യപുരുഷനെ പ്രകീർത്തിക്കുന്ന കൃതിയാണിത്. ഏത് ദുരവസ്ഥയിലും രക്ഷയും, ആശ്രയവുമായി വരുന്ന ഒരു രക്ഷാപുരുഷനായി ഇദ്ദേഹത്തെ കൃതിയിൽ ചിത്രീകരിക്കുന്നു. ഈ രക്ഷാപുരുഷനെക്കുറിച്ചുള്ള ചിന്ത പോർച്ചുഗീസുകാരുമായി യുദ്ധത്തിലേർപ്പെടുന്ന മാപ്പിളമാർക്ക് ഉശിരുപകരാൻ സഹായിച്ചു. മാത്രമല്ല ഇത്തരത്തിൽ അരക്ഷിതമായ സാഹചര്യത്തിൽ ഒരു രക്ഷാപുരുഷ സങ്കൽപ്പം അത്യാവശ്യമാണുതാനും. പറങ്കികളുമായുള്ള യുദ്ധത്തിൽ ആദ്യകാലങ്ങളിൽ സാമൂതിരിമാർ മാപ്പിളമാരുടെകൂടെനിന്നെങ്കിലും വിജയപരാജയങ്ങൾ മാറി വരുന്നതിനനുസരിച്ച് സാമൂതിരിമാരുടെ പിന്തുണയും മറുപക്ഷത്തേക്കുമാറികൊണ്ടിരുന്നു. പല സമയത്തും സാമൂതിരി പോർച്ചുഗീസുകാരുമായി സന്ധിയിൽ ഏർപ്പെട്ടിട്ടുണ്ട്. 1586ൽ പോർച്ചുഗീസുകാർക്ക് പൊന്നാനിയിൽ കോട്ടകെട്ടുവാൻ സാമൂതിരി അനുവാദം കൊടുത്തു. കുഞ്ഞാലി മൂന്നാമന്റെ കാലത്താണിത്. ഈ സംഭവത്തോടെ സാമൂതിരിയും മാപ്പിളമാരും തമ്മിൽ അസ്വാരസ്യം വളർന്നു വരാൻ തുടങ്ങി. ഇതിനെത്തുടർന്ന് കുഞ്ഞാലിമരക്കാർ മൂന്നാമന്റെ നേതൃത്വത്തിൽ മാപ്പിളമാർ അവരുടെ ആസ്ഥാനം കോട്ടക്കലിലേക്ക് മാറ്റുകവരെ ചെയ്തു.

കുഞ്ഞാലിമരക്കാർ പരമ്പരയിലെ മൂന്നാമനായ പട്ടുമരയ്ക്കാർ തന്റെ ആസ്ഥാനം കടത്തനാട്ടിലെ (വടകര) കോട്ടപ്പുഴയുടെ അഴിമുഖമായ

കോട്ടക്കൽ പ്രദേശത്തേക്ക് മാറ്റുവാൻ നിർബന്ധിതനായി. സാമൂതിരി യുടെ അനുവാദത്തോടുകൂടെ പോർച്ചുഗീസുകാർ പൊന്നാനിയിൽ 1585ൽ തങ്ങളുടെ കോട്ട കെട്ടിയുറപ്പിച്ച പരിതസ്ഥിതിയിലായിരുന്നു ആസ്ഥാനം വടക്കോട്ട് മാറ്റിയത് (കുറുപ്പ്, 1998:21).

ഈ ഒരു സാഹചര്യം മാപ്പിളമാർ ഒരേസമയം സാമൂതിരിയുടെ നായർപട യേയും പോർച്ചുഗീസുകാരേയും ശത്രുക്കളായി കാണാൻ ഇടയാക്കി. മാത്രമല്ല അതു വരെ നിലനിന്നിരുന്ന മതസൗഹാർദ്ദത്തേയും ഇത് ബാധിക്കാൻ തുടങ്ങി. ഒരേസമയം കടലിൽ പോർച്ചുഗീസുകാരോടും, കരയിൽ സാമൂതിരിയോടുമുള്ള ശത്രുത മാപ്പിള സമൂഹത്തിൽ വല്ലാത്ത അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. 1600ൽ കുഞ്ഞാലിമരക്കാർ നാലാമനെ സാമുതിരി പോർച്ചുഗീസുകാർക്ക് പിടിച്ചുകൊടുത്തതോടെ ഈ സാമൂ ഹിക സ്പർദ്ധ ഏറെ വളരുകയും ചെയ്തു.

> 1600 മാർച്ച് 16-ാം തീയതി കുഞ്ഞാലി നാലാമൻ സാമൂതിരിയുടെ മുമ്പിൽ തന്റെ ആയുധം വെച്ച് കീഴടങ്ങിയപ്പോൾ രഹസ്യധാരണയനുസരിച്ച് പറ ങ്കിപ്പടനായകനായ ഫെർട്ടാസോവിന് കുഞ്ഞാലിയേയും കൂട്ടരേയും ബന്ധനസ്ഥരാക്കുവാൻ സാമൂതിരി വിട്ടുകൊടുത്തതോടുകൂടിയാണ് മ ലബാറിലിതുവരെ നിലനിന്നിരുന്ന നായർ-മാപ്പിള ഐക്യം ശിഥിലമാകു ന്നത്. അതിൽ പിന്നെ മുസ്ലിംങ്ങളും നായർ മേധാവികളും അന്യോന്യം അവിശ്വസിക്കുകയും ശത്രുതാമനോഭാവത്തോടുകൂടി പ്രവർത്തിക്കു കയും ചെയ്തു (കരിം, 1999:59)

ഈയൊരു സാഹചര്യത്തിലാണ് മുഹ്യിദ്ദീൻമാലയിലെ ദിവ്യപുരുഷൻ മാപ്പി ളമാരുടെ രക്ഷാപുരുഷനും ആശ്രയകേന്ദ്രവുമായിത്തീരുന്നത്. സ്വന്തം നില നിൽപ്പുതന്നെ അനിശ്ചിതത്വത്തിലായ ഒരു ജനത അഭയവും ആശ്രയവുമേകുന്ന ഒരു ഉപരിശക്തിയെ മുഹ്യിദ്ദീൻമാലയിൽ കണ്ടെത്തി. തങ്ങളുടെ ദൗർബല്യത്തിലും

വിജയപ്രതീക്ഷ വെച്ചുപുലർത്താനും സമരരംഗത്തിറങ്ങാനും ഈ ദിവ്യപുരുഷനിലുള്ള വിശ്വാസം ഇവർക്ക് സഹായകമായി. വൈദേശികാക്രമണങ്ങളും പ്രദേശികനാടുവാഴികളിൽനിന്ന് ലഭ്യമായിരുന്ന സംരക്ഷണത്തിന്റെ അഭാവവും സൃഷ്ടിച്ച പ്രതിസന്ധിയെ അതിജീവിക്കുന്നതിനുള്ള ശ്രമമായിരുന്നു ഈ ഭക്തിരചനകൾ.

ഏത് നിലത്തീന്നുമെന്നെ വിളിപ്പോർക്ക്

വായ്കൂടാതുത്തിരം ചെയ്യുമതെന്നോവർ

കാഫിലകാരരെ കള്ളർ ഹുടിച്ചാറെ

കാണാനിലത്തീന്ന് ഖബ്ക്കാബാൽ കൊന്നോവർ

മുഹ്‌യിദ്ദീൻ ശൈഖിനെ കുറിച്ചുള്ള മാലയിലെ ഇത്തരം പരാമർശങ്ങൾ കടലിലേയും കരയിലേയും പോർനിലങ്ങളിൽ നിന്നുള്ള മാപ്പിളമാരുടെ നിലവിളിക്കുത്തരമായി അവർക്ക് ബോധ്യപ്പെട്ടു. അരക്ഷിതാവസ്ഥയുടെ ഏതു സന്ദർഭത്തിലും ഈ ദിവ്യ പുരുഷന്റെ സാമീപ്യം ഈ കൃതി അവർക്കു നൽകി. സാമൂഹികാരക്ഷിതാവസ്ഥയിലെ സഹായം എന്ന നിലയിൽ നിന്നും ക്രമേണ വ്യക്തിപരമായ ഏത് പ്രതിസന്ധിയിലും താങ്ങായിത്തീരുന്ന ഒരു ആശ്രയകേന്ദ്രമായി മുഹ്‌യിദ്ദീൻശൈഖും മുഹ്‌യിദ്ദീൻമാലയും മാറി. രോഗം, ധനനഷ്ടം, പ്രസവം, മോഷണം തുടങ്ങിയ സാഹചര്യങ്ങളിലെല്ലാം മാല പാടാനും പാടിപ്പിക്കാനും തുടങ്ങി.

ക്രമേണ ഇതിന് ഒരനുഷ്ഠാനം എന്ന നില കൈവന്നു. മാത്രമല്ല ഇതുപോലെ തന്നെ മറ്റു ദിവ്യപുരുഷൻമാരെക്കുറിച്ചും വനിതകളെകുറിച്ചും മാലകളുണ്ടാവാൻ തുടങ്ങി. രിഫാഈമാല, നഫീസത്ത്മാല, മഹമൂദ്മാല, മുഅ്ജിസത്തുമാല തുടങ്ങി പഴയതും പുതിയതുമായ ഒട്ടേറെ മാലകൾ പിന്നീടുണ്ടായി. ഇവയെല്ലാം ഒരനുഷ്ഠാനം പോലെ പാടുകയും പാടിപ്പിക്കുകയും ചെയ്തുപോന്നു. ഉദ്ദിഷ്ടകാര്യത്തിന്

മാല പാടുന്നത് നേർച്ചയാക്കുന്ന രീതിയും ഇതോടെ മാപ്പിളമാർക്കിടയിൽ വേരുപിടിച്ചു.

### 4.4. പടപ്പാട്ടുകളുടെ സാമൂഹികപശ്ചാത്തലം

തീരപ്രദേശങ്ങളിലെ സംഘർഷാത്മകവും അരക്ഷിതവുമായ സാഹചര്യത്തിൽ നില്കക്കള്ളിയില്ലാതെ വന്ന മാപ്പിളമാർ ഉൾനാടുകളിലേക്ക് വ്യാപിക്കാൻ തുടങ്ങി. ഇത് ജീവരക്ഷാർത്ഥവും, ഉപജീവനാർത്ഥവുമുണ്ടായതാണ്. തീരദേശത്തെ കച്ചവടത്തിൽ മാപ്പിളമാരെ അകറ്റിനിർത്താൻ യൂറോപ്യൻമാർ പരമാവധി ശ്രമിച്ചു. അതിന്റെ ഫലമായി മറ്റെന്തെങ്കിലും ഉപജീവനമാർഗ്ഗം കണ്ടെത്താൻ അവർ നിർബന്ധിതരായി. പതിനാറാംനൂറ്റാണ്ടോടുകൂടിയാണ് ഉൾനാടുകളിലേക്കുള്ള മാപ്പിളവ്യാപനം തുടങ്ങുന്നത്.

> പതിനാറാം നൂറ്റാണ്ടിനുമുമ്പ് സൈനുദ്ദീൻ പറയുന്ന രണ്ട് പള്ളികളൊഴിപ്പിച്ചാൽ ഉൾനാടുകളിൽ മാപ്പിളമാരുടെ സാന്നിദ്ധ്യം നിരീക്ഷിക്കപ്പെട്ടില്ല. ആ പള്ളികളിലൊന്ന് കടൽതീരത്തു നിന്നും പത്തുകിലോമീറ്റർ ഉള്ളിലുള്ള തിരൂരങ്ങാടിയിലേതാണ്. എന്നാൽ പതിനാറും പത്തൊൻപതും ശതകങ്ങൾക്കിടയിൽ മാപ്പിളമാർ ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു (പണിക്കർ, 2004:71)

തെക്കെമലബാറിന്റെ ഉൾപ്രദേശങ്ങളിലേക്ക് കുടിയേറിയ മാപ്പിളമാർ കാർഷിക മേഖലയിലേക്ക് തിരിഞ്ഞു. വൻകിടജന്മിമാരുടെ കീഴിൽ കാണക്കാരായും കുടിയാൻമാരായും ഇവർമാറി. മാപ്പിളമാർക്ക് മുൻപ് കാണക്കാരായും കുടിയാൻമാരായും ഉണ്ടായിരുന്നത് അവർണ വിഭാഗങ്ങളായിരുന്നു. എല്ലാതരം വിവേചനങ്ങൾക്കും, പീഡനങ്ങൾക്കും വിധേയരായി മൃഗതുല്യജീവിതം നയിക്കുന്നവരായിന്നു ഈ അധഃസ്ഥിതവിഭാഗക്കാർ. സമൂഹത്തിലെ ഉന്നത ജാതിക്കാർ അനുഭവിക്കുന്ന യാതൊരു അവകാശാധികാരങ്ങളും ഈ അടിയാൻമാർക്കുണ്ടായിരുന്നില്ല. തീണ്ടൽ,

തൊടീൽ തുടങ്ങിയ അയിത്താചാരങ്ങൾക്കും, ജാതിയുടെ പേരിലുള്ള പീഡന ങ്ങൾക്കും ഈ അടിസ്ഥാനവർഗ്ഗം വിധേയമായിരുന്നു.

> താണജാതിക്കാരെന്ന് പറയപ്പെടുന്നവരെ നികൃഷ്ട കീടങ്ങളേക്കാൾ കഷ്ടമായി ഇവർ ഗണിച്ചിരുന്നു. അനേകം ജാതികളും ഒരേ ജാതിയിൽ തന്നെ അനേകം അവാന്തര വിഭാഗങ്ങളും അവർ തമ്മിൽതമ്മിലുള്ള സൗന്ദര്യപ്പിണക്കവും മത്സരവും എല്ലാം കൂടി ഹിന്ദുസമുദായം ദുർബലതയുടെ ഒരു പര്യായമായി പരിണമിച്ചിരുന്നു(മാധവൻ നായർ 1971; 10).

> പ്രായേണ വിദ്യാവിഹീനരും അസഹിഷ്ണുതരുമായ ഏറനാട്ടിലെഹിന്ദു ക്കൾ താണജാതിക്കാരെ ഉപദ്രവിക്കാനുള്ള അധികാരം വിലയേറിയ ഒരവ കാശമെന്ന നിലയിൽ വിടാതെ മുറുകെപിടിച്ചിരുന്നു. ജാതീയമായവിവേ ചനത്തിനു പുറമേ സാമ്പത്തികമായ ചൂഷണത്തിനും ഈ വിഭാഗം വിധേ യരായിരുന്നു. അറിയാപ്പുറത്തായാലും അയിത്തപ്പെടുത്തുന്ന താഴ്ന്ന ജാതിക്കാരനെ തൽക്ഷണം വെട്ടിവീഴ്ത്താൻ നായർ ബാധ്യസ്ഥനാണ് (ബാലകൃഷ്ണൻ, 1982:167)

ഇവരിൽ ഭൂരിഭാഗവും ഭൂരഹിത കർഷക തൊളിലാളികളും കുടിയാൻമാരുമാ യിരുന്നു. മര്യാദ പാട്ടമോ, മണ്ണിൽ സ്ഥിരാവകാശമോ അവർക്ക് ലഭിച്ചിരുന്നില്ല. ജന്മി മാർ കനത്തപാട്ടമാണ് ഇവരുടെമേൽ ചുമത്തിയിരുന്നത്. ഇങ്ങനെ സാമ്പത്തികവും സാമൂഹികവുമായ ചൂഷണം നിലനിൽക്കുന്ന സാഹചര്യത്തിലേക്കാണ് മാപ്പിളമാർ കടന്നുചെല്ലുന്നത്

മതപ്രചരണം ഓരോ ഇസ്ലാംമതവിശ്വാസിയുടെയും ബാധ്യതയാണ്. അതി നാൽതന്നെ മാപ്പിളമാർ ഇസ്ലാംമതസന്ദേശം പ്രചരിപ്പിക്കാൻ തുടങ്ങി. ഇസ്ലാമിന്റെ സമത്വസിദ്ധാന്തവും, സാഹോദര്യചിന്തയും സമൂഹത്തിലെ അധസ്ഥിതവിഭാഗത്തെ

ആകർഷിച്ചു. ഹിന്ദുക്കളിലെ താഴ്ന്നജാതിക്കാരിൽ നിന്നും ഇസ്ലാംമതത്തിലേക്കുള്ള പരിവർത്തനം ത്വരിതഗതിയിലാവാൻ ഇത് സഹായിച്ചു. ഈ മതം മാറ്റത്തിനു പിന്നിൽ മറ്റൊരു വസ്തുത കുടിയുണ്ട് അന്നുവരെ ജാതിയുടെ പേരിൽ പലതരത്തി ലുള്ള വിവേചനത്തിനും, പീഡനത്തിനും ഇരയായിരുന്നവർ മതം മാറുന്നതോടെ അതിൽ നിന്നെല്ലാം മോചിതരാവുന്നു. അയിത്ത ജാതിക്കാരനായ ഒരാൾ ഇസ്ലാംമത വിശ്വാസിയാകുന്നതോടെ അതുവരെ തുടർന്നുവന്ന തീണ്ടൽ, തൊടീൽ തുടങ്ങിയ ആചാരങ്ങളൊന്നും പാലിക്കേണ്ടതില്ല. സാമൂഹികമായി വലിയ സ്ഥാനകക്കയറ്റ മൊന്നും ലഭിച്ചില്ലെങ്കിലും ഇത്തരത്തിലുള്ള സാമൂഹിക വിവേചനത്തിൽ നിന്നും രക്ഷപ്പെടുവാൻ മതംമാറ്റം സഹായകമായി. ഇത് അവർണ വിഭാഗത്തിൽ നിന്നും ഇസ്ലാം മതത്തിലേക്കുള്ള ഒരു ഒഴുക്കുതന്നെ സൃഷ്ടിച്ചു. പുതുതായി മതപ്രവേശം നേടിയവർക്കും കുടിയേറിയ മാപ്പിളമാർക്കും ഇടയിൽ യാതൊരുവിധ വിവേചനവും നിലനിന്നിരുന്നില്ല. സാമ്പത്തികമായി ഇരുകൂട്ടരും ഒരേഅവസ്ഥയിലാണെന്നതും എല്ലാ ഇസ്ലാമതവിശ്വാസികളും സഹോദരൻമാരാണെന്ന മതത്തിന്റെ അധ്യാപനവും മാപ്പിളമാർക്കിടയിൽ വിഭാഗീയതഇല്ലാതെയാവാൻ സഹായിച്ചു.

മതപരിവർത്തനം നടന്നതുകൊണ്ട് സാമ്പത്തികമായ അഭിവൃദ്ധിയൊന്നുമു ണ്ടായില്ല. അതുവരെ അനുഭവിച്ചിരുന്ന സാമ്പത്തിക ചൂഷണവും സാമൂഹികമായ അടിച്ചമർത്തലും തുടർന്നുകൊണ്ടേയിരുന്നു. സാമ്പത്തികമായി ഉയർന്നനിലയിൽ മാപ്പിളമാർക്കിടയിൽനിന്നും ആരുംതന്നെയുണ്ടായിരുന്നില്ല. ഇതുതന്നെയായിരുന്നു മറ്റു അവർണ്ണവിഭാഗങ്ങളുടെയും സ്ഥിതി സ്വന്തമായി കൃഷിയിടമുള്ളവർ വളരെ വിര ളമായിരുന്നു.

> ഏറനാട് താലൂക്കിലെ മാപ്പിളമാർ മിക്കവാറും ആത്യന്തം ദരിദ്രരാണ്. ജന്മി കളായി മാപ്പിളമാരിൽ പറയത്തക്ക ആരുംതന്നെയില്ലെന്ന് പറയാം. നാട്ടു പ്രദേശങ്ങളിൽ കൃഷിപ്പണിയും പലവിധേയമായ കൂലിപ്പണിയും നഗര

> സ്ഥലങ്ങളിൽ ചില്ലറ വാണിഭവുമാണ് ഇവരുടെ സാധാരണ തൊഴിൽ. മാപ്പിളമാരിൽ ബഹുഭൂരിപക്ഷവും കുടിയാൻമാരും, കർഷകതൊഴിലാളി കളും, ചെറുവ്യാപാരികളും, മുക്കുവൻമാരുമായിരുന്നു. നിലങ്ങൾ സ്വന്ത മായുണ്ടായിരുന്നവർ ആരുമുണ്ടായിരുന്നില്ലെന്ന് പറയാം. വളരെ ചെറിയ കുടിലുകളാണ് ഏറനാട് താലുക്കിൽ. മാപ്പിളക്കുടിലും, തീയ്യപ്പുരയും, ചെറുമച്ചാളയും കണ്ടുതിരിയുവാൻ വളരെ വിഷമമില്ല എല്ലാം ദാരിദ്ര്യ ദേവതയുടെ അധിവാസ സ്ഥലങ്ങളാണ് (മാധവൻ നായർ, 1971:18).

മാപ്പിളയാകുന്നതിന് മുമ്പുവരെ അനുഭവിച്ചിരുന്ന ജാതീയവും സാമ്പത്തിക വുമായ ചൂഷണങ്ങളെല്ലാം തന്റെ വിധിയായും ദൈവഹിതമായും കരുതിയിരുന്ന അടിസ്ഥാന വർഗ്ഗക്കാർ ഇസ്ലാമിന്റെ സഹോദര്യദീക്ഷയും, സമത്വസിദ്ധാന്തവും മന സ്സിലാക്കിയപ്പോൾ മാറിച്ചിന്തിക്കാൻ തുടങ്ങി. ദൈവത്തിനുമുമ്പിൽ എല്ലാവരും സമൻമാരാണെന്നും സാമൂഹ്യനീതി നിഷേധിക്കുന്നതിനെതിരെ പ്രതികരിക്കേണ്ടതാ ണെന്നുമുള്ള ഇസ്ലാമികചിന്ത ചൂഷണത്തിനെതിരെ പ്രതികരിക്കാൻ ഇവരെ പ്രേരിപ്പി ച്ചു. ഈ പ്രതികരണത്തിലും സാമൂഹിക-സാമ്പത്തികകാരണങ്ങളോടൊപ്പം ചില മത പരമായ വശങ്ങളുമുണ്ടായിരുന്നു. ചൂഷകരായ ജന്മിമാരും, ഭൂവുടമകളും അമുസ്ലീങ്ങ ളായിരുന്നു. അവരാണെങ്കിൽ തങ്ങളുടെ ശത്രുക്കളും. ഈ അർത്ഥത്തിൽ മാപ്പിളമാ രുടെ ശത്രുക്കൾ ഇസ്ലാമിന്റെ ശത്രുക്കളാണ്. ഇസ്ലാമിന്റെ ശത്രുക്കളെ നശിപ്പിക്കാ നുള്ള യുദ്ധത്തിൽ പങ്കെടുക്കുന്നതും മരണംവരിക്കുന്നതും സ്വർഗ്ഗപ്രവേശംവരെയെ ത്തുന്ന പുണ്യകർമ്മമാണ്. മാത്രമല്ല പറങ്കികൾക്കെതിരെ മാപ്പിളമാർ മുൻകാലങ്ങ ളിൽ നടത്തിയിട്ടുള്ള പോരാട്ടങ്ങളെക്കുറിച്ചുള്ള കഥകളും പാട്ടുകളും അവർക്കിട യിൽ പ്രചാരം നേടിയിരുന്നു. ഈ വീരകഥകളും പാട്ടുകളും അവർക്ക് ആവേശം പകർന്നു.

> പോർച്ചുഗീസുകാർക്കെതിരായി താനൂർ, പരപ്പനങ്ങാടി, തിരൂർ തുടങ്ങിയ പ്രദേശങ്ങളിൽ മാപ്പിളമാർ പൊരുതുകയുണ്ടായകഥകൾ പാട്ടുകളിലൂടെ തലമുറകൾ കൈമാറിവന്നു (കുറുപ്പ്, 1998: 76)

> വിവരമില്ല വിദ്യാഭ്യാസമില്ല, പട്ടിണിക്കൊട്ടുമുടക്കവുമില്ല. അനുഭവം കൊണ്ട് ഭൂലോകവാസത്തിൽ യാതൊരു സുഖവും അവർ കാണുന്നില്ല. മതത്തിനുവേണ്ടി മരണപ്പെട്ട സൈതാക്കൻമാരെപറ്റി (രക്തസാക്ഷികളെപ റ്റി)വാഴ്ത്തുന്ന പാട്ടുകൾ അവർ ചെറുപ്പംമുതൽ തന്നെ കേട്ടിട്ടുണ്ട് (മാധ വൻ നായർ, 1971:18).

ഇങ്ങനെ കലാപസാധ്യമായ സാഹചര്യത്തിൽ ബ്രിട്ടീഷ് ഭരണാധികാരിക ളുടെ ഇടപെടലുകൾ കൂടെയായപ്പോൾ കലാപങ്ങൾ ഉണ്ടാവാൻ തുടങ്ങി. 18,19,20 നൂറ്റാണ്ടുകളിലായി നിരവധി ലഹളകൾ നടന്നു. 1836നും 1853നും ഇടയിൽ ഇരുപതി ലേറെ ലഹളകൾ ഉണ്ടായിട്ടുണ്ട്.

ഭൂവുടമകളുടെ സ്വകാര്യസ്വത്തവകാശം ബ്രിട്ടീഷുകാർ നിയമവിധേയമാക്കിയ തോടുകൂടിയാണ് പരമ്പരാഗതമായി നിലനിലനിന്നിരുന്ന ജന്മി-കുടിയാൻ ബന്ധങ്ങ ളിൽ കാര്യമായ മാറ്റമുണ്ടായത്. പാട്ടക്കുടിശ്ശിക വരുത്തുന്നവരെ കുടിയൊഴിപ്പിക്കുന്ന രീതി മുമ്പില്ലായിരുന്നു. ബ്രിട്ടീഷുകാർ ജന്മിക്ക് ഭൂമിയുടെ അവകാശം നിയമപരമായി പൂർണ്ണമായും അനുവദിച്ചുകൊടുത്തതോടെ ഈ അവസ്ഥയ്ക്ക് മാറ്റംവന്നു. പാട്ടക്കു ടിശ്ശികയുടെ പേരിലും കൂടുതൽപാട്ടം കിട്ടാൻവേണ്ടിയും ജന്മിമാർ കർഷകരെ കുടി യൊഴിപ്പിക്കാൻ തുടങ്ങി. ഇത് മാപ്പിളമാരും അല്ലാത്തവരുമായ പാട്ടക്കർഷകരെ ജന്മി മാർക്കെതിരെ തിരിയാൻ പ്രേരിപ്പിച്ചു. ചൂക്ഷണാധിഷ്ഠിതമായ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക വ്യവസ്ഥയ്ക്കെതിരെ ഉയർന്നുവന്നവയായിരുന്നു 19,20 നൂറ്റാണ്ടുകളിൽ ഏറനാട്ടിലുണ്ടായ കാലാപങ്ങൾ.

ഇതേകാലഘട്ടത്തിലാണ് അറബി മലയാളത്തിൽ പടപ്പാട്ടുകൾ എഴുതപ്പെടുന്നത്. അറിയപ്പെട്ടിടത്തോളം അറബി മലയാളത്തിലെ പടപ്പാട്ടുകളിൽ ആദ്യ രചന സഖുംപടപ്പാട്ടാണ്. പടപ്പാട്ടുകളിൽ ആദ്യത്തേത് എന്ന അർത്ഥത്തിൽ *തന്തസഖും* എന്നൊരു വിശേഷണവുമിതിനുണ്ട്. 1836ലാണ് ഈ കൃതി രചിക്കപ്പെടുന്നത്.

മാപ്പിളകലാപങ്ങൾ മുഴുവനുംതന്നെഉണ്ടായത് ഏറനാട് താലൂക്കിലാണ് എന്നതുപോലെ തന്നെ പടപ്പാട്ടുകൾ ഏറിയകൂറും ഉണ്ടായത് ഏറനാട്ടിലാണ്. 1852ൽ വടക്കേ മലബാറിലുണ്ടായ ഒരു കലാപമൊഴികെ പത്തൊമ്പതാം ശതകത്തിലുണ്ടായ മാപ്പിള കാലപങ്ങൾ എല്ലാംതന്നെ തെക്കൻ താലൂക്കുകളായ ഏറനാട്ടിലും വള്ളുവനാട്ടുലുമാണ് നടന്നത്.

പത്തൊമ്പതാംനൂറ്റാണ്ടിലാണ് അറബിമലയാളത്തിലെ ഭൂരിഭാഗം യുദ്ധകാവ്യങ്ങളും എഴുതപ്പെടുന്നത്. സഖുംപടപ്പാട്ടിനെത്തുടർന്ന് ഒരു സാഹിത്യശാഖ എന്നുപറയാൻ കഴിയുംവിധം ധാരാളം പടപ്പാട്ടുകൾ അറബിമലയാളത്തിലുണ്ടായി. വല്ലാഞ്ചിറിബി മൊയ്തീൻകുട്ടി ഹാജിയുടെ മുഅ്ത്തത്ത് പടപ്പാട്ട്, ചുള്ളിയൻ മമ്മദ് കുട്ടിയുടെ തബൂക്ക് പടപ്പാട്ട്, മോയീൻകുട്ടി വൈദ്യരുടെ ബദർപടപ്പാട്ട്, ഉഹദ് പടപ്പാട്ട്, മലപ്പുറം പടപ്പാട്ട്, ചേറൂർപടപ്പാട്ട് തുടങ്ങിയവ ഇവയിൽ പ്രാധാന്യമർഹിക്കുന്നു.

മാലപ്പാട്ടുകൾ പ്രചരിപ്പിച്ചത് ഒരു ജനതയ്ക്ക് രക്ഷകനോടുള്ള വിധേയത്വം , എന്ന നിലക്കാണെങ്കിൽ പടപ്പാട്ടുകൾ പ്രചരിപ്പിച്ചത് ചെറുത്തുനില്പ്പിനും ധീരപ്രവൃത്തിക്കുമുള്ള പ്രചോദനം എന്ന നിലയിലാണ്. താരതമ്യേന ശക്തരായ ജന്മിമാരോട് ഏറ്റുമുട്ടേണ്ടി വരുന്ന സാഹചര്യത്തിൽ മാപ്പിളമാർക്ക് വിശ്വാസത്തിൽ നിന്നും ലഭിക്കുന്ന ശക്തിമാത്രമാണ് താങ്ങായിഉണ്ടായിരുന്നത്. മാത്രമല്ല പലപ്പോഴും ജന്മിമാരെ സഹായിക്കാനെത്തുന്ന ആധുനികായുധങ്ങളുള്ള പട്ടാളക്കാരോടും മാപ്പിളമാർക്ക് എതിരിടേണ്ടിവന്നു. ഈ സന്ദർഭത്തിലെല്ലാം ഇസ്ലാമിന്റെ രക്ഷകരായി വിവിധപടകളിൽ ധീരമായി പോരാടി മരിച്ച രക്തസാക്ഷികളുടെ (ശുഹദാക്കളുടെ) ചരിത്രം

അവരെ കൂടുതൽ പ്രചോദിപ്പിച്ചു. മാപ്പിളപ്പാട്ടുകൾ ഭൂരിഭാഗവും ഇസ്ലാമികചരിത്രവു മായി ബന്ധപ്പെട്ട യുദ്ധചരിത്രങ്ങൾ ഇതിവൃത്തമായി സ്വീകരിച്ചവയാണ്. ഈ യുദ്ധങ്ങളെല്ലാംതന്നെ ഇസ്ലാമിന്റെ സ്ഥാപനത്തിന് വളെരയധികം പങ്കുവഹിച്ചവ യാണ് കേരളീയമായ സാമൂഹികപ്രശ്നങ്ങളോ ചരിത്രമോ ഒന്നുംതന്നെ ഈ കൃതിക ളിൽ പ്രതിപാദിക്കുന്നില്ലെങ്കിലും അനീതിക്കും അക്രമത്തിനുമെതിരെ പ്രതികരിക്കാ നും ധൈര്യസമേതം അടരാടാനുമുള്ള സന്ദേശമാണിവനൽകുന്നത്.

> ഈ കൃതികളിലെവിടേയും അറേബ്യൻ പശ്ചാത്തലവും ഇസ്ലാമിക ചരിത്ര വുമാണ് പുറത്തേക്ക് നില്ക്കുന്നതെങ്കിലും അടിയരടുകളിൽ അന്യായ ത്തിനും അക്രമത്തിനുമെതിരെ തപിച്ചുണരുന്ന ഒരു സമൂഹത്തിന്റെ ചരിത്രം തെളിഞ്ഞു നില്ക്കുന്നു. കേരള സമൂഹം ഇവയിൽ നേരിട്ട് കട ന്നുവരുന്നില്ല. പക്ഷെ അത്തരമൊരു സാഹചര്യത്തിൽ ജീവിക്കുന്ന കേര ളീയസമൂഹത്തിനുവേണ്ടിയാണ് അവ രചിക്കപ്പെട്ടത് എന്ന കാര്യം പ്രധാ നമാണ്. മലബാറിലെ കോളനിവാഴ്ചവിരുദ്ധ മനോഭാവങ്ങളേയും സമര ങ്ങളേയും നേരിട്ടു സ്വാധീനിക്കാൻ ഈ കൃതികൾക്ക് കഴിഞ്ഞു (അഹ മ്മദ്/കാരശ്ശേരി, 2006:78,79)

യുദ്ധത്തിനാവശ്യമായ ആയുധങ്ങളോ, പരിശീലനങ്ങളോ, മറ്റുസാങ്കേതിക ജ്ഞാനമോ സ്വന്തമായില്ലാത്ത മാപ്പിളമാർക്ക് ആകെ കൈമുതലായുള്ളത് ആത്മ വീര്യം മാത്രമാണ്. ഈ ആത്മവീര്യം വർദ്ധിപ്പിക്കാൻ പടപ്പാട്ടുകൾക്ക് കഴിഞ്ഞു. അക്കാലത്തെ സാമൂഹികാന്തരീക്ഷത്തിൽ അനിവാര്യമായ ആവിഷ്കാരമായിരുന്നു പടപ്പാട്ടുകൾ എന്ന് കാണാൻ കഴിയും.

### 4.5. ഇസ്‌ലാമിക നിയമഗ്രന്ഥങ്ങളുടെ രൂപീകരണസാഹചര്യം

ഇസ്ലാംമത വിശ്വാസികൾ മതസംബന്ധമായ കാര്യങ്ങളിൽ സാമാന്യജ്ഞാനം നേടൽ നിർബന്ധമാണ്. മതതത്വങ്ങൾ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗദ്യ

| 16. | ഓമാരപ്പട എന്ന ഖിസ്സപ്പാട്ട് | വേങ്ങര സിപി മുഹമ്മദ് | – | 1970 | 1701ൽ സാമൂതിരിയുടെ ഭരണകാലത്ത് വാഴക്കാടിനടുത്ത് പാലുഴിയിൽ രാജവംശത്തിൽപ്പെട്ട ഒരു കന്യക ഇസ്ലാം മതം സ്വീകരിച്ചു. തുടർന്ന് ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘട്ടനമാണ് പ്രതിപാദ്യം. |
| 17. | താജുൽകലാം-മുസാനബി ഖിസ്സപ്പാട്ട് | കയ്പമംഗലം പി.എസ്. മൂസ | 1961 | 1970 | ഇസ്ലാംമത പ്രവാചകൻമാരിൽ ഒരാളായ മുസാനബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |
| 18. | മറിയം ബീവി ഖിസ്സ | യെടത്തോളി മൊയ്തുകുട്ടി | - | 1970 | ഇസ്ലാം മത പ്രവാചകൻമാരിൽ ഒരാളായ ഈസാനബിയുടെ മാതാവായ മറിയം ബീവിയുടെ ജീവചരിത്രവും ഈസാനബിയുടെ ജനനവുമാണ് പ്രതിപാദ്യം. |
| 19. | വലിയ ഉമർ ഖിസ്സപ്പാട്ട് | പി.എ. പരീക്കുട്ടി | - | 1973 | പ്രവാചകൻ മുഹമ്മദ് നബിയുടെ നിർദ്ദേശ പ്രകാരം പ്രധാന അനുചരനായ ഉമർ തന്റെ പൂർവ്വകഥ പറയുന്നതാണ് ഇതിവൃത്തം. |

*പട്ടിക -21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 20. | കുറത്തിപ്പാട്ട് | ആലപ്പുഴ കൈതക്കര സി.എ ഹസൻകുട്ടി | – | 1976 | മാലാഖമാരിൽ പ്രമുഖനായ ജിബിരിൽ (ഗബ്രിയേൽ മാലാഖ) ദൈവ നിയോഗമനുസരിച്ച് ഒരു കുറത്തിയുടെ വേഷത്തിൽ മക്ക, മദീന എന്നീ പട്ടണങ്ങൾ ചുറ്റി കഅബാലയത്തിൽ ചെന്ന് അലിയെ കണ്ടുമുട്ടുന്നതും കൈനോക്കി ലക്ഷണം പറയുന്നതുമെല്ലാമാണ് ഒന്നാംഭാഗം രണ്ടാംഭാഗത്ത് ഒരു മൈലാഞ്ചിപ്പാട്ടും, ഫാത്തിമ ബീവിയെയും പ്രവാചകൻ മുഹമ്മദ് നബിയെയും ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു പാട്ടും ഉൾപ്പെടുത്തിയിരിക്കുന്നു. |
| 21. | കുപ്പിപ്പാട്ട് | കെ.ടി. മുഹമ്മദ് | - | 1984 | പ്രവാചക പുത്രി ഫാത്തിമയെ കുറിച്ച് ഭർത്താവ് അലിക്ക് ചില സംശയങ്ങൾ ഉണ്ടാവുന്നതും പ്രവാചകൻ വളരെ യുക്തിപൂർവ്വം സംശയമെല്ലാംമാറ്റി ദമ്പതികളെ ഒന്നിപ്പിക്കുന്നതുമാണ് പ്രതിപാദ്യം. |
| 22. | വലിയ കച്ചവടപ്പാട്ട് | – | - | 1989 | പ്രവാചകൻ മുഹമ്മദ് നബി പ്രവാചകലബ്ധിക്ക് മുമ്പായി കച്ചവടത്തിലേർപ്പെട്ടിരുന്നു അക്കാലത്ത് മക്കയിലെ കുലീന കുടുംബാംഗമായ ഖദീജ എന്നവർക്കുവേണ്ടി കച്ചവടചരക്കുകളുമായി ശാമിലേക്ക് പോവുന്നതും വഴി മദ്ധ്യേ ധാരാളം അത്ഭുതങ്ങൾ സംഭവിക്കുന്നതും, ലാഭകരമായ കച്ചവടത്തിന് ശേഷം മക്കയിൽ തിരിച്ചെത്തിയ പ്രവാചകനിൽ ഖദീജ ആകൃഷ്ടയാവുന്നതും പ്രവാചകനെ വിവാഹം കഴിക്കുന്നതുമെല്ലാമാണ് കച്ചവടപ്പാട്ടിന്റെ ഇതിവൃത്തം. |

*പട്ടിക –21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 20. | കുറത്തിപ്പാട്ട് | ആലപ്പുഴ കൈതക്കര സി.എ ഹസൻകുട്ടി | – | 1976 | മാലാഖമാരിൽ പ്രമുഖനായ ജിബിരിൽ (ഗബ്രിയേൽ മാലാഖ) ദൈവ നിയോഗമനുസരിച്ച് ഒരു കുറത്തിയുടെ വേഷത്തിൽ മക്ക, മദീന എന്നീ പട്ടണങ്ങൾ ചുറ്റി കഅബാലയത്തിൽ ചെന്ന് അലിയെ കണ്ടുമുട്ടുന്നതും കൈനോക്കി ലക്ഷണം പറയുന്നതുമെല്ലാമാണ് ഒന്നാംഭാഗം രണ്ടാംഭാഗത്ത് ഒരു മൈലാഞ്ചിപ്പാട്ടും, ഫാത്തിമ ബീവിയെയും പ്രവാചകൻ മുഹമ്മദ് നബിയെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പാട്ടും ഉൾപ്പെടുത്തിയിരിക്കുന്നു. |
| 21. | കുപ്പിപ്പാട്ട് | കെ.ടി. മുഹമ്മദ് | - | 1984 | പ്രവാചക പുത്രി ഫാത്തിമയെ കുറിച്ച് ഭർത്താവ് അലിക്ക് ചില സംശയങ്ങൾ ഉണ്ടാവുന്നതും പ്രവാചകൻ വളരെ യുക്തിപൂർവ്വം സംശയമെല്ലാംമാറ്റി ദമ്പതികളെ ഒന്നിപ്പിക്കുന്നതുമാണ് പ്രതിപാദ്യം. |
| 22. | വലിയ കച്ചവടപ്പാട്ട് | – | – | 1989 | പ്രവാചകൻ മുഹമ്മദ് നബി പ്രവാചകലബ്ധിക്ക് മുമ്പായി കച്ചവടത്തിലേർപ്പെട്ടിരുന്നു അക്കാലത്ത് മക്കയിലെ കുലീന കുടുംബാംഗമായ ഖദീജ എന്നവർക്കുവേണ്ടി കച്ചവടചരക്കുകളുമായി ശാമിലേക്ക് പോവുന്നതും വഴി മദ്ധ്യേ ധാരാളം അത്ഭുതങ്ങൾ സംഭവിക്കുന്നതും, ലാഭകരമായ കച്ചവടത്തിന് ശേഷം മക്കയിൽ തിരിച്ചെത്തിയ പ്രവാചകനിൽ ഖദീജ ആകൃഷ്ടയാവുന്നതും പ്രവാചകനെ വിവാഹം കഴിക്കുന്നതുമെല്ലാമാണ് കച്ചവടപ്പാട്ടിന്റെ ഇതിവൃത്തം |

*പട്ടിക –21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 23. | വലിയ ഉമർ ഖിസ്സപ്പാട്ട് | സി.എച്ച് കുഞ്ഞായിശ തീരുരങ്ങാടി | - | - | പ്രവാചകൻ മുഹമ്മദ് നബി തന്റെ ഭാര്യ ഖദീജാബീവിയുടെ മരണത്തിൽ ദു:ഖിതനായിരിക്കുന്ന സമയത്ത് പ്രവാചകന്റെ മനപ്രയാസം തീർക്കാൻ അടുത്ത അനുചരൻ ഉമർ തന്റെ പൂർവ്വകഥ പറയുന്നു. ഉമറിന്റെ പൂർവ്വകാല ചരിത്രമാണ് കൃതിയുടെ ഇതിവൃത്തം. |
| 24. | അയ്യൂബ് നബിയുടെ റഹ്മത് മാല | ചാലിലകത്ത് ഇബ്രാഹിം കുട്ടി മാസ്റ്റർ | - | - | ഒരു സ്ത്രീ തന്റെ മകനോട് വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ സ്ത്രീകളെല്ലാം വഞ്ചകികളാണെന്ന് പറഞ്ഞ് വിവാഹത്തിനു വിസമ്മതിക്കുന്നു. അതിനുതെളിവായി ഈസാ നബി ജീവിപ്പിച്ച് കൊടുത്ത സുന്ദരിയായ ഒരു സ്ത്രീ തന്റെ ഭർത്താവിനെ വിട്ട് മറ്റൊരാളുടെ കൂടെ പോയ കഥ പറയുന്നു. ഇതിന് മറുപടിയായി ഉമ്മ പതിവ്രതയും സ്നേഹശീലയുമായ റഹ്മത്ത്ബീവിയുടെ കഥപറഞ്ഞുകൊടുക്കുന്നു. അയ്യൂബ് നബിയുടെ ഭാര്യയായ റഹ്മത്ത് ബീവി ഭർത്താവിന്റെ സുഖദു:ഖങ്ങളിൽ കൂടെ നിൽക്കുന്നതും കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതുമെല്ലാം വിശദമായി പറയുന്നു. ഇത് കേട്ട മകൻ വിവാഹത്തിന് സമ്മതിക്കുന്നതാണ് പ്രതിപാദ്യം. |
| 25. | ഒട്ടകത്തിന്റെയും മാനിന്റെയും കഥ | മോയിൻകുട്ടി വൈദ്യർ | - | - | ഒരു ഒട്ടകവും മാനും നബിയുടെ അടുക്കൽവന്ന് പരാതി ബോധിപ്പിക്കുന്നതും നബി അവരുടെ സങ്കടംതീർത്തുകൊടുക്കുന്നതുമാണ് പ്രതിപാദ്യം. |
| 26. | ഹിജ്റ | മോയിൻകുട്ടി വൈദ്യർ | - | - | നബിയുടെ ജനനം മുതൽ ഉമറിന്റെ ഇസ്ലാംമത പ്രവേശംവരെയുള്ള ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള കാവ്യം. |
| 27. | നരിനായാട്ട് | പുലിക്കോട്ടിൽ ഹൈദർ | - | - | ഏറനാട് താലൂക്കിലെ വെള്ളങ്ങാടിനടുത്ത് മലയിൽനിന്നും ഒരു നരിയെ പിടിച്ച കഥയാണ് ഇതിവൃത്തം. |
| 28. | സാലിഹ് നബിയുടെ ഒട്ടക ചരിത്രം ഖിസ്സപ്പാട്ട് | യെടത്തോളി മൊയ്തീൻകുട്ടി മുസ്ല്യാർ | - | - | സമൂദ് ഗോത്രത്തിലെ പ്രവാചകൻ സാലിഹ് നബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |

*പട്ടിക -21 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 23. | വലിയ ഉമർ ഖിസ്സപ്പാട്ട് | സി.എച്ച് കുഞ്ഞായിശതീരുരങ്ങാടി | – | – | പ്രവാചകൻ മുഹമ്മദ് നബി തന്റെ ഭാര്യ ഖദീജാബീവിയുടെ മരണത്തിൽ ദുഃഖിതനായിരിക്കുന്ന സമയത്ത് പ്രവാചകന്റെ മനപ്രയാസം തീർക്കാൻ അടുത്ത അനുചരൻ ഉമർ തന്റെ പൂർവ്വകഥ പറയുന്നു. ഉമറിന്റെ പൂർവ്വകാല ചരിത്രമാണ് കൃതിയുടെ ഇതിവൃത്തം. |
| 24. | അയ്യൂബ് നബിയുടെ റഹ്മത് മാല | ചാലിലകത്ത് ഇബ്രാഹിം കുട്ടി മാസ്റ്റർ | – | – | ഒരു സ്ത്രീ തന്റെ മകനോട് വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ സ്ത്രീകളെല്ലാം വഞ്ചകികളാണെന്ന് പറഞ്ഞ് വിവാഹത്തിനു വിസമ്മതിക്കുന്നു. അതിനുതെളിവായി ഈസാ നബി ജീവിപ്പിച്ച് കൊടുത്ത സുന്ദരിയായ ഒരു സ്ത്രീ തന്റെ ഭർത്താവിനെ വിട്ട് മറ്റൊരാളുടെ കൂടെ പോയ കഥ പറയുന്നു. ഇതിന് മറുപടിയായി ഉമ്മ പതിവ്രതയും സ്നേഹശീലയുമായ റഹ്മത്ത്ബീവിയുടെ കഥപറഞ്ഞുകൊടുക്കുന്നു. അയ്യൂബ് നബിയുടെ ഭാര്യയായ റഹ്മത്ത് ബീവി ഭർത്താവിന്റെ സുഖദുഃഖങ്ങളിൽ കൂടെ നിൽക്കുന്നതും കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതുമെല്ലാം വിശദമായി പറയുന്നു. ഇത് കേട്ട മകൻ വിവാഹത്തിന് സമ്മതിക്കുന്നതാണ് പ്രതിപാദ്യം. |
| 25. | ഒട്ടകത്തിന്റെയും മാനിന്റെയും കഥ | മോയിൻകുട്ടി വൈദ്യർ | - | - | ഒരു ഒട്ടകവും മാനും നബിയുടെ അടുക്കൽവന്ന് പരാതി ബോധിപ്പിക്കുന്നതും നബി അവരുടെ സങ്കടംതീർത്തുകൊടുക്കുന്നതുമാണ് പ്രതിപാദ്യം. |
| 26. | ഹിജ്റ | മോയിൻകുട്ടി വൈദ്യർ | - | - | നബിയുടെ ജനനം മുതൽ ഉമറിന്റെ ഇസ്ലാംമത പ്രവേശംവരെയുള്ള ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള കാവ്യം. |
| 27. | നരിനായാട്ട് | പുലിക്കോട്ടിൽ ഹൈദർ | - | - | ഏറനാട് താലൂക്കിലെ വെള്ളങ്ങാടിനടുത്ത് മലയിൽനിന്നും ഒരു നരിയെ പിടിച്ച കഥയാണ് ഇതിവൃത്തം. |
| 28. | സാലിഹ് നബിയുടെ ഒട്ടക ചരിത്രം ഖിസ്സപ്പാട്ട് | യെടത്തോളി മൊയ്തീൻകുട്ടി മുസ്ല്യാർ | - | - | സമൂദ് ഗോത്രത്തിലെ പ്രവാചകൻ സാലിഹ് നബിയുടെ ചരിത്രമാണ് പ്രതിപാദ്യം. |

*പട്ടിക –21 തുടർച്ച*

### 3.6.2.4. പ്രേമകാവ്യങ്ങൾ

അറബിമലയാളത്തിൽ ചില പ്രേമകാവ്യങ്ങളുമുണ്ട്. സ്വതന്ത്രകൃതികളും പേർഷ്യൻകാവ്യങ്ങളുടെ പരിഭാഷയും ഇക്കൂട്ടത്തിൽ കാണുന്നുണ്ട്.

പട്ടിക – 22

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ശൽമിസിന്റെ പാട്ട് | - | - | 1910 | ബാല്യകാലം മുതൽ പരസ്പരം അനുരാഗബന്ധിതരായ രണ്ട് പ്രണയികളുടെ ശുഭപര്യവസായിയായ പ്രണയകഥയാണ് ഇതിവൃത്തം. |
| 2. | ബദറുൽമുനീർ കെസ് | വായ്പുള്ളിയിൽ മമ്മൂട്ടി | - | 1927 | ബദറുൽ മുനീർ, ഹുസൈനുൽ ജമാൽ എന്നിവർ തമ്മിലുള്ള പ്രണയ കഥ. ഒരു പേർഷ്യൻ നോവലിൽ നിന്നാണ് ഇതിവൃത്ത സ്വീകരണം നടത്തിയിരിക്കുന്നത്. |
| 3. | ബദറുൽമുനീർ ഹുസുനുൽ ജമാൽ | മോയീൻകുട്ടി വൈദ്യർ | - | 1931 | ബദറുൽ മുനീർ, ഹുസൈനുൽ ജമാൽ എന്നിവർ തമ്മിലുള്ള പ്രഖ്യാതമായ പ്രണയ കഥ. ഒരു പേർഷ്യൻ നോവലിൽ നിന്നാണ് ഇതിവൃത്ത സ്വീകരണം നടത്തിയിരിക്കുന്നത് |
| 4. | സുഖസുന്ദരി മാല | എടക്കാടൻ കുഞ്ഞബ്ദുള്ള മുൻഷി | - | 1948 | അനുരാഗ ലോലമായ കാമുക ഹൃദയത്തിൽ ഉയരുന്ന ചിന്തകളും, കാമിനിയുടെ ശരീരവർണ്ണനയുമാണ് പ്രതിപാദ്യം |

### 3.6.2.5. വിലാപകാവ്യങ്ങൾ

പ്രവാചകൻമാരുടേയോ അവരുടെ ബന്ധുക്കളുടേയോ മരണരംഗമാണ് ഒട്ടുമിക്ക വിലാപകാവ്യങ്ങളുടേയും പ്രതിപാദ്യം. തുടർന്ന് അവരെമുൻനിർത്തികൊണ്ടുള്ള പ്രാർത്ഥനയും ചേർത്തിരിക്കും

പട്ടിക-23

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | വഫാത്ത് ഫാത്തിമ | കെ.ടി മുഹമ്മദ് | – | – | മുഹമ്മദ്നബിക്ക് തന്റെ മരണത്തെകുറിച്ച് ദൈവ സന്ദേശം ലഭി ക്കുന്നതും രോഗബാധി തനായി ആയിശബീവി യുടെ വീട്ടിൽ കിടന്നി രുന്നതും ചില വസിയ ത്തുകൾ ചെയ്തതും വിവരിച്ചിരിക്കുന്നു കൂടാതെ പ്രവാചക പുത്രി ഫാത്തിമാ ബീവിയുടെ മരണ വിവരങ്ങളും ഉൾപ്പെടു ത്തിയിരിക്കുന്നു. |
| 2. | വഫാത്തു ഖിസ്സ ത്തുന്നബി | എ.പി കുഞ്ഞ വറു മൊല്ല | – | – | പ്രവാചകൻ മുഹമ്മദ്ന ബിയുടെ മരണരംഗ മാണ് പ്രതിപാദ്യം |
| 3. | വഫാത്തുന്നബ വിയ്യ് | ശയ്ഖ് അബ്ദുൾഖാ ദർ | – | – | പ്രവാചകൻ മുഹമ്മദ്ന ബിയുടെ മരണരംഗ മാണ് പ്രതിപാദ്യം |
| 4. | വഫാത്ത് ഫാത്തി മത്ത് | സി.എച്ച് കുഞ്ഞായിശ | – | – | പ്രവാചകപുത്രി ഫാത്തിമയുടെ മരണ മാണ് പ്രതിപാദ്യം |

### 3.6.2.6 ദാർശനികകാവ്യങ്ങൾ

ജീവിതത്തിന്റെ നശ്വരതയും ക്ഷണികതയും മുഖ്യപ്രമേയമാക്കികൊണ്ട് രചി ക്കപ്പെട്ടവയാണ് ഈ വിഭാഗത്തിലെ കൃതികൾ.

പട്ടിക-24

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | കപ്പപ്പാട്ട് | കുഞ്ഞായിൻമുസ്ല്യാർ | - | - | മനുഷ്യജീവിതത്തെ ഒരു കപ്പൽയാത്രയോട് ഉപമിച്ചിരിക്കുന്നു. ഒരു അന്യാപദേശകൃതി |
| 2. | നൂൽമദ്ഹ് | കുഞ്ഞായിൻമുസ്ല്യാർ | - | - | മരണാനന്തര ജീവിതമുക്തികാംക്ഷിച്ചുകൊണ്ട് ലൗകിക ജീവിതത്തിൽ നിന്നും വിടുതൽചെയ്യേണ്ടതിന്റെ ആവശ്യകതയാണ് പ്രതിപാദ്യം. |
| 3. | ഹൈറാനിയ കടൽ | അബ്ദുള്ളക്കുട്ടി | - | - | ജീവിതത്തെ കാറ്റും കോളും നിറഞ്ഞ മഹാസാഗരത്തോട് ഉപമിച്ചെഴുതിയിരിക്കുന്നു. |
| 4. | സഫലമാല | കുളങ്ങരവീട്ടിൽ മൊയ്തുമുസ്ല്യാർ | - | - | സൂഫിദാർശനികകാഴ്ച്ചപ്പാടിലൂടെ ജീവിതത്തെ വിലയിരുത്തുന്ന ഒരു മിസ്റ്റിക് കാവ്യം. |

### 3.6.2.7. സർക്കീട്ട്പാട്ടുകൾ

യാത്രാവിവരണങ്ങളുടെ കാവ്യാവിഷ്കാരമാണ് സർക്കീട്ട്പാട്ടുകൾ. സഞ്ചാര സാഹിത്യവിഭാഗത്തിൽപ്പെടുത്താവുന്ന കൃതികളാണിവ.

പട്ടിക-25

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 2. | ഭദ്രാവതിസർക്കീട്ട് മാല | ആറ്റക്കോയയെന്ന മാനുതങ്ങൾ | - | 1959 | രചയിതാവ് ഭദ്രാവതിയിലേക്ക് നടത്തിയ യാത്രയാണ് പ്രതിപാദ്യം |
| 3. | രസകരമായ സർക്കീട്ട്പാട്ട് | പുലിക്കോട്ടിൽഹൈദർ | - | 1960 | കവി ഷൊർണ്ണൂരിലേക്ക് നടത്തിയ ചെറിയൊരു യാത്രയുടെ വിവരണമാണ് ഇത്. |
| 4. | ബത്തേരി സർക്കീട്ട്കീർത്തനം | എൻ. ഖാദർകുട്ടി ഫറോക്ക് | 1961 | 1961 | കോഴിക്കോട്ട് നിന്നും ബത്തേരിയിലേക്കും പിന്നീട് കുന്നംകുളത്തേക്കും നടത്തിയ യാത്രാവിവരണം |
| 5. | ഹജ്ജ്‌യാത്ര | വി.ടി. ബീരാൻകുട്ടി മൗലവി | - | - | കവി നടത്തിയ മക്കയിലേക്കുള്ള ഹജ്ജ്‌യാത്രയാണ് പ്രതിപാദ്യം |

### 3.6.2.8 കത്തുപാട്ടുകൾ

കത്തായി വായിക്കാനും, പാട്ടായി പാടാനും പറ്റിയവയാണ് കത്തുപാട്ടുകൾ എന്ന് എം.എൻ. കാരശ്ശേരി (1979:18) കത്തുപാട്ടുകളെ നിർവ്വചിക്കുന്നുണ്ട്. അറബിമല യാളത്തിലെ സന്ദേശകാവ്യങ്ങളാണിവ. കാല്പനികമായ പ്രമേയങ്ങൾക്കുപുറമെ വ്യവഹാരാവശ്യങ്ങളും കത്തുപാട്ടുകളിൽ പ്രതിപാദിച്ചുകാണുന്നുണ്ട്.

പട്ടിക-26

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | കത്തുപാട്ട് | മോയീൻകുട്ടി വൈദ്യർ | - | - | ഒരു യുവതിയോട് തോന്നിയ പ്രണയം അവളെ അറിയിച്ചുകൊണ്ടെഴുതിയ പാട്ട്. |
| 2. | മറിയക്കുട്ടി യുടെ കത്ത് | പുലിക്കോട്ടിൽഹൈദർ | - | - | ബല്ലാരിജയിലിൽഅടക്കപ്പെട്ട ഹസ്സൻകുട്ടിക്ക് ഭാര്യ മറിയക്കുട്ടി എഴുതുന്ന കത്ത്. |
| 3. | കത്തുപാട്ട് | നല്ലളംബീരാൻ | - | - | വിവാഹാഭ്യർത്ഥനനടത്തിയ അഹമ്മദിന് ആമിന അയച്ചകത്തും അഹമ്മദിന്റെ അയച്ചമറുപടിയും. |

### 3.6.2.9. സാരോപദേശ കൃതികൾ

നന്മയും സൽസ്വഭാവവും ദൈവചിന്തയും ജീവിതത്തിൽ പാലിക്കണമെന്ന് അനുവാചകരെ ഉപദേശിക്കുന്ന രീതിയിലുള്ള കാവ്യങ്ങളാണ് ഈ ഗണത്തിൽപ്പെടുന്നത്.

പട്ടിക–27

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ഉപദേശരത്ന സംഗീതമാല | പി. ആയിശക്കുട്ടി | – | 1963 | വിനോദങ്ങളിലും നേര മ്പോക്കുകളിലും മുഴുകി ഉത്തരവാദിത്വമില്ലാതെ ജീവിക്കുന്ന തന്റെ ഭർത്താവിനെ ഉപദേശി ക്കുന്ന രീതിയിലാണ് കൃതി. |
| 2. | സ്റി (സ്ത്രീ) ഉറുദിമാല | അല്ലുസാഹിബ് | – | - | ജീവിതംസംസ്ക്കരിക്കേ ണ്ടതിനെക്കുറിച്ച് സ്ത്രീകളെ ഉപദേശിക്കു ന്നകൃതി. |
| 3. | സ്റി (സ്ത്രീ) തടി ഉറുദിമാല | ഹസ്സൻകുട്ടിവൈ ദ്യർ | – | - | സ്ത്രീകളെ ഉപദേശിക്കു ന്നതാണ് പ്രതിപാദ്യം |
| 4. | മസ്അലാ ത്തുൽഫ | സയ്യിദ് മുഹമ്മ ദാലി | – | – | ഇസ്ലാമിക നിയമപ്രകാരം ജീവിക്കേണ്ടതെങ്ങനെ യെന്ന് നിർദ്ദേശിക്കുന്ന കൃതി. |

### 3.6.2.10 താരാട്ടുപാട്ട്

കുട്ടികളെ ഉറക്കാനുള്ള താരാട്ടുപാട്ടുകളും അറബിമലയാളത്തിലുണ്ട്. പ്രവാചകകഥകളും മറ്റു ഇസ്ലാമിക സംഭവങ്ങളും പ്രതിപാദിച്ചുകാണുന്നു. ഒറ്റക്കൃതിമാത്രമേ ഈ വിഭാഗത്തിൽ നിന്നായി ലഭിച്ചിട്ടുള്ളൂ.

പട്ടിക–28

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1 | അഹദാമര എന്ന താലോലപ്പാട്ട് | കോട്ടിക്കൊല്ലത്ത് കെ.എൻ മമ്മുഞ്ഞി മൗലവി | – | 1959 | ഒരു താരാട്ട് പാട്ടാണിത്. കുഞ്ഞിനെ താലോലിക്കുന്ന തോടൊപ്പം പ്രവാചകൻ മുഹമ്മദ് നബിയുടെ മഹത്വം മുൻനിർത്തി കുഞ്ഞിനെ രക്ഷിക്കണ മെന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. |

### 3.6.2.11. കല്ല്യാണപാട്ടുകൾ

മാപ്പിള സാഹിത്യകൃതികളിൽ ഏറ്റവും പഴക്കമുള്ള പാട്ടുകളാണ് കല്ല്യാണപ്പാട്ടുകൾ. വിവാഹം, സുന്നത്ത് കല്ല്യാണം, കാതുകുത്ത് മുതലായ ആഘോഷങ്ങളോട് അനുബന്ധിച്ച് അരങ്ങേറുന്ന ഒപ്പനകളിൽപാടിയിരുന്ന ഒപ്പനപ്പാട്ടുകളും, വിവാഹത്തലേന്നു നടക്കുന്ന മൈലാഞ്ചികല്ല്യാണത്തോടനുബന്ധിച്ച് പാടിയിരുന്ന മൈലാഞ്ചിപ്പാട്ടുകളും, നവവരനെ സൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട അമ്മായിപ്പാട്ടുകളും പ്രവാചകന്റെ സ്വർഗ്ഗീയ വിവാഹത്തെ വർണ്ണിക്കുന്ന തൃക്കല്ല്യാണപ്പാട്ടുകളുമടങ്ങിയ വലിയ ഒരു ഗാനശേഖരം കല്ല്യാണപ്പാട്ട് വിഭാഗത്തിൽ ഉൾക്കൊള്ളുന്നു.

ഈ വിഭാഗത്തിൽപ്പെടുന്ന പ്രാചീന കൃതികളെ പഴയത് എന്നും പിൽക്കാലത്തുണ്ടായവയെ പുതിയത് എന്നും വിളിച്ചുവരുന്നു. പഴയ കൃതികളുടെ കർത്താവ്, കാലം എന്നിവയെക്കുറിച്ച് ഒരു സൂചനയും ലഭ്യമല്ല. എന്നാലും പ്രതിപാദന രീതി, പ്രമേയാവതരണം എന്നിവയുടെ അടിസ്ഥാനത്തിൽ പഴയതും പുതിയതും വേർതിരിച്ചറിയാൻകഴിയും.

പട്ടിക-29

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 1. | ആലത്തിൽ മൂലം (മൂല പുരാണം) | കോട്ടപ്പറമ്പത്ത് കുഞ്ഞക്കാക്ക | - | 1920 | പ്രവാചകൻ മുഹമ്മദ് നബി അബൂബക്കർ ഉമർ ഖദീജാ ബീവി ആയിശാബീവി എന്നിവരുടെ മഹത്വം വർണ്ണിച്ചെഴുതിയ കല്ല്യാണപ്പാട്ട്. |
| 2. | താജപ്പൂമാലകൾ | ചെമ്പകശ്ശേരിപറമ്പിൽ വലിയ തൊടുക അഹമ്മദ്കുട്ടിമൊല്ലയും ഗുരുനാഥൻമാരും | - | 1923 | ചില കല്ല്യാണപ്പാട്ടുകളും ഒരു ഹിന്ദുസ്ഥാനി ഗാനം ബൊംബെമാർക്കറ്റിന് തീപിടിച്ചതിനെ വർണ്ണിക്കുന്ന ബൊംബെ മാർക്കറ്റിപ്പാട്ട് ഹുസനുൽജമാൽ കെസ് ഗ്രീക്ക് യുദ്ധപ്പാട്ട് കപ്പൽ മറിഞ്ഞ് ചരക്ക് നഷ്ട്ടപ്പെട്ട പാട്ട് എന്നിവയെല്ലാമാണ് ഉള്ളടക്കം. |

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 3. | മംഗലസാര സംഗതിമാല | പൊന്നാനിഒറ്റക ത്ത് കുഞ്ഞി ബാവ എന്ന ബുവാരി | - | 1924 | പൊന്നാനിയിലെ നാട്ടുപ്രമാണിയും പൗരപ്രമുഖനുമായ വലിയ ഖാൻസാഹിബ് ആറ്റക്കോയ വലിയ തങ്ങളുടെ മകളുടെയും കൊച്ചി തക്യാവിൽ ആറ്റക്കോയ തങ്ങളുടെ മരുമകന്റേയും കല്ല്യാണാഘോഷമാണ് പ്രതിപാദ്യം. |
| 4. | പലവക സഭപ്പാട്ടുകൾ | ചെമ്പകശ്ശേരി അഹമ്മദ്കുട്ടിമു | - | 1928 | കല്ല്യാണ അവസരങ്ങളിലും, മറ്റ് ആഘോഷ സമയങ്ങളിലും പാടാനുള്ള ഗാനങ്ങളുടെ സമാഹാരമാണ് ഇത്. |
| 5. | തശ്രിഫ് ഒപ്പനപ്പാട്ട് | മാട്ടുങ്ങൾ കുഞ്ഞിമക്കായ | - | 1956 | ഇസ്ലാം മത പ്രവാചകനായ മുഹമ്മദ് നബിയുടെ ജനനം, ജീവിതത്തിലെ വിവിധ സംഭവങ്ങൾ എന്നിവയെല്ലാമാണ് പ്രതിപാദ്യം. |
| 6. | സഭവിളക്കിപ്പാട്ട് | കണ്ണൂർ വെളുത്താണ്ടി അബ്ദുൾ ഖാദർ | - | 1956 | ഇസ്ലാം മത പ്രവാചകനായ മുഹമ്മദ്നബി, പ്രധാന അനുചരൻമാരും ഖലീഫമാരുമായ അബൂബക്കർ സിദ്ധിഖ്, ഉമർ, ഉസ്മാൻ, അലി എന്നിവരുടെ മഹത്വങ്ങൾ |
| 7. | പഴയ അമ്മായിപ്പാട്ട് | - | - | 1960 | മരുമകന് അമ്മായി (ഭാര്യാമാതാവ്) വിശിഷ്ടമായ വിഭവങ്ങൾ ഒരുക്കുന്നതും വളരെ സ്നേഹത്തോടെ സൽക്കരിക്കുന്നതുമെല്ലാമാണ് പ്രതിപാദ്യം. |
| 8. | മംഗലാലങ്കാരം പുതുക്കപ്പാട്ട് | ആമിനക്കുട്ടി | - | 1961 | കല്ല്യാണാവസരങ്ങളിൽ വധുവിനെ ആനയിച്ചുകൊണ്ട് പാടാനുള്ള ക്ല്യാണപാട്ടുളാണ് പ്രതിപാദ്യം. |
| 9.. | മംഗലപൊങ്ങാര സംഗീതം | പൊന്നാനി വളന്നൂർ പി.കോയ | - | 1962 | വിവാഹസമയത്ത് മണവാട്ടിയെ ആനയിക്കുമ്പോൾ പാടുന്നപാട്ടും മലപ്പുറംപടയും അതിൽ രക്തസാക്ഷികളായവരുടെ മഹത്വവും ഉൾക്കൊള്ളുന്നതാണ് കൃതി. |

*പട്ടിക – 29 തുടർച്ച*

| ക്രമ നമ്പർ | കൃതി | രചയിതാവ് | രചനാ കാലം | അച്ചടിച്ച വർഷം | പ്രതിപാദ്യം |
|---|---|---|---|---|---|
| 10. | ആദി മുതൽ പുരാണം ഒപ്പന പ്പാട്ട് | - | - | 1963 | പ്രവാചകൻ മുഹമ്മദ് നബി യുടെ ജനനം, തൽസമയത്ത് ലോകത്തുണ്ടായ അത്ഭുത ങ്ങൾ, ദൈവസിംഹാസനത്തിന്റെ വർണ്ണന, ദൈവം ഒരു സർപ്പത്തെ സൃഷ്ടിച്ച കഥ |
| 11. | മംഗളാലങ്കാരം എന്ന സ്ത്രീപുതു ക്കപ്പാട്ട് | കെ.ടി മുഹമ്മദ് | - | 1971 | കല്ല്യാണ ദിവസം മണവാട്ടി വരന്റെ ഗൃഹത്തിലേക്ക് പോകുമ്പോൾ പാടാനുള്ള പുതുക്കപ്പാട്ടുകളാണ്. |
| 12. | കല്ല്യാണ സുന്ദരി | കെ.ടി. മുഹമ്മദ് | 1971 | 1971 | മുസ്ലിം വിവാഹാഘോഷങ്ങളു മായി ബന്ധപ്പെട്ട കാര്യങ്ങ ളാണ് പ്രതിപാദ്യം. |
| 13. | മംഗലപ്പാട്ട് | എ.പി മുഹമ്മദ് മൗലവി | - | 1971 | മുസ്ലിം വിവാഹാവസരങ്ങളിൽ പാടാൻ വേണ്ടിയുള്ള കല്ല്യാണ പ്പാട്ടുകളാണ് പ്രതിപാദ്യം. |
| 14. | സൂര്യ കുമാരി മാല | ഒ.കെ കുഞ്ഞിമു ഹമ്മദ് | 1924 | 1976 | വിവാഹാവസങ്ങളിൽ പാടാ നുള്ള കല്ല്യാണപ്പാട്ടുകളാണ് |
| 15. | ചന്ദിര സുന്ദരി മാല | പി.കെ ഹലീമ | - | 1983 | പ്രവാചകന്റെ വിവാഹം, പ്രവാ ചകപത്നി ഖദീജബീവിയെ സംബന്ധിച്ച് മകൾ ഫാത്തി മയും സപത്നി ആയിശയും തമ്മിലുണ്ടായ വാദപ്രതിവാദം എന്നിവയെല്ലാമാണ് പ്രതി പാദ്യം വിവാഹാവസരങ്ങളിൽ പാടാനുണ്ടാക്കിയതാണ് കൃതി. |

*പട്ടിക - 29 തുടർച്ച*

### 3.6.2.12. ഇതരകാവ്യശാഖകൾ

മേൽ സൂചിപ്പിച്ച കാവ്യശാഖകൾക്ക് പുറമെ വേറെചില കാവ്യ പാരമ്പര്യ ങ്ങളും അറബിമലയാളത്തിലുണ്ട്. പക്ഷെ ഈ വിഭാഗത്തിൽനിന്നും കൃതികളെന്ന് പരിഗണിക്കാവുന്ന രചനകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

#### 3.6.2.12.1. അമ്പകൽ

ക്ലേശം നിറഞ്ഞ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ ജോലിഭാരം ലഘൂകരി ക്കാൻ വേണ്ടി താളാത്മകമായി ചൊല്ലുന്ന വിനോദഗാനങ്ങളാണിത്.

**3.6.2.12.2. പൂപ്പേച്ചൽ**

കുട്ടികൾ സംഘമായി മത്സരിച്ച് പാടുന്ന പാട്ടുസമ്പ്രദായമാണ് പൂപ്പേച്ചലുകൾ. പൂവുകൾ, മൃഗങ്ങൾ, പറവകൾ, വീട്ടുപകരണങ്ങൾ പലഹാരങ്ങൾ എന്നിങ്ങനെ ഓരോ വിഭാഗത്തിൽപ്പെട്ട സാധനങ്ങളുടേയും പേര് ചൊല്ലി മത്സരിക്കുന്ന കാവ്യരീതിയാണിത്.

മേൽപറഞ്ഞവകൂടാതെ അന്നു സമൂഹത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന പല ആഭരണങ്ങളുടെയും പേരുകൾ, വിവിധ മത്സ്യങ്ങളുടെ പേരുകൾ, ദേശങ്ങളുടെ പേരുകൾ തുടങ്ങിയവ മാലപോലെ കോർത്ത് പാടുന്ന പാട്ടുകളും ഉണ്ട്.

**3.6.3 പദ്യകൃതികളുടെ രചനാസങ്കേതങ്ങൾ**

അറബിമലയാളപദ്യകൃതികളുടെ രചനാസങ്കേതങ്ങൾ ലക്ഷണശാസ്ത്ര ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ല. എന്നാൽ കൃത്യമായ രചനാനിയമങ്ങൾ പാലിച്ചുകൊണ്ടാണ് കൃതികൾ രചിക്കപ്പെട്ടിട്ടുള്ളത്. ഇശലുകൾ എന്ന പേരിലാണ് അറബിമലയാള പദ്യകൃതികളുടെ രചനാസമ്പ്രദായം അറിയപ്പെടുന്നത്. വൃത്തവിശേഷങ്ങൾ തന്നെയാണ് ഇശലുകൾ. താളാത്മകയും സംഗീതാത്മകതയും കൈവരിക്കാൻ സഹായിക്കുന്നതോടൊപ്പം പദ്യത്തിന്റെ ആകർഷണീയതയും, ഭാവപ്രകടനവും സാധ്യമാക്കാൻ ഈ രചനാരീതി സഹായിക്കുന്നു.

> ഏതൊരു പദപ്രയോഗത്തിനും സാധാരണയിൽ കവിഞ്ഞ ഒരു സംവേദകത്വം നൽകാൻ നിശ്ചിതമായ പദവിന്യാസക്രമം സഹായിക്കുന്നു. സാധാരണ ഭാഷയിൽ കവിഞ്ഞ മാധുര്യമോ ശക്തിയോ പകരുന്ന, വാക്കിന് വശ്യതവരുത്തുന്ന ശബ്ദവിന്യാസ ക്രമമാണ് വൃത്തം (നാരായണകുറുപ്പ്, 1992:32)

മാപ്പിളപ്പാട്ടുൾപ്പെടെയുള്ള നമ്മുടെ പഴയ സാഹിത്യത്തിൽ ഇനിയും പലപല വിചിത്ര വൃത്തങ്ങൾ ഉപയോഗക്ഷമങ്ങളായിട്ടുണ്ട് (കുട്ടികൃഷ്ണമാരാർ, 1964:5)

ഈ അർത്ഥത്തിൽ അറബിമലയാള പദ്യകൃതികളിലെ ഇശലുകളെ വൃത്തങ്ങളായും പരിഗണിക്കാവുന്നതാണ്.

3.6.3.1. ഇശലുകൾ

പൂർവ്വ സൃഷ്ടിയായ ഒരു കൃതിയുടെ അതേ താളവും ഈണവും മാതൃകയാക്കി രചിക്കപ്പെടുന്ന ഒരു പദ്യത്തിന്റെഇശൽ പൂർവ്വ കൃതിയുടേയോ കൃതിയുടെ ആദ്യവരിയുടേയോ പേരിൽ അറിയപ്പെടുന്നു. ആ പദ്യം ചൊല്ലുന്ന രീതിയിൽ ചൊല്ലാം എന്ന മട്ട്. അറബിമലയാളകൃതികളുടെ കാര്യത്തിൽ മാത്രമല്ല മലയാളത്തിലും ആദ്യകാലങ്ങളിൽ ഇതുതന്നെയായിരുന്നു രീതി.

> ''ശാസ്ത്രത്തിൽ നൂറുനൂറുതരം വൃത്തങ്ങൾക്കൊക്കെ പേരിടുക എന്നത് അത്രവലിയ കാര്യമൊന്നുമല്ല. അവയ്ക്കൊക്കെ ചൊല്ലുന്നമട്ടാണ് പ്രധാനം. അതനുസരിച്ച് ജനഗണമന എന്നമട്ട്, പുവേപൊലി എന്നമട്ട് എന്നും മറ്റും പറഞ്ഞാൽ പേരിട്ട ഫലമായി. നമ്മുടെ ഭാഷയിൽ പണ്ടൊക്കെ അങ്ങിനെയാണ് ചെയ്തിരുന്നത്'' (കുട്ടികൃഷ്ണമാരാർ, 1955/1966:7).

ഇശൽ *കപ്പപ്പാട്ട്* എന്നുപറഞ്ഞാൽ കപ്പപ്പാട്ട് എഴുതപ്പെട്ട അതേ ഈണത്തിൽ ചൊല്ലേണ്ടകൃതി എന്നാണർത്ഥം. കപ്പപ്പാട്ട് എന്നത് കണ്ടെടുക്കപ്പെട്ട അറബിമലയാള കൃതികളിൽ രണ്ടാമത്തേതാണ്. ഇശൽ *ഹഖാന* എന്ന് പറഞ്ഞാൽ അതിനർത്ഥം *ഹഖാനകോനമറാൽമക്കാവ് വിട്ട് നബി* എന്നു തുടങ്ങുന്ന, മോയിൻകുട്ടി വൈദ്യർ എഴുതിയ മാപ്പിളപ്പാട്ടിന്റെ അതേ ഈണത്തിൽ രചിക്കപ്പെട്ടതും പാടേണ്ടതുമായ പദ്യം എന്നാണ്.

കപ്പപ്പാട്ട് പാടി കേട്ട ഒരാൾക്ക് മാത്രമേ കപ്പപ്പാട്ട് ഇശലിൽ രചിക്കപ്പെട്ട ഒരു കൃതി പാടാൻ കഴിയു എന്ന പരിമിതി ഇതിനുണ്ട്. അറബിമലയാള കാവ്യങ്ങൾ വാമൊഴിയായി പ്രചരിച്ചു വന്നതിനാൽ ഇത് മനസ്സിലാക്കാൻ പൊതുവെ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. പാടി രസിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമാണ് അറബിമലയാള പദ്യ കൃതികൾ രചിക്കപ്പെട്ടിട്ടുള്ളത്. വായിച്ചാസ്വദിക്കുക എന്ന ലക്ഷ്യം രചനയെ സ്വാധീനിച്ചിട്ടില്ല.

> മട്ടുകളൊട്ടെ ചൊല്ലിക്കേട്ടു പഠിക്കേണ്ടവയാണ്. എഴുതിക്കേട്ടു മനസ്സിലാക്കുക എളുപ്പമല്ല. എങ്കിലും വൃത്തങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നോക്കിയാൽ ഏതാണ്ടൊക്കെ സാധിക്കും വായിക്കുന്നവർക്ക് വല്ല ചിലപാട്ടും അറിഞ്ഞിരിക്കണമെന്നേയുള്ളു (കുട്ടികൃഷ്ണമാരാർ, 1955/1966:8)

മാത്രാപ്രധാനമായി ഈ വൃത്തമെന്ന് ലക്ഷണം പറഞ്ഞിട്ടില്ലെങ്കിലും താളാത്മകതയും പദക്രമവും അറബിമലയാള കൃതികൾ പാലിച്ചിട്ടുണ്ട്. രചനകൾ നിർവ്വഹിക്കുമ്പോൾ സമൂഹത്തിൽ നിലവിലുള്ള വാമൊഴിപ്പഴക്കങ്ങളുടേയും പാട്ടുരീതികളുടേയും ചുവടുപിടിച്ചുകൊണ്ടാണ് ഇത് സാധിക്കുന്നത്. നാടൻപാട്ടുകളുടെയും കഥാഗാനങ്ങളുടെയും ഈണവും താളവും അതേപടിയോ ഭേദത്തോടുകൂടിയോ സ്വീകരിക്കുകയാണ് ആദ്യകാല രചയിതാക്കൾ ചെയ്തിട്ടുള്ളത്.

> ഏറ്റവും കൂടുതലായി വൃത്തങ്ങളും താളഭേദങ്ങളും ഉപയോഗിച്ച കുഞ്ചൻനമ്പ്യാർ പോലും അതേ ചെയ്തുള്ളു. മലയാളത്തിൽ രാമചരിതകാരന്റെ നാട്ടുഗാന രീതികളെ അതുപോലെ കൈകൊണ്ടു. അതുകൊണ്ടു തന്നെ ചെയ്ത നിരണം കവികൾ ഒരു പ്രത്യേക താളം (കാക്കേ കാക്കേ കൂടെവിടെ എന്ന താളക്രമം) സ്വീകരിക്കാനും അതിൽ വൈവിധ്യം ഉണ്ടാക്കാനുമാണ് കൂടുതൽ ശ്രദ്ധിച്ചത്(നാരായണക്കുറുപ്പ്, 1992:20)

അറബിമലയാള കൃതികളിലെ കണ്ടെടുക്കപ്പെട്ട ആദ്യ കൃതിയായ 'മുഹ്‌യിദ്ദീൻമാല' ആലാപനം ലക്ഷ്യംവെച്ചെഴുതിയ കാവ്യമാണ്. ഈ കൃതി ഇന്നമട്ടിൽ ചൊല്ലണം എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

ആദിയുമന്തവും വേദവു മാമിവൾ

ആദിയായ് വേദത്തിൻ കാതലൊളിപ്പവൾ - എന്ന പഴയൊരുപ്പാട്ടിന്റ് ഈണത്തിലാണ് ഇത് ചൊല്ലുന്നത്. ഇതാവട്ടെ

വൈതാലെനീതിയെ വെള്ളിവിളങ്കലിൽ

ഐത്താലി നോഞ്ചി തരാലിയിനാന്റെമാർ - എന്ന തമിഴ് പദ്യത്തിന്റെ അതേ ഈണത്തിലാണ്താനും. ഇതേ ഈണത്തിൽ തന്നെ മുഹ്‌യിദ്ദീൻമാല മുഴുവനായും പാടാൻ കഴിയുന്നുണ്ട്. മുഹ്‌യദ്ദീൻമാലയിലെ ധാരാളം നിരകൾ കാകളിയുടെ ലക്ഷണത്തിന് നിരക്കുന്നുണ്ട്. ഉദാ:-

– – u   – – u   – – u   – – u
കോഴീടെ / മുള്ളോട് / കൂകെന്ന് / ചൊന്നാരെ

– – u   – – u   – – u   – – u
കൂശാതെ / കൂകിപ്പ / റപ്പിച്ചു / വിട്ടോവർ

എന്നാൽ ഇതിനർത്ഥം മുഹ്‌യിദ്ദീൻമാല കാകളി വൃത്തത്തിൽ എഴുതി എന്നല്ല; മറിച്ച് കാകളിയുടെ താളക്രമം മുഹ്‌യിദ്ദീൻമാല ദീക്ഷിക്കുന്നു എന്നുമാത്രം. കാകളി വൃത്തത്തിന്റെ നിയതമായ ചട്ടക്കൂടിൽ നിന്നും അല്പസ്വല്പം വ്യത്യാസങ്ങൾ പല വരികളും പുലർത്തുന്നതായും കാണാം.

വളരെ പ്രാചീനമായ ഒരു വൃത്തമാണ് കാകളി. ഗ്രാമ്യരീതികളുടെ താളക്രമം കാകളിയുടെ രചനാമാനദണ്ഡങ്ങളുടേതിനോടടുത്തു നിൽക്കുന്നവയാണ്. ആയതിനാൽ നിലവിലുളള ഗാനരീതിയുടെ ചുവടുപിടിച്ചു പദ്യരചന നടത്തിയ ആളുകളുടെ

 പാത പിൻതുടർന്നു. പിന്നീട് അതേ താളക്രമത്തിലും പദവിന്യാസത്തിലും കൃതികൾ രചിക്കപ്പെട്ടു. ആലാപനം ഒന്നു മാത്രമാണ് രചനാലക്ഷ്യം എന്നതിനാൽ സംഗീതാത്മകതയ്ക്കാണ് അറബിമലയാള പദ്യകൃതികൾ മുൻതൂക്കം നൽകിയിട്ടുള്ളത്. എളുപ്പം ഓർത്തുവെക്കാനും ശ്രവണസുഖം നൽകുവാനുമുതകുന്നമട്ടിൽ താളാത്മകതയും ഈണവും ഉറപ്പുവരുത്തികൊണ്ടുള്ള പദവിന്യാസപ്രയോഗമാണ് മാപ്പിളപ്പാട്ടുകളുടെ രചനാരീതി. ഇതാവട്ടെ നിയതവും നിർവ്വചിക്കപ്പെട്ടതുമായ ലക്ഷണവിചാരങ്ങൾക്ക് പാത്രീഭവിച്ചിട്ടില്ല എന്നു മാത്രം.

ഇതിവൃത്തത്തിന്റെ ഭാവവും വികാരവും ഉൾക്കൊണ്ടുകൊണ്ട് ആലപിക്കാൻ കഴിയുന്ന ഇശലുകൾ സ്വീകരിക്കുന്നതിന് മാപ്പിളകവികൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. പ്രതിപാദ്യരസത്തെ പൂർണ്ണമായും ദ്യോതിപ്പിക്കുന്ന താളക്രമം അറബിമലയാളപദ്യകൃതികളുടെ ഒരു പ്രത്യേകത തന്നെയാണ്. മാലപ്പാട്ടുകളുടെ സാത്വികതയും കല്ല്യാണപാട്ടുകളിലെ ആലങ്കാരികതയും പടപ്പാട്ടിലെ ധീരതയും ധ്വനിപ്പിക്കേണ്ടിവരുമ്പോൾ വ്യത്യസ്തവും ഉചിതവുമായ താളക്രമമാണ് ദീക്ഷിക്കുന്നത്.

മലയാളഗാനപാരമ്പര്യരീതി പിന്തുടരുന്നതുകൊണ്ട് ഈരടികളാണ് പാട്ടിൽ പൊതുവെ കാണുന്നത്. തമിഴിലും മലയാളകാവ്യങ്ങളിലും ഇതേരീതിയാണ് പാലിച്ചുപോരുന്നത്. ഈരടിയിലെ ഓരോവരിയേയും പാദങ്ങളെന്നാണ് വിളിക്കുന്നത്. രണ്ട് പാദങ്ങൾ കൂടിച്ചേർന്ന ഈരടിയെ മാപ്പിളപ്പാട്ടിൽ പൊതുവെ മൊഴി എന്നു വിളിക്കാറുണ്ട്. രണ്ടിലധികം പാദങ്ങളുള്ള ധാരാളം മൊഴികൾ മാപ്പിളപ്പാട്ടിൽ കാണാൻകഴിയുന്നുണ്ട്. ഈ കാവ്യ വ്യവസ്ഥയില്ലായ്മ മാപ്പിളപ്പാട്ടിന്റെ മാത്രം പ്രശ്നമല്ല. ദ്രാവിഡവൃത്തസ്വീകരണം നടത്തിയ മലയാളപദ്യങ്ങളിലും കാണാവുന്നതാണ്. ഈരടി; പൂർത്തീകരണം സാധിക്കേണ്ട ഒരു ഏകകമാണ് എന്ന് കാണേണ്ടെന്ന് എ.ആർ.രാജരാജവർമ്മ (1967:17) സൂചിപ്പിക്കുന്നുണ്ട്.

പാത പിൻതുടർന്നു. പിന്നീട് അതേ താളക്രമത്തിലും പദവിന്യാസത്തിലും കൃതികൾ രചിക്കപ്പെട്ടു. ആലാപനം ഒന്നു മാത്രമാണ് രചനാലക്ഷ്യം എന്നതിനാൽ സംഗീതാത്മകതയ്ക്കാണ് അറബിമലയാള പദ്യകൃതികൾ മുൻതൂക്കം നൽകിയിട്ടുള്ളത്. എളുപ്പം ഓർത്തുവെക്കാനും ശ്രവണസുഖം നൽകുവാനുമുതകുന്നമട്ടിൽ താളാത്മകതയും ഈണവും ഉറപ്പുവരുത്തികൊണ്ടുള്ള പദവിന്യാസപ്രയോഗമാണ് മാപ്പിളപ്പാട്ടുകളുടെ രചനാരീതി. ഇതാവട്ടെ നിയതവും നിർവ്വചിക്കപ്പെട്ടതുമായ ലക്ഷണവിചാരങ്ങൾക്ക് പാത്രീഭവിച്ചിട്ടില്ല എന്നു മാത്രം.

ഇതിവൃത്തത്തിന്റെ ഭാവവും വികാരവും ഉൾക്കൊണ്ടുകൊണ്ട് ആലപിക്കാൻ കഴിയുന്ന ഇശലുകൾ സ്വീകരിക്കുന്നതിന് മാപ്പിളകവികൾ വളരെ ശ്രദ്ധിച്ചിട്ടുണ്ട്. പ്രതിപാദ്യരസത്തെ പൂർണ്ണമായും ദ്യോതിപ്പിക്കുന്ന താളക്രമം അറബിമലയാളപദ്യകൃതികളുടെ ഒരു പ്രത്യേകത തന്നെയാണ്. മാലപ്പാട്ടുകളുടെ സാത്വികതയും കല്ല്യാണപാട്ടുകളിലെ ആലങ്കാരികതയും പടപ്പാട്ടിലെ ധീരതയും ധ്വനിപ്പിക്കേണ്ടിവരുമ്പോൾ വ്യത്യസ്തവും ഉചിതവുമായ താളക്രമമാണ് ദീക്ഷിക്കുന്നത്.

മലയാളഗാനപാരമ്പര്യരീതി പിന്തുടരുന്നതുകൊണ്ട് ഈരടികളാണ് പാട്ടിൽ പൊതുവെ കാണുന്നത്. തമിഴിലും മലയാളകാവ്യങ്ങളിലും ഇതേരീതിയാണ് പാലിച്ചുപോരുന്നത്. ഈരടിയിലെ ഓരോവരിയേയും പാദങ്ങളെന്നാണ് വിളിക്കുന്നത്. രണ്ട് പാദങ്ങൾ കൂടിച്ചേർന്ന ഈരടിയെ മാപ്പിളപ്പാട്ടിൽ പൊതുവെ മൊഴി എന്നു വിളിക്കാറുണ്ട്. രണ്ടിലധികം പാദങ്ങളുള്ള ധാരാളം മൊഴികൾ മാപ്പിളപ്പാട്ടിൽ കാണാൻകഴിയുന്നുണ്ട്. ഈ കാവ്യ വ്യവസ്ഥയില്ലായ്മ മാപ്പിളപ്പാട്ടിന്റെ മാത്രം പ്രശ്നമല്ല, ദ്രാവിഡവൃത്തസ്വീകരണം നടത്തിയ മലയാളപദ്യങ്ങളിലും കാണാവുന്നതാണ്. ഈരടി; പൂർത്തീകരണം സാധിക്കേണ്ട ഒരു ഏകകമാണ് എന്ന് കാണേണ്ടെന്ന് ഏ.ആർ.രാജരാജവർമ്മ (1967:17) സൂചിപ്പിക്കുന്നുണ്ട്.

ശ്ലോകത്തിലെ പോലെ ഈരടികളിൽ അന്വയം പൂർണ്ണമാക്കണമെന്ന് നിർബന്ധമില്ല. ഈരടി ശ്ലോകം പോലെ ഒന്ന് എന്നെണ്ണാവുന്ന ഒരൊറ്റപരി പൂർണ്ണവസ്തുവല്ല (രാജരാജവർമ്മ, 1976:17).

ഇത്തരത്തിലുള്ള മൊഴികളുടെ എണ്ണവ്യത്യാസങ്ങളാണ് വിവിധ ഇശലുകളെ പരസ്പരം വ്യാവർത്തിപ്പിച്ച് നിർത്തുന്നത്.

3.6.3.2. അലങ്കാരങ്ങൾ

ഇശലുകളിൽനിന്ന് വ്യത്യസ്തമാണ് അറബിമലയാള പദ്യകൃതികളിലെ അലങ്കാരങ്ങളുടെ അവസ്ഥ. അറബിമലയാള കാവ്യങ്ങളിലെ അലങ്കാരങ്ങൾക്ക് നിശ്ചിതമായ ലക്ഷണങ്ങൾ നിർണ്ണയിച്ചുകൊണ്ട് ആരുംതന്നെ ഒരു ഗ്രന്ഥവും എഴുതിയിട്ടില്ലെങ്കിലും ചില ശബ്ദാലങ്കാരങ്ങൾക്കുമാത്രം കൃത്യമായ നിർവ്വചനങ്ങൾ നിലവിലുണ്ട്. ശബ്ദാലങ്കാരങ്ങൾക്ക് ഇത്തരത്തിൽ *പ്രാധാന്യം കൈവന്നത് ആലാപനത്തിനാണ്* മാപ്പിളപ്പാട്ടിൽ മുൻതൂക്കം എന്നതുകൊണ്ടാണ്. എന്നാൽ അർത്ഥാലങ്കാരങ്ങൾക്ക് പ്രത്യേകം ലക്ഷണം പരാമർശിക്കപ്പെട്ടില്ലെങ്കിലും അർത്ഥാലങ്കാര വിശേഷങ്ങൾ മാപ്പിളപ്പാട്ടിൽ ഇല്ലെന്നു കരുതേണ്ടതില്ല.

3.6.3.2.1. പ്രധാനപ്പെട്ട ശബ്ദാലങ്കാരങ്ങൾ

അക്ഷരപ്രാസംതന്നെയാണ് അറബിമലയാളത്തിലെ ശബ്ദാലങ്കാരങ്ങൾ. നിശ്ചിത ക്രമത്തിൽ ഒരേഅക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന രീതിയാണ് കാണുന്നത്. ആവർത്തനത്തിന്റെ ക്രമവ്യത്യാസമനുസരിച്ച് അലങ്കാരങ്ങൾക്ക് വ്യത്യസ്തപേരുകൾ നൽകിയിരിക്കുന്നു.

3.6.3.2.1.1. കമ്പി

ഒരു മൊഴിയിലെ ഓരോപദത്തിലേയും ആദ്യാക്ഷരം ഒന്നുതന്നെയാകുന്നതിനെയാണ് *കമ്പി* എന്നുപറയുന്നത്. കമ്പിക്കുദാഹരണമാണ് താഴെകൊടുക്കുന്നത്:

*മനം നല്ലെ വസീറാവൽ വിവരങ്ങൾ വിശദമായ്*

*മഹാരാജാവിനോട്ടുത്തെങ്കിലും മാനെ - രാജൻ*

*മതിയല്ലന്നുമേ പതിയുകന്നിയെ തിരിഞ്ഞആനെ - മറുപടി*

*മമതയൊടി മനവുടുമെയവർ ചതി വരുത്താനെ*

### 3.6.3.2.1.2. കഴുത്ത്

തുടർച്ചയായ നാലുമൊഴികളിൽ ഓരോമൊഴിയിലേയും ആദ്യപാദത്തിലെ രണ്ടാമത്തെ അക്ഷരം ഒരേപോലെ ആയാൽ അതിനെ *കഴുത്ത്* എന്ന് പറയും

*നടകൊണ്ട് ശാഹുൽ വുജുദാനെ ശാഹാ*

*നൈനാർ അറികർ വക്കത്തബിതാഹാ*

*പാട്ടികൊണ്ട് അന്നബിക്ക് ഔലാഹ്*

*ചോരിശാ പുണ്ടെശുന്നിള്ളലായ് ജാഹാ*

*പൊട്ടിക്കൊണ്ടപോക്ക് നബിയും ബദിറാ*

*പേലല്ല ചൊല്ലാൻ സഹാബുവതാറാ*

*വിട്ടുകൊണ്ട് ബള്ളൽ അറികോരും സാറാ*

*ബലൗത്തെ താളഫിൽ എത്തി സുമതേ*

### 3.6.3.2.1.3. വാൽക്കമ്പി

ഒരു മൊഴിയിലെ എല്ലാ പാദത്തിലേയും അവസാനത്തെ അക്ഷരം ഒരു പോലെ വരുന്നതിന് *വാൽക്കമ്പി* എന്നുപറയുന്നു.

*ഉളരിടെ ഉംഉംമും നാഖത്തേറി നടക്കുന്നേ*

*ഉമ്മുൽ ഖുറാവിൽ അണയും മൂന്ന് ദിനം മുന്നേ*

*തെളിവർ നബിക്കുമെത്തായ ആത്തിക്ക് ഉമ്മതാൻ*

*തേറിതിയിൽ തന്നിൽ കണ്ടാതേകമനാ താൻ*

*പളമാം ഹാറാനക്കാനാവ് കണ്ടകുളർത്താളെ*

*പകലിൽ അഞ്ചാസൈവരുത്തി ചേതിമൊളിന്താളെ*

*ഔർമക്കനിയെ ഈയൂറിലുള്ള തലവർക്ക്*

*കഷ്ടിൽ വലിയ ബലാൽ വരുന്നുണ്ട് ലാശക്ക്*

**3.6.3.2.1.4. വാലുമ്മൽകമ്പി**

നാലാമത്തെ മൊഴിയിലെ അവസാനത്തെ വാക്കുകൊണ്ട് അഞ്ചാമത്തെമൊഴി ആരംഭിച്ചാൽ അത് *വാലുമ്മകമ്പി* എന്ന ശബ്ദാലങ്കാരമായി.

*ഉളരീടെ ഉംളവും നാഖത്തേറി നടക്കുന്നേ*

*ഉമ്മുൽ ഖുറാവിൽ അണയും മൂന്ന് ദിനം മുന്നേ – (മൊഴി 1)*

*തെളിവർ നബിക്കമ്മെത്തായ ആത്തിക്കളമ്മതാൻ*

*തേറിതുയിൽ താന്നിൽ കണ്ടാളെ കമനായ് താൻ – (മൊഴി 2)*

*പളമാം ബൈദാനകിനാവ് കണ്ടെകുളർന്താളേ*

*പകലിൽ അഞ്ചാസൈ വരുത്തി ചേദിമൊളിന്തളെ – (മൊഴി 3)*

*കളർമക്കനിയെ ഈയുറിലുള്ള തലവർക്ക്*

*കല്ലിൽ വലിയ ബലാൽ വരുന്നുണ്ട് ലാശക്ക് – (മൊഴി 4)*

*കക്കില്ലാ കണ്ടെൻ ഒരു കനവ് മളല്ലെലി*

*കാബാണ്ടാമൊട്ടകം എറിനിങ്ങ് ബത്വഹായിൽ – (മൊഴി 5)*

ഇങ്ങനെ പ്രത്യേകമായി പേരിട്ടുവിളിച്ചിട്ടുള്ള ശബ്ദാലങ്കാരങ്ങൾ കമ്പിയും കഴുത്തും വാൽകമ്പിയും വാലുമ്മകമ്പിയും മാത്രമാണുള്ളതെങ്കിലും വർണ്ണങ്ങൾ പ്രയോഗിക്കുന്നതിൽ വൈവിധ്യം സ്വീകരിച്ചുകൊണ്ട് ഗാനാത്മകതയും ആകർഷണീയതയും വരുത്താനുള്ള ചിലശ്രമങ്ങളും കാണാവുന്നതാണ്. പ്രത്യേക നിയമങ്ങൾക്ക് വിധേയമല്ലാത്ത ഇത്തരം പ്രയോഗ വൈചിത്ര്യങ്ങൾ കൂടുതലും കാണുന്നത് വൈദ്യർ കൃതികളിലാണ്.

3.6.3.2.2. അർത്ഥാലങ്കാരങ്ങൾ

അറബിമലയാള പദ്യകൃതികളിൽ അർത്ഥാലങ്കാരങ്ങൾ വളരെ കുറവാണ്. ഉപമ, ഉൽപ്രേക്ഷ, രൂപകം തുടങ്ങിയ മലയാളത്തിലെ അർത്ഥാലങ്കാരങ്ങളുടെ നിർവ്വചനത്തിന്റെ പരിധിയിൽപെടുത്താവുന്ന അലങ്കാരങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. അർത്ഥവൈചിത്ര്യം സാധിക്കുന്ന മറ്റു അലങ്കാരങ്ങളൊന്നും കാണാൻ സാധിച്ചിട്ടില്ല.

> അർത്ഥാലങ്കാരങ്ങൾ മാപ്പിളപ്പാട്ടുകൃതികളിൽ താരതമ്യേന കുറവാണ്. ഉള്ളവതന്നെ സംസ്കൃതത്തിലും മലയാളത്തിലും അപൂർവ്വമായി അറബിയിലും ഉള്ള കാവ്യസങ്കേതങ്ങൾ അപ്പാടെ ഉപയോഗപ്പെടുത്തുന്നവയാണ്.
> (മുഹ്യിദ്ദീൻ, 1992:151)

# അധ്യായം നാല്

## അറബിമലയാള കൃതികൾ – സാമൂഹികസാംസ്കാരിക പശ്ചാത്തലം

എതൊരു കൃതിയും ഉടലെടുക്കുന്നതിന് പിന്നിൽ സാമൂഹികവും സാംസ്കാരികവുമായ ഒട്ടേറെ കാരണങ്ങളുണ്ടാകും. അതതു കാലങ്ങളിലെ സാമൂഹിക സാംസ്കാരിക ഘടകങ്ങൾ കൃതികളിൽ പ്രതിഫലിക്കുന്നു. അതിനാൽ കൃതികളെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ രണ്ടു രീതികൾ അവലംബിക്കേണ്ടിവരുന്നു. കൃതികൾ രൂപപ്പെടാൻഇടയാക്കിയ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഒന്നാമത്തേത്. കൃതികളിൽ പ്രതിഫലിക്കുന്ന സാമൂഹിക സാംസ്കാരിക സവിശേഷതകൾ വിലയിരുത്തലാണ് രണ്ടാമത്തേത്.

### 4.1. അറബിമലയാളകൃതികളുടെ സാമൂഹികസാഹചര്യം

അറബിമലയാളകൃതികൾ പൂർണ്ണമായും മാപ്പിളമാർ രചിക്കുകയും, മാപ്പിളമാർ മാത്രം വായിച്ചാസ്വദിക്കുകയും ചെയ്തതാണ്. അതിനാൽ അറബിമലയാളകൃതികളുടെ സാമൂഹികപശ്ചാത്തലം മാപ്പിള സാമൂഹികതയുമായി ബന്ധപ്പെട്ടു കിടക്കുന്നു. കേരളത്തിൽ മാപ്പിളമാർ ഒരു സമൂഹം എന്ന നിലയിൽ വേറിട്ടൊരു അസ്തിത്വം നേടുന്നത് പതിനെട്ടാംനൂറ്റാണ്ടോടുകൂടിയാണ്. മൈസൂർസുൽത്താൻമാർ മലബാർ കൈവശപ്പെടുത്തിയതോടുകൂടി ഉൾനാടുകളിൽ മതപരിവർത്തന പ്രക്രിയ കൂടുതൽ

വേഗത്തിലായി. അതുവരെ കേരളത്തിലെ തീരപ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഒരു സങ്കരവിഭാഗം മാത്രമായിരുന്നു മാപ്പിളമാർ. വ്യാപാരമോ അതുമായി ബന്ധപ്പെട്ട ജോലികളോ ചെയ്ത് ജീവിച്ചിരുന്ന മാപ്പിളമാർ മുഖ്യമായും തീരദേശങ്ങളിലാണ് വാസമുറപ്പിച്ചിരുന്നത് എന്ന കെ.എൻ. പണിക്കരുടെ(2007:71) അഭിപ്രായവും ഇത് ശരിവെക്കുന്നു.

അറേബ്യയിൽ ഇസ്ലാംമതം ആവിർഭവിച്ചതോടെ അറബികളായ കച്ചവടക്കാരിൽ ഇസ്ലാംമതവിശ്വാസികളുമുണ്ടാവാൻ തുടങ്ങി. ഇത്തരത്തിൽ മതവിശ്വാസികളായവർ അവരുടെ യാത്രകളിൽ കച്ചവടത്തോടൊപ്പം മതപ്രചരണവും ഒരു ദൗത്യമായെടുത്തു. മതപ്രചരണം ആദ്യം സാധ്യമായത് കച്ചവടക്കാരായ അറബികളോട് ഏറ്റവും അടുത്തിടപഴകിയ തീരപ്രദേശത്തെ നിവാസികൾക്കിടയിലാണ്. ഇവരിൽ മാപ്പിളമാർ പൈതൃകമായിത്തന്നെ അറബികളോട് ബന്ധമുള്ളവരായിരുന്നു.

> മതപ്രചരണത്തിന് ആവശ്യമായ സാഹചര്യങ്ങൾ നേരത്തെ സൃഷ്ടിക്കപ്പെട്ടുവെന്ന് പറയേണ്ടതുണ്ട്. വ്യാപാരാവശ്യാർത്ഥം കുടുപ്പാർപ്പുറപ്പിച്ച അറബികൾ ചിലരെങ്കിലും തദ്ദേശീയരായ സ്ത്രീകളെ വിവാഹം കഴിക്കുകയും ഈദൃശബന്ധങ്ങൾ മാപ്പിളമാർ എന്ന ഒരു സങ്കരസമൂഹം ഉരുത്തിരിയാൻ ഇടയാക്കുകയും ചെയ്തത് പിൽക്കാലത്ത് മതപ്രചരണത്തിന് വന്നവരുടെ ജോലി തുലോം എളുപ്പമാക്കി എന്നതാണ് സത്യം(ലോഗൻ, 1885/1985:210)

അതിനാൽ അവർ ഇസ്ലാംമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ പെട്ടെന്ന് തയ്യാറായി. കൂട്ടത്തിൽ തദ്ദേശീയരായ മറ്റുജനവിഭാഗങ്ങളും മതപരിവർത്തനം ചെയ്തു. തീരപ്രദേശത്തെ മുക്കുവൻമാരും മറ്റുതൊഴിലിൽ ഏർപ്പെട്ടിരുന്നവരും ഇതിൽ ഉൾപ്പെട്ടിരുന്നു. താഴ്ന്ന ജാതിയിൽപെട്ടവരും ധാരാളമായി ഇസ്ലാംമതം സ്വീകരിക്കുകയുണ്ടായി. ധനാഢ്യരായ അറബി കച്ചവടക്കാരുടെ സ്വാധീനവും മതം

മാറ്റംമൂലം ലഭിക്കുന്ന സ്വാതന്ത്ര്യവും താഴ്ന്ന ജാതിക്കാരെ മതംമാറ്റത്തിന് പ്രേരിപ്പിച്ചു. കച്ചവടക്കാരായ അറബികളുമായുള്ളടെ സൗഹൃദം രാജ്യത്തിന്റെ സാമ്പത്തികനിലനിൽപ്പിന് അത്യാവശ്യമായിരുന്നു. അതിനാൽ ഭരണാധികാരികൾ ഈ മതംമാറ്റത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിരുന്നത്.

> സാമൂതിരി മതപരിവർത്തനത്തെ എതിർത്തില്ല എന്നുമാത്രമല്ല പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മുക്കുവകുടുംബത്തിൽ നിന്നും ഒന്നോ രണ്ടോ അംഗങ്ങൾ ഇസ്ലാംമതം സ്വീകരിക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇത് അറബികളുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനും സ്വന്തമായി ഒരു നാവികപ്പട ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു(മാധവൻ നായർ 1971:55)

ഈ മതപരിവർത്തനപ്രക്രിയ ആദ്യകാലങ്ങളിൽ തീരപ്രദേശത്തുമാത്രം ഒതുങ്ങിനിന്നിരുന്നു. കാരണം കച്ചവടക്കാരായ അറബികളാണ് മതപ്രചരണം നടത്തിയിരുന്നത്. അവർക്ക് ബന്ധപ്പെടേണ്ടിവന്നത് തീരദേശത്തെ ജനങ്ങളുമായിട്ടായിരുന്നു. അതായത് ആദ്യകാലങ്ങളിൽ മാപ്പിളമാർ തീരപ്രദേശങ്ങളിൽ മാത്രം നിലനിന്നിരുന്ന ഒരു സമൂഹമായിരുന്നു. ആദ്യകാല മുസ്ലിം പള്ളികളും മതകേന്ദ്രങ്ങളും പൊന്നാനി, ചാലിയം, കോഴിക്കോട്, കൊടുങ്ങല്ലൂർ, തലശ്ശേരി, കാസർഗോഡ് തുടങ്ങിയ തീരപ്രദേശങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്.

കച്ചവടക്കാരായ അറബികളോടും അവരുടെ സ്വാധീനഫലമായി മതംമാറ്റത്തിലൂടെ ഉണ്ടായ മാപ്പിളസമൂഹത്തോടും വളരെ സൗഹാർദ്ദപരമായ സമീപനമാണ് അതത്കാലത്തെ ഭരണാധികാരികളും ഇതരവിഭാഗങ്ങളും പുലർത്തിയിരുന്നത്. ഇസ്ലാംമതവിശ്വാസികളായ മാപ്പിളമാർക്ക് ആരാധനാലയങ്ങൾ പണിയുവാനും മറ്റും അവകാശവും അവസരവും ലഭ്യമായിരുന്നു. ഇതോടൊപ്പം പ്രദേശിക ഭരണാധികാരികളോട് കൂറുപുലർത്തുന്നവരായി ഈ മാപ്പിളമാർതുടരുകയും ചെയ്തു. പ്രാദേ

ശികനാടുവാഴികൾ ആരാധനാലയങ്ങൾപണിയാൻ ആവശ്യമായ സ്ഥലം അനുവദി ച്ചുകൊടുത്തു. വാണിജ്യപരമായും സൈനികമായും മാപ്പിളമാർ അവരെ സഹായിക്കു കയും ചെയ്തു. അങ്ങനെ തികച്ചും സമാധാനപരമായ ഒരന്തരീക്ഷത്തിലാണ് കേരള ത്തിൽ ഇസ്ലാം ഒരു മതമായി പ്രചരിച്ചുവന്നത്.

4.2. സാമുദായികചിന്തയുടെ വളർച്ച

ഇസ്ലാം മതത്തിന്റെ പ്രധാനപ്പെട്ട ഒരു ആശയമാണ് സംഘമായി നടത്തുന്ന ആരാധനാകർമ്മങ്ങൾ. ദിവസേന അഞ്ചുനേരം പള്ളികളിൽ സംഘടിതമായിദൈവാ രാധന നടത്തണമെന്ന് മതം നിഷ്ക്കർഷിക്കുന്നു. ഏറ്റവും ചുരുങ്ങിയത് വെള്ളി യാഴ്ച ദിവസം ഉച്ചസമയത്തെ നമസ്ക്കാരത്തിന് പള്ളിയിൽ എത്തുക എന്നത് നിർബന്ധമാണ്. വെള്ളിയാഴ്ചയിലെ ഉച്ചനമസ്ക്കാരത്തിനുമുമ്പായി സമകാലിക സംഭവങ്ങളും മതസംബന്ധമായ കാര്യങ്ങളും ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രസംഗ ങ്ങൾ പതിവാണ്. മാത്രമല്ല ആരാധനയ്ക്ക് ശേഷമുള്ള കൂട്ടപ്രാർത്ഥനകളും അരങ്ങേ റാറുണ്ട്. ഇങ്ങനെയുള്ള കൂടിച്ചേരലുകളും, ആരാധനകളും, പ്രാർത്ഥനകളും ഒരു ഐക്യബോധം മാപ്പിളമാർക്കിടയിൽ വളർന്നുവരാനിടയാക്കി. ഇസ്ലാംമതവിശ്വാസിക ളെല്ലാം സമൻമാരാണെന്ന അധ്യാപനം ഈ ഐക്യബോധത്തെ കൂടുതലുറ്റിയുറപ്പി ച്ചു. ഇത് ക്രമേണ മാപ്പിളമാരുടേതായ ഒരു വ്യതിരിക്ത അസ്തിത്വരൂപീകരണത്തിനും കാരണമായിത്തീർന്നു. മതസാമുദായികത കാത്തു സൂക്ഷിക്കുമ്പോൾതന്നെ പൊതു സമൂഹത്തിന്റെ ഭാഗമാകുവാനും ഇവർക്കുകഴിഞ്ഞു. നിലവിലുള്ള ഭരണവ്യവസ്ഥിതി യേയും ഭരണകർത്താക്കളേയും ഇവർ അംഗീകരിക്കുകയും ചെയ്തിരുന്നു. സമകാ ലിക ഭരണകൂടത്തിൽ വളരെ പ്രധാനപ്പെട്ട പല ഉദ്യോഗങ്ങളും അവർ വഹിച്ചിരുന്നു. കുഞ്ഞാലിമരയ്ക്കാൻമാരായിരുന്നു സാമൂതിരിയുടെ നാവികസേനയുടെ മേധാവി കൾ.

ശികനാടുവാഴികൾ ആരാധനാലയങ്ങൾപണിയാൻ ആവശ്യമായ സ്ഥലം അനുവദിച്ചുകൊടുത്തു. വാണിജ്യപരമായും സൈനികമായും മാപ്പിളമാർ അവരെ സഹായിക്കുകയും ചെയ്തു. അങ്ങനെ തികച്ചും സമാധാനപരമായ ഒരന്തരീക്ഷത്തിലാണ് കേരളത്തിൽ ഇസ്ലാം ഒരു മതമായി പ്രചരിച്ചുവന്നത്.

4.2. സാമുദായികചിന്തയുടെ വളർച്ച

ഇസ്ലാം മതത്തിന്റെ പ്രധാനപ്പെട്ട ഒരു ആശയമാണ് സംഘമായി നടത്തുന്ന ആരാധനാകർമ്മങ്ങൾ. ദിവസേന അഞ്ചുനേരം പള്ളികളിൽ സംഘടിതമായിദൈവാരാധന നടത്തണമെന്ന് മതം നിഷ്കർഷിക്കുന്നു. ഏറ്റവും ചുരുങ്ങിയത് വെള്ളിയാഴ്ച ദിവസം ഉച്ചസമയത്തെ നമസ്ക്കാരത്തിന് പള്ളിയിൽ എത്തുക എന്നത് നിർബന്ധമാണ്. വെള്ളിയാഴ്ചയിലെ ഉച്ചനമസ്ക്കാരത്തിനുമുമ്പായി സമകാലിക സംഭവങ്ങളും മതസംബന്ധമായ കാര്യങ്ങളും ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ പതിവാണ്. മാത്രമല്ല ആരാധനയ്ക്ക് ശേഷമുള്ള കൂട്ടപ്രാർത്ഥനകളും അരങ്ങേറാറുണ്ട്. ഇങ്ങനെയുള്ള കൂടിച്ചേരലുകളും, ആരാധനകളും, പ്രാർത്ഥനകളും ഒരു ഐക്യബോധം മാപ്പിളമാർക്കിടയിൽ വളർന്നുവരാനിടയാക്കി. ഇസ്ലാംമതവിശ്വാസികളെല്ലാം സമൻമാരാണെന്ന അധ്യാപനം ഈ ഐക്യബോധത്തെ കൂടുതലുട്ടിയുറപ്പിച്ചു. ഇത് ക്രമേണ മാപ്പിളമാരുടേതായ ഒരു വ്യതിരിക്ത അസ്തിത്വരൂപീകരണത്തിനും കാരണമായിത്തീർന്നു. മതസാമുദായികത കാത്തു സൂക്ഷിക്കുമ്പോൾതന്നെ പൊതുസമൂഹത്തിന്റെ ഭാഗമാകുവാനും ഇവർക്കുകഴിഞ്ഞു. നിലവിലുള്ള ഭരണവ്യവസ്ഥിതിയേയും ഭരണകർത്താക്കളേയും ഇവർ അംഗീകരിക്കുകയും ചെയ്തിരുന്നു. സമകാലിക ഭരണകൂടത്തിൽ വളരെ പ്രധാനപ്പെട്ട പല ഉദ്യോഗങ്ങളും അവർ വഹിച്ചിരുന്നു. കുഞ്ഞാലിമരയ്ക്കാൻമാരായിരുന്നു സാമൂതിരിയുടെ നാവികസേനയുടെ മേധാവികൾ.

> സാമൂതിരി രാജാവിന്റെ കീഴിൽ പല വലിയ ഉദ്യോഗങ്ങളും മാപ്പിളമാർ വഹിച്ചിരുന്നു ( മാധവൻ നായർ, 1971:23)

അധികാരപങ്കാളിത്തത്തോടെ സമാധാനപൂർവ്വം മുന്നോട്ടുപോയ തീരപ്രദേശങ്ങളിലെ മാപ്പിളമാരുടെ ജീവിതത്തിന്റെ ഗതി മാറുന്നത് പതിനഞ്ചാംനൂറ്റാണ്ടിലെ പോർച്ചുഗീസുകാരുടെ അധിനിവേശത്തോടുകൂടിയാണ്. അന്നുവരെ കച്ചവട മേധാവിത്തമുണ്ടായിരുന്ന മാപ്പിളമാരോട് കടൽ വ്യാപാരത്തിൽ മത്സരിക്കാനും അവരെ പുറന്തള്ളാനും പോർച്ചുഗീസുകാർ ശക്തമായി ശ്രമിച്ചു. പോർച്ചുഗീസുകാരും മാപ്പിളമാരും തമ്മിൽ കടൽക്കച്ചവടത്തിന്റെ മേൽക്കോയ്മക്കായി പരസ്പരം മത്സരിച്ചു. ഒരു നൂറ്റാണ്ടുകാലത്തോളം പോർച്ചുഗീസുകാരും കുഞ്ഞാലിമരയ്ക്കാൻമാരുടെ നേതൃത്വത്തിലുള്ള മാപ്പിളമാരും തമ്മിൽ യുദ്ധംനടക്കുകയുണ്ടായി. പോർച്ചുഗീസുകാരുടെ വാണിജ്യ രാഷ്ട്രീയാധിപത്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളെ ഒരു നൂറ്റാണ്ടുകാലത്തോളം ചെറുത്തുനിൽക്കുന്നതിൽ ഒരു വലിയ പങ്കുവഹിച്ചിരുന്നത് കുഞ്ഞാലിമരക്കാൻമാരായിരുന്നു

പോർച്ചുഗീസുകാരുമായുള്ള ഈ യുദ്ധത്തിന് വാണിജ്യാധികാരത്തർക്കം എന്നതോടൊപ്പം മതവൈരത്തിന്റേയും ഒരു വശംകാണാൻ കഴിയും. ക്രിസ്തുമതപ്രചരണം പോർച്ചുഗീസുകാരുടെ പ്രധാനപ്പെട്ട ഒരു ലക്ഷ്യമായിരുന്നു അതിനായി ഏതുമാർഗ്ഗവും സ്വീകരിക്കാൻ അവർ തയ്യാറായി. ഇവരുടെ അതിക്രമങ്ങൾക്ക് ഏറ്റവും കൂടുതൽ വിധേയരായത് മാപ്പിളമാരായിരുന്നു. ക്രൈസ്തവരും മുസ്ലിങ്ങളും തമ്മിൽ യൂറോപ്പിൽ നിലനിന്നിരുന്ന ശത്രുതയുടെ പ്രതിഫലനമായിരുന്നു പോർച്ചുഗീസുകാരുടെ പ്രവർത്തനങ്ങളിൽ കാണാൻകഴിഞ്ഞിരുന്നത്.

> മുഹമ്മദൻവ്യാപാരം അടിച്ചമർത്തുന്നതുകൊണ്ടുമാത്രം പോർച്ചുഗീസുകാർ തൃപ്തരായില്ല. മുസ്ലിങ്ങളെ കൂട്ടത്തോടെ ക്രിസ്തുമതത്തിൽ ചേർക്കാൻ അവർ ശ്രമിച്ചു. 1562ൽ ഗോവയിൽ വെച്ച് വളരെയേറെ

മൂറിഷ്(മുസ്ലിം)കച്ചവടക്കാരെ പോർച്ചുഗീസുകാർ പിടികൂടി ബലാൽക്കാരമായി ക്രിസ്തുമതം സ്വീകരിപ്പിച്ചുവെന്നുപറയുന്നു.

(ലോഗൻ, 1885/1985:361).

മാപ്പിളമാരുടെ ശത്രു ഇസ്ലാമിന്റെ ശത്രുവാണെന്ന രീതിയിലാണ് മാപ്പിളനാവികർ പോർച്ചുഗീസുകാരെ നേരിട്ടത്. അതുകൊണ്ടുതന്നെ മാപ്പിളസമൂഹത്തിന്റെ മുഴുവൻ പിൻതുണയും മാപ്പിള നാവികപ്പടയ്ക്കുണ്ടായിരുന്നു. അന്നത്തെ മുസ്ലിം പണ്ഡിതൻമാർ പറങ്കികൾക്കെതിരിൽ വിശുദ്ധ യുദ്ധം (ജിഹാദ്) നടത്താൻ മുഴുവൻ മാപ്പിളമാരെയും ആഹ്വാനംചെയ്തുകൊണ്ട് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടായിരുന്നു. പറങ്കികൾക്കെതിരിൽ യുദ്ധം നടത്തേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കികൊണ്ട് സൈനുദ്ദീൻ മഖ്ദും ഒന്നാമൻ *തഹ്‌രീസുൽ അഹ്‌ലിൽ ഈമാനി-അലാജിഹാദിഅബ്ദത്തിസ്സുൽബാനി* എന്ന അറബി വിപ്ലവകാവ്യം രചിച്ചു. സൈനുദ്ദീൻ മഖ്ദും രണ്ടാമൻ രചിച്ച *തുഹ്ഫത്തുൽ മുജാഹിദീൻ* എന്ന അറബികൃതിയും പറങ്കികൾക്കെതിരിൽ ജിഹാദിനിറങ്ങാൻ മുസ്ലിങ്ങളെ ആഹ്വാനം ചെയ്യുന്നതാണ്.

ഖാസി മുഹമ്മദ് എഴുതിയ *ഫത്ഹുൽ മുബീൻ* എന്ന അറബികൃതിയും പറങ്കികളുമായുള്ള യുദ്ധത്തിനിറങ്ങാൻ പ്രേരിപ്പിക്കുന്നതാണ്. നായർപടയാളികളും കുഞ്ഞാലിമരക്കാരുടെ നാവികപ്പടയും ഒത്തുചേർന്ന് ചാലിയത്തെ പോർച്ചുഗിസ് നാവികക്കോട്ട കീഴടക്കിയ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് 1592ലാണ് ഈ കൃതി രചിക്കുന്നത്.

പോർച്ചുഗീസുകാരും മാപ്പിളകച്ചവടക്കാരും തമ്മിൽ തുടങ്ങിയ ശത്രുത ക്രമേണ മാപ്പിളസമുദായവും പോർച്ചുഗീസുകാരും തമ്മിലുള്ള സംഘർഷമായിമാറി ഇതിൽ മാപ്പിളപണ്ഡിതൻമാരും സാധാരണക്കാരും ഒരുപോലെ പങ്കാളികളായി.

### 4.3. മാലപ്പാട്ടുകളുടെ സാമൂഹ്യസാഹചര്യം

പറങ്കികൾക്കെതിരെ *ഫത്ഹുൽമുബീൻ* എന്ന കാവ്യമെഴുതിയ ഖാസിമുഹമ്മദ് തന്നെയാണ് ആദ്യ അറബിമലയാളകൃതിയായ മുഹ്‌യിദ്ദീൻ മാലയും എഴുതുന്നത്. മുഹ്‌യിദ്ദീൻമാല എഴുതുന്നത് 1607ലാണ്. എന്നാൽ *ഫത്ഹുൽ മുബീനിൽ* കാണുന്നതുപോലെ വിദേശ ശക്തികൾക്കെതിരെ ജിഹാദ് നടത്തേണ്ടതിന്റെ ആവശ്യം, യുദ്ധരംഗവിവരണം, രാഷ്ട്രീയമായ മറ്റു കാര്യങ്ങൾ തുടങ്ങിയവയൊന്നും മുഹ്‌യിദ്ദീൻ മാലയിൽ കാണുന്നില്ല. രണ്ട് കൃതികളും എഴുതിയതിന്റെ ലക്ഷ്യം വ്യത്യസ്തമായിരുന്നു. മുസ്ലിങ്ങൾ എല്ലാവരും സഹോദരൻമാരാണെന്ന് മതം പഠിപ്പിക്കുമ്പോൾത്തന്നെ കഷ്ടതയനുഭവിക്കുന്ന മാപ്പിളമാരെ സഹായിക്കാത്ത മുസ്ലിം ഭരണാധികാരികളെ കുറ്റപ്പെടുത്താനും മലബാറിൽ സാമൂതിരിയുടെ നേതൃത്വത്തിൽ മാപ്പിളമാർ പോർച്ചുഗീസുകാർക്കെതിരായി നടത്തുന്ന യുദ്ധത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താനുമാണ് *ഫത്ഹുൽ മുബീൻ* എഴുതിയത്.

> സാമൂതിരിപ്പാട് രാജാധിരാജൻ തന്നെയാണ്. ഈ സംഭവങ്ങൾ ഞാൻ കാവ്യമാക്കിയത് ഇതരഭരണാധിപൻമാർ ശ്രവിക്കുവാനത്രെ. അവർ ഇത് കേൾക്കുമ്പോൾ ഒരു പക്ഷെ യുദ്ധത്തെ കുറിച്ച് ചിന്തിക്കുമായിരിക്കാം. അഥവാ ഇതവർക്കൊരു പാഠമായെന്നുംവരാം ഈ വാർത്ത രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിക്കട്ടെ. വിശിഷ്യ സിറിയായിലും ഇറാക്കിലും അപ്പോൾ വിവിധ രാജ്യങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ച സാമൂതിരിപ്പാടിനെ അവർ അറിയും (ഫത്ഹുൽ മുബീൻ വരി 15–20)
>
> ഇസ്ലാം മത വിശ്വാസിയല്ലാത്ത അദ്ദേഹം യുദ്ധം ചെയ്യുന്നു. മുസ്ലിം രാജാവ് യുദ്ധം ചെയ്യുന്നില്ല. ഹിന്ദുമതത്തിനും മുസ്ലിംങ്ങളുടെ മതത്തിനും വേണ്ടിയാണ് അദ്ദേഹം പോരാടുന്നത്. അതേസമയം മുസ്ലിം

രാജാക്കൻമാർ മുസ്ലിം ശത്രുക്കളോട് സന്ധിചെയ്യുകയാണ് (ഫത്ഹുൽ മുബീൻ വരി 50)

എന്നാൽ മുഹ്യിദ്ദീൻ മാല സാധാരണക്കാരായ മാപ്പിളമാരെ ലക്ഷ്യംവെച്ച് എഴുതിയിട്ടുള്ളതാണ്. അറബിലിപി അറിയാമെന്നല്ലാതെ അറബിഭാഷയിൽ കൂടുതൽ അറിവുകളൊന്നും അന്ന് കേരളത്തിലെ മാപ്പിളമാർക്കില്ല. അതുകൊണ്ടുതന്നെ അവർക്ക് വായിച്ചാസ്വദിക്കാൻ പറ്റുന്നതരത്തിൽ അറബിമലയാളത്തിലാണ് മുഹ്യിദ്ദീൻമാലയുടെ രചന. ശൈഖ് മുഹ്യിദ്ദീൻ അബ്ദുൾ ഖാദിർ ജീലാനി എന്ന ദിവ്യപുരുഷനെ പ്രകീർത്തിക്കുന്ന കൃതിയാണിത്. ഏത് ദുരവസ്ഥയിലും രക്ഷയും, ആശ്രയവുമായി വരുന്ന ഒരു രക്ഷാപുരുഷനായി ഇദ്ദേഹത്തെ കൃതിയിൽ ചിത്രീകരിക്കുന്നു. ഈ രക്ഷാപുരുഷനെക്കുറിച്ചുള്ള ചിന്ത പോർച്ചുഗീസുകാരുമായി യുദ്ധത്തിലേർപ്പെടുന്ന മാപ്പിളമാർക്ക് ഉശിരുപകരാൻ സഹായിച്ചു. മാത്രമല്ല ഇത്തരത്തിൽ അരക്ഷിതമായ സാഹചര്യത്തിൽ ഒരു രക്ഷാപുരുഷ സങ്കൽപ്പം അത്യാവശ്യമാണുതാനും. പറങ്കികളുമായുള്ള യുദ്ധത്തിൽ ആദ്യകാലങ്ങളിൽ സാമൂതിരിമാർ മാപ്പിളമാരുടെകൂടെനിന്നെങ്കിലും വിജയപരാജയങ്ങൾ മാറി വരുന്നതിനനുസരിച്ച് സാമൂതിരിമാരുടെ പിന്തുണയും മറുപക്ഷത്തേക്കുമാറികൊണ്ടിരുന്നു. പല സമയത്തും സാമൂതിരി പോർച്ചുഗീസുകാരുമായി സന്ധിയിൽ ഏർപ്പെട്ടിട്ടുണ്ട്. 1586ൽ പോർച്ചുഗീസുകാർക്ക് പൊന്നാനിയിൽ കോട്ടകെട്ടുവാൻ സാമൂതിരി അനുവാദം കൊടുത്തു. കുഞ്ഞാലി മൂന്നാമന്റെ കാലത്താണിത്. ഈ സംഭവത്തോടെ സാമൂതിരിയും മാപ്പിളമാരും തമ്മിൽ അസ്വാരസ്യം വളർന്നു വരാൻ തുടങ്ങി. ഇതിനെത്തുടർന്ന് കുഞ്ഞാലിമരക്കാർ മൂന്നാമന്റെ നേതൃത്വത്തിൽ മാപ്പിളമാർ അവരുടെ ആസ്ഥാനം കോട്ടക്കലിലേക്ക് മാറ്റുകവരെ ചെയ്തു.

കുഞ്ഞാലിമരക്കാർ പരമ്പരയിലെ മൂന്നാമനായ പട്ടുമരയ്ക്കാർ തന്റെ ആസ്ഥാനം കടത്തനാട്ടിലെ (വടകര) കോട്ടപ്പുഴയുടെ അഴിമുഖമായ

കോട്ടക്കൽ പ്രദേശത്തേക്ക് മാറ്റുവാൻ നിർബന്ധിതനായി. സാമൂതിരി യുടെ അനുവാദത്തോടുകൂടെ പോർച്ചുഗീസുകാർ പൊന്നാനിയിൽ 1585ൽ തങ്ങളുടെ കോട്ട കെട്ടിയുറപ്പിച്ച പരിതസ്ഥിതിയിലായിരുന്നു ആസ്ഥാനം വടക്കോട്ട് മാറ്റിയത് (കുറുപ്പ്, 1998:21).

ഈ ഒരു സാഹചര്യം മാപ്പിളമാർ ഒരേസമയം സാമൂതിരിയുടെ നായർപട യേയും പോർച്ചുഗീസുകാരേയും ശത്രുക്കളായി കാണാൻ ഇടയാക്കി. മാത്രമല്ല അതു വരെ നിലനിന്നിരുന്ന മതസൗഹാർദ്ദത്തേയും ഇത് ബാധിക്കാൻ തുടങ്ങി. ഒരേസമയം കടലിൽ പോർച്ചുഗീസുകാരോടും, കരയിൽ സാമൂതിരിയോടുമുള്ള ശത്രുത മാപ്പിള സമൂഹത്തിൽ വല്ലാത്ത അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. 1600ൽ കുഞ്ഞാലിമരക്കാർ നാലാമനെ സാമൂതിരി പോർച്ചുഗീസുകാർക്ക് പിടിച്ചുകൊടുത്തതോടെ ഈ സാമൂ ഹിക സ്പർദ്ധ ഏറെ വളരുകയും ചെയ്തു.

> 1600 മാർച്ച് 16-ാം തീയതി കുഞ്ഞാലി നാലാമൻ സാമൂതിരിയുടെ മുമ്പിൽ തന്റെ ആയുധം വെച്ച് കീഴടങ്ങിയപ്പോൾ രഹസ്യധാരണയനുസരിച്ച് പറ ങ്കിപ്പടനായകനായ ഫെർട്ടാഡോവിന് കുഞ്ഞാലിയേയും കൂട്ടരേയും ബന്ധനസ്ഥരാക്കുവാൻ സാമൂതിരി വിട്ടുകൊടുത്തതോടുകൂടിയാണ് മ ലബാറിലിതുവരെ നിലനിന്നിരുന്ന നായർ-മാപ്പിള ഐക്യം ശിഥിലമാകു ന്നത്. അതിൽ പിന്നെ മുസ്ലിംങ്ങളും നായർ മേധാവികളും അന്യോന്യം അവിശ്വസിക്കുകയും ശത്രുതാമനോഭാവത്തോടുകൂടി പ്രവർത്തിക്കു കയും ചെയ്തു (കരീം, 1999:59)

ഈയൊരു സാഹചര്യത്തിലാണ് മുഹ്‌യിദ്ദീൻമാലയിലെ ദിവ്യപുരുഷൻ മാപ്പി ളമാരുടെ രക്ഷാപുരുഷനും ആശ്രയകേന്ദ്രവുമായിത്തീരുന്നത്. സ്വന്തം നില നിൽപ്പുതന്നെ അനിശ്ചിതത്വത്തിലായ ഒരു ജനത അഭയവും ആശ്രയവുമേകുന്ന ഒരു ഉപരിശക്തിയെ മുഹ്‌യിദ്ദീൻമാലയിൽ കണ്ടെത്തി. തങ്ങളുടെ ദൗർബല്യത്തിലും

വിജയപ്രതീക്ഷ വെച്ചുപുലർത്താനും സമരരംഗത്തിറങ്ങാനും ഈ ദിവ്യപുരുഷനിലുള്ള വിശ്വാസം ഇവർക്ക് സഹായകമായി. വൈദേശികാക്രമണങ്ങളും പ്രദേശികനാടുവാഴികളിൽനിന്ന് ലഭ്യമായിരുന്ന സംരക്ഷണത്തിന്റെ അഭാവവും സൃഷ്ടിച്ച പ്രതിസന്ധിയെ അതിജീവിക്കുന്നതിനുള്ള ശ്രമമായിരുന്നു ഈ ഭക്തിരചനകൾ.

ഏത് നിലത്തീന്നുമെന്നെ വിളിപ്പോർക്ക്

വായ്കൂടാതുത്തിരം ചെയ്യുമതെന്നോവർ

കാഫിലകാരരെ കള്ളർ ഫുടിച്ചാറെ

കാണാനിലത്തീന് ഖബ്ക്കാബാൽ കൊന്നോവർ

മുഹ്യിദ്ദീൻ ശൈഖിനെ കുറിച്ചുള്ള മാലയിലെ ഇത്തരം പരാമർശങ്ങൾ കടലിലേയും കരയിലേയും പോർനിലങ്ങളിൽ നിന്നുള്ള മാപ്പിളമാരുടെ നിലവിളിക്കുത്തരമായി അവർക്ക് ബോധ്യപ്പെട്ടു. അരക്ഷിതാവസ്ഥയുടെ ഏതു സന്ദർഭത്തിലും ഈ ദിവ്യ പുരുഷന്റെ സാമീപ്യം ഈ കൃതി അവർക്കു നൽകി. സാമൂഹികാരക്ഷിതാവസ്ഥയിലെ സഹായം എന്ന നിലയിൽ നിന്നും ക്രമേണ വ്യക്തിപരമായ ഏത് പ്രതിസന്ധിയിലും താങ്ങായിത്തീരുന്ന ഒരു ആശ്രയകേന്ദ്രമായി മുഹ്യിദ്ദീൻശൈഖും മുഹ്യിദ്ദീൻമാലയും മാറി. രോഗം, ധനനഷ്ടം, പ്രസവം, മോഷണം തുടങ്ങിയ സാഹചര്യങ്ങളിലെല്ലാം മാല പാടാനും പാടിപ്പിക്കാനും തുടങ്ങി.

ക്രമേണ ഇതിന് ഒരനുഷ്ഠാനം എന്ന നില കൈവന്നു. മാത്രമല്ല ഇതുപോലെ തന്നെ മറ്റു ദിവ്യപുരുഷൻമാരെക്കുറിച്ചും വനിതകളെകുറിച്ചും മാലകളുണ്ടാവാൻ തുടങ്ങി. രിഫാഈമാല, നഫീസത്ത്മാല, മഹമൂദ്മാല, മുഅ്ജിസത്തുമാല തുടങ്ങി പഴയതും പുതിയതുമായ ഒട്ടേറെ മാലകൾ പിന്നീടുണ്ടായി. ഇവയെല്ലാം ഒരനുഷ്ഠാനം പോലെ പാടുകയും പാടിപ്പിക്കുകയും ചെയ്തുപോന്നു. ഉദ്ദിഷ്ടകാര്യത്തിന്

മാല പാടുന്നത് നേർച്ചയാക്കുന്ന രീതിയും ഇതോടെ മാപ്പിളമാർക്കിടയിൽ വേരുപിടിച്ചു.

### 4.4. പടപ്പാട്ടുകളുടെ സാമൂഹികപശ്ചാത്തലം

തീരപ്രദേശങ്ങളിലെ സംഘർഷാത്മകവും അരക്ഷിതവുമായ സാഹചര്യത്തിൽ നില്കക്കള്ളിയില്ലാതെ വന്ന മാപ്പിളമാർ ഉൾനാടുകളിലേക്ക് വ്യാപിക്കാൻ തുടങ്ങി. ഇത് ജീവരക്ഷാർത്ഥവും, ഉപജീവനാർത്ഥവുമുണ്ടായതാണ്. തീരദേശത്തെ കച്ചവടത്തിൽ മാപ്പിളമാരെ അകറ്റിനിർത്താൻ യൂറോപ്യൻമാർ പരമാവധി ശ്രമിച്ചു. അതിന്റെ ഫലമായി മറ്റെന്തെങ്കിലും ഉപജീവനമാർഗ്ഗം കണ്ടെത്താൻ അവർ നിർബന്ധിതരായി. പതിനാറാംനൂറ്റാണ്ടോടുകൂടിയാണ് ഉൾനാടുകളിലേക്കുള്ള മാപ്പിളവ്യാപനം തുടങ്ങുന്നത്.

> പതിനാറാം നൂറ്റാണ്ടിനുമുമ്പ് സൈനുദ്ദീൻ പറയുന്ന രണ്ട് പള്ളികളൊഴിപ്പിച്ചാൽ ഉൾനാടുകളിൽ മാപ്പിളമാരുടെ സാന്നിദ്ധ്യം നിരീക്ഷിക്കപ്പെട്ടില്ല. ആ പള്ളികളിലൊന്ന് കടൽതീരത്തു നിന്നും പത്തുകിലോമീറ്റർ ഉള്ളിലുള്ള തിരൂരങ്ങാടിയിലേതാണ്. എന്നാൽ പതിനാറും പത്തൊൻപതും ശതകങ്ങൾക്കിടയിൽ മാപ്പിളമാർ ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു (പണിക്കർ, 2004:71)

തെക്കേമലബാറിന്റെ ഉൾപ്രദേശങ്ങളിലേക്ക് കുടിയേറിയ മാപ്പിളമാർ കാർഷിക മേഖലയിലേക്ക് തിരിഞ്ഞു. വൻകിടജന്മിമാരുടെ കീഴിൽ കാണക്കാരായും കുടിയാൻമാരായും ഇവർമാറി. മാപ്പിളമാർക്ക് മുൻപ് കാണക്കാരായും കുടിയാൻമാരായും ഉണ്ടായിരുന്നത് അവർണ വിഭാഗങ്ങളായിരുന്നു. എല്ലാതരം വിവേചനങ്ങൾക്കും, പീഡനങ്ങൾക്കും വിധേയരായി മൃഗതുല്യജീവിതം നയിക്കുന്നവരായിന്നു ഈ അധഃസ്ഥിതവിഭാഗക്കാർ. സമൂഹത്തിലെ ഉന്നത ജാതിക്കാർ അനുഭവിക്കുന്ന യാതൊരു അവകാശാധികാരങ്ങളും ഈ അടിയാൻമാർക്കുണ്ടായിരുന്നില്ല. തീണ്ടൽ,

തൊടീൽ തുടങ്ങിയ അയിത്താചാരങ്ങൾക്കും, ജാതിയുടെ പേരിലുള്ള പീഡന ങ്ങൾക്കും ഈ അടിസ്ഥാനവർഗ്ഗം വിധേയമായിരുന്നു.

> താണജാതിക്കാരെന്ന് പറയപ്പെടുന്നവരെ നികൃഷ്ട കീടങ്ങളേക്കാൾ കഷ്ടമായി ഇവർ ഗണിച്ചിരുന്നു. അനേകം ജാതികളും ഒരേ ജാതിയിൽ തന്നെ അനേകം അവാന്തര വിഭാഗങ്ങളും അവർ തമ്മിൽതമ്മിലുള്ള സൗന്ദര്യപ്പിണക്കവും മത്സരവും എല്ലാം കൂടി ഹിന്ദുസമുദായം ദുർബലതയുടെ ഒരു പര്യായമായി പരിണമിച്ചിരുന്നു(മാധവൻ നായർ 1971; 10).

> പ്രായേണ വിദ്യാവിഹീനരും അസഹിഷ്ണുതരുമായ ഏറനാട്ടിലെഹിന്ദു ക്കൾ താണജാതിക്കാരെ ഉപദ്രവിക്കാനുള്ള അധികാരം വിലയേറിയ ഒരവ കാശമെന്ന നിലയിൽ വിടാതെ മുറുകെപിടിച്ചിരുന്നു. ജാതീയമായവിവേ ചനത്തിനു പുറമേ സാമ്പത്തികമായ ചൂഷണത്തിനും ഈ വിഭാഗം വിധേ യരായിരുന്നു. അറിയാപ്പുറത്തായാലും അയിത്തപ്പെടുത്തുന്ന താഴ്ന്ന ജാതിക്കാരനെ തൽക്ഷണം വെട്ടിവീഴ്ത്താൻ നായർ ബാധ്യസ്ഥനാണ് (ബാലകൃഷ്ണൻ, 1982;167)

ഇവരിൽ ഭൂരിഭാഗവും ഭൂരഹിത കർഷക തൊഴിലാളികളും കുടിയാൻമാരുമാ യിരുന്നു. മര്യാദ പാട്ടമോ, മണ്ണിൽ സ്ഥിരാവകാശമോ അവർക്ക് ലഭിച്ചിരുന്നില്ല. ജന്മി മാർ കനത്തപാട്ടമാണ് ഇവരുടെമേൽ ചുമത്തിയിരുന്നത്. ഇങ്ങനെ സാമ്പത്തികവും സാമൂഹികവുമായ ചൂഷണം നിലനിൽക്കുന്ന സാഹചര്യത്തിലേക്കാണ് മാപ്പിളമാർ കടന്നുചെല്ലുന്നത്

മതപ്രചരണം ഓരോ ഇസ്ലാംമതവിശ്വാസിയുടെയും ബാധ്യതയാണ്. അതി നാൽതന്നെ മാപ്പിളമാർ ഇസ്ലാംമതസന്ദേശം പ്രചരിപ്പിക്കാൻ തുടങ്ങി. ഇസ്ലാമിന്റെ സമത്വസിദ്ധാന്തവും, സാഹോദര്യചിന്തയും സമൂഹത്തിലെ അധസ്ഥിതവിഭാഗത്തെ

ആകർഷിച്ചു. ഹിന്ദുക്കളിലെ താഴ്ന്നജാതിക്കാരിൽ നിന്നും ഇസ്ലാംമതത്തിലേക്കുള്ള പരിവർത്തനം ത്വരിതഗതിയിലാവാൻ ഇത് സഹായിച്ചു. ഈ മതം മാറ്റത്തിനു പിന്നിൽ മറ്റൊരു വസ്തുത കൂടിയുണ്ട് അന്നുവരെ ജാതിയുടെ പേരിൽ പലതരത്തി ലുള്ള വിവേചനത്തിനും, പീഡനത്തിനും ഇരയായിരുന്നവർ മതം മാറുന്നതോടെ അതിൽ നിന്നെല്ലാം മോചിതരാവുന്നു. അയിത്ത ജാതിക്കാരനായ ഒരാൾ ഇസ്ലാംമത വിശ്വാസിയാകുന്നതോടെ അതുവരെ തുടർന്നുവന്ന തീണ്ടൽ, തൊടീൽ തുടങ്ങിയ ആചാരങ്ങളൊന്നും പാലിക്കേണ്ടതില്ല. സാമൂഹികമായി വലിയ സ്ഥാനകക്കയറ്റ മൊന്നും ലഭിച്ചില്ലെങ്കിലും ഇത്തരത്തിലുള്ള സാമൂഹിക വിവേചനത്തിൽ നിന്നും രക്ഷപ്പെടുവാൻ മതംമാറ്റം സഹായകമായി. ഇത് അവർണ വിഭാഗത്തിൽ നിന്നും ഇസ്ലാം മതത്തിലേക്കുള്ള ഒരു ഒഴുക്കുതന്നെ സൃഷ്ടിച്ചു. പുതുതായി മതപ്രവേശം നേടിയവർക്കും കുടിയേറിയ മാപ്പിളമാർക്കും ഇടയിൽ യാതൊരുവിധ വിവേചനവും നിലനിന്നിരുന്നില്ല. സാമ്പത്തികമായി ഇരുകൂട്ടരും ഒരേഅവസ്ഥയിലാണെന്നതും എല്ലാ ഇസ്ലാമതവിശ്വാസികളും സഹോദരൻമാരാണെന്ന മതത്തിന്റെ അധ്യാപനവും മാപ്പിളമാർക്കിടയിൽ വിഭാഗീയതഇല്ലാതെയാവാൻ സഹായിച്ചു.

മതപരിവർത്തനം നടന്നതുകൊണ്ട് സാമ്പത്തികമായ അഭിവൃദ്ധിയൊന്നുമു ണ്ടായില്ല. അതുവരെ അനുഭവിച്ചിരുന്ന സാമ്പത്തിക ചൂഷണവും സാമൂഹികമായ അടിച്ചമർത്തലും തുടർന്നുകൊണ്ടേയിരുന്നു. സാമ്പത്തികമായി ഉയർന്നനിലയിൽ മാപ്പിളമാർക്കിടയിൽനിന്നും ആരുംതന്നെയുണ്ടായിരുന്നില്ല. ഇതുതന്നെയായിരുന്നു മറ്റു അവർണ്ണവിഭാഗങ്ങളുടെയും സ്ഥിതി സ്വന്തമായി കൃഷിയിടമുള്ളവർ വളരെ വിര ളമായിരുന്നു.

> ഏറനാട് താലൂക്കിലെ മാപ്പിളമാർ മിക്കവാറും ആദ്യന്തം ദരിദ്രരാണ്. ജന്മി കളായി മാപ്പിളമാരിൽ പറയത്തക്ക ആരുംതന്നെയില്ലെന്ന് പറയാം. നാട്ടു പ്രദേശങ്ങളിൽ കൃഷിപ്പണിയും പലവിധേയമായ കൂലിപ്പണിയും നഗര

> സ്ഥലങ്ങളിൽ ചില്ലറ വാണിഭവുമാണ് ഇവരുടെ സാധാരണ തൊഴിൽ. മാപ്പിളമാരിൽ ബഹുഭൂരിപക്ഷവും കുടിയാൻമാരും, കർഷകതൊഴിലാളികളും, ചെറുവ്യാപാരികളും, മുക്കുവൻമാരുമായിരുന്നു. നിലങ്ങൾ സ്വന്തമായുണ്ടായിരുന്നവർ ആരുമുണ്ടായിരുന്നില്ലെന്ന് പറയാം. വളരെ ചെറിയ കൂടിലുകളാണ് ഏറനാട് താലൂക്കിൽ. മാപ്പിളക്കുടിലും, തീയ്യപ്പുരയും, ചെറുമച്ചാളയും കണ്ടുതിരിയുവാൻ വളരെ വിഷമമില്ല എല്ലാം ദാരിദ്ര്യദേവതയുടെ അധിവാസ സ്ഥലങ്ങളാണ് (മാധവൻ നായർ, 1971:18).

മാപ്പിളയാകുന്നതിന് മുമ്പുവരെ അനുഭവിച്ചിരുന്ന ജാതീയവും സാമ്പത്തികവുമായ ചൂഷണങ്ങളെല്ലാം തന്റെ വിധിയായും ദൈവഹിതമായും കരുതിയിരുന്ന അടിസ്ഥാന വർഗ്ഗക്കാർ ഇസ്ലാമിന്റെ സഹോദര്യദീക്ഷയും, സമത്വസിദ്ധാന്തവും മനസ്സിലാക്കിയപ്പോൾ മാറിച്ചിന്തിക്കാൻ തുടങ്ങി. ദൈവത്തിനുമുമ്പിൽ എല്ലാവരും സമൻമാരാണെന്നും സാമൂഹ്യനീതി നിഷേധിക്കുന്നതിനെതിരെ പ്രതികരിക്കേണ്ടതാണെന്നുമുള്ള ഇസ്ലാമികചിന്ത ചൂഷണത്തിനെതിരെ പ്രതികരിക്കാൻ ഇവരെ പ്രേരിപ്പിച്ചു. ഈ പ്രതികരണത്തിലും സാമൂഹിക-സാമ്പത്തികകാരണങ്ങളോടൊപ്പം ചില മതപരമായ വശങ്ങളുമുണ്ടായിരുന്നു. ചൂഷകരായ ജന്മിമാരും, ഭൂവുടമകളും അമുസ്ലീങ്ങളായിരുന്നു. അവരാണെങ്കിൽ തങ്ങളുടെ ശത്രുക്കളും. ഈ അർത്ഥത്തിൽ മാപ്പിളമാരുടെ ശത്രുക്കൾ ഇസ്ലാമിന്റെ ശത്രുക്കളാണ്. ഇസ്ലാമിന്റെ ശത്രുക്കളെ നശിപ്പിക്കാനുള്ള യുദ്ധത്തിൽ പങ്കെടുക്കുന്നതും മരണംവരിക്കുന്നതും സ്വർഗ്ഗപ്രവേശംവരെയെത്തുന്ന പുണ്യകർമ്മമാണ്. മാത്രമല്ല പറങ്കികൾക്കെതിരെ മാപ്പിളമാർ മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള പോരാട്ടങ്ങളെക്കുറിച്ചുള്ള കഥകളും പാട്ടുകളും അവർക്കിടയിൽ പ്രചാരം നേടിയിരുന്നു. ഈ വീരകഥകളും പാട്ടുകളും അവർക്ക് ആവേശം പകർന്നു.

> പോർച്ചുഗീസുകാർക്കെതിരായി താനൂർ, പരപ്പനങ്ങാടി, തിരൂർ തുടങ്ങിയ പ്രദേശങ്ങളിൽ മാപ്പിളമാർ പൊരുതുകയുണ്ടായകഥകൾ പാട്ടുകളിലൂടെ തലമുറകൾ കൈമാറിവന്നു (കുറുപ്പ്, 1998: 76)

> വിവരമില്ല വിദ്യാഭ്യാസമില്ല, പട്ടിണിക്കൊട്ടുമുടക്കവുമില്ല. അനുഭവം കൊണ്ട് ഭൂലോകവാസത്തിൽ യാതൊരു സുഖവും അവർ കാണുന്നില്ല. മതത്തിനുവേണ്ടി മരണപ്പെട്ട സൈതാക്കൻമാരെപറ്റി (രക്തസാക്ഷികളെപ റ്റി)വാഴ്ത്തുന്ന പാട്ടുകൾ അവർ ചെറുപ്പംമുതൽ തന്നെ കേട്ടിട്ടുണ്ട് (മാധ വൻ നായർ, 1971:18).

ഇങ്ങനെ കലാപസാധ്യമായ സാഹചര്യത്തിൽ ബ്രിട്ടീഷ് ഭരണാധികാരിക ളുടെ ഇടപെടലുകൾ കൂടെയായപ്പോൾ കലാപങ്ങൾ ഉണ്ടാവാൻ തുടങ്ങി. 18,19,20 നൂറ്റാണ്ടുകളിലായി നിരവധി ലഹളകൾ നടന്നു. 1836നും 1853നും ഇടയിൽ ഇരുപതി ലേറെ ലഹളകൾ ഉണ്ടായിട്ടുണ്ട്.

ഭൂവുടമകളുടെ സ്വകാര്യസ്വത്തവകാശം ബ്രിട്ടീഷുകാർ നിയമവിധേയമാക്കിയ തോടുകൂടിയാണ് പരമ്പരാഗതമായി നിലനിലനിന്നിരുന്ന ജന്മി-കുടിയാൻ ബന്ധങ്ങ ളിൽ കാര്യമായ മാറ്റമുണ്ടായത്. പാട്ടക്കുടിശ്ശിക വരുത്തുന്നവരെ കുടിയൊഴിപ്പിക്കുന്ന രീതി മുമ്പില്ലായിരുന്നു. ബ്രിട്ടീഷുകാർ ജന്മിക്ക് ഭൂമിയുടെ അവകാശം നിയമപരമായി പൂർണ്ണമായും അനുവദിച്ചുകൊടുത്തതോടെ ഈ അവസ്ഥയ്ക്ക് മാറ്റംവന്നു. പാട്ടക്കു ടിശ്ശികയുടെ പേരിലും കൂടുതൽപാട്ടം കിട്ടാൻവേണ്ടിയും ജന്മിമാർ കർഷകരെ കുടി യൊഴിപ്പിക്കാൻ തുടങ്ങി. ഇത് മാപ്പിളമാരും അല്ലാത്തവരുമായ പാട്ടക്കർഷകരെ ജന്മി മാർക്കെതിരെ തിരിയാൻ പ്രേരിപ്പിച്ചു. ചൂഷണാധിഷ്ഠിതമായ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക വ്യവസ്ഥയ്ക്കെതിരെ ഉയർന്നുവന്നവയായിരുന്നു 19,20 നൂറ്റാണ്ടുകളിൽ ഏറനാട്ടിലുണ്ടായ കാലാപങ്ങൾ.

ഇതേകാലഘട്ടത്തിലാണ് അറബി മലയാളത്തിൽ പടപ്പാട്ടുകൾ എഴുതപ്പെടുന്നത്. അറിയപ്പെട്ടിടത്തോളം അറബി മലയാളത്തിലെ പടപ്പാട്ടുകളിൽ ആദ്യ രചന സഖുംപടപ്പാട്ടാണ്. പടപ്പാട്ടുകളിൽ ആദ്യത്തേത് എന്ന അർത്ഥത്തിൽ *തന്തസഖും* എന്നൊരു വിശേഷണവുമിതിനുണ്ട്. 1836ലോണ് ഈ കൃതി രചിക്കപ്പെടുന്നത്.

മാപ്പിളകലാപങ്ങൾ മുഴുവനുംതന്നെഉണ്ടായത് ഏറനാട് താലൂക്കിലാണ് എന്നതുപോലെ തന്നെ പടപ്പാട്ടുകൾ ഏറിയകൂറും ഉണ്ടായത് ഏറനാട്ടിലാണ്. 1852ൽ വടക്കേ മലബാറിലുണ്ടായ ഒരു കലാപമൊഴികെ പത്തൊമ്പതാം ശതകത്തിലുണ്ടായ മാപ്പിള കാലപങ്ങൾ എല്ലാംതന്നെ തെക്കൻ താലൂക്കുകളായ ഏറനാട്ടിലും വള്ളുവനാട്ടുലുമാണ് നടന്നത്.

പത്തൊമ്പതാംനൂറ്റാണ്ടിലാണ് അറബിമലയാളത്തിലെ ഭൂരിഭാഗം യുദ്ധകാവ്യങ്ങളും എഴുതപ്പെടുന്നത്. സഖുംപടപ്പാട്ടിനെത്തുടർന്ന് ഒരു സാഹിത്യശാഖ എന്നുപറയാൻ കഴിയുംവിധം ധാരാളം പടപ്പാട്ടുകൾ അറബിമലയാളത്തിലുണ്ടായി. വല്ലാഞ്ചിറിബി മൊയ്തീൻകുട്ടി ഹാജിയുടെ മുൿത്തത്ത് പടപ്പാട്ട്, ചുള്ളിയൻ മമ്മദ് കുട്ടിയുടെ തബൂക്ക് പടപ്പാട്ട്, മോയീൻകുട്ടി വൈദ്യരുടെ ബദർപടപ്പാട്ട്, ഉഹദ് പടപ്പാട്ട്, മലപ്പുറം പടപ്പാട്ട്, ചേറൂർപടപ്പാട്ട് തുടങ്ങിയവ ഇവയിൽ പ്രാധാന്യമർഹിക്കുന്നു.

മാലപ്പാട്ടുകൾ പ്രചരിപ്പിച്ചത് ഒരു ജനതയ്ക്ക് രക്ഷകനോടുള്ള വിധേയത്വം എന്ന നിലക്കാണെങ്കിൽ പടപ്പാട്ടുകൾ പ്രചരിപ്പിച്ചത് ചെറുത്തുനില്പ്പിനും ധീരപ്രവൃത്തിക്കുമുള്ള പ്രചോദനം എന്ന നിലയിലാണ്. താരതമ്യേന ശക്തരായ ജന്മിമാരോട് ഏറ്റുമുട്ടേണ്ടി വരുന്ന സാഹചര്യത്തിൽ മാപ്പിളമാർക്ക് വിശ്വാസത്തിൽ നിന്നും ലഭിക്കുന്ന ശക്തിമാത്രമാണ് താങ്ങായിഉണ്ടായിരുന്നത്. മാത്രമല്ല പലപ്പോഴും ജന്മിമാരെ സഹായിക്കാനെത്തുന്ന ആധുനികായുധങ്ങളുള്ള പട്ടാളക്കാരോടും മാപ്പിളമാർക്ക് എതിരിടേണ്ടിവന്നു. ഈ സന്ദർഭത്തിലെല്ലാം ഇസ്ലാമിന്റെ രക്ഷകരായി വിവിധപടകളിൽ ധീരമായി പോരാടി മരിച്ച രക്തസാക്ഷികളുടെ (ശുഹദാക്കളുടെ) ചരിത്രം

അവരെ കൂടുതൽ പ്രചോദിപ്പിച്ചു. മാപ്പിളപ്പാട്ടുകൾ ഭൂരിഭാഗവും ഇസ്ലാമികചരിത്രവു മായി ബന്ധപ്പെട്ട യുദ്ധചരിത്രങ്ങൾ ഇതിവൃത്തമായി സ്വീകരിച്ചവയാണ്. ഈ യുദ്ധങ്ങളെല്ലാംതന്നെ ഇസ്ലാമിന്റെ സ്ഥാപനത്തിന് വളരെയധികം പങ്കുവഹിച്ചവ യാണ് കേരളീയമായ സാമൂഹികപ്രശ്നങ്ങളോ ചരിത്രമോ ഒന്നുംതന്നെ ഈ കൃതിക ളിൽ പ്രതിപാദിക്കുന്നില്ലെങ്കിലും അനീതിക്കും അക്രമത്തിനുമെതിരെ പ്രതികരിക്കാ നും ധൈര്യസമേതം അടരാടാനുമുള്ള സന്ദേശമാണിവനൽകുന്നത്.

> ഈ കൃതികളിലെവിടേയും അറേബ്യൻ പശ്ചാത്തലവും ഇസ്ലാമിക ചരിത്ര വുമാണ് പുറത്തേക്ക് നില്ക്കുന്നതെങ്കിലും അടിയരടുകളിൽ അന്യായ ത്തിനും അക്രമത്തിനുമെതിരെ തപിച്ചുണരുന്ന ഒരു സമൂഹത്തിന്റെ ചരിത്രം തെളിഞ്ഞു നില്ക്കുന്നു. കേരള സമൂഹം ഇവയിൽ നേരിട്ട് കട ന്നുവരുന്നില്ല. പക്ഷെ അത്തരമൊരു സാഹചര്യത്തിൽ ജീവിക്കുന്ന കേര ളീയസമൂഹത്തിനുവേണ്ടിയാണ് അവ രചിക്കപ്പെട്ടത് എന്ന കാര്യം പ്രധാ നമാണ്. മലബാറിലെ കോളനിവാഴ്ചവിരുദ്ധ മനോഭാവങ്ങളേയും സമര ങ്ങളേയും നേരിട്ടു സ്വാധീനിക്കാൻ ഈ കൃതികൾക്ക് കഴിഞ്ഞു (അഹ മ്മദ്/കാരശ്ശേരി, 2006:78,79)

യുദ്ധത്തിനാവശ്യമായ ആയുധങ്ങളോ, പരിശീലനങ്ങളോ, മറ്റുസാങ്കേതിക ജ്ഞാനമോ സ്വന്തമായില്ലാത്ത മാപ്പിളമാർക്ക് ആകെ കൈമുതലായുള്ളത് ആത്മ വീര്യം മാത്രമാണ്. ഈ ആത്മവീര്യം വർദ്ധിപ്പാക്കാൻ പടപ്പാട്ടുകൾക്ക് കഴിഞ്ഞു. അക്കാലത്തെ സാമൂഹികാന്തരീക്ഷത്തിൽ അനിവാര്യമായ ആവിഷ്കാരമായിരുന്നു പടപ്പാട്ടുകൾ എന്ന് കാണാൻ കഴിയും.

## 4.5. ഇസ്ലാമിക നിയമഗ്രന്ഥങ്ങളുടെ രൂപീകരണസാഹചര്യം

ഇസ്ലാംമത വിശ്വാസികൾ മതസംബന്ധമായ കാര്യങ്ങളിൽ സാമാന്യജ്ഞാനം നേടൽ നിർബന്ധമാണ്. മതതത്വങ്ങൾ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗദ്യ

ത്തിലും പദ്യത്തിലും മതസാഹിത്യങ്ങൾ വളർന്നുവന്നത് അറബിയിൽ എഴുതപ്പെട്ട മതഗ്രന്ഥങ്ങളുടെ ചുവടുപിടിച്ചാണ് ഒട്ടുമിക്ക അറബിമലയാള മതഗ്രന്ഥങ്ങളും രചിച്ചിരുക്കുന്നത്.

മതംപഠിപ്പിക്കാൻമാത്രം നിയുക്തരായ ഒരുവിഭാഗം എന്നത് ഇസ്ലാംമതത്തിന്റെ പ്രത്യേകതയാണ്. *മുസ്ല്യാർ (മൊയ്ല്യാർ)* എന്ന് മലബാറിലും *മൗലവി* എന്ന് തെക്കൻകേരളത്തിലും വിളിക്കപ്പെടുന്ന മതാധ്യാപകരെ പരിശീലിപ്പിക്കാൻവേണ്ടി നിരവധി കേന്ദ്രങ്ങൾ വളരെ മുമ്പുതന്നെ സ്ഥാപിക്കപ്പെട്ടിരുന്നു. പൊന്നാനി, വാഴക്കാട്, ചാലിയം തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു പ്രധാനപ്പെട്ട മതാധ്യാപക പരിശീലന കേന്ദ്രങ്ങൾ. ഇതിനുപുറമെ ഏതെങ്കിലും പണ്ഡിതന്റെ കൂടെ പള്ളികളിൽ താമസിച്ച് മതവിദ്യാഭ്യാസം നിർവ്വഹിക്കുന്ന *ദർസ്* സമ്പ്രദായവും നിലവിലുണ്ടായിരുന്നു ഇങ്ങനെ മതപഠനത്തിനുള്ള പാഠപുസ്തകമായും സാമാന്യജനങ്ങൾക്ക് വായിച്ചുമന സ്സിലാക്കാൻ [illegible] രചിക്കപ്പെട്ടു.

TH

-NB6261-

### 4.6. കല്യാണപ്പാട്ടുകളുടെ രൂപീകരണപശ്ചാത്തലം

1498 മുതൽ 1568 വരെയുള്ള പോർച്ചുഗീസ് കാലഘട്ടത്തിൽ തലശ്ശേരി, കണ്ണൂർ തുടങ്ങിയ വടക്കെമലബാറിലെ തുറമുഖ കച്ചവടകേന്ദ്രങ്ങളിലെ സ്ഥിതി തെക്കെമലബാറിൽ നിന്നും വ്യത്യസ്തമായിരുന്നു. പോർച്ചുഗീസുകാർക്ക് ചിറക്കൽ രാജകുടുംബത്തിന്റെ പിന്തുണയോട്കൂടി വ്യാപാരവാണിജ്യമേഖലയിൽ കുറെയൊക്കെ മുന്നേറാൻ കഴിഞ്ഞു കണ്ണൂരിലെ മുസ്ലിംരാജവംശമായ അറയ്ക്കൽ രാജകുടുംബവുമായി തർക്കങ്ങളും വ്യാപാരമത്സരവും ഉണ്ടായെങ്കിലും വ്യാപാരമേഖലയിൽ മാപ്പിളമാരുടെ മേധാവിത്വം പൂർണ്ണമായും തകരുന്നതലത്തിലേക്ക് അവ മാറിയിരുന്നില്ല സംഘർഷത്തിന്റെയും സഹവർത്തിത്വത്തിന്റെയും സാഹചര്യങ്ങൾ വ്യാപാരമേഖലയിൽ മാറിമാറിവന്നു.

ത്തിലും പദ്യത്തിലും മതസാഹിതങ്ങൾ വളർന്നുവന്നത് അറബിയിൽ എഴുതപ്പെട്ട മതഗ്രന്ഥങ്ങളുടെ ചുവടുപിടിച്ചാണ് ഒട്ടുമിക്ക അറബിമലയാള മതഗ്രന്ഥങ്ങളും രചിച്ചിരുക്കുന്നത്.

മതംപഠിപ്പിക്കാൻമാത്രം നിയുക്തരായ ഒരുവിഭാഗം എന്നത് ഇസ്ലാംമതത്തിന്റെ പ്രത്യേകതയാണ്. *മുസ്ല്യാർ (മൊയ്ല്യാർ)* എന്ന് മലബാറിലും *മൗലവി* എന്ന് തെക്കൻകേരളത്തിലും വിളിക്കപ്പെടുന്ന മതാധ്യാപകരെ പരിശീലിപ്പിക്കാൻവേണ്ടി നിരവധി കേന്ദ്രങ്ങൾ വളരെ മുമ്പുതന്നെ സ്ഥാപിക്കപ്പെട്ടിരുന്നു. പൊന്നാനി, വാഴക്കാട്, ചാലിയം തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു പ്രധാനപ്പെട്ട മതാധ്യാപക പരിശീലന കേന്ദ്രങ്ങൾ. ഇതിനുപുറമെ ഏതെങ്കിലം പണ്ഡിതന്റെ കൂടെ പള്ളികളിൽ താമസിച്ച് മതവിദ്യാഭ്യസം നിർവ്വഹിക്കുന്ന *ദർസ്* സമ്പ്രദായവും നിലവിലുണ്ടായിരുന്നു ഇങ്ങനെ മതപഠനത്തിനുള്ള പാഠപുസ്തകമായും സാമാന്യജനങ്ങൾക്ക് വായിച്ചുമനസ്സിലാക്കാൻ വേണ്ടിയുമാണ് മതസാഹിത്യങ്ങൾ രചിക്കപ്പെട്ടത്.

TH 450.07 ASH/A
-NB6261-

### 4.6. കല്യാണപ്പാട്ടുകളുടെ രൂപീകരണപശ്ചാത്തലം

1498 മുതൽ 1563 വരെയുള്ള പോർച്ചുഗീസ് കാലഘട്ടത്തിൽ തലശ്ശേരി, കണ്ണൂർ തുടങ്ങിയ വടക്കെമലബാറിലെ തുറമുഖ കച്ചവടകേന്ദ്രങ്ങളിലെ സ്ഥിതി തെക്കെമലബാറിൽ നിന്നും വ്യത്യസ്തമായിരുന്നു. പോർച്ചുഗീസുകാർക്ക് ചിറക്കൽ രാജകുടുംബത്തിന്റെ പിന്തുണയോട്കൂടി വ്യാപാരവാണിജ്യമേഖലയിൽ കുറെയൊക്കെ മുന്നേറാൻ കഴിഞ്ഞു കണ്ണൂരിലെ മുസ്ലിംരാജവംശമായ അറയ്ക്കൽ രാജകുടുംബവുമായി തർക്കങ്ങളും വ്യാപാരമത്സരവും ഉണ്ടായെങ്കിലും വ്യാപാരമേഖലയിൽ മാപ്പിളമാരുടെ മേധാവിത്വം പൂർണ്ണമായും തകരുന്നതലത്തിലേക്ക് അവ മാറിയിരുന്നില്ല സംഘർഷത്തിന്റെയും സഹവർത്തിത്വത്തിന്റെയും സാഹചര്യങ്ങൾ വ്യാപാരമേഖലയിൽ മാറിമാറിവന്നു.

തെക്കെമലബാറിലെ തീരദേശകച്ചവടത്തിൽ മാപ്പിളമാർക്കുണ്ടായിരുന്ന മേധാവിത്വം നഷ്ടപെട്ടതുപോലെ വടക്കെമലബാറിൽ സംഭവിച്ചില്ല. പോർച്ചുഗീസ്കാലത്തിനുശേഷം ഇംഗ്ലീഷ്ഈസ്റ്റ്ഇന്ത്യാകമ്പനിയുടെ കാലഘട്ടത്തിലും വ്യാപാരരംഗത്തെ മാപ്പിളസ്വാധീനം തുടർന്നുപോന്നു. ചൊവ്വക്കാരൻ ബപ്പൻ, ചൊവ്വക്കാരൻ മൂസ എന്നിങ്ങനെ വ്യാപാരപ്രമുഖരായ ധാരാളം മാപ്പിളമാർ അക്കാലത്തുണ്ടായിരുന്നു.

ഉൾനാടുകളിൽ നിന്ന് കാർഷികോല്പന്നങ്ങൾ ശേഖരിച്ച് കമ്പനിക്ക് കൈമാറുന്ന ഇടനില കച്ചവടവും മാപ്പിളമാർ ചെയ്തിരുന്നു. ഈ ഇടനില വാണിജ്യത്തിലൂടെ സമ്പന്നരായ വലിയ വിഭാഗം മാപ്പിളമാരും വടക്കെമലബാറിലുണ്ടായിരുന്നു.

കച്ചവടത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച വടക്കൻ മാപ്പിളമാർ കാർഷികവൃത്തിയിൽ ഏർപ്പെടാൻ വൈമുഖ്യംകാണിച്ചു. കർഷകനോ കർഷകത്തൊഴിലാളിയോ ആയ മാപ്പിളമാരെ ഇവിടെകാണാൻ കഴിയില്ല. പുരുഷൻമാർ പൂർണ്ണമായും കച്ചവടത്തിലോ അനുബന്ധതൊഴിലുകളിലോ ഏർപ്പെട്ടു. സ്ത്രീകളാണെങ്കിൽ വീടുകളിൽ ഒതുങ്ങിക്കൂടുകയാണ് ചെയ്തിരുന്നത്. കച്ചവടത്തിലോ മറ്റുതരത്തിലുള്ള ഏതെങ്കിലുംതൊഴിലിലോ വടക്കൻമാപ്പിളസ്ത്രീകൾ ഏർപ്പെട്ടിരുന്നില്ല. കച്ചവടകുടുംബങ്ങളിലെ സ്ത്രീകൾ വീടുകളിൽ ഒതുങ്ങികൂടിയപ്പോൾ ദരിദ്രകുടുംബങ്ങളിലെ സ്ത്രീകൾ സമ്പന്നഗൃഹങ്ങളിലെ ആശ്രിതകളും സഹായികളുമായി ജീവിച്ചുപോന്നു.

> സാമൂഹ്യമായ അന്തസിനെ പരിഗണിച്ച് വടക്കൻമാപ്പിള സ്ത്രീകൾ കാർഷികതൊഴിലുകളിലൊന്നും പങ്കെടുത്തിരുന്നില്ല. സമ്പന്നരും, ദരിദ്രരും ഒരുപോലെ കാർഷിക മേഖലയിൽ നിന്നും വിട്ടുനിന്നു. (കുറുപ്പ്, 1998:92)

കാർഷിക മേഖലയിൽ മാപ്പിളമാർ ഇല്ലാതിരുന്നതുകൊണ്ടുതന്നെ തെക്കേമല ബാറിലേതുപോലെ ജന്മികുടിയാൻ സംഘർഷങ്ങളോ മറ്റുകലാപങ്ങളോ ഇവർക്ക് നേരിടേണ്ടിവന്നില്ല.

ഇങ്ങനെ സുരക്ഷിതവും സമ്പന്നവുമായ ഒരു സാമൂഹിക ചുറ്റുപാടിലാണ് വടക്കേ മലബാറിൽ മാപ്പിള ജീവിതം രൂപപ്പെട്ടത്. സാമ്പത്തികമായി വളർന്നതോടു കൂടി എല്ലാ കാര്യങ്ങളിലും ആഡംബരവും അമിതവ്യയവും ഉണ്ടാവാൻതുടങ്ങി. നിർമ്മാണങ്ങളിലും, ആഘോഷങ്ങളിലും ഈ ധാരാളിത്തം ഉണ്ടായി. പൂർണ്ണമായും ചെമ്പടിപ്പിച്ച തലശ്ശേരിയിലെ ഓടത്തിൽ പള്ളിയും തലയുയർത്തി നിൽക്കുന്ന പഴയ തറവാടുകളും ഈ ആഡംബരത്തിന്റെ തെളിവുകളാണ്. വീടിനകത്ത് ഭക്ഷണവും ആഭരണങ്ങളുമായിരുന്നു പ്രധാനപ്പെട്ട വിഷയം. വിവാഹവും അതുപോലെയുള്ള മറ്റുചടങ്ങുകളും ആഘോഷപൂർവ്വം കൊണ്ടാടുക പതിവായിത്തീർന്നു. കച്ചവട ത്തിൽനിന്നും ലഭിക്കുന്ന അമിതമായലാഭം ആഘോഷങ്ങൾക്ക് പണംചെലവഴിക്കുന്ന തിന് സാഹചര്യമൊരുക്കി. സ്ത്രീകൾക്ക് ബാഹ്യമായ സമ്പർക്കം ഇല്ലാത്തതിനാലും ഒഴിവുസമയം ധാരാളമുള്ളതിനാലും ആഘോഷിക്കാൻ ലഭിക്കുന്ന ഒരവസരവും വിട്ടു കളഞ്ഞില്ല. തങ്ങളുടെ പണവും പ്രതാപവും കുടുംബമഹിമയും വെളിപ്പെടുത്താ നുള്ള അവസരമായി ഇത്തരം ആഘോഷാവസരങ്ങൾ ഉപയോഗപ്പെടുത്തി.

ഇത്തരമൊരു സാഹചര്യത്തിൽ രൂപമെടുക്കുന്ന സാഹിത്യത്തിലും ഈ ധാരാ ളിത്തവും അനായാസതയും ദർശിക്കാൻ കഴിയും. ഗൗരവമുള്ള വിഷയങ്ങളോ ജീവൽ പ്രശ്നങ്ങളോ അവയിൽ കാണാൻ കഴിയില്ല. അതുകൊണ്ടു തന്നെയാണ് മാലപ്പാട്ടും പടപ്പാട്ടും ഒഴിച്ചുള്ള ഇതര അറബി മലയാള കൃതികൾ താരതമ്യേന ലളി തമായ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. കച്ചവടപ്പാട്ട്, മൈലാഞ്ചിപ്പാട്ട്, കല്യാണപ്പാട്ട്, കിസ്സപ്പാട്ട്, അപ്പപ്പാട്ട് തുടങ്ങിയവയെല്ലാം എടുത്തുപരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും.

ങ്ങളാരംഭിക്കും. പുരുഷന്റെ വീട്ടിലാണ് കല്യാണമെങ്കിൽ ആഘോഷത്തിന് 'വെറ്റില ക്കെട്ട്' എന്നും പെണ്ണിന്റെ വീട്ടിലാണെങ്കിൽ 'മൈലാഞ്ചിരാവ്' എന്നും പറയുന്നു.

> ഈ സമ്പ്രദായം (വെറ്റിലക്കെട്ട്, മൈലാഞ്ചിരാവ്) കോഴിക്കോട്, കൊയിലാണ്ടി, തലശ്ശേരി എന്നിവിടങ്ങളിൽ കാണാം. ഏറനാട്ടിലും വള്ളു വനാട്ടിലും ഈ സമ്പ്രദായം ഇല്ല. (കുട്ടി, 1995: 26)

ഇത്തരം ആഘോഷച്ചടങ്ങുകളിലെല്ലാംതന്നെ പാട്ടുകളും നൃത്തരൂപങ്ങളും സ്വാഭാവികമായും ഉണ്ടാവും. മാപ്പിളമാരുടെ ഇടയിൽ കല്യാണപ്പാട്ടുകളും ഒപ്പനയും ഉടലെടുക്കുന്നത് ഈയൊരു സാഹചര്യത്തിലാണ്. വരൻ, വധു അമ്മായി (വധു വിന്റെ അമ്മ) തുടങ്ങിയവരാണ് കല്യാണാഘോഷങ്ങളിലെ പ്രധാന ഘടകങ്ങൾ അതുകൊണ്ടുതന്നെ കല്യാണപ്പാട്ടുകളിലെല്ലാംതന്നെ പ്രധാനവർണ്ണ്യവിഷയം ഇവരാ ണ്. കല്യാണസദ്യ, സൽക്കാരവിഭവങ്ങൾ എന്നിവയെല്ലാം കാവ്യവിഷയമായപ്പോൾ അപ്പപ്പാട്ടുകളും അമ്മായിപ്പാട്ടുകളുമുണ്ടായി. വധു അണിയുന്ന മൈലാഞ്ചിയും ആഭര ണങ്ങളുമാണ് മൈലാഞ്ചിപ്പാട്ടിന്റേയും ആഭരണപ്പാട്ടിന്റേയും ഉള്ളടക്കം. വടക്കേമല ബാറിലെ മാപ്പിളസാമൂഹികതയുടെ സാഹിത്യപരിശ്രമങ്ങളാണ് കല്യാണപ്പാട്ടുക ളുടെ രൂപീകരണപശ്ചാത്തലം

### 4.7. ഇതരകൃതികളുടെ രൂപീകരണസാഹചര്യം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി അറബിമലയാളത്തിൽ കെസ്സ്പാട്ട്, ഖിസ്സപ്പാട്ട്, കത്ത്പാട്ട് തുടങ്ങി പുതിയ കാവ്യശാഖകൾ ഉണ്ടായി. ചില നോവലുകളും ഇക്കാലത്ത് രചിക്കപ്പെട്ടിട്ടുണ്ട്. മലയാളം പേർഷ്യൻ, ഉറുദു, അറബി തുടങ്ങിയ ഭാഷകളിലെ സാഹിത്യശാഖകളുടെ സ്വാധീനമാണ് ഇതിന് കാരണം. ഇക്കാലത്ത് മാപ്പിളമാർക്ക് ഇതരഭാഷകളിലെ കാവ്യശാഖകളുമായി പരിചയപ്പെടാൻ അവസരം ലഭിച്ചു.

ഈ പരിചയം അത്തരം സാഹിത്യമാതൃകകളുടെ ചുവടുപിടിച്ച് രചനയി ലേർപ്പെടാൻ പ്രചോദനമായി. പിന്നീട് ഓരോ കാവ്യശാഖയിലും രചനകളുടെ എണ്ണ ത്തിൽ വൻവർദ്ധനവുണ്ടായി മാത്രമല്ല അറബിമലയാള ലിപിപരിഷ്ക്കരണം, ഭാഷാ സംസ്കരണം തുടങ്ങിയ ചർച്ചകൾ തുടങ്ങുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവ സാനത്തിലാണ്. ഇത്തരം ചർച്ചകൾക്കും കാരണമായിട്ടുണ്ടാവുക കൃതികളുടെ എണ്ണ ത്തിലുണ്ടായിട്ടുള്ള വർദ്ധനവ് തന്നെയാണ്.

## അധ്യായം അഞ്ച്

# അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകൾ

അറബിമലയാളത്തെ ഭാഷാപരമായി വിശകലനം ചെയ്യുക എന്നതാണ് ഈ അധ്യായത്തിന്റെ ഉദ്ദേശ്യം. അറബിമലയാളത്തെ കേവലാപഗ്രഥനത്തിന് വിധേയമാക്കുകയാണ് ചെയ്യുന്നത്. അറബിലിപിയുപയോഗിച്ച് മലയാളം എഴുതുന്നു എന്നതിലുപരി ഭാഷാഘടകത്തിലും ഘടനയിലും വല്ല പ്രത്യേകതകളും ഉണ്ടോ എന്നും അറബിഭാഷയുമായും മലയാളഭാഷയുമായും ഏതൊക്കെ തരത്തിലുള്ള സാമ്യവ്യത്യാസങ്ങളാണ് ഉള്ളത് എന്നും ഏതെല്ലാം തരത്തിൽ മറ്റു ഭാഷകളുടെ സ്വാധീനങ്ങൾക്ക് അറബിമലയാളം വിധേയമായിട്ടുണ്ട് എന്നും അറബിക്കും മലയാളത്തിനും പുറമെ മറ്റേതെല്ലാം ഭാഷകളുമായി ഇതിന് ബന്ധമുണ്ട് എന്നുമെല്ലാം ചർച്ചചെയ്യുന്നുണ്ട്.

അറബിമലയാളത്തിന്റെ ഭാഷാസ്വഭാവത്തെ വിശദീകരിക്കാൻ ചിലരെല്ലാം മുമ്പ് ശ്രമിച്ചിട്ടുണ്ട്. ആ നിരീക്ഷണങ്ങൾ പരിഗണിക്കുന്നത് അപഗ്രഥനത്തിന് കൂടുതൽ സഹായകമാവും.

അറബിമലയാളം ഒരു സ്വാതന്ത്രഭാഷയാണെന്നും, മലയാളത്തിന്റെ മറ്റൊരു മുഖമാണെന്നും ഒ. അബുവിന് (1970:11,12,23,124) അഭിപ്രായമുണ്ട്. അറബിമലയാളത്തിൽ നിന്ന് അറബി നീക്കം ചെയ്താൽ ബാക്കി മലയാളം ആവില്ല എന്നും, മലയാളത്തിൽ നിന്നും ഭിന്നമായി ലിപി പദങ്ങൾ, ഘടന, വ്യാകരണം എന്നിവയിൽ അറബി

## അധ്യായം അഞ്ച്

# അറബിമലയാളത്തിന്റെ ഭാഷാസവിശേഷതകൾ

അറബിമലയാളത്തെ ഭാഷാപരമായി വിശകലനം ചെയ്യുക എന്നതാണ് ഈ അധ്യായത്തിന്റെ ഉദ്ദേശ്യം. അറബിമലയാളത്തെ കേവലാപഗ്രഥനത്തിന് വിധേയമാക്കുകയാണ് ചെയ്യുന്നത്. അറബിലിപിയുപയോഗിച്ച് മലയാളം എഴുതുന്നു എന്നതിലുപരി ഭാഷാഘടകത്തിലും ഘടനയിലും വല്ല പ്രത്യേകതകളും ഉണ്ടോ എന്നും അറബിഭാഷയുമായും മലയാളഭാഷയുമായും ഏതൊക്കെ തരത്തിലുള്ള സാമ്യവ്യത്യാസങ്ങളാണ് ഉള്ളത് എന്നും ഏതെല്ലാം തരത്തിൽ മറ്റു ഭാഷകളുടെ സ്വാധീനങ്ങൾക്ക് അറബിമലയാളം വിധേയമായിട്ടുണ്ട് എന്നും അറബിക്കും മലയാളത്തിനും പുറമെ മറ്റേതെല്ലാം ഭാഷകളുമായി ഇതിന് ബന്ധമുണ്ട് എന്നുമെല്ലാം ചർച്ചചെയ്യുന്നുണ്ട്.

അറബിമലയാളത്തിന്റെ ഭാഷാസ്വഭാവത്തെ വിശദീകരിക്കാൻ ചിലരെല്ലാം മുമ്പ് ശ്രമിച്ചിട്ടുണ്ട്. ആ നിരീക്ഷണങ്ങൾ പരിഗണിക്കുന്നത് അപഗ്രഥനത്തിന് കൂടുതൽ സഹായകമാവും.

അറബിമലയാളം ഒരു സ്വാതന്ത്രഭാഷയാണെന്നും, മലയാളത്തിന്റെ മറ്റൊരു മുഖമാണെന്നും ഒ. അബുവിന് (1970:11,12,23,124) അഭിപ്രായമുണ്ട്. അറബിമലയാളത്തിൽ നിന്ന് അറബി നീക്കം ചെയ്താൽ ബാക്കി മലയാളം ആവില്ല എന്നും, മലയാളത്തിൽ നിന്നും ഭിന്നമായി ലിപി പദങ്ങൾ, ഘടന, വ്യാകരണം എന്നിവയിൽ അറബി

മലയാളത്തിന് പ്രകടമായ വ്യത്യാസമുണ്ടെന്നും ഈ വാദത്തിന് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടികാണിക്കുന്നു. ഈ നിരീക്ഷണത്തോട് ചേർന്നു നിന്നുകൊണ്ട് അറബിമലയാളം ഒരു സമ്പൂർണ്ണഭാഷയാണെന്ന് സി.കെ. കരിം (1983:170) വിലയിരുത്തുന്നു. മലയാളത്തിന്റെ ഭാഷാഭേദങ്ങളിൽ ഒന്നിന്റെ ലിഖിതരൂപമാണ് അറബിമലയാളമെന്ന് കെ.ഒ. ശംസുദ്ദീൻ (1978:4,29) അഭിപ്രായപ്പെടുന്നു. പരിഷ്ക്കരിച്ച അറബിലിപിയിൽ മലയാളം എഴുതുന്ന സമ്പ്രദായമാണ് അറബിമലയാളമെന്ന് മുകളിൽ പ്രസ്താവിച്ച നിരീക്ഷണങ്ങളെ ഖണ്ഡിച്ചുകൊണ്ട് എൻ മുഹ്‌യിദ്ദീൻ(1992:50) സ്ഥാപിക്കുന്നു.

അറബിമലയാളത്തിന്റെ സ്വഭാവം നിർണ്ണയിക്കാൻ ലിപിതലത്തിലും വ്യാകരണതലത്തിലും നിഘണ്ടുതലത്തിലും അപഗ്രഥനം നടത്തേണ്ടതുണ്ട്. ലിപിസ്വഭാവം അപഗ്രഥിക്കുകയാണെങ്കിൽ ഏറ്റവും പ്രധാന സവിശേഷത അറബിയിലെ ലിപിമാല പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു എന്നതാണ്. അറബിലിപികൾ പരിഷ്ക്കരിച്ചുണ്ടാക്കിയ അധികലിപികളും അറബിമലയാളത്തിലുണ്ട്. ഇതാവട്ടെ മലയാളപദാവലിക്ക് തുല്യമായി രൂപീകരിച്ചതാണ്. അറബിഭാഷയിലില്ലാത്ത മലയാള വർണ്ണങ്ങളെ ഉൾക്കൊള്ളാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

### 5.1. അറബി ലിപി

അറബിയിൽ ഇരുപത്തെട്ട് വ്യഞ്ജനാക്ഷരങ്ങളും ആറ് സ്വരാക്ഷരങ്ങളുമാണ് ഉള്ളത്. അവ താഴെ കൊടുക്കുന്നു.

പട്ടിക - 30

| നമ്പർ | അറബിലിപി | ഫൊണിമിക്‌ലിപി | മലയാളസദൃശം |
|---|---|---|---|
| 1. | ا | a | അ |
| 2. | ب | b | ബ |
| 3. | ت | t | ത |

മലയാളത്തിന് പ്രകടമായ വ്യത്യാസമുണ്ടെന്നും ഈ വാദത്തിന് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടികാണിക്കുന്നു. ഈ നിരീക്ഷണത്തോട് ചേർന്നു നിന്നുകൊണ്ട് അറബിമലയാളം ഒരു സമ്പൂർണ്ണഭാഷയാണെന്ന് സി.കെ. കരീം (1983:170) വിലയിരുത്തുന്നു. മലയാളത്തിന്റെ ഭാഷാഭേദങ്ങളിൽ ഒന്നിന്റെ ലിഖിതരൂപമാണ് അറബിമലയാളമെന്ന് കെ.ഒ. ശംസുദ്ദീൻ (1978:4,29) അഭിപ്രായപ്പെടുന്നു. പരിഷ്ക്കരിച്ച അറബിലിപിയിൽ മലയാളം എഴുതുന്ന സമ്പ്രദായമാണ് അറബിമലയാളമെന്ന് മുകളിൽ പ്രസ്താവിച്ച നിരീക്ഷണങ്ങളെ ഖണ്ഡിച്ചുകൊണ്ട് എൻ മുഹ്യിദ്ദീൻ(1992:50) സ്ഥാപിക്കുന്നു.

അറബിമലയാളത്തിന്റെ സ്വഭാവം നിർണ്ണയിക്കാൻ ലിപിതലത്തിലും വ്യാകരണതലത്തിലും നിഘണ്ടുതലത്തിലും അപഗ്രഥനം നടത്തേണ്ടതുണ്ട്. ലിപിസ്വഭാവം അപഗ്രഥിക്കുകയാണെങ്കിൽ ഏറ്റവും പ്രധാന സവിശേഷത അറബിയിലെ ലിപിമാല പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു എന്നതാണ്. അറബിലിപികൾ പരിഷ്ക്കരിച്ചുണ്ടാക്കിയ അധികലിപികളും അറബിമലയാളത്തിലുണ്ട്. ഇതാവട്ടെ മലയാളപദാവലിക്ക് തുല്യമായി രൂപീകരിച്ചതാണ്. അറബിഭാഷയിലില്ലാത്ത മലയാള വർണ്ണങ്ങളെ ഉൾക്കൊള്ളാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

**5.1. അറബി ലിപി**

അറബിയിൽ ഇരുപത്തെട്ട് വ്യഞ്ജനാക്ഷരങ്ങളും ആറ് സ്വരാക്ഷരങ്ങളുമാണ് ഉള്ളത്. അവ താഴെ കൊടുക്കുന്നു.

**പട്ടിക – 30**

| നമ്പർ | അറബിലിപി | ഫൊണിമിക്ലിപി | മലയാളസദൃശം |
|---|---|---|---|
| 1. | ا | a | അ |
| 2. | ب | b | ബ |
| 3. | ت | t | ത |

മലയാളത്തിന് പ്രകടമായ വ്യത്യാസമുണ്ടെന്നും ഈ വാദത്തിന് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടികാണിക്കുന്നു. ഈ നിരീക്ഷണത്തോട് ചേർന്നു നിന്നുകൊണ്ട് അറബിമലയാളം ഒരു സമ്പൂർണ്ണഭാഷയാണെന്ന് സി.കെ. കരീം (1983:170) വിലയിരുത്തുന്നു. മലയാളത്തിന്റെ ഭാഷാഭേദങ്ങളിൽ ഒന്നിന്റെ ലിഖിതരൂപമാണ് അറബിമലയാളമെന്ന് കെ.ഒ. ശംസുദ്ദീൻ (1978:4,29) അഭിപ്രായപ്പെടുന്നു. പരിഷ്ക്കരിച്ച അറബിലിപിയിൽ മലയാളം എഴുതുന്ന സമ്പ്രദായമാണ് അറബിമലയാളമെന്ന് മുകളിൽ പ്രസ്താവിച്ച നിരീഷണങ്ങളെ ഖണ്ഡിച്ചുകൊണ്ട് എൻ മുഹ്‌യിദ്ദീൻ(1992:50) സ്ഥാപിക്കുന്നു.

അറബിമലയാളത്തിന്റെ സ്വഭാവം നിർണ്ണയിക്കാൻ ലിപിതലത്തിലും വ്യാകരണതലത്തിലും നിഘണ്ടുതലത്തിലും അപഗ്രഥനം നടത്തേണ്ടതുണ്ട്. ലിപിസ്വഭാവം അപഗ്രഥിക്കുകയാണെങ്കിൽ ഏറ്റവും പ്രധാന സവിശേഷത അറബിയിലെ ലിപിമാല പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നു എന്നതാണ്. അറബിലിപികൾ പരിഷ്ക്കരിച്ചു [illegible] ശബ്ദലിപികളും അറബിമലയാളത്തിലുണ്ട്. ഇതാവട്ടെ മലയാളപദാവലിക്ക് തുല്യമായി രൂപീകരിച്ചതാണ്. അറബിഭാഷയിലില്ലാത്ത മലയാള വർണ്ണങ്ങളെ ഉൾക്കൊള്ളാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

### 5.1. അറബി ലിപി

അറബിയിൽ ഇരുപത്തെട്ട് വ്യഞ്ജനാക്ഷരങ്ങളും ആറ് സ്വരാക്ഷരങ്ങളുമാണ് ഉള്ളത്. അവ താഴെ കൊടുക്കുന്നു.

പട്ടിക – 30

| നമ്പർ | അറബിലിപി | ഫൊണിതിക്‌ലിപി | മലയാളസദൃശം |
|---|---|---|---|
| 1. | ا | a | അ |
| 2. | ب | b | ബ |
| 3. | ت | t | ത |

| നമ്പർ | അറബിലിപി | ഫൊണിമിക്‌ലിപി | മലയാളസദൃശം |
|---|---|---|---|
| 4. | ث | ṫ | - |
| 5. | ج | j | ജ |
| 6. | ح | ḥ | - |
| 7. | خ | k̇ | - |
| 8. | د | d | ദ |
| 9. | ذ | d̄ | - |
| 10. | ر | r | റ |
| 11. | ز | z | - |
| 12. | س | s | സ |
| 13. | ش | š | ശ |
| 14. | ص | ṡ | - |
| 15. | ض | ḍ | - |
| 16. | ط | T̲ | - |
| 17. | ظ | L | - |
| 18. | ع | A̲ | - |
| 19. | غ | ġ | - |
| 20. | ف | f | - |
| 21. | ق | q | - |
| 22. | ك | k | ക |
| 23. | ل | l | ല |
| 24. | م | m | മ |
| 25. | ن | n | ന |
| 26. | و | v | വ |
| 27. | ه | h | ഹ |
| 28. | ي | y | യ |

പട്ടിക - 30 തുടർച്ച

സ്വരചിഹ്നങ്ങൾ

പട്ടിക-31

| | | | |
|---|---|---|---|
| 1. | َ | a | അ |
| 2. | ٰ | aa | ആ |
| 3. | ِ | i | ഇ |
| 4. | ِي | ii | ഈ |
| 5. | ُ | u | ഉ |
| 6. | ُو | uu | ഊ |

മുകളിലോ, താഴെയോ ആണ് സ്വരചിഹ്നങ്ങൾ ചേർക്കുന്നത് സംവൃതോകാരവും ചില്ലും ഉ എന്ന ചിഹ്നംകൊണ്ടാണ് സൂചിപ്പിക്കുന്നത്. ഇരട്ടിപ്പിനെ കാണിക്കാൻ ഥ എന്നാ ഒരു ഉപലിപിയുമുണ്ട്.

5.2. പുതുതായി രൂപപ്പെടുത്തിയ ലിപികൾ

നിലവിലുള്ള അറബിലിപികളിൽ ചെറിയമാറ്റങ്ങൾവരുത്തി അറബിയിലില്ലാത്തതും മലയാളത്തിലുള്ളതുമായ വർണ്ണങ്ങൾക്ക് തുല്യമായി പുതിയ ലിപികൾ രൂപപ്പെടുത്തി. അവ താഴെ കൊടുക്കുന്നു

സ്വരചിഹ്നങ്ങൾ

പട്ടിക-31

| | | | |
|---|---|---|---|
| 1. | ـَ | a | അ |
| 2. | ـَا | aa | ആ |
| 3. | ـِ | i | ഇ |
| 4. | ـِيـ | ii | ഈ |
| 5. | ـُ | u | ഉ |
| 6. | ـُو | uu | ഊ |

മുകളിലോ, താഴെയോ ആണ് സ്വരചിഹ്നങ്ങൾ ചേർക്കുന്നത് സംവൃതോകാരവും ചില്ലും ـْ എന്ന ചിഹ്നംകൊണ്ടാണ് സൂചിപ്പിക്കുന്നത്. ഇരട്ടിപ്പിനെ കാണിക്കാൻ ـّ എന്ന ഒരു ഉപലിപിയുമുണ്ട്.

5.2. പുതുതായി രൂപപ്പെടുത്തിയ ലിപികൾ

നിലവിലുള്ള അറബിലിപികളിൽ ചെറിയമാറ്റങ്ങൾവരുത്തി അറബിയിലില്ലാത്തതും മലയാളത്തിലുള്ളതുമായ വർണ്ണങ്ങൾക്ക് തുല്യമായി പുതിയ ലിപികൾ രൂപപ്പെടുത്തി. അവ താഴെ കൊടുക്കുന്നു

പട്ടിക-32

| നമ്പർ | അറബിമലയാള ലിപി | ഫൊണിമിക്‌ലിപി | മലയാളലിപി |
|---|---|---|---|
| 1. | آ | e | എ |
| 2. | آيِ | ee | ഏ |
| 3. | آيٛ | ai | ഐ |
| 4. | اٛ | o | ഒ |
| 5. | أُو | oo | ഓ |
| 6. | آوْ | au | ഔ |
| 7. | كَھ | kh | ഖ |
| 8. | گ | g | ഗ |
| 9. | گھ | gh | ഘ |
| 10. | جَ | ṅ | ങ |
| 11. | چَ | c | ച |
| 12. | چَھ | ch | ഛ |
| 13. | ڇَ | ñ | ഞ |
| 14. | ڊَ | ṭ | ട |
| 15. | ڊَھ | ṭh | ഠ |
| 16. | ڔَ | ḍ | ഡ |
| 17. | ڔَھ | ḍh | ഢ |
| 18. | ڹَ | ṇ | ണ |
| 19. | تَھ | th | ഥ |
| 20. | دَھ | dh | ധ |
| 21. | پَ | p | പ |
| 22. | بَھ | bh | ഭ |
| 23. | رَ | r | ര |
| 24. | شَ | ṣ | ഷ |
| 25. | صَ | ḷ | ള |
| 26. | ژَ | ḻ | ഴ |
| 27. | ڙَ | ṟ | റ |

രണ്ടുഘട്ടങ്ങളിലായാണ് ഈ ലിപി പരിഷ്കരണം നടന്നിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. ഒന്നാംഘട്ട പരിഷ്കരണം നടന്നത് ഏതുകാലത്താണെന്ന് കൃത്യമായി പറയാൻ കഴിയുന്നില്ല. കണ്ടുകിട്ടിയതിൽവെച്ച് ഏറ്റവും പഴക്കംചെന്ന കൃതിയായ *മുഹ്‌യിദ്ദീൻമാല* (1607)യിൽ *അതിഖര-മൃദു-ഘോഷങ്ങളും റ്റ, ഴ, ശ* എന്നിവയൊഴികെയുള്ള മലയാള ലിപികൾക്ക് സമാനമായലിപികളും കാണുന്നുണ്ട്.

രണ്ടാംഘട്ടപരിഷ്കരണം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് നടക്കുന്നത്. സനാഉല്ലാമക്തിതങ്ങൾ മലയാളത്തിൽ *കഠോരകുഠാരം* (വർഷം വ്യക്തമല്ല)എന്ന പേരിൽ ഒരു കൃതി രചിച്ചു. ഇതോടുകൂടിയാണ് മലയാളത്തിന്റെ ചുവടുപിടിച്ച് അറബിമലയാളലിപികൾ പരിഷ്കരിക്കാൻ ശ്രമങ്ങൾ തുടങ്ങിയത് സെയ്ദാലികുട്ടി മാസ്റ്റർ *സലാഹുൽ ഇഖ്‌വാൻ* (1899) എന്ന അറബിമലയാള പത്രത്തിൽ ലിപിപരിഷ്ക്കരണത്തെക്കുറിച്ച് ഒരു ലേഖനമെഴുതി. ചില ലിപിരൂപങ്ങൾ അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു. പക്ഷെ അതിന് വേണ്ടത്ര സ്വീകാര്യത ലഭിച്ചില്ല. 1906ൽ *അൽ ഇസ്ലാം* മാസികയിൽ ലിപിപരിഷ്കരണത്തിന്റെ ആവശ്യകത ചൂണ്ടികാണിച്ചുകൊണ്ടും ചില ലിപികൾ പുതുതായി പരിചയപ്പെടുത്തികൊണ്ടും വക്കം അബ്ദുൾ ഖാദർ മൗലവി ഒരു ലേഖനം എഴുതി. പിന്നീട് അദ്ദേഹം തന്നെ 1919ൽ *കിമിയാസആദാ* എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയിൽ *ഖരമൃദുക്കൾക്കും ക്ഷ*യ്ക്കും പുതിയ ലിപി നിർദ്ദേശിച്ചു. ഏകാരത്തിന് ˇ എന്ന ലിപിയും അദ്ദേഹം രൂപപ്പെടുത്തി. 1924ൽ ചാലിലകത്തു കുഞ്ഞഹമ്മദ് ഹാജി മദ്രസാവിദ്യാർത്ഥികളെ ഉദ്ദേശിച്ച് *തസ്‌വീറുൽഹുറൂഫ് (അക്ഷര നിയമം)* എന്ന കൃതി രചിച്ചു. ഇതോടുകൂടിയാണ് ഇന്നുകാണുന്ന അറബിമലയാളലിപി രൂപീകരണം പൂർണ്ണമാകുന്നത്.

പരിഷ്ക്കരണങ്ങൾക്ക് ശേഷമുള്ള അറബിമലയാളലിപി താഴെ കൊടുക്കുന്നു.

പട്ടിക-33

| നമ്പർ | അറബിമലയാളം | മലയാളം | ഫൊണിമിക് ലിപി |
|---|---|---|---|
| 1. | أ | അ | a |
| 2. | آ | ആ | aa |
| 3. | إ | ഇ | i |
| 4. | إِي | ഈ | ii |
| 5. | اُ | ഉ | u |
| 6. | أُو | ഊ | uu |
| 7. | اٜ | എ | e |
| 8. | اٜي | ഏ | ee |
| 9. | اٜيْ | ഐ | ai |
| 10. | اٛ | ഒ | o |
| 11. | اٛو | ഓ | oo |
| 12. | أَوْ | ഔ | au |
| 13. | أَمْ | അം | am |
| 14. | كَ | ക | k |
| 15. | كھَ | ഖ | kh |
| 16. | گَ | ഗ | g |
| 17. | گھَ | ഘ | gh |

പട്ടിക 33 തുടർച്ച

| നമ്പർ | അറബിമലയാളം | മലയാളം | ഫൊണിമിക് ലിപി |
|---|---|---|---|
| 18. | خَ | ങ | ṅ |
| 19. | څَ | ച | c |
| 20. | څَھ | ഛ | ch |
| 21. | جَ | ജ | J |
| 22. | جَھ | ഝ | Jh |
| 23. | ڃَ | ഞ | n̄ |
| 24. | ڊَ | ട | ṭ |
| 25. | ڊَھ | ഠ | ṭh |
| 26. | ڔَ | ഡ | ḍ |
| 27. | ڔَھ | ഢ | ḍh |
| 28. | بَ | ണ | ṇ |
| 29. | تَ | ത | t |
| 30. | تَھ | ഥ | th |
| 31. | دَ | ദ | d |
| 32. | دَھ | ധ | dh |
| 33. | نَ | ന | n̲ |
| 34. | پَ | പ | P |
| 35. | فَ | ഫ | ph |

*പട്ടിക 33 തുടർച്ച*

| നമ്പർ | അറബിമലയാളം | മലയാളം | ഫൊണിമിക് ലിപി |
|---|---|---|---|
| 36. | بَ | ബ | b |
| 37. | بَھ | ഭ | bh |
| 38. | مَ | മ | m |
| 39. | يَ | യ | y |
| 40. | رَ | ര | r |
| 41. | لَ | ല | l |
| 42. | وَ | വ | v |
| 43. | شَ | ശ | š |
| 44. | سَ | സ | s |
| 45. | ڜَ | ഷ | ṣ |
| 46. | هَ | ഹ | h |
| 47. | صَ | ള | ḷ |
| 48. | ژَ | ഴ | ḻ |
| 49. | رَ | റ | R |
| 50. | ثَ | — | ṫ |
| 51. | ح | — | h |
| 52. | خ | — | k |
| 53. | ذ | — | d̄ |

*പട്ടിക 33 തുടർച്ച*

| നമ്പർ | അറബിമലയാളം | മലയാളം | ഫൊണിമിക് ലിപി |
|---|---|---|---|
| 54. | ز | — | z |
| 55. | ص | — | ṡ |
| 56. | ض | — | ḻ |
| 57. | ط | — | I̲ |
| 58. | ظ | — | L |
| 59. | ع | — | A̲ |
| 60. | غ | — | ġ |
| 61. | ق | — | q |

*പട്ടിക 33 തുടർച്ച*

പ്രധാനപ്പെട്ട ലിപിമാറ്റം *ഫ–പ* വിനിമയമാണ്. അറബിമലയാളത്തിൽ ലിപിപരിഷ്കരണത്തിന് മുമ്പ് *പ* എന്ന മലയാളലിപിക്ക് തുല്യമായ അറബിമലയാളലിപി ഉണ്ടായിരുന്നില്ല. ഇംഗ്ലീഷിലെ f എന്ന ലിപിയുടെ ഉച്ചാരണസാദൃശ്യമുള്ള അറബിയിലെ ..ف.. അണ് *പ* യക്ക് പകരമായി ഉപയോഗിച്ചത്. ഇത് വരമൊഴിയിൽ മാത്രമേയുള്ളൂ. *ഫ* എന്നെഴുതിയാലും മലയാളത്തിലെ *പ* എന്നു തന്നെയായിരുന്നു ഉച്ചരിച്ചിരുന്നത് *ഫിറാവ്* എന്നെഴുതിയാലും *പിറാവ്* എന്നു വായിക്കുന്നു അഥവാ ഈ മാറ്റം എഴുത്തിൽ മാത്രമാണ് ഉച്ചാരണത്തിൽ ഇല്ല.

അറബിമലയാളലിപി രൂപീകരണത്തിന്റെ അടിസ്ഥാനം അറബിലിപികളാണ്. മലയാളത്തിലുള്ള മുഴുവൻ ശബ്ദങ്ങളും എഴുതിക്കാണിക്കാൻ പര്യാപ്തമായ ലിപികൾ അറബിമലയാളത്തിലുണ്ട്. പുറമെ അറബിശബ്ദങ്ങളെ പ്രതിനിധാനം ചെയ്യുന്ന അറബിലിപികളും ഉണ്ട്.

5.3. വ്യാകരണവിശകലനം

അറബിമലയാളകൃതികളിലെ ഭാഷാഘടനയും ഘടകങ്ങളും ഏതൊക്കെതരത്തിലാണെന്ന് പരിശോധിക്കുന്നതിന് വേണ്ടി ചില അറബിമലയാളകൃതികൾ വിശകലനത്തിന് വിധേയമാക്കുന്നു. അഞ്ചുപദ്യകൃതികളും അഞ്ചുഗദ്യകൃതികളുമാണ് ഇതിനായി തെരെഞ്ഞെടുത്തിരിക്കുന്നത്. ഗദ്യകൃതികളുടെ തെരെഞ്ഞെടുപ്പിന്റെ അടിസ്ഥാനം പ്രസിദ്ധീകരണ വർഷമാണ്. പലഗദ്യകൃതികളുടേയും രചനാകാലം വ്യക്തമല്ല. പ്രസിദ്ധീകരണ വർഷം പലതിലും പ്രസ്താവിച്ചുകാണുന്നുണ്ട്. അതിനാലാണ് പ്രസിദ്ധീകരണവർഷം അടിസ്ഥാനമാക്കിയത്. 1830, 1860, 1920, 1950 എന്നിങ്ങനെ മുപ്പത്‌വർഷം ഇടവിട്ടുള്ള കൃതികളാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. ഗവേഷണമധ്യേകണ്ടുകിട്ടിയതിൽ ആദ്യകൃതി 1830ലേതാണ്. പദ്യകൃതികൾ രചനാകാലം അടിസ്ഥാനമാക്കിയാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. മിക്കവാറും പദ്യകൃതികളിൽ രചനാകാലം വ്യക്തമാക്കിയിട്ടുണ്ട്. പ്രധാന കാവ്യശാഖകളായ മാലപ്പാട്ട്, പടപ്പാട്ട്, കത്ത്പാട്ട്, കെസ്സ്പാട്ട്, കല്ല്യാണപ്പാട്ട് എന്നിവയിലെ ലഭ്യമായ ആദ്യകൃതികളാണ് അപഗ്രഥനത്തിനായി തെരെഞ്ഞെടുത്തിരിക്കുന്നത്. ഗദ്യകൃതികളുടെ ഒരു ഖണ്ഡികയും മുഹ്‌യിദ്ദീൻമാല ഒഴികെയുള്ള പദ്യകൃതികളിലെ എട്ടുവരികളുമാണ് വിശകലനവിധേയമാക്കുന്നത്. അറബിമലയാളകൃതികളിൽ ലഭ്യമായ ആദ്യകൃതി മുഹ്‌യിദ്ദീൻമാലയായതിനാൽ അത് പൂർണ്ണമായും വിശകലനത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

അപഗ്രഥനവിധേയമാക്കിയ പാഠഭാഗങ്ങളിലെ ഭാഷാസവിശേഷതകൾ മനസ്സിലാക്കാൻ ഉതകുന്നവിധത്തിൽ പ്രധാനവ്യാകരണഘടകങ്ങൾ വിശകലനവിധേയമാക്കുന്നു. മലയാളത്തിന്റെ വ്യാകരണസംജ്ഞകൾ ആണ് ഉപയോഗിച്ചിരിക്കുന്നത്. രൂപപ്പെടുത്തിയ നിഗമനങ്ങൾ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

5.3.1. നാമം

ആറുതരത്തിലുള്ള നാമരൂപങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| സംജ്ഞാനാമം | ഉർബതുബ്നു സുബൈർ (6:1) |
| സാമാന്യനാമം | ആൺഫിറന്നോമാർ (8:1) |
| മേയനാമം | ലാറ് (9:6) |
| ഗുണനാമം | ഹുബ്ബ് (9:4) |
| ക്രിയാനാമം | ബളർമ (4:4) |
| സംഖ്യാനാമം | യെളുവദ് (1:48) |

5.3.1.1. സർവ്വനാമം

പട്ടിക – 34

| ഉത്തമപുരുഷൻ ഏകവചനം | ഉത്തമപുരുഷൻ ബഹുവചനം | മധ്യമ പുരുഷൻ ഏകവചനം | മധ്യമ പുരുഷൻ ബഹുവചനം | പ്രഥമ പുരുഷൻ ഏകവചനം | പ്രഥമ പുരുഷൻ ബഹുവചനം |
|---|---|---|---|---|---|
| നാൻ (7:4) ഞാൻ (1:64) | നാങ്ങൾ (6:3) ഞാങ്ങൾ (1:297) നമയ് (4:2) | നീ (1:68) | നീങ്ങൾ (7:2) | അദ് (1:68) ഇദ് (1:269) | അവർ (1:94) |

സർവ്വനാമങ്ങളുടെ പ്രത്യയങ്ങൾ *അൻ, അൾ, അയ്, തു* എന്നിവയാണ്. വിവിധ സർവ്വനാമവിഭാഗങ്ങളും അവയ്ക്കുള്ള ഉദാഹരണങ്ങളും താഴെ പട്ടികയിൽകൊടുക്കുന്നു.

### 5.3.1.2 മറ്റുചില സർവ്വനാമരൂപങ്ങൾ

പട്ടിക –35

| ചോദ്യ | നാമ | സർവ്വ വാചി | സ്വവാചി | അംശ വാചി | അന്യാർ ത്ഥകം | അനാ സ്ഥാ വാചി | നിർദ്ദി ഷ്ടവാചി |
|---|---|---|---|---|---|---|---|
| യേത് (1:97)<br>യെൻദ് (6:4)<br>ആര് (1:109)<br>യെത്തിര (1:208) | ഫലെ (9:8)<br>ഫല (1:271) | യെല്ലാർ (1:117)<br>യെല്ലാരും (1:41)<br>യെല്ലാ (0:1) | താൻ (1:99)<br>തന്റെ (1:50) | യേറിയ (1:175) | മറ്റും (1:144) | ബല്ലേ (1:105) | അവിടെ (1:184)<br>ആ (1:188)<br>യിദ് (1:269) |

### 5.3.2 ലിംഗം

അറബിമലയാളത്തിലെ ലിംഗവ്യവസ്ഥ ശബ്ദങ്ങളുടെ അർത്ഥത്തെ ആസ്പദമാക്കിയുള്ളതാണ്. പുല്ലിംഗം സ്ത്രീലിംഗം എന്നിവ മനുഷ്യരിലെ സ്ത്രീപുരുഷ വിഭാഗത്തെ സൂചിപ്പിക്കാൻ മാത്രമാണ് ഉപയോഗിക്കുന്നത്. ജന്തുക്കളെ സ്ത്രീപുരുഷവ്യത്യാസമില്ലാതെ നപുംസകലിംഗമായി കണക്കാക്കുന്നു.

സർവ്വനാമത്തിന് *ആൻ,ആൾ,ദ്* എന്നിവയാണ് ലിംഗപ്രത്യായങ്ങൾ

ഉദാ:– അവൻ (8:3)

അവൾ (7:6)

അദ് (6:4)

പുല്ലിംഗത്തിന് *അൻ* ആണ് ലിംഗ പ്രത്യയം

ഉദാ:- അരശൻ (2:6)

സ്ത്രീ ലിംഗത്തിന് *ത്തി* ആണ് ലിംഗ പ്രത്യയം

ഉദാ:- ബെള്ളാട്ടി (7:1)

നപുംസക ലിംഗത്തിന് *അം* ആണ് പ്രത്യയം

ഉദാ:- ചൻതം (8:6)

5.3.3 വചനം

ഏകവചനം, ബഹുവചനം എന്നിങ്ങനെ രണ്ട് വചനവ്യവസ്ഥകൾ അറബിമലയാളത്തിലുണ്ട്.ഒന്നിനെ കുറിക്കുന്ന നാമം ഏകവചനം ഒന്നിലധികത്തെകുറിക്കുന്നത് ബഹുവചനം.

നാമത്തിന്റെ കേവലരൂപമോ ലിംഗപ്രത്യയം ചേർന്ന രൂപമോ ആണ് ഏകവചനം. അതിനാൽ ഏകവചനത്തെ കുറിക്കാൻ പ്രത്യേകമായി പ്രത്യയമൊന്നും ചേർത്തുകാണുന്നില്ല.

ഉദാ:- ഫിറാവ് (7:8)

പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും ബഹുവചനപ്രത്യയമായി *മാർ* ആണ് ഉപയോഗിച്ചുകാണുന്നത്.

ഉദാ:- ആൺ ഫിറന്നോമാർ (8:1)

പെൺഫിറന്നോമാർ (8:2)

പക്ഷെ അറബി നാമങ്ങളോടോപ്പം ബഹുവചന പ്രത്യയമായി *കൾ* ചേർത്തു കാണുന്നുണ്ട്.

ഉദാ:- നബികൾ (പ്രവാചകൻമാർ) (8:5)

ഉലുമാക്കൾ (പണ്ഡിതൻമാർ)(9:7)

സ്വഹബാക്കൾ (അനുചരൻമാർ)(2:4)

ഇതിനുപുറമെ അലിംഗബഹുവചനപ്രത്യയമായും പൂജകവചനപ്രത്യയമായും *ഓവർ* പ്രയോഗിച്ചിരിക്കുന്നു.

ഉദാ:- യെന്നെ ഫിടിച്ചോവർ (ഉത്തമപുരുഷബഹുവചനം) (1:95)

ഞാൻയെന്നോവർ (പൂജകവചനം) (1:96)

പൂജകവചനത്തിന് *ആർ* എന്ന പ്രത്യയവും ഉപയോഗിച്ചിട്ടുണ്ട്

ഉദാ:- നബിയാർ (2:5)

അലിംഗശബ്ദങ്ങൾക്കും നപുംസകശബ്ദങ്ങൾക്കും *അർ, അൾ* എന്നിവ ബഹുവചനപ്രത്യയമായി വരുന്നു.

ഉദാ:- മനുശ്യർ (10:4)

ആളുകൾ (8:4)

നകാറകൾ (2:2)

ആവരണങ്ങൾ (6:6)

**5.3.4. വിഭക്തി**

വിശകലനവിധേയമാക്കിയ കൃതികളിൽ കാണാൻകഴിഞ്ഞ വിഭക്തിപ്രത്യയങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക - 36

| നമ്പർ | വിഭക്തി | പ്രത്യയം | ഉദാഹരണം |
|---|---|---|---|
| 1 | നിർദ്ദേശിക | പ്രത്യയമില്ല | തങ്ങൾ(6:4) |
| 2 | പ്രതിഗ്രാഹിക | എ, ഇന, വിനെ,ഊനെ, ന, യെ | തങ്ങളെ (9:6)<br>മഖാമിന (1:109)<br>ബസ്തുവിനെ(1:23)<br>ബസ്തുനെ (1:237)<br>മുലന (1:88)<br>വൊലിയെ (1:241) |
| 3 | സംയോജിക | ഓട്, ക്ക്, എ, ആട് | തങ്ങളോട് (6:4)<br>യിഫ്ഫള്ളിക്ക് (9:3)<br>വൊരുത്തരെ (1:61)<br>അള്ളാട് (1:103) |
| 4 | ഉദ്ദേശിക | ക്ക്, ഇനി, ഇക്ക് | യെനക്ക് (1:111)<br>ഫാടഫ്ഫിനി (1:61)<br>അവരിക്ക് (1:42) |
| 5 | പ്രയോജിക | ആൽ | ചോഫ്ഫിനാൽ (5:2) |
| 6 | സംബന്ധിക | ന്റെ, ടെ, അ, എ | യെന്റെ (1:38)<br>നമ്മുടെ (1:108)<br>യെല്ലാര (1:291)<br>അവരെ (1:296) |
| 7 | ആധാരിക | ഇൽ, ആയിൽ, ഇയിൽ, ഇങ്കൽ, ഉന്കൽ | ആയത്തിൽ (9:2)<br>തൗബായിൽ (1:81)<br>അദിയിൽ (1:45)<br>കിതാബ്യുകളിങ്കൽ (9:8)<br>ഖബറുങ്കൽ (1:218) |

**5.3.4.1. മിശ്രവിഭക്തി**

ലഭ്യമായ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഉദാ:- തങ്ങളുടെകൂടെ (6:2)

യിടയീന്ന് (1:201)

അരുളാലെ (1:131)

പട്ടിക – 36

| നമ്പർ | വിഭക്തി | പ്രത്യയം | ഉദാഹരണം |
|---|---|---|---|
| 1 | നിർദ്ദേശിക | പ്രത്യയമില്ല | തങ്ങൾ(6:4) |
| 2 | പ്രതിഗ്രാഹിക | എ, ഇന, വിനെ,ഊനെ, ന, യെ | തങ്ങളെ (9:6)<br>മഖാമിന (1:109)<br>ബസ്തുവിനെ(1:23)<br>ബസ്തൂനെ (1:237)<br>മുലന (1:88)<br>വൊലിയെ (1:241) |
| 3 | സംയോജിക | ഓട്, ക്ക്, എ, ആട് | തങ്ങളോട് (6:4)<br>യിഫ്ഫള്ളിക്ക് (9:3)<br>വൊരുത്തരെ (1:61)<br>അള്ളാട് (1:103) |
| 4 | ഉദ്ദേശിക | ക്ക്, ഇനി, ഇക്ക് | യെനക്ക് (1:111)<br>ഫടഫ്ഫിനി (1:61)<br>അവരിക്ക് (1:42) |
| 5 | പ്രയോജിക | ആൽ | ചോഫ്ഫിനാൽ (5:2) |
| 6 | സംബന്ധിക | ന്റെ, ടെ, അ, എ | യെന്റെ (1:38)<br>നമ്മുടെ (1:108)<br>യെല്ലാര (1:291)<br>അവരെ (1:296) |
| 7 | ആധാരിക | ഇൽ, ആയിൽ, ഇയിൽ, ഇങ്കൽ, ഉന്കൽ | ആയത്തിൽ (9:2)<br>തൗബായിൽ (1:81)<br>അഭിയിൽ (1:45)<br>കിതാബുകളിങ്കൽ (9:8)<br>ഖബറുങ്കൽ (1:218) |

**5.3.4.1. മിശ്രവിഭക്തി**

ലഭ്യമായ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഉദാ:- തങ്ങളുടെകൂടെ (6:2)

യിടയീന്ന് (1:201)

അരുളാലെ (1:131)

### 5.3.5. തദ്ധിതം

കൃതികളിൽ കണ്ടെത്തിയ തദ്ധിതരൂപങ്ങൾ താഴെകൊടുക്കുന്നു.

ഉദാ:- അറിവാക്കൻമാർ (1:276)

ഉടയോവൻ (1:3)

ഫുകഴ്ത്തോർ (1:278)

മേൽമ (1:20)

ഫുദുമ (1:267)

ബളർമ (4:4)

ഫകയൻ (6:5)

ഉൻമ (4:8)

### 5.3.6. ഭേദകം

ഏഴ് വിഭാഗത്തിലുള്ള ഭേദകരൂപങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്.

| ഭേദകവിഭാഗം | ഉദാഹരണം |
|---|---|
| ശുദ്ധം | നല്ലോണം ഫോറ്റി (4:5) |
| സർവ്വനാമികം | യിഫ്ഫളളി (9:3) |
| സാംഖ്യം | വൊരുയിരുംഫ് ചങ്ങലന്റെ (6:3) |
| വിഭാവകം | ചിന്നത്ത~ൻ (2:7) |
| പാരിമാണികം | ഫെരുത്ത് (4:2) |
| നാമാംഗജം | ചത്തെ ചകം (1:226) |

### 5.3.7. ദ്യോതകം

നിപാതം, അവ്യയം എന്നിങ്ങനെ രണ്ട് വിധത്തിലുണ്ട് ദ്യോതകങ്ങൾ.

5.3.7.1. നിപാതം

സമുച്ചയ നിപാത പ്രത്യയമായ *ഉം* പ്രയോഗിച്ചിട്ടുണ്ട്

ഉദാ:- തായും ബാവയും (1:8)

ഇരവും ഫകലും (1:193)

വൊട്ട്മരത്തിന്റെ മീത്തലും വൊട്ട്തായേലും (7:7)

എന്നാൽ ആകാശം ഭൂമിയും (1:114, 183) എന്നിടത്ത് ആദ്യപദത്തിന്റെ കൂടെ സമുച്ചയപ്രത്യയമായ *ഉം* ചേർക്കാതെയാണ് പ്രയോഗിച്ചിരിക്കുന്നത്.

3.5.7.2. അവ്യയം

അവ്യയത്തിന് ഗതി, ഘടകം എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ കാണാൻകഴിഞ്ഞിട്ടുണ്ട്.

5.3.7.2.1. ഗതി

***ഈന്ന്, യെന്ന്,*** എന്നിങ്ങനെ രണ്ട് ഗതിരൂപങ്ങൾ കാണുന്നുണ്ട്.

ഉദാ:- യേദ്നിലത്തീന്നും (1:105)

യെൻദാവൂയെന്ന് (6:4)

5.3.7.2.2. ഘടകം

***കൊണ്ട്, നിന്ന്*** എന്നിങ്ങനെ രണ്ടെണ്ണമാണ് ഈ വിഭാഗത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ളത്.

ഉദാ:- കൻകൊണ്ട് (1:179)

ഖബറുങ്ങൽനിന്ന് (1:218)

5.3.8. ക്രിയ

പൂർണ്ണക്രിയും അപൂർണ്ണക്രിയയും കൃതികളിൽ കാണുന്നുണ്ട്.

**5.3.8.1. പൂർണ്ണക്രിയ (മുറ്റുവിന)**

ഉദാ:- സ്വഫ്ഫായി (1:183)

ചൊല്ലുന്നു (1:23)

ചാകും (1:228)

**5.3.8.2. അപൂർണ്ണക്രിയ (പറ്റുവിന)**

അപൂർണ്ണക്രിയയെ ***പേരെച്ചം, വിനയെച്ചം*** എന്നിങ്ങനെ രണ്ടായിത്തിരിക്കാം.

**5.3.8.2.1. പേരെച്ചം**

പേരിനെ (നാമത്തെ)വിശേഷിപ്പിക്കുന്ന ക്രിയയെയാണ് പേരെച്ചം എന്നുപറയുന്നത്.

ഉദാ:- ചത്തെചകം (1:227)

മൊളിയുന്നെഇൽമ് (1:139)

പേരെച്ചങ്ങൾ *എ*കാരത്തിൽ അവസാനിക്കുന്ന രീതിയാണ് കാണുന്നത്.

**5.3.8.2.2. വിനയെച്ചം**

ഇതിൽ മുൻ, പിൻ, പാക്ഷികം എന്നിങ്ങനെ മൂന്ന് രൂപങ്ങൾ കാണുന്നുണ്ട്.

**5.3.8.2.2.1. മുൻവിയെച്ചം**

ഉദാ:- ഫൊറുത്തുനടന്നോവർ (1:162)

ചുറ്റിനടന്നു (1:165)

**5.3.8.2.2.2. പിൻവിനയെച്ചം**

ഉദാ:- ഫറവാൻമടിച്ചാരെ (1:137)

ചദിഫ്ഫാനായിചെന്നു (1:163)

**5.3.8.2.2.3. പാക്ഷികവിനയെച്ചം**

ഉദാ:- ഓദുകിൽ........ യെത്തുമേ (1:301)

**5.3.9. നിഷേധക്രിയകൾ**

അൽ,ഇൽ എന്നീ ധാതുക്കളോട് *അ, ഇ* എന്നിവ ചേർത്തിരിക്കുന്നു.

ഉദാ:- അല്ലെന്ന് (1:45)

ചെയ്ദില്ല (1:65)

പ്രകൃതിയോട് *ആ* പ്രത്യയംചേർത്തും നിഷേധരൂപം കുറിക്കുന്നുണ്ട്.

ഉദാ:- കാട്ടാ (1:250)

ചൊല്ലാ (1:272)

*അരുദ്, കൂടാ, അണ്ടേ*എന്നീ പ്രത്യയങ്ങളും നിഷേധാർത്ഥം കാണിക്കാനായി പ്രയോഗിച്ചുകാണുന്നുണ്ട്.

ഉദാ:- അറിയരുദ് (1:62)

കൂടാദെ (1:161)

ബാകൂടാ (1:106)

ഫറയണ്ട (1:61)

ഫേടിക്കണ്ട (1:97)

### 5.3.10. കാലം

അറബിമലയാളത്തിലെ കാലപ്രത്യയങ്ങൾ താഴെകൊടുക്കുന്നു.

പട്ടിക -37

| കാലം | പ്രത്യയം | ഉദാഹരണം |
|---|---|---|
| ഭൂതം | ഇ, ഉ | ഓദി (1:134)<br>കൊന്നു (1:218) |
| വർത്തമാനം | ഉന്നു | ചൊല്ലുന്നു (1:23) |
| ഭാവി | ഉം, മേ | അയിക്കും (1:222)<br>യെത്തുമേ (1:300) |

### 5.3.11. പ്രകാരം

അറബിമലയാളത്തിൽ നാലുപ്രകാരങ്ങളാണുള്ളത്. പ്രകാരസംജ്ഞകളും പ്രത്യയങ്ങളും താഴെകൊടുക്കുന്നു.

പട്ടിക-38

| നമ്പർ | പ്രകാരം | അ-മ പ്രത്യയം | ഉദാഹരണം |
|---|---|---|---|
| 1 | നിർദ്ദേശകം | പ്രത്യയമില്ല | ചൊല്ലി (6:1) |
| 2 | നിയോജകം | വിൻ, ഈനെ, ഈരെ, ഈർ, ഏനേ | തേടുവിൻ (1:230)<br>കേൾഫീനെ (1:32)<br>കേൾവീരെ (1:274)<br>വൻദീടുവീർ (2:8)<br>കേഫേഫനേ (1:32) |
| 3 | വിധായകം | അണം | തരണം (7:5) |
| 4 | അനുജ്ഞായകം | ആം | കാണാം (1:182) |

### 5.3.12. അനുപ്രയോഗം

ധാതുക്കളെ സഹായിക്കാനായി അതിനുതൊട്ടുതന്നെ മറ്റൊരു ധാതുപ്രയോഗിക്കുന്നതാണ് അനുപ്രയോഗം.

ഉദാ:- ഫറഞ്ഞിട്ടുന്റ് (9:8)

ബെച്ചിട്ടുൻട് (9:4)

കൊണ്ടുപോയിവിട്ടു (1:246)

ചാച്ചിക്കൊടുത്തു (1:42)

5.3.13. ഖിലധാതുക്കൾ

ധാരാളം ഖിലധാതുരൂപങ്ങൾ കൃതികളിൽ കാണാൻകഴിഞ്ഞിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

ഉദാ:- മേൽ (1:77)

ബേണ്ടി (1:237)

ഫോൽ (1:99)

യെന്ന് (1:88)

അഫ്ഫോളെ (1:113)

ആരേ (1:229)

ബണ്ണും (1:279)

ദേ (1:185)

5.3.14. പുരുഷഭേദംചേർന്നരൂപങ്ങൾ

ലിംഗവചനപ്രത്യയങ്ങൾ ചേർന്ന ക്രിയാരൂപങ്ങൾ പ്രയോഗിച്ചുകാണുന്നു.

ഉദാ:- ചോദിക്കുന്നൻ (7:2)

ചൊല്ലിയാർ (6:1)

ഫറഞ്ഞാൾ (7:1)

തുടർത്താൻ (3:2)

അമൈത്താൻ (3:3)

വൻദീടുവീർ (2:8)

5.3.15. സമാസം

അറബിമലയാളത്തിലെ സമാസങ്ങളും ഉദാഹരണങ്ങളും താഴെ കൊടുക്കുന്നു.

പട്ടിക – 39

| നമ്പർ | സമാസം | അ.മ.ഉദാഹരണം |
|---|---|---|
| 1 | തത്പുരുഷൻ | ഖൽബകം (1:211) |
| 2 | ബഹുവ്രീഹി | മുല്ലഫുബീവി (4:1) |
| 3 | ദ്വന്ദ്വൻ | മല്ലികമുല്ല (4:8) |

5.3.16. സന്ധി

അറബിമലയാളകൃതികളിൽ കാണാൻകഴിഞ്ഞ സന്ധിപ്രക്രിയകൾ താഴെ ചേർക്കുന്നു

5.3.16.1. ലോപസന്ധി

അദ്+ആകുന്നത് - ആദാകുന്നത് (6:6)

യെൻദ്+ആവുയെന്ന് - യെൻദാവുയെന്ന് (6:4)

യെന്ന്+അദിൽ - യെന്നദിൽ (7:1)

ബെച്ചിട്ട്+ഉൻട് - ബെച്ചിട്ടുൻട് (9:4)

മറ്റൊരു സ്വരം പരമായി വന്നാൽ സംവൃതോകാരം ലോപിക്കുന്നു.

5.3.16.2. ആഗമസന്ധി

| | | |
|---|---|---|
| ചൊല്ലി+ ആർ | – | ചൊല്ലിയാർ (6:1) |
| ഫള്ളി+ഇൽ | – | ഫള്ളിയിൽ (9:4) |
| വെല+ഉള്ളെ | – | വെലയുള്ളെ (7:3) |

താലവ്യസ്വരമായ **ഇ**കാരത്തിന് പകരമായി മറ്റൊരു സ്വരം വന്നപ്പോൾ യകാരം ആഗമിച്ചു

5.3.16.3. ദിത്വസന്ധി

| | | |
|---|---|---|
| ഇ+ഫള്ളി | – | ഇഫ്ഫള്ളി (9:3) |
| അ+നബി | – | അന്നബി (2:1) |
| യി(ഇ)+കവി | – | യിക്കവി (3:2) |

ചുട്ടെഴുത്തിന് ശേഷംവരുന്ന വ്യഞ്ജനം ഇരട്ടിക്കുന്നു.

5.3.16.4. ആദേശസന്ധി

| | | |
|---|---|---|
| നാം+കൾ – നാങ്കൾ | – | നാങ്ങൾ (6:3) |
| നീ+കൾ – നീങ്കൾ | – | നിങ്ങൾ (7:5) |

ഇവിടെ *അനുനാസികാദേശ*മാണ് സംഭവിക്കുന്നത്. അനുനാസികത്തോട് ചേർന്നുവരുന്ന ഖരം അനുനാസികമായിത്തീരുന്നു.

| | | |
|---|---|---|
| ബിശയം+ആയിരിക്കും | – | ബിശയമായിരിക്കും |
| ഇസ്ലാം+ആയ | – | ഇസ്ലാമായ |

ഇവിടെ അനുസ്വാരത്തിന് *മ*കാരം ആദേശമായി വന്നിരിക്കുന്നു.

### 5.4. നിഘണ്ടുപരം

വിശകലനവിധേയമാക്കിയ കൃതികളിലെ നിഘണ്ടുപരമായ വിശകലനമാണ് താഴെ ചേർക്കുന്നത്. പത്തു പാഠങ്ങളിലായി എഴുപത്തിഅഞ്ച് ശതമാനം മലയാളപദങ്ങളും ഇരുപത്തിഅഞ്ചു ശതമാനം അറബിപദങ്ങളുമാണ് കാണുന്നത്. തമിഴ്പദങ്ങൾ വളരെകുറച്ചുമാത്രമേ പ്രയോഗിച്ചിട്ടുള്ളൂ.

വേർതിരിച്ചെടുത്തപദങ്ങളെ പ്രാചീനം, രൂപഭേദത്തോടുകൂടിയവ, പ്രയോഗത്തിലുള്ളവ എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. കൂടാതെ അറബിപദങ്ങളും വേർതിരിച്ചെടുത്തിട്ടുണ്ട്. ഇവയിൽനിന്നും അല്പംചില ഉദാഹരണങ്ങൾമാത്രമാണ് താഴെ കൊടുക്കുന്നത്. ബാക്കിയുള്ളവ അനുബന്ധത്തിൽചേർക്കുന്നുണ്ട്.

കുറച്ച് തമിഴ്പദങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവമുഴുവൻ താഴെ ചേർക്കുന്നുണ്ട്. എല്ലാപദങ്ങളുടേയും മലയാളത്തർത്ഥവും കൊടുത്തിരിക്കുന്നു.

#### 5.4.1. പ്രാചീനപദങ്ങൾ

| പദം | മലയാള അർത്ഥം |
|---|---|
| കിള (1:4) | വംശം |
| ഫൊളുദ് (1:121) | പ്രകാശം |
| ബേദാമ്പർ (1:2) | പ്രവാചകൻ |
| മിഞ്ചം (1:118) | അല്പം |
| യേകൽ (1:3) | വിധി |

#### 5.4.2. രൂപഭേദംവന്നപദങ്ങൾ

| പദം | മലയാള അർത്ഥം |
|---|---|
| അനുമാദം (1:70) | അനുവാദം |
| ചുമട് (1:74) | ചുവട് |

| | |
|---|---|
| തുദി (1:1) | സ്തുതി |
| ബശണം (1:125) | ഭാഷണം |
| ശേശം (1:127) | ശേഷം |

5.4.3. പ്രയോഗത്തിലുള്ള പദങ്ങൾ

| പദം | മലയാളഅർത്ഥം |
|---|---|
| കടൽ (1:13) | കടൽ |
| കേളി (1:6) | പ്രശസ്തി |
| തുടങ്ങുവാൻ (1:2) | തുടങ്ങുവാൻ |
| നീളം (1:16) | നീളം |
| ലോകർ (1:32) | ജനങ്ങൾ |

5.4.4. തമിഴ്പദങ്ങൾ

| പദം | മലയാളഅർത്ഥം |
|---|---|
| യേള് (1:10) | ഏഴ് |
| കീൾ (1:91) | താഴെ |
| മൊളി (1:139) | വാക്ക് |
| കോളി (1:295) | കോഴി |
| ഉദവി (1:300) | സഹായം |

5.4.5. അറബിപദങ്ങൾ

| പദം | മലയാളഅർത്ഥം |
| --- | --- |
| അള്ളാ (1:1) | ദൈവം |
| സ്വലവാത് (1:1) | രക്ഷാപ്രാർത്ഥന |
| സുൽത്താനുൽ ഔലിയ (1:7) | ദിവ്യപുരുഷരിൽശ്രേഷ്ഠൻ |
| മുരീദ് (1:9) | അനുയായി |

5.5. മലയാളവുമായുള്ള സാമ്യവ്യത്യാസങ്ങൾ

അറബിമലയാളകൃതികൾ വിശകലനവിധേയമാക്കിയപ്പോൾ ചില സവിശേഷതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവയെ മാനകമലയാളത്തിന്റെ വ്യാകരണം, പദാവലി എന്നിവയുമായി താരതമ്യത്തിന് വിധേയമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. താരതമ്യത്തിന്റെ മാനദണ്ഡം *കേരളപാണിനീയമാണ്* (രാജരാജവർമ്മ, 1896/1996).

5.5.1. വ്യാകരണതാരതമ്യം

വിശകലനത്തിലൂടെ കണ്ടെത്തിയ അറബിമലയാളവ്യാകരണസവിശേഷതകൾ മലയാളത്തിന്റെ വ്യകരണവുമായി താരതമ്യംചെയ്യുകയാണിവിടെ.

5.5.1.1. നാമം

അറബിമലയാളത്തിൽ അറബിനാമപദങ്ങൾ കാണുന്നു എന്നതാണ് ഒരു സവിശേഷത. ഇസ്ലാംമതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നത്കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇത്തരം അറബിനാമങ്ങൾ മലയാളത്തിന് അന്യമല്ല. കേരളത്തിലെ മുസ്ലിങ്ങളുടെ പേരുകളിൽ ഏറിയകൂറും അറബിജന്യമാണ്. അവ കേൾക്കുന്ന കേരളീയർക്ക് അതൊരു അന്യഭാഷാപദമായി തോന്നുന്നില്ല.

അതുകൊണ്ടുതന്നെ നാമവിഭാഗത്തിൽ അറബിമലയാളം മലയാളത്തിൻനിന്നും ഒരു തരത്തിലും വ്യത്യാസപ്പെടുന്നില്ല.

5.5.1.1.1. സർവ്വനാമം

ഉത്തമപുരുഷസർവ്വനാമമായ *നാൻ (7:4), നാങ്ങൾ (6:3), ഞാങ്ങൾ (1:297)* എന്നിവയിൽ പ്രഥമദൃഷ്ട്യാ ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. ഇവ യഥാക്രമം *ഞാൻ, ഞങ്ങൾ* എന്നീരുപങ്ങളാണ്. അനുനാസികാതിപ്രസരവും താലവ്യാദേശവും വരാത്ത രൂപങ്ങളാണ് പ്രയോഗിച്ചിരിക്കുന്നത് എന്നുമാത്രം (രാജരാജവർമ്മ, 1896/1996:18).

*നമയ്(4:2)* എന്ന ഉത്തമപുരുഷസർവ്വനാമം നമ്മൾ എന്നതിന് പകരമായി പ്രയോഗിച്ചുകാണുന്നു എന്നതാണ് ഏകവ്യത്യാസം. ഒറ്റസ്ഥലത്ത്മാത്രമേ ഇത് കാണുന്നുള്ളു.

5.5.1.1.2. മറ്റുസർവ്വനാമരൂപങ്ങൾ

ചോദ്യവാചിസർവ്വനാമമായ *യേദ്(1:97), യെന്ത്(6:4), യെത്തിര(1:208),* സർവ്വവാചിസർവ്വനാമമായ *യെല്ലാർ(1:117), യെല്ലാരും(1:41), യെല്ലാ(8:1),* അംശവാചിസർവ്വനാമമായ *യേറിയ(1:175)* നിർദ്ദിഷ്ടവാചിസർവ്വനാമമായ *യിദ്(1:269)* എന്നിവയുടെ പദാദിയിൽ യകാരം ആഗമിച്ചതിനാൽ വ്യത്യാസംതോന്നാം. *എ, ഇ* മുതലായ താലവ്യസ്വരങ്ങൾ ഉച്ചരിക്കുമ്പോൾ യകാരച്ഛായയുണ്ട്. ഈ ഉച്ചാരണ സവിശേഷത എഴുത്തിലേക്ക്കൂടിവ്യാപിച്ചതാണിത്. ഇത്കൊണ്ട് അർത്ഥവ്യത്യാസമൊന്നും ഉണ്ടാകുന്നുമില്ല.

5.5.1.2. വചനം

മലയാളത്തെപ്പോലെത്തന്നെ *ഏകവചനം, ബഹുവചനം* എന്നിങ്ങനെ രണ്ട് വചനവ്യവസ്ഥകൾ തന്നെയാണ് അറബിമലയാളത്തിലുമുള്ളത്. വചനപ്രത്യയത്തിൽ വ്യത്യാസംതോന്നാവുന്ന ചിലപ്രയോഗങ്ങളുണ്ട്. പുല്ലിംഗരൂപത്തിവലുള്ള അറബിനാ

മങ്ങളോട് *കൾ* എന്ന ബഹുവചനപ്രത്യയം ചേർത്ത്കാണുന്നു. *നബികൾ(8:5), ഉലു മാക്കൾ (9:7), സ്വഹാബാക്കൾ(2:4)* എന്നീ ഉദാഹരണങ്ങളിലെ *കൾ* പ്രത്യയം മലയാള ത്തിൽ സ്ത്രീലിംഗബഹുവചനത്തിലോ (ഉദാ: സ്ത്രീകൾ) അലിംഗബഹുവചന ത്തിലോ (ഉദാ: കുട്ടികൾ) പൂജകവചനത്തിലോ(ഉദാ:സ്വാമികൾ) ആണ് പ്രയോഗിക്കു ന്നത് (രാജരാജവർമ്മ, 1896/1996:130,131).

എന്നാൽ നബികൾ, ഉലുമാക്കൾ, സ്വഹബാക്കൾ എന്നിവ യഥാക്രമം നബി മാർ, ഉലുമാക്കൻമാർ, സ്വഹബാക്കൻമാർ എന്നിങ്ങനേയും പ്രയോഗിക്കാറുണ്ട്. മാത്ര മല്ല നബി (പ്രവാചകൻ), സ്വഹബാക്കൾ (പ്രാവാചകാനുചരൻമാർ), ഉലുമാക്കൾ (പ ണ്ഡിതൻമാർ) എന്നിവർ പൂജനീയരായതിനാലാവണം *കൾ*എന്നുചേർത്തിരിക്കു ന്നത്.

പൂജകവചനത്തിനും ഉത്തമപുരുഷബഹുവചനത്തിനും *ഓവർ* എന്ന് പ്രയോ ഗിച്ചുകാണുന്നുണ്ട്. *ഓവർ* യഥാർത്ഥത്തിൽ *അവർ*തന്നെയാണ്. *അവർ* എന്നത് *ഓവർ > ഓർ* എന്നിങ്ങനെ ഉച്ചരിക്കാറുണ്ട് (രാജരാജവർമ്മ, 1896/1996:249). ഈ ശീലം അതേപടി വരമൊഴിയിലേക്ക് പകർന്നതാണ്. പൂജകവചനമായും ഉത്തമപുരു ഷസർവ്വനാമമായും *ഓർ* വടക്കേമലബാറിൽ ഇപ്പോഴും പ്രയോഗത്തിലുണ്ട്.

5.5.1.3. വിഭക്തി

നിർദ്ദേശികയുടെ കാര്യത്തിൽ മലയാളവും അറബിമലയാളവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. പ്രതിഗ്രാഹികയ്ക്ക് *എ* മാത്രമാണ് മലയാളത്തിലുള്ള പ്രത്യയം. എന്നാൽ അറബിമലയാളത്തിൽ ഇതിനുപുറമെ *ഇന(മഖാമിന 1:109), വിനെ(ബസ്തുവിനെ 1:23), ഊനെ (ബസ്തൂനെ 1:237), ന(മുലന 1:168), യെ (ബൊ ലിയെ 1:241)* എന്നിങ്ങനെ ചില പ്രത്യയങ്ങളും കാണുന്നുണ്ട്.

*മഖാമിന* എന്നിടത്ത് *എ* തന്നെയാണ് പ്രതിഗ്രാഹികപ്രത്യയം. *മഖാം + ഇൻ + എ > മഖാമിനെ* എന്നതാണ് രൂപം. *ഇൻ* എന്ന ഇടനിലയെക്കുറിച്ച് എ.ആർ രാജരാജവർമ്മ (1896/1996:148) സൂചിപ്പിക്കുന്നുണ്ട്. *മഖാമിനെ* എന്നതിലെ പദാന്ത്യത്തിലുള്ള *എ*കാരം വാമൊഴിയിൽ *അ*കാരമായി മാറുന്നു. മലബാറിൽ ഇപ്പോഴും *അവന അടിച്ചു (അവനെ അടിച്ചു)* എന്ന പ്രയോഗമുണ്ട്. വാമൊഴി സ്വാധീനമാണ് ഇവിടെ കാണുന്നത്.

*ബസ്തുവിനെ* എന്നതിലും *എ*കാരമാണ് പ്രതിഗ്രാഹികപ്രത്യയം. *ബസ്തു + ഇൻ + എ > ബസ്തുവിനെ.* ഇതിൽ *ബസ്തു* എന്ന പൂർവ്വപദാന്ത്യത്തിലെ ഓഷ്ഠ്യസ്വരമായ *ഉ*കാരം *ഇ* എന്ന സ്വരവുമായി ചേരുമ്പോൾ *വ*കാരം ആഗമിക്കുന്നു. ഇവിടെ പ്രതിഗ്രാഹികപ്രത്യയം *വിനെ* എന്നല്ല *എ* എന്നുതന്നെയാണ്.

*ബസ്തുനെ* എന്നതിലും *എ*കാരമാണ് പ്രതിഗ്രാഹികപ്രത്യയം. *ബസ്തുവിനെ* എന്നത് ഉച്ചാരണസൗകര്യാർത്ഥം *ബസ്തുനെ* എന്ന് ഉച്ചരിക്കുന്നതാണ്. *കിട്ടുനെ (കിട്ടുവിനെ), ചാത്തുനെ (ചാത്തുവിനെ)* എന്നെല്ലാം വാമൊഴിലുണ്ട്. ഇത് അതേപടി വരമൊഴിയിലേക്ക് ആക്കിയതാണ്.

*മുല + എ > മുലയെ* എന്നാണ് വേണ്ടത്. എന്നാൽ മലബാറിൽ *അമ്മന (അമ്മയെ), കുട്ടിന (കുട്ടിയെ)* എന്നിങ്ങനെ വാമൊഴിപ്രയോഗങ്ങളുണ്ട്. ഈ സ്വാധീനം വരമൊഴിയേക്ക് പകർന്നതാണ്.

*വൊലിയെ* എന്നതിൽ *യെ* അല്ല *എ* തന്നെയാണ് പ്രതിഗ്രാഹികപ്രത്യയം. *വൊലി + എ > വൊലിയെ* എന്നാണ് രൂപം അഥവാ പൂർവ്വപദാന്ത്യത്തിലെ താലവ്യമായ ഇകാരത്തിന് സ്വരം പരമായപ്പോൾ യകാരം ആഗമിച്ചതാണ്.

സംയോജികയ്ക്ക് *ഓട്* എന്നതിനുപുറമെ അറബിമലയാളത്തിൽ *ആട് (അള്ളാട് 1:103), ക്ക് (യിഫ്ഫള്ളിക്ക് 9:3), എ (വൊരുത്തരെ 1:61)* എന്നീ പ്രത്യയങ്ങൾകാ

ണുന്നു. ഇതിൽ *അള്ളാട്* എന്നതിലെ *ആട് ഓട്* തന്നെയാണ്. *അമ്മാട് (അമ്മയോട്), ഉമ്മാട് (ഉമ്മയോട്)* എന്നിങ്ങനെയുള്ള മലബാർവാമൊഴി അതേപടി എഴുതിയതാണ്. ശേഷമുള്ള രണ്ടും (ക്ക്, എ) കാവ്യസാഹചര്യത്തിൽ മനോധർമ്മംപോലെ പ്രയോഗിച്ചതാണ്. കാവ്യങ്ങളിൽ വിഭക്തിപ്രത്യയങ്ങൾ യാതൊരുവ്യവസ്ഥയും കൂടാതെ പ്രയോഗിക്കാമെന്ന് ചൊല്ലതികാരത്തിലേയും തൊൽകാപ്യത്തിലേയും വരികൾ ഉദ്ധരിച്ചുകൊണ്ട് ഇളംകുളം കുഞ്ഞൻപിള്ള (1953/1976:178) അഭിപ്രായപ്പെടുന്നുണ്ട്.

ഉദ്ദേശികയുടെ *ക്ക്, ന്* എന്നീ പ്രത്യയങ്ങളിൽ *ന്* എന്ന പ്രത്യയം അറബിമലയാളത്തിൽ കാണുന്നില്ല പകരം *ഇനി (ഫടഫ്ഫിനി 1:61), യിക്ക് (അവരിക്ക്)* എന്നിവയാണുള്ളത്. *ഫടഫ്ഫിനി* എന്നതിലെ *ഇനി ന്* തന്നെയാണ്. ഫടഫ്ഫ് + ന് > ഫടഫ്ഫിന് എന്നതിന്റെ അന്ത്യത്തിൽ സംവൃതോകാരകത്തിന് പകരം ഇകാരം ചേർത്തതാണ്. ഇത്തരം പ്രയോഗങ്ങൾ മുഹ്‌യിദ്ദീൻമാലയിൽ വേറേയുമുണ്ട്. *നാവിന് (നാവിനി 1:142), കള്ളന് (കള്ളനി 1:206), മുരീദിന് (മുരീദിനി 1:92)* എന്നിവ ഉദാഹരണങ്ങളാണ്. വാമൊഴിസ്വാധീനമാണ് ഇവിടെയും കാണുന്നത്.

*അവരിക്ക്* എന്നതിലെ *ഇക്ക്* എന്ന പ്രത്യയം *ക്ക്* തന്നെയാണ്. *അവർക്ക്* എന്നതിൽ *ഇ* എന്ന് ഇടനിലചേർത്ത് ഉച്ചരിക്കുന്ന രീതി മാപ്പിളവാമൊഴിലുണ്ട്. *അവൻ + ക്ക്> അവനിക്ക്, അവൾ + ക്ക് > അവളിക്ക്* എന്നീ പ്രയോഗങ്ങൾ ഇപ്പോഴും പ്രചാരത്തിലുണ്ട്.

സംയോജികാപ്രത്യയത്തിൽ യാതൊരുമാറ്റവും അറബിമലയാളവും മലയാളവും തമ്മിലില്ല.

സംബന്ധികാപ്രത്യങ്ങളായി *ന്റെ, ഉടെ* എന്നിവയാണ് മലയാളത്തിലുള്ളത്. എന്നാൽ അറബിമലയാളത്തിൽ *അ (യെല്ലാര 1:291), എ (അവരെ 1:296)* എന്നിങ്ങനെ രണ്ടെണ്ണം അധികം കാണുന്നുണ്ട്. ഇവരണ്ടും വാമൊഴിസ്വാധീനഫലമായി വന്നതാ

ണ്. *നായരകട (നായരുടെ കട), വൈദ്യരെകുട (വൈദ്യരുടെ കുട)* എന്നിങ്ങനെ മല ബാർവാമൊഴിയിൽ പ്രയോഗിക്കാറുണ്ട്.

**ഇൽ, കൽ** എന്നിവയാണ് മലയാളത്തിലെ ആധാരികാപ്രത്യയങ്ങൾ. എന്നാൽ അറബിമലയാളത്തിൽ *ആയിൽ (തൗബായിൽ 1:61), ഇയിൽ (അദിയിൽ 1:45), ഇങ്കൽ (കിതാബുകളിങ്കൽ 9:8), ഉൻകൽ (ഖബറുങ്കൽ 1:218)* എന്നിങ്ങനെ ചില പ്രത്യയങ്ങൾ കാണുന്നുണ്ട്.

*തൗബായിൽ* എന്നതിലെ *ആയിൽ, ഇൽ* തന്നെയാണ്. *തൗബ* എന്ന അറ ബിപദം *തൗബാ* എന്ന് പദാന്ത്യത്തിലെ *അകാരം* ദീർഘിപ്പിച്ചാണ് ഉച്ചരിക്കുക. *തൗബാ + ഇൽ > തൗബായിൽ* എന്നതാണ് രൂപം പൂർവ്വപദാന്തമായ *അകാരവും* ഉത്തരപദാദ്യത്തിലെ *ഇകാരവും* ചേരുമ്പോൾ താലവ്യമായ *യകാരം* ആഗമിച്ചതാണ്.

*ഇയിൽ(അദിയിൽ)* എന്നത് *ഇൽ* തന്നെയാണ്. അദ് + ഇൽ > അദിൽ > അദി യിൽ എന്നതാണ് രൂപം. ഇത് മാപ്പിളവാമൊഴിസ്വാധീനമാണ്. അതിശുദ്ധീകരണ ത്തിന്റെ ഫലമായാണ് ഇത് സംഭവിക്കുന്നത്.

*ഇങ്കൽ(കിതാബുകളിങ്കൽ)* എന്നൊരു ആധാരികപ്രത്യയമില്ല. *കൽ* എന്ന പ്രത്യയം *ഇൻ* എന്ന ഇടനിലചേർത്ത് എഴുതുന്നതാണിത്. ചേതനങ്ങൾക്കാണ് *ഇൻ* എന്ന് ഇടനിലചേർക്കാറുള്ളത് എന്നാണ് കേരളപാണിനി (1896/1996:149) അഭിപ്രായ പ്പെടുന്നത്. എന്നാൽ ഇവിടെ കിതാബുകൾ എന്ന അചേതനത്തോടും ഇടനില ചേർത്തിരിക്കുന്നു *(കിതാബുകൾ + ഇൻ + കൽ > കിതാബുകളിങ്കൽ)* ഇങ്ങനെയ ല്ലാതെ *കിതാബുകളിൽ* എന്നും പ്രയോഗിക്കാറുണ്ട്.

*ഖബറുങ്കൽ* എന്നതിലെ *ഉങ്കൽ* മറ്റൊരു ആധാരികാപ്രത്യയമല്ല. *ഉൻ* എന്ന് ഇടനിലചേർത്ത് എഴുതിയതാണ്. *ഖബർ + ഉൻ + കൽ > ഖബറുങ്കൽ* എന്നതാണ് രൂപം. ഇതുതന്നെ *ഖബറിങ്കൽ* എന്ന് *ഇൻ* ഇടനിലചേർത്ത് ഉപയോഗിക്കാറുണ്ട്.

മിശ്രവിഭക്തിയുടെ കാര്യത്തിൽ മലയാളത്തിന്റെ രീതിതന്നെയാണ് അറബിമലയാളവും പിൻതുടരുന്നത്. *യിടയീന്ന് (1:201)* എന്നത് *ഇടയിൽനിന്ന്* എന്നതിന്റെ വാമൊഴിപ്രയോഗമാണ് അല്ലാതെ മറ്റൊരുപ്രത്യയമല്ല.

#### 5.5.1.4. നിഷേധക്രിയകൾ

*അരുത്, കൂടാ* എന്നിവയ്ക്ക് പുറമെ *അണ്ട* എന്നൊരു നിഷേധരൂപവും കാണുന്നുണ്ട്. എന്നാൽ ഇത് *അണ്ട* അല്ല *വേണ്ട* എന്നുതന്നെയാണ്. *ഫറയവേണ്ട* എന്നത് *പറയണ്ട* എന്ന് പ്രയോഗിക്കാറുണ്ട്.

#### 5.5.1.5. പ്രകാരം

നിയോജകപ്രകാരത്തിന്റെ ചിലപ്രത്യയങ്ങളൊഴിച്ച് ബാക്കിയെല്ലാംതന്നെ മലയാളത്തിനുതുല്യമാണ്. എന്നാൽ നിയോജകപ്രകാരത്തിന് *ഈനെ, ഈരെ, ഈർ, ഏനെ* എന്നിങ്ങനെയെല്ലാം പ്രത്യയരൂപങ്ങൾ കാണുന്നുണ്ട്. അവയെല്ലാംതന്നെ വാമൊഴി സ്വാധീനഫലമാണ്. അവയെ സാമാന്യവൽക്കരിക്കേണ്ടകാര്യമില്ല.

#### 5.5.1.6. അപൂർണ്ണക്രിയ

അപൂർണ്ണക്രിയയുടെ പേരെച്ചരൂപങ്ങൾ എകാരത്തിൽ അവസാനിക്കുന്ന രീതിയാണ് അറബിമലയാളത്തിൽ കാണുന്നത്. *ചത്തെ (1:277), മൊളിയുന്നെ (1:139)* ഇത്തരം രൂപങ്ങൾ വരുന്നത് വാമൊഴി സ്വാധീനഫലമായാണ്. *കണ്ടെപെണ്ണ്, പോയെ സ്ഥലം* എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മലബാറിൽ ഇപ്പോഴും നിലവിലുണ്ട്.

ലിംഗം, ഭേദകം, ദ്യോതകം, ഗതി, ഘടകം, പൂർണ്ണക്രിയ, കാലം, അനുപ്രയോഗം എന്നിവയിൽ മലയാളത്തിൽനിന്ന് യാതൊരുവ്യത്യാസവും അറബിമലയാളം പ്രകടിപ്പിക്കുന്നില്ല.

5.5.1.7. സന്ധി

മലയാളത്തിൽ നിന്നും വ്യത്യസ്തമായ സന്ധി പ്രക്രിയകളൊന്നുംതന്നെ അറബിമലയാളത്തിൽ സംഭവിക്കുന്നില്ല. മലയാളത്തിലെ സന്ധിസ്വഭാവങ്ങൾ അതേപടി പാലിക്കുകയാണ് ചെയ്യുന്നത്.

5.5.1.7.1. ലോപസന്ധി

| | | |
|---|---|---|
| അദ്+ആകുന്നത് | – | ആദാകുന്നത് (6:6) |
| യെൻദ്+ആവുയെന്ന് | – | യെൻദാവുയെന്ന് (6:4) |
| യെന്ന്+അദിൽ | – | യെന്നദിൽ (7:1) |
| നിന്ന്+ആണ് | – | നിന്നാണ് (9:5) |
| ബെച്ചിട്ട്+ഇൻട് | – | ബെച്ചിട്ടുൻട് (9:4) |
| ഫറഞ്ഞിട്ട്+ഉൻട് | – | ഫറഞ്ഞിട്ടുണ്ട് (9:8) |
| ബേദിയർക്ക്+അവൻ | – | ബേദിയർക്കവൻ (3:6) |

മറ്റൊരു സ്വരം പരമായി വന്നാൽ സംവൃതോകാരം ലോപിക്കും എന്ന നിയമം തന്നെയാണ് ഇവിടെയും സംഭവിക്കുന്നത്.

സ്വരത്തിൻ മുൻപ് ലോപിക്കും

സംവൃതം വ്യർത്ഥമാകയാൽ

അതിനെ സ്വരമായിട്ടേ

വകവെയ്ക്കേണ്ട സന്ധിയിൽ

(രാജരാജവർമ്മ, 1896/1996:90)

5.5.1.7.2. **ആഗമസന്ധി**

| | | |
|---|---|---|
| ചൊല്ലി+ ആർ | – | ചൊല്ലിയാർ (6:1) |
| ഫള്ളി+ഇൽ | – | ഫള്ളിയിൽ (9:4) |
| വെല+ഉള്ളെ | – | വെലയുള്ളെ (7:3) |

താലവ്യസ്വരമായ ഇകാരത്തിന് പരമായി മറ്റൊരു സ്വരം വന്നപ്പോൾ 'യ' കാരം ആഗമിച്ചു

വർജ്ജിപ്പൂ സ്വരസംയോഗം

'യ' 'വ' ചേർത്തു യഥാവലേ

പൂർവ്വം താലവ്യമാണെങ്കിൽ

യകാരമതിലേയ്കണം (രാജരാജവർമ്മ, 1896/1996:92)

എന്ന കേരളപാണിനീയത്തിലെ നിയമം തന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്.

5.5.1.7.3. **ദിത്വസന്ധി**

| | | |
|---|---|---|
| ഇ+ഫള്ളി | – | ഇഫ്ഫള്ളി (9:3) |
| അ+നബി | – | അന്നബി (2:1) |
| യി+കവി | – | യിക്കവി (3:2) |

ചുട്ടെഴുത്തിന് ശേഷംവരുന്ന വ്യഞ്ജനം ഇരിട്ടിക്കാം

ചുട്ടെഴുത്തിന് പിൻവന്നാൽ

മെയ്യേതും ദ്വിത്വമാർന്നിടും

പരം ശിഥിലമാണെങ്കി

ലിതേ ദീർഘിക്കിലും മതി

(രാജരാജവർമ്മ 1896/1996:101)

5.5.1.7.4. ആദേശസന്ധി

നാം+കൾ - നാങ്കൾ - നാങ്ങൾ (6:3)

നീ+കൾ - നീങ്കൾ - നിങ്ങൾ (7:5)

ഇവിടെ അനുനാസികാദേശമാണ് സംഭവിക്കുന്നത് അഥവാ അനുനാസികത്തോട് ചേർന്നുവരുന്ന ഖരം അനുനാസികമായിത്തീരുക എന്ന മാറ്റമാണിത്

അനുനാസികമാദേശം

പിൻപ്രത്യയഖരത്തിന്

(കേരളപാണിനീയം. 1895/1969:136)

ബിശയം+ആയിരിക്കും - ബിശയമായിരിക്കും (8:2)

ഇസ്ലാം+ആയ - ഇസ്ലാമായ (8:1)

ഇവിടെ അനുസ്വാരത്തിന് മകാരം ആദേശമായി വന്നിരിക്കുന്നു.

മകാരം താനനുസ്വാരം

സ്വരം ചേർന്നാൽ തെളിഞ്ഞിടും

(രാജരാജവർമ്മ, 1896/1996 : 105)

മേൽസൂചിപ്പിച്ച സന്ധിപ്രക്രിയകളെല്ലാം മലയാളത്തിന്റേതിന് തുല്യമാണ് അറബിമലയാളത്തിന്റേതുമാത്രമായി ഒരു സന്ധി നിയമവുമില്ലെന്നു വ്യക്തം.

5.5.2. പദസഞ്ചയതാരതമ്യം

അറബി, തമിഴ് തുടങ്ങിയ ഇതരഭാഷകളിൽനിന്നുമുള്ള പദങ്ങൾ അറബിമലയാളത്തിലുണ്ട്. അവയെ തൽഭവമായോ തൽസമമായോ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഈ രീതി മലയാളത്തിലുമുണ്ട്. ഇത്കൂടാതെ പദങ്ങളിൽ ചില സ്വര-വ്യഞ്ജനവിനിമയം കാണാൻ കഴിഞ്ഞിട്ടുണ്ട്.

5.5.2.1. സ്വരപരിണാമം

കൃതികളിൽ കാണാൻകഴിഞ്ഞ പ്രധാനസ്വരപരിണാമങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക-40

| സ്വരവിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| അ>ഇ | - | സങ്കടം (സങ്കിടം 1:208) | - |
| അ>എ | - | - | ചത്ത (ചത്തെ 1:277) |
| ഇ>ഉ | പിള്ളേർ (ഫുള്ളർ 1:58) | - | - |
| ഇ>എ | വില (വെല 7:3) | - | |
| ഉ>എ | ഉറുമ്പ് (യെറുമ്പ് 1:187) | - | - |
| ഉ>ഒ | കുറവ് (കൊറവ് 1:27) | - | - |

5.5.2.2. വ്യഞ്ജനപരിണാമം

പ്രധാനപ്പെട്ട വ്യഞ്ജനപരിണാമങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

**പട്ടിക-41**

| വ്യഞ്ജന വിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| ക > വ | - | - | മുതുക് (മുതുവ് 1:9) |
| ഘ > ക | ഘോഷം (കോശം 2:2) | - | - |
| ച > ശ | - | - | ഒച്ച (ഓശ 2:3) |
| ഞ > ന | ഞങ്ങൾ (നാങ്ങൾ 6:4) | - | - |
| ണ > ന | - | ഉൺമ (ഉൻമ 4:8) | വണ്ണം (ബന്നം 1:22) |
| ത > ദ | - | മുതലായ (മുദലായ 1:189) | അരുത് (അരുദ് 1:179) |
| ഥ > ത | സ്ഥാനം (താനം 1:177) | - | - |
| ദ > ത | ദിശ (തിശ 1:5) | - | - |
| ധ > ദ | - | - | വിധി (ബിദി 10:4) |
| ന > മ | - | തിന്നാൻ (തിമ്മാൻ 1:255) | - |
| പ > വ | - | നിലപാട് (നിലവാട് 1:117) | കോപം (കോവം 1:52) |
| പ > ബ | - | - | ദീപം (ദീബം 5:7) |
| ഭ > പ | ഭാഗ്യം (ഫാ(പ)ക്കിയം1:24) | - | - |
| ഭ > വ | - | ആഭരണം (ആവരണം 6:6) | - |
| ഭ > ബ | ഭൂമി (ബൂമി 1:15) | - | - |
| ര > ല | രാവ് (ലാവ് 9:6) | - | - |
| വ > ക | - | - | ശവം (ചകം 1:227) |
| വ > ബ | വാനം (ബാനം 1:10) | - | - |
| വ > മ | വാങ്ങുവാൻ (മാങ്കുവാൻ 1:176) | ചുവട് (ചുമട് 1:74) | - |
| ശ > ച | ശവം (ചകം 1:227) | - | - |
| ശ > ഷ | - | മനുഷ്യൻ (മനുശ്യൻ 1:54) | - |
| ഷ > ശ | - | വിഷയം (ബിശയം 8:2) | ശേഷം (ശേശം 1:127) |

**പട്ടിക-41**

| വ്യഞ്ജന വിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| ക > വ | - | - | മുതുക്<br>(മുതുവ് 1:9) |
| ഘ > ക | ഘോഷം<br>(കോശം 2:2) | - | - |
| ച > ശ | - | - | ഒച്ച<br>(ഒശ 2:3) |
| ഞ > ന | ഞങ്ങൾ<br>(നാങ്ങൾ 6:4) | - | - |
| ണ > ന | - | ഉൺമ<br>(ഉൻമ 4:8) | വണ്ണം<br>(ബന്നം 1:22) |
| ത > ദ | - | മുതലായ<br>(മുദലായ 1:189) | അരുത്<br>(അരുദ് 1:179) |
| ഥ > ത | സ്ഥാനം<br>(താനം 1:177) | - | - |
| ദ > ത | ദിശ<br>(തിശ 1:5) | - | - |
| ധ > ദ | - | - | വിധി<br>(ബിദി 10:4) |
| ന > മ | - | തിന്നാൻ<br>(തിമ്മാൻ 1:255) | - |
| പ > വ | - | നിലപാട്<br>(നിലവാട് 1:117) | കോപം<br>(കോവം 1:52) |
| പ > ബ | - | - | ദീപം<br>(ദീബം 5:7) |
| ഭ > പ | ഭാഗ്യം<br>(ഫാ(പ)ക്കിയം1:24) | - | - |
| ഭ > വ | - | ആഭരണം<br>(ആവരണം 6:6) | - |
| ഭ > ബ | ഭൂമി<br>(ബുമി 1:15) | - | - |
| ര > ല | രാവ്<br>(ലാവ് 9:6) | - | - |
| വ > ക | - | - | ശവം<br>(ചകം 1:227) |
| വ > ബ | വാനം<br>(ബാനം 1:10) | - | - |
| വ > മ | വാങ്ങുവാൻ<br>(മാങ്കുവാൻ 1:176) | ചുവട്<br>(ചുമട് 1:74) | - |
| ശ > ച | ശവം<br>(ചകം 1:227) | - | - |
| ശ > ഷ | - | മനുഷ്യൻ<br>(മനുശ്യൻ 1:54) | - |
| ഷ > ശ | - | വിഷയം<br>(ബിശയം 8:2) | ശേഷം<br>(ശേശം 1:127) |

| വ്യഞ്ജന വിനിമയം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| ഷ > ള | - | - | വിശേഷം (ബിശേളം 1:31) |
| ഹ > ക | - | പഹയൻ (ഫകയൻ 6:7) | - |
| ഴ > യ | - | - | താഴെ (തായെ 7:7) |
| ഴ > ശ | - | - | താഴെ (താശെ 1:248) |
| ഴ > ള | - | തൊഴുതു (തൊളുദു 1:150) | - |

*പട്ടിക-41 തുടർച്ച*

പദാദ്യത്തിൽ വ്യഞ്ജനപരിണാമം കാണുന്നത് പൊതുവെ സംസ്കൃത ജന്യപദങ്ങളിലാണ്. പദമധ്യത്തിലോ പദാന്ത്യത്തിലോ വരുന്ന ഖരം, അതിഖരം, ഘോഷം തുടങ്ങിയവ മൃദുവായാണ് ഉച്ചരിക്കുന്നത്. പദാദിയിലെ 'വ > ബ' വിനിമയം വളരെ വ്യാപകമാണ്.

മേൽപട്ടികയിൽ സൂചിപ്പിച്ച മാറ്റങ്ങളൊന്നുംതന്നെ മലയാളത്തിനന്യമല്ല. ഉച്ചാരണ സൗകര്യത്തിലുള്ള വാമൊഴി സ്വാധീനം കാരണം സംഭവിച്ചിരിക്കുന്ന മാറ്റങ്ങളാണ് ഇവയെല്ലാതന്നെ.

ഇതുവരെ നടത്തിയ താരതമ്യത്തിൽനിന്നും മനസ്സിലാവുന്നത് അറബിമലയാളത്തിന് മാത്രമായി വ്യാകരണതലത്തിൽ സവിശേഷതകൾ ഒന്നുംതന്നെ ഇല്ല എന്നാണ്. മലയാളത്തിന്റെ വ്യാകരണവും ഭാഷാസ്വഭാവവും പൂർണ്ണമായും പാലിക്കുന്ന രീതിയാണ് അറബിമലയാളത്തിനുള്ളത്. വാമൊഴിയുടേയും നാടോടിവഴക്കത്തിന്റേയും സ്വാധീനം കൂടുതലാണെന്നുമാത്രം.

അറബിമലയാളകൃതികൾവായിച്ചുകേൾക്കുന്ന ഒരു സാധാരണമലയാളിക്ക് അർത്ഥഗ്രഹണം സാധ്യമാവുന്നുണ്ട്. പദപ്രയോഗവൈചിത്ര്യത്താലും പരകീയപദങ്ങളുടെ ആധിക്യത്താലും ചിലപ്പോൾ ക്ലിഷ്ടത അനുഭവപ്പെട്ടുവെന്നുവന്നേക്കാം.

അറബിയും മലയാളവും ചേരുന്ന മറ്റൊരു മണിപ്രവാളശൈലിതന്നെയാണ് അറബിമലയാളവും. മുഹ്‌യിദ്ദീൻമാലയുടെ രചനാകാരൻ ഇക്കാര്യം ഭംഗ്യന്തരേണ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

*മുത്തുംമാണിഖവും വൊന്നായ്കോത്തഫോൽ*

*മുഹ്‌യിദ്ദീൻമാലന കോത്തൻഞാൻ ലോകരെ (1607, 6)*

മണിപ്രവാളത്തിന്റെ ഭാഷാപ്രയോഗം തികച്ചും സാങ്കേതികവും നിർദ്ദിഷ്ട ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്നതുമാണ്. എന്നാൽ അറബിമലയാളത്തിൽ അറബിപദങ്ങളുടേയും മറ്റുപദങ്ങളുടേയും പ്രയോഗങ്ങൾക്ക് പ്രത്യേകിച്ച് നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ല.

മലയാളത്തിൽ രചന നിർവ്വഹിക്കുന്നു എന്ന പൂർണ്ണവിശ്വാസത്തിലാണ് അറബിമലയാള എഴുത്തുകാർ കൃതികൾ രചിക്കുന്നത്.

> യിദിന്റെ ഫേര് ബയിതുല്ലിയം യെന്നായിരിക്കും. മേൽഫറഞ്ഞ കിതാബുകളിൽ നിന്ന് യെല്ലാം കൂട്ടിയെടുത്ത് മലയാളത്തിൽ ഈ കിതാബിനെ യെല്ലാമലയാളക്കാർക്കും ഫടിക്കലും മനഫ്ഫാടമിടലും യെളുഫ്ഫമാവാൻ വേണ്ടിയും ................ (കോയക്കുട്ടിതങ്ങൾ, വർഷം വ്യക്തമല്ല :3)

> ഉലുമാക്കൻമാരും ഹുക്കമാക്കൻമാരും ഫലെ ഫലെ ബാശകളിലായി വളെര കിതാബുകളേയും യേടുകളേയും ഉണ്ടാക്കി നടത്തിയിരിക്കുന്നു. നമ്മുടെ മലയാളബാശയിൽ അദുകളെ വകയിൽ ഫ്റമാണ്ക്കത്തക്ക വണ്ണം മദിയായദ് യാരൊന്നും യിദുവരെ ഉണ്ടാക്കഫെട്ടദ് കാണായ്കയാൽ ഈ ഉഫകാരം എന്ന തർജ്ജമനെ യിദാ നമ്മളുണ്ടാക്കുന്നു (അഹമ്മദ് മുസ്ല്യാർ, വർഷം വ്യക്തമല്ല :2)

എന്നിങ്ങനെ രചന നടത്തുന്നത് മലയാളത്തിലും മലയാളികൾക്കും വേണ്ടി യാണ് എന്ന് വ്യക്തമായിതന്നെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അറബിമലയാളം മറ്റൊരു സവിശേഷഭാഷയോ ഭാഷാമിശ്രമോ അല്ല. മറിച്ച് മലയാളത്തിന്റെ ഒരു സാമൂഹിക ഭാഷാഭേദം മാത്രമാണ്. പരിഷ്ക്കരിച്ച അറബിലിപി യിൽ മാപ്പിളവാമൊഴി രേഖപ്പെടുത്തിയതാണിത്. പദസഞ്ചയത്തിലും സാഹിത്യശാഖ കളിലും രചനാസങ്കേതങ്ങളിലും തനതും വൈവിധ്യപൂർണ്ണവുമായ ചില സവിശേഷ തകൾ പുലർത്തിപ്പോരുന്നുവെന്നുമാത്രം.

മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും വിശാലഭൂമികയിൽ അറബിമല യാളത്തിന് അതിന്റേതായ സ്ഥാനമുണ്ട്. കൈരളിക്ക് മാപ്പിളമാരുടെ മഹത്തായ സാഹിത്യസംഭാവനയാണ് അറബിമലയാളവും അതിന്റെ സാഹിത്യവും.

# ഉപസംഹാരം

അറബിമലയാളത്തെക്കുറിച്ച് നടത്തിയ ഈ പഠനത്തിലൂടെ എത്തിച്ചേർന്ന പ്രധാനനിഗമനങ്ങളും നിരീക്ഷണങ്ങളും ചുവടെ ചേർക്കുന്നു.

1. കേരളവുമായി വിദേശികൾക്ക് പ്രാചീനകാലം മുതൽക്കുതന്നെ ബന്ധമുണ്ടായിരുന്നു.
2. വാണിജ്യാവശ്യാർത്ഥം കേരളത്തിൽവന്ന അറബികൾ ഇവിടുത്തെ സ്ത്രീകളുമായി വിവാഹബന്ധത്തിലേർപ്പെട്ടു.
3. ഇവിടത്തുകാരുമായി വിവാഹബന്ധത്തിലേർപ്പെട്ട അറബികളെ ഇന്നാട്ടുകാർ മാപ്പിള എന്ന് വിളിച്ചു. മാപ്പിള എന്ന വാക്കിന് ജാമാതാവ് (മരുമകൻ) എന്നാണ് അർത്ഥം.
4. ഇസ്ലാംമതാവിർഭാവത്തോടെ അറബികൾ കേരളത്തിൽ ഇസ്ലാംമതം പ്രചരിപ്പിച്ചു. തീരപ്രദേശങ്ങളിലെ മാപ്പിളമാർക്കിടയിലാണ് മതപ്രചരണം ആദ്യം നടന്നത്.
5. ഇസ്ലാംമതവിശ്വാസികളായ തദ്ദേശീയരെക്കൂടി മാപ്പിളമാർ എന്ന് വിളിക്കാൻ തുടങ്ങി. ക്രമേണ മാപ്പിള എന്നത് കേരളീയ മുസ്ലീംകളുടെ സമുദായനാമമായി മാറി.
6. ഇസ്ലാംമതവിശ്വാസത്തിന്റെ ഭാഗമായി അറബിലിപിപഠിക്കാൻ മാപ്പിളമാർക്ക് അവസരം ലഭിച്ചു. ഈ ലിപി ഉപയോഗിച്ച് അവർ മലയാളമെഴുതാൻ തുടങ്ങി. ഇതാണ് അറബിമലയാളം.

7. അറബിലിപി അടിസ്ഥാനമാക്കിയുള്ളതും അറബിയിലേയും മലയാളത്തിലേയും ശബ്ദങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതുമായ ലിപിമാല അറബിമലയാളത്തിനുണ്ട്.

8. അറബിമലയാളത്തിൽ വിവിധസാഹിത്യശാഖകളിലായി ധാരാളം ഗദ്യ -പദ്യകൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം ഇസ്ലാമികമായ ഇതിവൃത്തവും പശ്ചാത്തലവും ഉള്ളവയാണ്.

9. പോർച്ചുഗീസുകാർ കേരളതീരത്ത് എത്തുന്നതുവരെ തീരപ്രദേശങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ഒരു വിഭാഗമായിരുന്നു മാപ്പിളമാർ.

10. കടൽവ്യാപാരത്തിന്റേയും മതവിശ്വാസത്തിന്റേയും പേരിൽ മാപ്പിളമാർക്ക് പോർച്ചുഗീസുകാരുമായി യുദ്ധംചെയ്യേണ്ടിവന്നു. ഈ യുദ്ധസാഹചര്യത്തിന്റെ സാഹിത്യപ്രതിഫലനമാണ് മാലപ്പാട്ടുകൾ.

11. തീരദേശത്തെ സംഘർഷാവസ്ഥ ഉൾനാടുകളിലേക്കുള്ള മാപ്പിളമാരുടെ വ്യാപനത്തിന് കാരണമായി.

12. തെക്കേമലബാറിന്റെ (ഏറനാട്, വള്ളുവനാട് പ്രദേശങ്ങൾ) ഉൾനാടുകളിലേക്ക് കുടിയേറിയമാപ്പിളമാർ അവിടെ ഇസ്ലാംമതം പ്രചരിപ്പിച്ചു.

13. സാമൂഹ്യവിവേചനങ്ങളിൽ നിന്നുള്ള മോചനം എന്ന നിലയിൽ അവർണ്ണവിഭാഗങ്ങൾ ധാരാളമായി ഇസ്ലാംമതം സ്വീകരിക്കുകയും മാപ്പിളസമുദായരൂപീകരണം നടക്കുകയും ചെയ്തു.

14. കർഷകതൊഴിലാളികളായ ഏറനാടൻമാപ്പിളമാർ ജന്മിമാരുടേയും ബ്രിട്ടീഷുകാരുടേയും സാമ്പത്തികചൂഷണത്തിനെതിരെ കലാപങ്ങളിലേർപ്പെട്ടു. ഈ കലാപങ്ങളുടെ പശ്ചാത്തലത്തിലാണ് പടപ്പാട്ടുകളുണ്ടാകുന്നത്.

15. അറബിഗ്രന്ഥങ്ങളുടെ ചുവടുപിടിച്ച് അറബിമലയാളത്തിൽ മതഗ്രന്ഥങ്ങൾ രചിക്കാൻതുടങ്ങി. ഇസ്ലാംമതനിയമങ്ങളും ആചാരാനുഷ്ടാനങ്ങളുമായിരുന്നു ഇവയുടെ പ്രതിപാദ്യം. മതാധ്യാപനം മുൻനിർത്തിയാണ് ഇവ രചിക്കപ്പെട്ടത്.

16. വടക്കേമലബാറിലെമാപ്പിളമാർ കച്ചവടം ഉപജീവനമാർഗ്ഗമായെടുത്തതിനാൽ താരതമ്യേന സാമ്പത്തികഉന്നമനം കൈവരിച്ചു. കൂട്ടുകുടുംബവ്യവസ്ഥയും പുതിയാപ്ലസമ്പ്രദായവും ഇഴചേർന്ന ഇവരുടെ സാമൂഹ്യസാഹചര്യത്തിന്റെ സൃഷ്ടിയാണ് കല്യാണപ്പാട്ടുകൾ.

17. മലയാളഭാഷാജ്ഞാനവും മറ്റു സാഹിത്യങ്ങളുമായുള്ള പരിചയവും ഇതരസാഹിത്യരൂപങ്ങൾ അറബിമലയാളത്തിലുണ്ടാവാൻ ഇടയാക്കി.

18. മലയാളഭാഷയുടെ പ്രചാരവും ഇസ്ലാംമതപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ എതിർപ്പുംമൂലം അറബിമലയാളം വേരറ്റുപോയി.

19. വ്യാകരണപരമായി ചിലപ്രത്യേകതകൾ അറബിമലയാളം പ്രകടിപ്പിക്കുന്നുണ്ട്. അനുനാസികാതിപ്രസരവും താലവ്യാദേശവും വരാത്ത *നാൻ, നാങ്ങൾ, ഞാങ്ങൾ* എന്നീരൂപങ്ങൾ പ്രയോഗിച്ചുകാണുന്നുണ്ട്.

20. *നമയ്* എന്നൊരു ഉത്തമപുരുഷസർവ്വനാമം *നമ്മൾ* എന്നതിനുപകരമായി ഉപയോഗിച്ചുകാണുന്നു.

21. *നബികൾ, ഉലുമാക്കൾ, സ്വഹാബാക്കൾ* എന്നിങ്ങനെ പുല്ലിംഗരൂപത്തിലുള്ള അറബിപദങ്ങളോട് *കൾ* എന്ന ലിംഗപ്രത്യയം ചേർത്തുകാണുന്നു.

22. പൂജകവചനപ്രത്യയമായി ആർ, ഓവർ എന്നീ രണ്ടുരൂപങ്ങളും കാണുന്നുണ്ട്.

23. വിഭക്തിപ്രത്യയങ്ങളിൽ പ്രതിഗ്രാഹികയ്ക്ക് ഇന,വിനെ, ഊനെ, ന, യെ എന്നിങ്ങനെയും സംയോജികയ്ക്ക് ക്ക്, എ, ആട് എന്നീ രൂപങ്ങളും ഉദ്ദേശികയ്ക്ക് ഇനി, ഇക്ക് എന്നീ രൂപങ്ങളും സംബന്ധികയ്ക്ക് അ, എ എന്നിവയും ആധാരി

കയ്ക്ക് ആയിൽ, ഇയിൽ, ഇങ്കൽ, ഉങ്കൽ എന്നീ രൂപങ്ങളും പ്രത്യയമായി കാണുന്നുണ്ട്.

24. ആറുവിധത്തിലുള്ള ഭേദകരൂപങ്ങളും നിപാതം, അവ്യയം, ഗതി, ഘടകം എന്നീ ഉപഘടകങ്ങളും പ്രയോഗിച്ചിട്ടുണ്ട്.

25. അപൂർണ്ണക്രിയയിൽ നടുവിനയെച്ചവും തൻവിനയെച്ചവും കാണാൻ കഴിഞ്ഞിട്ടില്ല. മറ്റു മൂന്നുരൂപങ്ങളും ഉണ്ട്.

26. നിഷേധക്രിയയ്ക്ക് അരുത്, കൂടാ എന്നിവയ്ക്കു പുറമെ അണ്ട എന്നൊരു പ്രയോഗവും ഉണ്ട്.

27. നിയോജകപ്രകാരത്തിൽ വിൻ എന്നതിനുപുറമെ ഈനെ, ഈരെ, ഈർ, ഏനെ എന്നിങ്ങനെയും പ്രത്യയരൂപങ്ങളുണ്ട്.

28. ഖിലധാതുരൂപങ്ങൾക്ക് ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയുന്നുണ്ട്.

29. പുരുഷഭേദം ചേർന്നരൂപങ്ങൾ ചോദിക്കുന്നൻ, ചൊല്ലിയാർ എന്നിങ്ങനെ പ്രയോഗിച്ചിട്ടുണ്ട്.

30. ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നീ സന്ധിരൂപങ്ങളെല്ലാം കാണാൻ കഴിയുന്നുണ്ട്.

31. പദസഞ്ചയത്തിൽ സംസ്കൃത-അറബി തൽഭവങ്ങളും തൽസമങ്ങളും ധാരാളം പ്രയോഗിച്ചിട്ടുണ്ട്. തമിഴ്‌രൂപങ്ങളും കാണാം.

32. പ്രാചീനപദങ്ങളും രൂപമാറ്റത്തോടുകൂടിയ പദങ്ങളും ഇപ്പോഴും പ്രയോഗത്തിലുള്ള പദങ്ങളും അറബിമലയാളത്തിന്റേതായി കാണുന്നുണ്ട്.

33. വിശകലനത്തിൽ വേർതിരിച്ചെടുക്കാൻ കഴിഞ്ഞ വ്യാകരണസവിശേഷതകൾ എല്ലാംതന്നെ മലയാളത്തിന്റെ വ്യാകരണരീതിയുമായി പൂർണ്ണമായും പൊരുത്തപ്പെട്ടുപോകുന്നതാണ്.

34. അറബിമലയാളത്തിന് മാത്രമായി സവിശേഷവ്യാകരണമോ ഭാഷാസ്വഭാവമോ ഇല്ല. മലയാളത്തിന്റെ ഭാഷാഭേദംമാത്രമാണ് അറബിമലയാളം.

35. പദസമ്പത്തിലും സാഹിത്യത്തിലും മലയാളഭാഷയ്ക്ക് മാപ്പിളമാർ നൽകിയ സംഭാവനയാണ് അറബിമലയാളം.

36. 1607-ലെ മുഹിയുദ്ദീൻ മാലക്കും 1732-ലെ നൂൽമാലക്കുമിടയിലുള്ള 125 വർഷത്തെ അറബിമലയാള കൃതികളെക്കുറിച്ചുള്ള അന്വേഷണം നടക്കേണ്ടതുണ്ട്.

37. അറബിമലയാള കൃതികളെയും സമകാലിക മലയാളകൃതികളെയും ഭാഷ, വ്യാകരണം, രചനാസങ്കേതങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ താരതമ്യ പഠനം നടത്തുന്നത് ഏറെ പ്രയോജനപ്രദമാകും.

## ഗ്രന്ഥസൂചി


അബു, ഒ. 1970 *അറബിമലയാളസാഹിത്യചരിത്രം.* കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ.

അബ്ദുറഹിമാൻ, കെ. (എഡി.) 1991 *കേരളസ്റ്റേറ്റ് മാപ്പിള സോംഗ്സ് ലവേഴ്സ് അസോസിയേഷൻ സോവനിർ.* കോഴിക്കോട്.

അഹമ്മദ്, കെ.എം. 2006 *മഹാകവി മോയിൻകുട്ടിവൈദ്യർ പഠനങ്ങൾ.* കൊണ്ടോട്ടി: മഹാകവിമോയിൻകുട്ടി വൈദ്യർ സ്മാരക കമ്മറ്റി.

അഹമ്മദ്മൗലവി, സി.എൻ.
മുഹമ്മദ് അബ്ദുൾകരിം, കെ.കെ 1978 *മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം.* കോഴിക്കോട്:അൽഹുദാ ബുക്ക്സ്റ്റാൾ.

അബുജാസിം 1999 *അറബിമലയാളത്തിലെ അതുല്യപ്രതിഭകൾ.* കോഴിക്കോട്: ഇസ്ലാമിക് സാഹിത്യ അക്കാദമി.

അബ്ദുൾഖയ്യൂം, വി. 1954 *പ്രചീനമലബാർ.* കോഴിക്കാട്: ബുഷ്റ പബ്ലിഷിങ്ങ് ഹൗസ്.

കരുവാരക്കുണ്ട്, ഒ.എം. 1995 *മാപ്പിളകലകൾ.* മഞ്ചേരി: വികാസ് ബുക്ക്സ്റ്റാൾ.

കരിം. സി.കെ. 1960 *കേരള മുസ്ലിം ഡയറക്ടറി.* കൊച്ചി

കരീം, സി.കെ. 1999 *പ്രാചീനകേരളവും മുസ്ലീം ആവിർഭാവവും.* കോഴിക്കോട്: ഇസ്ലാമിക് സാഹിത്യ അക്കാദമി.

കാരശ്ശേരി, എം.എൻ. 1979 *പുലിക്കോട്ടിൽ ഹൈദറുടെ കൃതികൾ.* വണ്ടൂർ: മാപ്പിളകലാസാഹിത്യ വേദി.

| | | |
|---|---|---|
| കുട്ടി, വി.എം. | 2000 | *മാപ്പിളപ്പാട്ടിന്റെ ലോകം*. കോഴിക്കോട്: പാപ്പിയോൺ. |
| കുറുപ്പ്, കെ.കെ.എൻ. | 1998 | *മാപ്പിളപാരമ്പര്യം*. കോഴിക്കോട്: ഇർഷാദ് പബ്ലിക്കേഷൻസ്. |
| കുഞ്ഞൻപിള്ള, ഇളംകുളം. | 1953/1967 | *കേരളഭാഷയുടെ വികാസപരിണാമങ്ങൾ.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. |
| കുഞ്ഞാമു, എ.പി. (എഡി.) | 2003 | *മഹാകവി മോയിൻകുട്ടിവൈദ്യർ അനുസ്മരണ പ്രബന്ധങ്ങൾ.* കോഴിക്കോട്: യുവകലാസാഹിതി. |
| കുട്ടികൃഷ്ണമാരാർ. | 1964 | *വൃത്തശില്പം എന്ന വൃത്തമഞ്ജരിഭാഷ്യം.* കോഴിക്കോട്: മാതൃഭൂമി പ്രിന്റിംങ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്. |
| ഗണേശ്, കെ.എൻ. | 1990 | *കേരളത്തിന്റെ ഇന്നലകൾ.* തിരുവനന്തപുരം: സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്. |
| ചുമ്മാർ, കെ.എം. | 1984 | *പദ്യസാഹിത്യചരിത്രം.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. |
| ജലീൽ, കെ.എ. | 1989 | *ലിപികളും മാനവസംസ്കാരവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |
| ജോർജ്ജ്, കെ.എം. | 1958/1959 | *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ. |
| താനൂർ, സി.കെ (എഡി.) | 1979 | *കോഴിക്കോട് ജില്ലാ മുസ്ലിംലീഗ് സോവനീർ.* കോഴിക്കോട്. |
| നാരായണക്കുറുപ്പ്, പി. | 1998 | *മലയാളവൃത്തപഠനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |
| പണിക്കർ, കെ.എം. | 1957 | *കേരളത്തിലെ സ്വാതന്ത്ര്യസമരം.* തിരുവനന്തപുരം: പ്രഭാതം പബ്ലിഷിംഗ് കമ്പനി. |
| പണിക്കർ, കെ.എം. | 2004 | *മലബാർ കലാപം: പ്രഭുത്വത്തിനും രാജവാഴ്യ്ക്കുമെതിരെ.* കോട്ടയം: ഡി.സി.ബുക്സ്. |

| | | |
|---|---|---|
| പരമേശ്വരയ്യർ, ഉള്ളൂർ എസ്. | 1957 | *കേരളസാഹിത്യചരിത്രം* (വാല്യം 1). തിരുവനന്തപുരം: കേരള സർവ്വകലാശാല. |
| പുതിയവളപ്പിൽ, എസ്.എ. (എഡി.) | 1958 | *കണ്ണൂർജില്ലാ മുസ്ലിംലീഗ് സോവനീർ*, കണ്ണൂർ |
| പ്രഭാകരവാര്യർ & ശാന്താ അഗസ്റ്റിൻ | 1972/1994 | *ആധുനികഭാഷാശാസ്ത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |
| പ്രഭാകരവാര്യർ, കെ.എം. | 1998 | *മലയാളവ്യാകരണ സമീക്ഷ.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം. |
| ബാലകൃഷ്ണൻ, വള്ളിക്കുന്ന്. | 1999 | *മാപ്പിളപ്പാട്ട് ഒരാമുഖ പഠനം.* കോഴിക്കോട്: പൂങ്കാവനം പബ്ലിക്കേഷൻസ്. |
| ബാലകൃഷ്ണൻ, വള്ളിക്കുന്ന്. | 2000 | *മാപ്പിളസംസ്കാരത്തിന്റെ കാണാപ്പുറങ്ങൾ.* കോഴിക്കോട്: കാപ്പിറ്റൽ ഇന്റർനാഷണൽ പബ്ലിഷേഴ്സ്. |
| ബാലകൃഷ്ണൻ, വള്ളിക്കുന്ന് & ഉമ്മർ തറമേൽ | 2006 | *മാപ്പിളപ്പാട്ട് പാഠവും പഠനവും.* കോട്ടയം: ഡിസിബുക്സ്. |
| മമ്മദ്കോയ, പരപ്പിൽ. | 1994 | *കോഴിക്കോട്ടെ മുസ്ലീങ്ങളുടെ ചരിത്രം.* കോഴിക്കോട്: ഫോക്കസ് പബ്ലിക്കേഷൻസ്. |
| മുഹമ്മദ് അബ്ദുൾകരീം കെ.കെ. & അബൂബക്കർ, കെ. | 2005 | *മഹാകവി മോയിൻകുട്ടിവൈദ്യർ സമ്പൂർണ്ണകൃതികൾ.* കൊണ്ടോട്ടി: മഹാകവി മോയിൻകുട്ടിവൈദ്യർ സ്മാരക കമ്മറ്റി. |
| മുഹ്യിദ്ദീൻ, എം. | 1992 | *മാപ്പിളപ്പാട്ടുകളുടെ സാഹിത്യസാംസ്കാരിക മൂല്യങ്ങൾ - മോയിൻകുട്ടി വൈദ്യരുടെ കൃതികളെ ആധാരമാക്കി ഒരു പഠനം* (അപ്രകാശിത ഗവേഷണ പ്രബന്ധം). കാലക്കറ്റ് യൂണിവേഴ്സിറ്റി. |
| മുഹമ്മദ്കുഞ്ഞി, പി.കെ. | 1982 | *മുസ്ലിമീങ്ങളും കേരളസംസ്കാരവും.* തൃശൂർ: കേരളസാഹിത്യ അക്കാദമി. |
| രാജരാജവർമ്മ, ഏ.ആർ. | 1976 | *ഭാഷാഭൂഷണം.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, പതിപ്പ് 6. |
| രാജരാജവർമ്മ,ഏ.ആർ. | 1896/1996 | *കേരളപാണിനീയം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം. |

വേലായുധൻ പണിക്കശ്ശേരി 1980/1998 *കേരളചരിത്രപഠനങ്ങൾ.* കോട്ടയം: കറന്റ് ബുക്സ്.

സെയ്ദ് മുഹമ്മദ്, പി.എ. 1988 *കേരളമുസ്ലീം ചരിത്രം.* കോഴിക്കോട്: അൽഹുദാ ബുക്സ്റ്റാൾ.

ഷംസുദ്ദീൻ, കെ.ഒ. 1978 *മാപ്പിളമലയാളം - ഒരു ഭാഷാമിശ്രം.* തിരുവനന്തപുരം: കേരള യൂനിവേഴ്സിറ്റി.


## ENGLISH


Ibrahim Kunh, A.P. 1983 *Mappila Muslims of Kerala.* Thiruvananthapuram: Sandhya Publications.

Logan William 1951 *Malabar.* Madras: Orient Longmans.

Miller Ronald, E. 1976 *Mappila Muslims of Kerala.* Madras: Orient Longmans.

Muhammed Koya, S.M 1983 *Mappilas of Malabar.* Calicut: Sandhya Publications.

Thara Chand 1963 *Influence of Islam in Indian Culture.* Allahabad: Indian Press Publications.

Thomas Arnold 1896/1968 *The Preaching of Islam.* Lahore: Shaik Muhammed Ashraf.

# അനുബന്ധം

# അനുബന്ധം 1

## പഠനവിധേയമാക്കിയ കൃതികളുടെ മലയാളലിപ്യന്തരണം

(വരികളുടെ ക്രമനമ്പർ വലതുവശത്തു ചേർത്തിരിക്കുന്നു)

### മുഹ്യിദ്ദീൻ മാല

അള്ളാ തിരിഫ്ഫേരും തുദിയും സ്വലവാതും 1
അദിനാൽ തുടങ്ങുവാൻ അരുൾ ചെയ്ദെബേദാമ്പർ 2
ആലം ഉടയോവൻ യേകൽ അരുളാലെ 3
ആയെ മുഹമ്മദ് അവർ കിള ആണോവർ 4
യെല്ലാ കിളയിലും ബൻകിള ആണോവർ 5
യെല്ലാ തിശയിലും കേളി മികച്ചോവർ 6
സുൽത്താനുൽ ഔലിയായെന്നു ഫേരുള്ളോവർ 7
സയ്യിദ് അവർ തായും ബാവയും ആണോവർ 8
ബാവാ മുദുവീന്ന് കുതുബായി ബന്നോവർ 9
ബാനം അദ് യേളിലും കേളി നിറഞ്ഞോവർ 10
യിരിന്നെ യിരിഫിന്നേള് ആകാശം കണ്ടോവർ 11
യേറും മലക്കൂത്തിൽ രാജാളി യെന്നോവർ 12
ബലത്ത് ശരീഅത്തെന്നും കടല് ഉള്ളോവർ 13
യിടത്ത് ഹക്കിക്കത്തെന്നും കടല് ഉള്ളോവർ 14
ആകാശത്തുംമേലും ബൂമിക്ക് താളേയും 15
അവര കൊടി നീളം അത്തിര ഉള്ളോവർ 16
ശൈഖ് അബ്ദുൾ ഖാദിരി കൈലാനി യെന്നോവർ 17
ശൈഖൻമാർക്ക് യെല്ലാർക്കും ഖുതുബായി ബന്നോവർ 18
അള്ളാ സിനദിച്ചെ മുഹ്യിദ്ദീൻ യെന്നോവർ 19

| | |
|---|---|
| അറ്റംയില്ലാതോളം മേൽമ ഉടയോവർ | 20 |
| മേൽമയാൽ തൊഫ്ഫം ഫറയുന്നു ഞാൻ ഇഫ്ഫൾ | 21 |
| മേൽമ ഫറയുൽ ഫലെ ബന്നം ഉള്ളോവർ | 22 |
| ഫാലിലെ ബെണ്ണഫോൽ ബെയ്ത്താക്കി ചൊല്ലുന്നൻ | 23 |
| ഫാക്കിയം ഉള്ളോർ യിദിനെ ഫടിച്ചോവർ | 24 |
| കണ്ടൻ അറിവാളൻ കാട്ടിത്തരും ഫോലെ | 25 |
| ഖാളി മുഹമ്മദ് അദ് യെന്ന ഫേർ ഉള്ളോവർ | 26 |
| കോളിക്കോട്ട്അതുറ തന്നിൽ ഫിറന്നോവർ | 27 |
| കോർവയിദ് വൊക്കെയും നോക്കിയെടുത്തോവർ | 28 |
| അവർ ചൊന്നെ ബൈത്തീനും ബഹുജാകിത്താബിന്നു | 29 |
| അങ്ങനെ തഖ്മില തന്നീന്നും കണ്ടോവർ | 30 |
| കേഫ്ഫാൻ ബിശേളം നമുക്കവർ ഫോറിശ | 31 |
| കേഫേഫനേ ലോകരേ മുഹ്‌യിദ്ദീൻ യെന്നോവർ | 32 |
| മൂലം ഉടയോവൻ യേകൽ അരുളാലെ | 33 |
| മുഹ്‌യിദ്ദീൻ യെന്നു ഫേർ ദീൻ താൻ ബിളിച്ചോവർ | 34 |
| ആവണ്ണം അള്ളാ ഫടച്ചോൻ താൻതന്നെ | 35 |
| യാ ഔസുൽ അഅ്ളം യെന്ന് അള്ളാ ബിളിച്ചോവർ | 36 |
| യെല്ലാ മശായിഖൻമാരുടെ തോളുമ്മൽ | 37 |
| യേകൽ അരുളാലെയെന്റെ കാൽ യെന്നോവർ | 38 |
| അന്നേരം മലക്കുകൾ മെയ്യെന്ന് ചൊന്നോവർ | 39 |
| അവരെ തലക്കുമേൽ ഹൽഖ് ഫൊദിന്നോവർ | 40 |
| അഫ്ഫള് ബൂമിലെ ശൈഖൻമാർ യെല്ലാരും | 41 |
| അവരിക്ക് തല താത്തി ചാച്ചി കൊടുത്തോവർ | 42 |
| ഖാഫ് മലയീന്നും ബഹറ് മുഹിയത്തീന്നും | 43 |
| യഹ്ജൂസും നാട്ടിന്നും തലന താത്തിച്ചോവർ | 44 |

| | |
|---|---|
| അദിയിൽ വൊരു ശൈഖ് അദ് അല്ലെന്ന് ചൊന്നാരേ | 45 |
| അവരെ വലിഫട്ടം നീക്കിച്ച് ബെച്ചോവർ | 46 |
| അദിനാൽ ചദിയിൽ ഫെടുവന്ന് കേട്ടാരെ | 47 |
| എളുവദ് അമാനിനെ ഉസ്താദ് കണ്ടോവർ | 48 |
| ഞാൻ യെല്ല ശിർറിന് യെന്നു ചൊന്നോവർ | 49 |
| ഞാൻ അള്ള തന്നുടെ അംറ്യെന്ന് ചൊന്നോവർ | 50 |
| കല്ഫനാ യെന്നോമി സെയ്ഫ് ഞാൻ യെന്നോവർ | 51 |
| കോവം ഉടയോന്റെ നാർ ഞാൻയെന്നോവർ | 52 |
| മറ്കര യില്ലാ കടലി ഞാൻയെന്നോവർ | 53 |
| മനിശ്യൻ അറിയാത്തെ ബസ്തു ഞാൻ യെന്നോവർ | 54 |
| ജിന്നിന്നും ഇൻസിനും മറ്റും മലക്കിന്നും | 55 |
| ഞാനിവ യെല്ലാർക്കും മെയ്യേ ശൈഖ് യെന്നോവർ | 56 |
| യെല്ലാ വലികളും മേലേ ഖുതുബാണോരും | 57 |
| യെന്നുടെ ബീട്ടിലെ ഫുള്ളർ അദ്യെന്നോവർ | 58 |
| ബാശി ഞാൻ യെന്നിയേ ഉള്ളവരും ഞാനും | 59 |
| ബാനവും ബൂമീലും യേറും അദ് യെന്നോവർ | 60 |
| യെന്നെ വൊരുത്തരെ കൂട്ടിഫ്ഫറയണ്ട | 61 |
| യെന്നാ ഫടഫ്ഫിനി അറിയരുത് യെന്നോവർ | 62 |
| യെന്നുടെ യേകൽ ഉടയോവൻ തന്റെ യേകൽ | 63 |
| ആകെന്നു ഞാൻ ചൊൽകിൽ ആകും അദ് യെന്നോവർ | 64 |
| യേകൽ കൂടാതെ ഞാൻ ചെയ്ദില്ല വൊന്നുമേ | 65 |
| യെന്നാണ നിന്നു ഫറ യെന്നും യെന്നോവർ | 66 |
| ചൊല്ലിയില്ല ഞാൻ വൊന്നും യെന്നോടു ചൊല്ലാദെ | 67 |
| ചൊല്ലു നീ യെന്റെ അമാനിൽ അദ് യെന്നോവർ | 68 |
| ആമാനും ചോദിച്ചാൽ അവരോട് ചൊല്ലുവാർ | 69 |

അനുമാദം ബന്നാൽ ഫറവൻ ഞാൻ യെന്നോവർ 70

യെൻ കയ്യാൽ വൊന്നുമേ തോന്നീല യദ് യെന്നാരെ 71

യേകലാൽ ഖിട്ട്റ് യേകി ബാരികൊടുത്തോവർ 72

ബ്യൂമി വൊരു ഉണ്ടഫോൽ യെൻ കയ്യിൽ യെന്നോവർ 73

ബ്യൂമി അദ് വൊക്കെയും വൊരു ചുമട് യെന്നോവർ 74

കഅ്ബാനെ ചുറ്റുവാർ ഖുതുബായോർ യെല്ലാരും 75

കഅ്ബം ത്വവാഫ് യെന്ന താൻ ചെയ്യും യെന്നോവർ 76

യെല്ലായിലും മേൽ അർശിങ്കിൽ ചെന്നാവർ 77

യെന്റെ കണ്ണ് യെഫ്ഫോളും ലൗഹിൽ അദ് യെന്നോവർ 78

യെല്ലാ വലികളും ഇവരെ നബിബലി 79

ഞാൻയെന്റെ സിബാവ കാൽബളിയെന്നോവർ 80

യെന്റെ മിരീദുകൾ തൗബായിൽ യെന്നിയേ 81

യെന്നും മരിക്കരുത് യെന്ന് കൊദിച്ചോവർ 82

അദിനെ ഖബൂലാക്കിയാൻയെന്ന് ചൊല്ലിയാർ 83

അവരുടെ ഉസ്താദ് ഫമ്മാദ് അദ് യെന്നോവർ 84

യെന്റെ മുരീദുകൾ യെൻകൂടകൂടാതെ 85

യെന്റെ കാൽ യെന്നും ഫൊരിക്കേൻ യദ് യെന്നോവർ 86

കൺകൂട ബട്ടത്തിൽ നിന്റെ മൂരീദുകൾ 87

സുവർക്കത്തിൽ ഫോമെന്ന് അള്ളാ കൊടുത്തോവർ 88

നരകത്തിൽ നിന്റെ മൂരീദാരും ഇല്ലാന്ന് 89

നരകത്തെകാക്കും മലക്ക് ഫറഞ്ഞോവർ 90

യെന്റെ കൊടിന്റെ കീൾയെല്ലാ വലീകളും 91

യെന്റെ മുരീദിനി ഞാൻ ശാഫിഅ് യെന്നോവർ 92

ഹല്ലാജ കൊല്ലുന്നാൾ അന്നു ഞാനുണ്ടെങ്കിൽ 93

ആവർകയ്ഫുടിച്ചന്നും യെന്നു ഫറഞ്ഞോവർ 94

| | |
|---|---|
| യെന്നെഫിടിച്ചോവർ യിടറുന്ന നേരത്ത് | 95 |
| യെഫ്ഫോളും അവർ കയ്ഫിടിഫ്ഫൻ ഞാൻ യെന്നോവർ | 96 |
| യെന്നെ ഫിടിച്ചോവർ യേദും ഫേടിക്കണ്ട | 97 |
| യെന്നെ ഫിടിച്ചോർക്ക് ഞാൻ കാവൽ യെന്നോവർ | 98 |
| യെല്ലാ മുരീദുകൾ താൻ തന്റെ ശൈഖഫ്ഫോൽ | 99 |
| യെന്റെ മരീദുകൾ യെന്നെഫ്ഫോൽ യെന്നോവർ | 100 |
| യെന്റെ മുരീദുകൾ നല്ലോവർ അല്ലാങ്കിൽ | 101 |
| യെഫ്ഫോളും നല്ലോവൻ ഞാൻയെന്ന് ചൊന്നോവർ | 102 |
| യാദ്രാൽ വൊരിക്കലും അള്ളാട് തേടുകിൽ | 103 |
| യെന്നെക്കൊണ്ട് അള്ളാട് തേടുവിൻ യെന്നോവർ | 104 |
| ബല്ലേ നിലത്തിന്നും യെന്നെ ബിളിഫ്ഫോർക്ക് | 105 |
| ബാകുടാ ഉത്തിരം ചെയ്‌വ ഞാൻ യെന്നോവർ | 106 |
| ബൂമി തനത്തിൽ ഞാൻ ദീനെ നടത്തുവാൻ | 107 |
| ബേദാബർ നമ്മുടെ ആള് ഞാൻ യെന്നോവർ | 108 |
| ആരുണ്ട് അദ് യെന്റെ മഖാമിനായെത്തീട്ട് | 109 |
| ആരാനും ഉണ്ടെങ്കിൽ ചൊല്ലുവിൻ യെന്നോവർ | 110 |
| യെളുവത് ബാദിൽ തുറന്നാൻ യെനക്കള്ള | 111 |
| ആരും അറിയാത്ത ഇൽമാൽ അദ്‌യെന്നോവർ | 112 |
| ഓരോരെ ബാദിലെ ബീദി അദ് ഓരേന്നേ | 113 |
| ആകാശം ബൂമിയും ഫോലെ യെന്ന് ചൊന്നോവർ | 114 |
| അള്ളായെനക്ക് അവൻതാൻ ചെയ്ദ ഫോരിശ | 115 |
| ആർക്കും ഖിയാമത്തോളം ചെയ്യാത്തദ് യെന്നോവർ | 116 |
| യെല്ലാർക്കും യെത്തിയെ നിലവാട് അദ്‌യെപ്പേരും | 117 |
| യെന്റെ വഖിയത്തിൻ മിഞ്ചം അദ് യെന്നോവർ | 118 |
| യെല്ലാരും ഓതിയെ ഇൽമുകൾ വൊക്കെയും | 119 |

യെന്നുടെ ഇൽമാൽ അദ് വൊട്‌യെന്ന് ചൊന്നോവർ 120

യെല്ലാഫൊളുദും ഉദിച്ചാൽ ഉറൂമ്പാകും 121

യെൻഫൊളുദ് യെഫ്ഫോളും ഉണ്ടെന്ന് ചൊന്നോവർ 122

കുഫ്ഫിയെകത്തുള്ളെ ബസ്തുവിനെഫോലെ 123

കാമാൻ ഞാൻ നിങ്ങളെ ഖൽബ് അദ് യെന്നോവർ 124

യെന്റെ ബശണത്തെ ഫൊയെന്ന് ചൊല്ലുകിൽ 125

അഫ്ഫോളെ കൊല്ലുന്നൻ നഞ്ഞിഅദ് യെന്നോവർ 126

അവരുടെ ദിനെയും ശേശം ദുനിയാവെയും 127

ആഖിറം തന്നെയും ഫോക്കും അദ്‌യെന്നോവർ 128

നൽനിനവ് യെന്ന വൊരുത്തർ നിനച്ചെങ്കിൽ 129

നായൻ അദാബിന നെയ്ദാക്കും യെന്നോവർ 130

യേകൽ ഉടയോവൻ യേകൽ അരുളാലെ 131

യിത്തരം യെത്തിര ബന്നം ഫറഞ്ഞോവർ 132

നാലികിത്താബെയും മറ്റുള്ള സുഖ്ഫയും 133

നായൻ അരുളാലെ ഓദി ഉണർന്നോവർ 134

ബേദാമ്പർ യേകലാൽ ഹിർക്ക ഉടുത്തോവർ 135

ബെല്ലുത്തിട്ട് നോക്കുഫ്ഫോൾ അദിന മേൽ കണ്ടോവർ 136

ബേദം ബിളങ്കഫറവാൻ മടിച്ചാരേ 137

ബേദാബർ അവർ ബായിൽ തുഫ്ഫികൊടുത്തോവർ 138

നാവിൽ മൊളിയുന്ന ഇൽമ് കുറിഫ്ഫാനായി 139

നാനൂർ ഹുക്കമായ് അവർ ചുറ്റുമുള്ളോവർ 140

നായൻ അരുളാലെ ഇൽമ് ഫറയുംഫോൾ 141

നാവിനി നേരെ വൊളിവ് ഇറങ്ങുന്നോവർ 142

അവർ കയ്ഫിടിച്ചദിൽ തൊഫ്ഫൻ ഫേർഅഫ്ഫോളേ 143

ആകാശവും മറ്റും ഫലദ്‌യെല്ലാം കണ്ടോവർ 144

| | |
|---|---|
| അവർ വൊന്ന് നന്നായി വൊരുനോക്കുനോക്കുകീൽ | 145 |
| അദിനാൽബലിയ നിലന കൊടുത്തോവർ | 146 |
| നാൽഫദ് വട്ടം ജനാബത്തുണ്ടായോരേ | 147 |
| നാൽഫദ് വട്ടം വൊരുരാകുളിച്ചോവർ | 148 |
| നലവേറും ഇശാ തൊളുദെ വുളുവാല | 149 |
| നാല്ഫദിറ്റാണ്ട് സുബ്ഹി തൊളുദോവർ | 150 |
| വൊരുകാമൽ നിന്നിട്ട് വൊരുഖത്തം തീർത്തോവർ | 151 |
| വൊരു ചൊൽ മുദലായി മൂവാണ്ട് കാത്തോവർ | 152 |
| യെന്നാരേ ഖിള്റ് താം അവർകിട്ട ചൊന്നിട്ട് | 153 |
| യേകൽ അരുളാൽ അവർ കൂട നിന്നോവർ | 154 |
| ഇരിഫത്തയ്യാണ്ടോളം ചുറ്റിനടന്നോവർ | 155 |
| ഇരിയെന്നെ യേകൽ കേട്ടാരെ ഇരിന്നോവർ | 156 |
| നാല്ഫദിറ്റാണ്ടോളം വയള് ഫറഞ്ഞോവർ | 157 |
| നന്നായി തൊണ്ണൂറ് കാലം ഇരുന്നോവർ | 158 |
| താരിവ് നാനൂറ്റിയെളുവദ് ചെന്നേനാൾ | 159 |
| കൈലാനിയെന്നും നാട് തന്നിൽ ഫിറന്നോവർ | 160 |
| ഊണം ഉറക്കം അദ് വൊന്നുമേ കൂടാതെ | 161 |
| ഓരാണ്ടക്കാലം ഫൊറുത്ത് നടന്നോവർ | 162 |
| ഇബ്ലീസ് അവരെ ചദിഫ്ഫാനായ് ചെന്നാരേ | 163 |
| ഇബ്ലീസെ ചാച്ചി കെടത്തി അയച്ചോവർ | 164 |
| അൻബിയാക്കൻമാർക്കും ഔലിയാക്കൻമാർക്കും | 165 |
| അവരുടെ റൂഹ് അവിടെ ഹാളിറാകുന്നോവർ | 166 |
| ആവണ്ണം നമ്മുടെ ഖോജ റസൂലുള്ള | 167 |
| അവരുടെ റൂഹും അവിടെ വരുന്നോവർ | 168 |
| അങ്ങനെ തന്നെ മലായിക്കത്തൻമാരും | 169 |

| | |
|---|---|
| അവരുടെ മജ്‌ലിസിൽ ഹാളിറാകുന്നോവർ | 170 |
| അവരുടെ മജ്‌ലിസിൽ തുകിൽ ഇറങ്ങുന്നോവർ | 171 |
| അവരുടെ വഅ്ളാൽ ഫലദും ചാകുന്നോവർ | 172 |
| യേറിയ കുറ്റം ഖില്റ കാണുന്നോവർ | 173 |
| അവരോട് അറിവും നിലയും നിറഞ്ഞോവർ | 174 |
| യേറും അവർകിട്ടെ ഇൻസിലുജിന്നുകൾ | 175 |
| ഈമാനും തൗബായും മാങ്കുവാൻ ചൊന്നോവർ | 176 |
| ആകാശത്തുംമേൽ അവർ ചെന്നെതാനത്ത് | 177 |
| ആരും വൊരുശൈഖും ചെന്നില്ലയെന്നോവർ | 178 |
| കൻകൊണ്ട് കാമാൻ അരുദാദെ ലോകരെ | 179 |
| കാമാൻ അവർ ചുറ്റുയെഫ്ഫോളും ഉള്ളോവർ | 180 |
| കാഫ്മലയിന്നും അഫ്ഫുറം ഉള്ളോവർ | 181 |
| കാണാം അവർ മേലെ കാമാനായി വന്നോവർ | 182 |
| ഫലെഫലെ സ്വഫഫായി അവർ തലക്കുമേലെ | 183 |
| ഫാങ്ങോടെ അവിടെചെന്ന് അവരെ അയച്ചോവർ | 184 |
| ആകാശം ബൂമിയും വൊന്നുമേ തട്ടാതെ | 185 |
| അവ്ടത്തെ ഖുബ്ബാമേൽ അവർ ഫോയി ഇരുന്നോവർ | 186 |
| തേനീച്ച ബെച്ചഫോൽ യെറുമ്പ് ചാലിട്ടഫോൽ | 187 |
| തിശഅവർ യെഫ്ഫോളും ആബണ്ണം ഉള്ളോവർ | 188 |
| മുദലായെ റമളാനിൽ മുഫ്ഫദ് നാളിലും | 189 |
| മുലകുടിക്കും കാലം മുലനതൊടാദോവർ | 190 |
| ഫള്ളിയിൽ ഓതുംനാൾ മലക്കുകൾ ചൊല്ലുവാർ | 191 |
| ഫുള്ളരെതാനം കൊടുഫ്ഫീൻഅദ് യെന്നോവർ | 192 |
| യിദിനെ ഫടച്ചോൻ തുടങ്ങുമ്പോൾ കേട്ടോവർ | 193 |
| യെവ്ടക്ക് യെന്ന് യെങ്ങാനും ഫോകുമ്പോൾ കേട്ടോവർ | 194 |

| | |
|---|---|
| യേറും അറഫനാൾ ഫശുവെ ഫായിച്ചാരെ | 195 |
| യിദിനെ ഫടച്ചെന്ന് ഫശുവ് ഫറഞ്ഞോവർ | 196 |
| യേദും യില്ലാത്തെനാൾ നിന്നെ വൊന്നാക്കിയർ | 197 |
| യിഫ്ഫോൾ നീയെന്നാ നിനയെന്നും കേട്ടോവർ | 198 |
| യിരവും ഫകലും യെല്ലുവദ് വട്ടം നീ | 199 |
| യെന്നുടെ കാവലിൽ യെന്നേകൽ കേട്ടോവർ | 200 |
| ഫലരെയിടയിന്നും നിന്നെ തിരിച്ചൻ ഞാൻ | 201 |
| ഫാങ്ങോടെ യിച്ചൊല്ലും യിങ്ങനെ കേട്ടോവർ | 202 |
| യെനക്ക് കണക്കായി നിന്നെ ഫടച്ചൻഞാൻ | 203 |
| യിങ്ങനെ തന്നെയും ശദ്ദത്തെ കേട്ടോവർ | 204 |
| കളവ് ഫറയല്ലായെന്ന് ഉമ്മചൊന്നാരെ | 205 |
| കള്ളനി കയ്യിലെ ഫൊന്ന് കൊടുത്തോവർ | 206 |
| അവരെ തടിയെല്ലാം പല താനത്തായാരെ | 207 |
| അങ്ങിനെ യെത്തിര സങ്കിടം തീർത്തോവർ | 208 |
| കശമേറും രാവിൽ നടന്നങ്ങുഫോകുമ്പോൾ | 209 |
| കൈവിരൽ ചൂട്ടാക്കിക്കാട്ടി നടന്നോവർ | 210 |
| കണ്ണിൽ കാണാത്തദും ഖൽബകത്തുള്ളദും | 211 |
| കൺകൊണ്ട് കണ്ടഫോൽ കണ്ട്ഫറഞ്ഞോവർ | 212 |
| ഉറങ്ങുംന്നെനേരത്തും ഖബറകം തന്നിന്നും | 213 |
| ഉടയവൻ യേകൽ ഉണരാഫറഞ്ഞോവർ | 214 |
| ഖബറകത്തിന്നു സലാമിനെ കേട്ടോവർ | 215 |
| ഖബറകത്തുള്ളവരോട് മൊളിന്തോവർ | 216 |
| ഖബറകത്തുസ്താദെ കുറവാക്കികണ്ടാമേ | 217 |
| ഖബറുങ്ങൽ നിന്നത് നീക്കിച്ചു ഫോയോവർ | 218 |
| കാഫിലക്കാമരെ കള്ളർ ഫുടിച്ചാരെ | 219 |

കാണാനിലിത്തിന്നുഖബ്ക്കാബാൽ കൊന്നോവർ 220

മുട്ടിഫഫ്നായി മുദീർന്ന ശൈഖന്മാരെ 221

മറിപ്പഫഫ്ച്ചു ഫിന്നെ തിരിച്ചുകൊടുത്തോവർ 222

കൂടയിൽക്കെട്ടി അവർ മുമ്പിൽ വെച്ചാരെ 223

കുടഅയിക്കുംമുൻ അദിനെ തിരിഞ്ഞോവർ 224

കുറവുള്ള ഫയ്ദലെ നന്നാക്കയും ചെയ്തു 225

കുറവില്ലാഫയ്ദലെ കുറവാക്കി വിട്ടോവർ 226

ചത്തെചകത്തിനെ ജീവൻ ഇടിച്ചോവർ 227

ചാകും കിലശത്തെ നന്നാക്കി വിട്ടോവർ 228

കോളീയുടെ മുള്ളോട് കുകെന്ന് ചൊന്നാരെ 229

കൂശാതെ കൂകി പറപ്പിച്ച് വിട്ടോവർ 230

യെന്നോടു തേടുവിൻ വേണ്ടന്നതെഫേഫരും 231

യെന്നാരെ തേടിയതെല്ലാം കൊടുത്തോവർ 232

മേലെ നടന്നോരെ താത്തിച്ചു വെച്ചോവർ 233

മേലാൽ ബരുന്നെ ബിശേളം ഫറഞ്ഞോവർ 234

നിലന കൊട്ടുഫ്ഫാനും നിലന കളവാനും 235

നായൻ അവർക്ക് അനുമാദം കൊടുത്തോവർ 236

ബേണ്ടീട്ട് യല്ലോരുബസ്തുനെ നോക്കുകിൽ 237

ബേണ്ടിയബണ്ണം അദിനെ ആക്കുന്നോവർ 238

അഫ്ഫൾകുലം ഫുക്കെ ഫുദിയ ഇസ്ലാമിനെ 239

അബ്ദാലന്മാരാക്കി കല്പിച്ചുബെച്ചോവർ 240

ഫറക്കും വലിയെ ഫടിക്കൽ തളച്ചോവർ 241

ഫറന്നിട്ട് ചെന്നാരെ തൗബചെയ്യിച്ചോവർ 242

അറിവും നിലയും അതേതു യില്ലാദോർക്ക് 243

അറിവും നിലയും നിറയെ കൊടുത്തോവർ 244

| | |
|---|---|
| നിലയും അറിവും അദ് വൊക്കെളള്ളോരെ | 245 |
| നിലയും അറിവുംഫറിച്ചു കളഞ്ഞോവർ | 246 |
| നിലയേറെകാട്ടി നടന്നെ വൊരു ശെയ്ഖിനെ | 247 |
| നിലത്തിന്റെ താളെ നടത്തിച്ചുബെച്ചോവർ | 248 |
| ഉണർച്ചയിൽ ഉണ്ടാവാൻ ഫോകുന്നെ ദോശത്തെ | 249 |
| ഉറക്കെക്കിനാവാക്കി കാട്ടികളഞ്ഞോവർ | 250 |
| ഫാമ്പിന്റെ കോലത്തിൽ ജിന്നുകൾ ചെന്നാരേ | 251 |
| ബയം യേതും കാട്ടാ ഫറിച്ചെറിഞ്ഞിട്ടോവർ | 252 |
| ജിന്ന് വൊരു ഫയ്ദലെ കൊണ്ടുഫോയിബിട്ടാരെ | 253 |
| ജിന്നെവിളിഫിച്ച് അദിനെ കൊടുത്തോവർ | 254 |
| ഫലെഫലെ ബന്നം തിമ്മാൻ കൊദിച്ചാരെ | 255 |
| ഫാങ്ങോടെ അങ്ങനെ തന്നെ നീക്കിച്ചോവർ | 256 |
| ഫെയ്യ മളയോടും വെളുക്കനെ ആറോടും | 257 |
| ഫോര അദ്യെന്നാരേ ഫോരിച്ച് ബെച്ചോവർ | 258 |
| കനിയില്ലാകാലം കനിയെ കൊടുത്തോവർ | 259 |
| കരിഞ്ഞെ മരത്തിൻമേൽ കായാൽ നിറച്ചോവർ | 260 |
| അവരെവൊരുത്തൻ ഫോയി മസ്ഹറകണ്ടാരെ | 261 |
| അഫ്ഫളെ നാടെല്ലാം തീയായി നിറച്ചോവർ | 262 |
| അവരെകരുവാക്കി കണ്ടോർക്ക് യെല്ലാർക്കും | 263 |
| അഫ്ഫളെഓരെബാലാലെ കൊടുത്തോവർ | 264 |
| അവരെ വെറുപ്പിച്ചെബസ്തുവിൽ അഫ്ഫളെ | 265 |
| അവർവൊരുനോക്കാൽ അദിനെ അമർത്തോവർ | 266 |
| അവര ദുആയും ബർക്കതും കൊണ്ടാവർ | 267 |
| ആഖിറവും ദുനിയാവും നിറഞ്ഞോവർ | 268 |
| അവരെ മൊളിയിൽ ഫുദുമ ഫലദുണ്ട് | 269 |

ഇത്തിരെ തന്നായെന്ന് ഓർത്തിട്ട് കൊള്ളാതോർ 270

തലയെല്ലാം കോത്തൻഞാൻ തൊങ്ങലെ ഫൊൻ ഫോലെ 271

തടിയല്ലാ ഫൊൻഫേടൻ ഫിരിഞ്ഞെൻ അറിവീരെ 272

ഇദിയിൽ ബലിയെ ബിശേളം ഫലദുണ്ട് 273

അറിവില്ലാലോകരെ ഫറയെന്ന് ചൊല്ലാതെ 274

അദിനെ അറിവാൻ കൊദിയുള്ളെ ലോകരെ 275

അറിവാക്കന്മാരോട് ചോദിച്ച് കേൾവീരെ 276

അവരെ ഫോരിശ കേഫ്ഫാൻ കൊദിച്ചോരെ 277

അവരെഫുകഴ്ത്തോരെ ഫോരിശ കേൾഫ്ഫീരെ 278

അമീറൻമാരുടെ യെണ്ണവും ബണ്ണവും 279

അറിഞ്ഞാൻ അറിയാമേ സുൽത്താൻമാർഫോരിശ 280

ആവണ്ണം നോക്കുവിൻ ശൈഖൻമാർ ഫോരിശ 281

അഫ്ഫോൾ അറിയമെ മുഹ്യിദ്ദീൻഫോരിശ. 282

കൊല്ലം യെളുനൂറ്റി യെൻഫത്തി രണ്ടിൽ.ഞാൻ. 283

കോത്തൻ ഇമ്മാലനെ നൂറ്റിഅൻഫത്തഞ്ചുമ്മൽ 284

മുത്തുംമാണിക്കവും വൊന്നായി കോത്തഫോൽ 285

മുഹ്യിദ്ദീൻമാലന കോത്തൻഞാൻ ലോകരെ 286

മൊളിയൊന്നും കളയാദെ ഫിളയാദെ ചൊന്നോർക്ക് 287

മണിമാടം സുവർക്കത്തിൽ നായൻകൊടുക്കുമേ 288

ദുശ്കംകൂടാദെ യിദീന യെളുദുകിൽ 289

ദോശം ഉണ്ടാമെന്നും നന്നായി അറിവീരെ 290

അള്ളാടെ റഹ്മത്ത് യിദിനെ ചൊന്നോർക്ക് 291

യിദിന യെളുന്നോർക്കും മേലെകേക്കുന്നോർക്കും 292

യിങ്ങിന ഫോരിശഉള്ളൊരു ശെയ്ഖിനെ 293

വിട്ടേച്ച് യെവിടേക്ക് ഫോകുന്നു ഫോളരെ 294

യെല്ലാരകോളിയും കൂകിയടങ്ങുന്നു 295

മുഹ്‌യിദ്ദീൻകോളി ഖിയാമത്തോളംകൂകും 296

ആഖിറം തന്നെ കൊദിച്ചുള്ള ലോകരെ 297

അവരെമുരീദായി കൊള്ളുവിൻ അഹ്ഫളെ 298

ഞാങ്ങൾ യെല്ലാരും അവരെ മുരീദാവാൻ 299

ഞാങ്ങൾക്ക് ഉദവിതാഞാങ്ങളെ നായനെ 300

യെല്ലാമശായിഖൻമാരെ ദുആനെ നീ 301

യേകണം ഞാങ്ങൾക്ക് അവരുടെ ദുആകൂടെ 302

അവർക്ക് വൊരു ഫാത്തിഹ യെഫ്ഫോളും ഓദുകിൽ 303

അവരെദുആയും ബർക്കത്തും യെത്തുമേ 304

ഖോജാശഫാഅത്തിൽ മുഹ്‌യിദ്ദീൻതൻകൂടെ 305

കൂട്ടുസുവർക്കത്തിൽ ആലം ഉടയോനെ 306

നീ ഞാങ്ങൾക്ക് യെല്ലാർക്കും സുവർക്കത്താനത്തിൽ 307

നിന്നുടെ തിർക്കായിച്ച കാട്ട്ഫെരിയോനെ 308

ഫിളയേറെചെയ്ദ്നടന്നഅടിയാറൽ 309

ഫിളയും ഫൊറുത്ത് നീ റഹ്മത്ത്കാട്ടള്ളാ 310

നല്ല സ്വലാവാത്തും നല്ലെ സലാമയും 311

നിന്റെ മുഹമ്മദിന് യേകണം നീയള്ളാ 312

(പാഠം 1 മുഹ്‌യിദ്ദീൻ മാല:1607)

*അഫ്ഫൾ അന്നബി ബിളിത്തുടൻ അരുളി* (1)

*കോശമാൽ അടി നകാറകൾ* (2)

*അടിർത്ത മുട്ട് തുശരം ഓശകൾ കേട്ട്* (3)

*സ്വാഹബാക്കൾ വൊക്കയുമടുക്കലായ്* (4)

*ചെഫ്ഫി അഫ്ഫൾ നബിയാരെ സ്വാഹാബിലെ* (5)

*കോട്ട അരശനാം സഖ്വം* (6)

*ചിനത്തവൻ ഫദിയിട നിലക്കശറഫായ്* (7)

*വരുൻദീടുവിറുയേവരും* (8)

**(സഖ്വംപടപ്പാട്ട്:1836) പാഠം. 2**

*ആദിതൻ തിരുനാമത്താൽ* (1)

*അടിയൻ യിക്കവി തുടർത്താൻ* (2)

*നാദിയാൻ ഫുവി അമൈത്താൻ* (3)

*നായനിൽ ഹംദ് അണൈത്താൻ* (4)

*ഖാദിൻ തിരുഫുരത്താൻ* (5)

*ബേദിയർക്കവൻ സ്വലാത്താൻ* (6)

*ബിരികവെ സ്വലാമുരത്താൻ* (7)

**(ബദറുൽമുനീർ ഹുസനുൽ ജമാൽ ക്രി.പി 1872) പാഠം. 3**

*മുല്ലഫൂ ബീവിക്കറിവാൻ കുറിത്തെവത്ത്* (1)

*മുന്നെ നമയ് തമ്മിൽ കൻടിട്ടില്ലാഫെരുത്ത്* (2)

*മല്ലിക മുല്ല മുകബ്ച് തോഫദിൻ മുളച്ച്* (3)

*മദനാശ തോലും ബളർമ മുരട് വെച്ച്* (4)

*നല്ലോണം ഫോറ്റിവളർത്തി തടിനയിച്ച്* (5)

*നാണിയഫുമോട്ടൊന്നാഫുമരത്തിൽ ഊനിച്ച്* (6)

*ഊനിച്ചമൊട്ട് ഇരസത്താൻ ഇരുതിരിഞ്ഞ്* (7)

*ഉൻമയിൽ മല്ലികമുല്ല ഫുവതും വിരിഞ്ഞ്* (8)

**(കത്തുപാട്ട് ക്രി.പി:1870) പാഠം. 4**

*ഫരിശ്മാടം ബീടടങ്കൽ* (1)

*റങ്ബെള്ള ചോപ്ഫിനാലും* (2)

*ഫദവി സൗബിൽ അബ്യളാലെ* (3)

*ഫാരിദം മേലാഫ് ബന്നം* (4)

*ബന്നമെന്നും മുൻഫരത്തിൽ* (5)

*ഫൻതലും ചൻതം ബിദാനം* (6)

*ബൊളിവ് ലെൻകൽ സുറുജ്ദീബം* (7)

*ബരി നിരത്തി തൂക്കിവെച്ച്* (8)

**(മൂലഫുരാണം ഒപ്പനപ്പാട്ട്, കാലം വ്യക്തമല്ല) പാഠം. 5**

*ഉർബതുബ്നു സുബൈർ യെന്നവർ ചൊല്ലിയാർ യൊരുനാൾ (1)*
*റസുലുള്ള തങ്ങളോട് കൂടെ ബീട്ടിലാകുമ്പാൻ ഫുറഫെട്ട് യെന്നാരേ (2)*
*നാങ്ങൾ വൊരു യിരുംഫ് ചങ്ങലന്റെ കൂറ്റ് ഫോലെ കേട്ട് അഫ്ഫൾ (3)*
*അദ് യെൻദാവുയെന്ന് തങ്ങളോട് നാങ്ങൾ ചോദിച്ചാരേ തങ്ങൾ (4)*
*മുഹമ്മദ് സ്വല്ലള്ളാഹു അലൈഹിവസ്വല്ലം അരുളഫ്ഫാട് ചെയ്ദ് (5)*
*അദാകുന്നദ് ഇബ്ലിസ് യെന്നഫകയന്റെ ആവരണങ്ങളോട് കൂട(6)*
*കോലങ്ങളും ഫോകുന്നദ് ആയിരിക്കും യെന്നാറേ .......... (7)*

**(ആദരവായ നബി മുഹമ്മദ് റസുൽ തങ്ങൾ ലഅ്നത് ആക്കപ്പെട്ട ഇബ്ലിസിനോട് ചോദിച്ചെ ചോദിയത്തിന് അവർ ജവാബ് ഫറഞ്ഞത് ക്രി.പി 1830) - പാഠം. 6**

*യെന്നദിൽ ഫിറകെ സവ്ദയെന്ന ബെള്ളാട്ടി ഫറഞ്ഞാൾ നാൻ(1)*
*നിങ്ങൾ യെല്ലാവരോട് വൊരു കണക്ക് ചോദിക്കുന്നൻ അദ് (2)*
*യെനക്ക് തിരിച്ചു തന്നുയെൻകിൽ യെന്റെ ആയിരം ഫൊന്ന് വെല (3)*
*യുള്ള തലയ്കെട്ട് നാൻ തരുവേൻ. അദ് തിരിച്ച് തന്ന് ഇല്ലാ (4)*
*യെൻങ്കിൽ നിങ്ങളെ തലയ്ക്കെട്ട് യെനക്ക് തരണം യെന്ന് ലങ്(5)*
*ഫുറവും അർദ്ദിചെയ്ദ് യെന്നാരേ അവൾ ഫറഞ്ഞ് വൊരു കൂട്ടം (6)*
*മാടഫിറാവ് വന്ന് വൊട്ട് മരത്തിന്റെ മീത്തേലും വൊട്ട് തായേലും (7)*
*നിന്ന് യെന്നാരേ തായേ നിന്ന ഫിറാവ് മീത്തൽ നിന്നെ ഫിറാവോട് (8)*
*ഫറഞ്ഞു. (9)*

**(വെള്ളാട്ടി മസ്അല, 1860) പാഠം. 7**

*യെല്ലാ ഇസ്‌ലാമായ അഖൽ ബുലൂഗായെ ആൻഫിറന്നോമാർ ഫെൻ ഫിറന്നോമാർക് ബിശയമായിരിക്കും ഫടച്ചവനിക്ക് ബിശയ മായ ഫരിശുകളം യിദിന്റെ മാറ്റങ്ങളും അവനിക്ക് യെദമായദുക ളെയും അദുകൾ സംകദികളെയും അറിയാൻ കൂടാതെ മുർസലായ നബികൾക്കും യിദ് ഫ്റകാരം തന്നെ അവരിക്ക് ബിശയമായ ഫരി ശുകളുംഅദിന്റെ മാറ്റത്തെയും അവരിക്ക്യെദമായദുകളും അറിയു ന്നദ്.*

**(വാജിബത്തിൽ അവ്വൽ എന്ന അഖിദാ ക്രി.പി: 1890) പാഠം. 8**

*അള്ളാഹുതആലയായ തൻഫുരാൻ മേൽ ഫറഞ്ഞെ സൂറ ത്തിൽ മിനൽമസ്ജിദിൽ ഹറാംയെന്ന് ഫറഞ്ഞെ ആയത്തിൽ ഫറ ഞ്ഞഫള്ളി കൊൻട്ടുള്ള സാദ്യം മക്കഫള്ളിയാണ് യിഫ്ഫള്ളിക്ക് അള്ളാഹുതആലഫറതീകം ഹുബിനെ ബെച്ചിട്ടുൻട് യിഫള്ളിയിൽ നിന്നാണ് ബൈത്തുൽ മുഖദ്ദസിലെ ഫള്ളിയിലേക്ക് തങ്ങൾ ലാവുന ടത്തം ഉൻടായദ് യെന്നാൽ തങ്ങളുടെ ലാവു നടത്താൻ ബേണ്ടി മല ക്കുവന്ന് കൊൻട്ഫോയെ തലത്തെഫറ്റി സീറയുടെ ഉലുമാക്കൾ ഫലെ കിതാബുകളിങ്കൽ ഫലെ ഫറഞ്ഞിട്ടുൻട്*

**(ഖിസ്സത്തുൽ ഇസ്റാഅ് വൽ മിഅ്റാജ് എന്ന മിഅ്റാജ് തർജ്ജമ ക്രി.പി 1920) പാഠം. 9**

*മൂത്തൂ ഖബ്ല അൻ തമൂത്തൂ യെന്ന ഹദീസിൽ മവ്ത്താകു (1)*
*ന്നദിന് മുൻഫ് മവ്ത്താകുവിൻ യെന്ന് നബിയരുളിയദിനെ മറഫൊ (2)*
*രുൾ ആക്കി ഫറഞ്ഞെ ഫാട്ടാകുന്നുയെന്നാൽ ത്തറിയണം മുള്ളുകം (3)*
*ബിദിക്കുംയെന്ന് ഫറഞ്ഞദ് മനുശ്യരെ ആയുസ് മുടക്കി മവ്ത്ത് (4)*
*ആയാൻ മയ്യിത്ത് കുളിഫ്ഫിക്കൽ ബിശയമായതുകൊണ്ട് ത്തങ്ങനെ (5)*
*മയ്യിത്ത് കുളിബിയമാകുന്നു മവ്ത്ത് ബെരുന്നതിന് മുൻഫ് ... (6)*

**(ഫത്ഹുന്നൂർ ഫി മുഹിമ്മാത്തുൽ ഉമൂർ ക്രി.പി 1950) പാഠം. 10**

## അനുബന്ധം – 2

## പഠനവിധേയമാക്കിയ കൃതികളിലെ സവിശേഷപദങ്ങൾ

**(ബ്രായ്ക്കറ്റിലെ അക്കങ്ങളിൽ ആദ്യത്തേത് പാഠത്തേയും രണ്ടാമത്തേത് പദമുൾക്കൊള്ളുന്നവരിയേയും സൂചിപ്പിക്കുന്നു. അക്ഷരമാലാക്രമത്തിനുപകരം പാഠത്തിന്റെയും, പദമുൾക്കൊള്ളുന്ന വരിയുടേയും അടിസ്ഥാനത്തിലാണ് പദങ്ങൾ ക്രമീകരിച്ചിരിക്കുന്നത്)**

| പദം | മലയാള അർത്ഥം |
|---|---|
| തിരിഫേർ (1:1) | തൃപ്പേർ |
| തുദി (1:1) | സ്തുതി |
| ബേദാമ്പർ (1:2) | പ്രവാചകൻ |
| ചെയ്ദെ (1:2) | ചെയ്ത |
| ഉടയോവൻ (1:3) | ഉടയവൻ |
| യേകൽ (1:3) | വിധി |
| ആയെ (1:4) | ആയ |
| കിള (1:4) | വംശം |
| ബൻ (1:4) | വൻ |
| യെല്ലാ (1:5) | എല്ലാ |
| തിശ (1:5) | ദിശ |
| കേളി (1:6) | പ്രശസ്തി |
| തായ (1:8) | അമ്മ |
| ബാനം (1:10) | വാനം |
| അദ് (1:10) | അത് |
| യേള് (1:10) | ഏഴ് |
| മലക്കൂത്ത് (1:12) | മാലാഖക്കൂട്ടം |
| ബലത്ത് (1:13) | വലത്ത് |
| ബൂമി (1:15) | ഭൂമി |
| അത്തിര (1:15) | അത്ര |

| പദം | മലയാള അർത്ഥം |
|---|---|
| സിനദിച്ചെ (1:19) | സ്നേഹിച്ച |
| മേൽമ (1:20) | മേന്മ |
| തൊഫ്ഫം (1:21) | അൽപ്പം |
| ഇഫ്ഫൾ (1:21) | ഇപ്പോൾ |
| ഫറയൂൽ (1:22) | പറയുകിൽ |
| ഫലെ (1:22) | പല |
| ബന്നം(1:22) | ശ്രേഷ്ഠം |
| ഫാൽ (1:23) | പാൽ |
| ബെണ്ണ (1:23) | വെണ്ണ |
| ഫാക്കിയം (1:24) | ഭാഗ്യം |
| അറിവാളൻ (1:25) | പണ്ഡിതൻ |
| തുറ (1:27) | തീരം, പ്രദേശം |
| കോർവ്വ (1:28) | കവിത |
| വൊക്കെ (1:28) | ഒക്കെ |
| ചൊന്നെ (1:29) | പറഞ്ഞ |
| കേഫ്ഫാൻ (1:31) | കേൾക്കാൻ |
| ബിശേളം (1:31) | വിശേഷം |
| ഫോരിശ (1:31) | ശ്രേഷ്ഠത |
| കേഫ്ഫനേ (1:32) | കേൾക്കുവിൻ |
| ലോകർ (1:32) | ജനങ്ങൾ |
| മൂലംഉടയോവൻ (1:33) | അടിസ്ഥാനമായിട്ടുള്ളവൻ(ദൈവം) |
| അരുൾ (1:33) | വാക്ക് |
| ആവണ്ണം (1:35) | ആവിധം |
| ചാച്ചി (1:42) | കിടത്തി |
| അദിയിൽ (1:45) | അതിൽ |
| വൊരു (1:45) | ഒന്ന് |
| ഫട്ടം (1:46) | പദവി (പട്ടം) |

| പദം | മലയാള അർത്ഥം |
|---|---|
| ചദി (1:47) | ചതി |
| കോവം (1:52) | കോപം |
| മറ്കര (1:53) | മറുകര |
| കടലി (1:53) | കടൽ |
| മന്ശ്യൻ (1:54) | മനുഷ്യൻ |
| ബസ്തു (1:54) | വസ്തു |
| ഫുള്ളർ (1:58) | പിള്ളേർ (കുട്ടികൾ) |
| ബാശി (1:59) | വാശി |
| യെന്നിയേ (1:59) | കൂടാതെ |
| ഫടഫ്ഫിനി (1:62) | പടപ്പിന്(സൃഷ്ടിക്ക്) |
| ചൊൽകിൽ (1:64) | പറയുകയാണെങ്കിൽ |
| അനുമാദം (1:70) | അനുവാദം |
| ഫറവൻ (1:70) | ഞാൻപറയുന്നു |
| ചുമട് (1:74) | ചുവട് |
| യെല്ലായിലും (1:77) | എല്ലാത്തിലും |
| കൊദി (1:82) | കൊതി |
| കൺകൂടബട്ടം (1:87) | കൺവെട്ടം |
| സുവർക്കം (1:88) | സ്വർഗ്ഗം |
| ഫോം (1:88) | പോകും |
| ഫിടിഫ്ഫൻ (1:96) | പിടിക്കുന്നു |
| യേദും (1:97) | ഏതും |
| നല്ലോവർ (1:101) | നല്ലവർ |
| ബല്ലേ (1:105) | വല്ല |
| ബാ (1:106) | വായ |
| കൂടാ (1:106) | കൂടാതെ, അടക്കാതെ |
| നിലവാട് (1:117) | നിലപാട് |
| യെപ്പേരും (1:117) | മുഴുവനും |

| പദം | മലയാള അർത്ഥം |
|---|---|
| മിഞ്ചം (1:118) | അല്പം, ബാക്കി |
| ഫൊളുദ് (1:121) | പ്രകാശം |
| കുഫ്ഫി (1:123) | കുപ്പി |
| കാമാൻ (1:124) | കാണുന്നു |
| ബശണം (1:125) | ഭാഷണം |
| നഞ്ഞി (1:126) | നഞ്ഞ്, വിഷം |
| ശേശം (1:127) | ശേഷം |
| നെയ്ദാക്കും (1:130) | നേർപ്പിക്കും |
| നായൻ (1:134) | ദൈവം |
| ബിളങ്ങ (1:137) | നന്നായി, വിളങ്ങി |
| വൊളിവ് (1:142) | ഒളി, പ്രകാശം |
| തൊഫ്ഫൻ (1:143) | അല്പം |
| നോക്കുകീൽ (1:145) | നോക്കുകയാണെങ്കിൽ |
| തൊളുദു (1:150) | തൊഴുതു, നമസ്ക്കരിച്ചു |
| മുദലായി (1:152) | കാരണമായി |
| മാങ്കുവാൻ (1:176) | വാങ്ങുവാൻ |
| താനം (1:177) | സ്ഥാനം |
| കാമാൻ (1:179) | കാണുവാൻ |
| ഫാങ്ങ് (1:184) | ഭംഗി |
| യെറുൻപ് (1:187) | ഉറുമ്പ് |
| മുദലായെ (1:189) | പ്രിയപ്പെട്ട, ബഹുമാനപ്പെട്ട |
| യെവ്ടക്ക് (1:194) | എവിടേക്ക് |
| ഫശുവ് (1:196) | പശു |
| കണക്കായി (1:203) | തുല്യമായി |
| ശദ്ദം (1:204) | ശബ്ദം |
| ഉമ്മ (1:205) | അമ്മ |
| കള്ളനി (1:206) | കള്ളന്റെ |

| പദം | മലയാള അർത്ഥം |
|---|---|
| സങ്കിടം (1:208) | സങ്കടം |
| കശം (1:209) | ഇരുട്ട് |
| മൊളിന്തോവർ (1:216) | മൊഴിഞ്ഞവർ |
| കൊറവ് (1:217) | കുറവ്, അപമാനം |
| നീക്കിച്ചു (1:218) | മാറ്റി, ഇല്ലാതാക്കി |
| കള്ളർ (1:219) | കള്ളൻമാർ |
| മുദിർന്ന (1:221) | മുതിർന്ന, ശ്രമിച്ച |
| മറഫ്ഫിച്ചു (1:222) | മറപ്പിച്ചു |
| കൂട (1:223) | കൊട്ട |
| കുറവ് (1:225) | വൈകല്യം |
| ഫൈദൽ (1:225) | പൈതൽ |
| ചകം (1:227) | ശവം |
| കിലശം (1:228) | ക്ലേശം |
| കോയി (1:229) | കോഴി |
| മുള്ള് (1:229) | എല്ല് |
| കൂകി (1:230) | കൂവി |
| തേടുവിൻ (1:231) | ചോദിക്കുവിൻ |
| താത്തിച്ചു (1:233) | ഇറക്കി |
| ബരുന്നെ (1:234) | വരുന്ന |
| മേലാൽ (1:234) | പിന്നീട്, ശേഷം |
| നിലന (1:235) | നിലയെ, സ്ഥാനത്തെ |
| കൊടുഫ്ഫീനു (1:235) | കൊടുക്കാനും |
| കളവാനും (1:235) | കളയാനും |
| യല്ലൊരു (1:237) | വല്ലൊരു |
| കുലം (1:239) | കൂട്ടം |
| ഫുക്കെ (1:239) | പൂകിയ, പ്രവേശിച്ച |
| കല്പിച്ചുവെച്ചു (1:240) | തീരുമാനിച്ചു |

| പദം | മലയാള അർത്ഥം |
|---|---|
| ഇല്ലാദോർ (1:243) | ഇല്ലാത്തവർ |
| നില (1:247) | അഹങ്കാരം |
| താശെ (1:248) | താഴെ |
| ഉറക്കെ (1:250) | ഉറക്കത്തിൽ |
| കോലം (1:251) | രൂപം |
| തിമ്മാൻ (1:255) | തിന്നാൻ |
| ഫോരിച്ചു (1:258) | വർദ്ധിപ്പിച്ചു |
| തല (1:271) | തുടക്കം |
| ഫൊൻ (1:271) | പൊന്ന് |
| കോത്തൻ (1:284) | കോർത്തു |
| ദുശ്കം (1:289) | ദു:ഖം |
| ഫോളർ (1:294) | പോഴൻമാർ |
| തിർകായ്ച്ച (1:308) | തൃക്കാഴ്ച |
| യെന്നെ (7:1) | എന്ന |
| നിന്നെ (7:8) | നിന്ന |
| ആയെ (8:1) | ആയ |
| ഫറഞ്ഞെ (9:2) | പറഞ്ഞ |
| ഫലെ (9:8) | പല |
| യെനക്ക് (7:5) | എനിക്ക് |
| വെല (7:3) | വില |
| യെദം (8:6) | എദം (ഹിതം) |
| തലം (9:7) | സ്ഥലം |
| ബിദി (10:4) | വിധി |
| ഫിറാവ് (7:8) | പിറാവ് (പ്രാവ്) |
| സാദ്യം (9:3) | സാധ്യം (ലക്ഷ്യം) |
| ഫദി (2:7) | പതി (രാജാവ്) |
| ഫൻദൽ (5:6) | പന്തൽ |

| പദം | മലയാള അർത്ഥം |
| --- | --- |
| ബിദാനം (5:6) | വിതാനം |
| ആവരണം (6:6) | ആഭരണം |
| ഫുവി (3:3) | ഭുവി |
| ലാവ് (9:6) | രാവ് |
| ബിശയം (8:2) | വിഷയം |
| നാൻ (7:1) | ഞാൻ |
| നാങ്ങൾ (6:4) | ഞാങ്ങൾ (ഞങ്ങൾ) |
| തായേൽ (7:7) | താഴെ |
| ഇരുംഫ് (6:3) | ഇരുമ്പ് |
| യൊരുനാൾ (6:2) | ഒരുനാൾ |
| വൊട്ട് (7:7) | ഒട്ട് |
| വൊരു (7:2) | ഒരു |
| മറഫൊരുൾ (10:2) | വ്യക്യാർത്ഥം |
| കൂറ്റ് (6:3) | ശബ്ദം |
| കോശം (2:2) | ഘോഷം |
| നാദിയാൻ (3:3) | ദൈവം |
| ബേദിയർ (3:6) | പ്രവാചകൻ |
| ബെള്ളാട്ടി (7:1) | വേലക്കാരി |
| അർദ്ദി (7:6) | ഉടമ്പടി |
| ചെയ്ദ് (7:6) | ചെയ്ത് |
| ബിശയം (8:2) | നിർബന്ധം |
| മുളുക്ക് (10:3) | വിധി |
| ബളർമ (4:4) | വളർച്ച |
| മാടം (5:1) | വീട് |
| ഓശ (2:3) | ഒച്ച |
| ചെഫ്ഫി (2:5) | പറഞ്ഞു |
| ചിനത്തവൻ (2:7) | സമർത്ഥൻ |

| പദം | മലയാള അർത്ഥം |
|---|---|
| ഇരസം (4:7) | രസം |
| ഉൻമ (4:8) | ഉണ്മ |
| ഇരുതിരിഞ്ഞ് (4:7) | രണ്ടായിത്തിരിഞ്ഞു |
| റങ്ക് (5:2) | ഭംഗി |
| ദീബം (5:7) | ദീപം |

## പാഠങ്ങളിലെ അറബിപദങ്ങൾ

| പദം | മലയാള അർത്ഥം |
|---|---|
| അള്ളാ (1:1) | ദൈവം |
| സ്വലവാത് (1:1) | രക്ഷാപ്രാർത്ഥന |
| സുൽത്താനുൽ ഔലിയ (1:7) | ദിവ്യപുരുഷരിൽശ്രേഷ്ഠൻ |
| മുരീദ് (1:9) | അനുയായി |
| കുത്തുബ് (1:9) | നേതാവ് |
| ശരീഅത്ത് (1:13) | ഇസ്ലാമിക നിയമം |
| ഹക്കീക്കത്ത് (1:14) | യാഥാർത്ഥ്യം |
| ശെയ്ഖ്അബ്ദുൾഖാദിരി(1:17) | (കഥാനായകന്റെ) പേര് |
| കൈലാനി (1:17) | ഒരുസ്ഥലനാമം |
| ശൈഖ് (1:17) | നേതാവ് |
| മുഹ്യിദ്ദീൻ (1:19) | (കഥാനായകന്റെ) പേര് |
| ഖാളി (1:26) | പുരോഹിതൻ |
| മുഹമ്മദ് (1:26) | ഒരുപേര് |
| ബൈത്ത് (1:29) | കവിത |
| ബഹുജാകിത്താബ് (1:29) | ഒരു അറബിഗ്രന്ഥം |
| തഖ്മില (1:30) | കീറത്തുണി |
| യാ (1:36) | എന്റെ |
| ഔസുൽഅഅ്ളം (1:36) | നല്ലസഹായി |
| മശായിഖ് (1:31) | ദിവ്യൻമാർ |
| മലക്ക് (1:39) | മാലാഖ |
| ഖാഫ് (1:43) | അറേബ്യയിലെ ഒരു പർവ്വതം |
| ബഹ്റ് (1:43) | കടൽ |
| യെഹ്ജൂജ് (1:44) | ഒരുപേര് |
| വലി (1:46) | ദിവ്യൻ |
| ഇസ്താദ് (1:48) | ഗുരു |

| പദം | മലയാള അർത്ഥം |
|---|---|
| ശിർ (1:49) | ദോഷം |
| അംറ് (1:50) | കല്പ്പന |
| സെയ്ഫ് (1:51) | വാൾ |
| ജിന്ന് (1:55) | അരൂപിയായ ദൈവസൃഷ്ടി |
| ഇൻസ് (1:55) | മനുഷ്യൻ |
| ഖിള്റ് (1:72) | ഒരു പ്രവാചകൻ |
| കഅ്ബ (1:75) | മക്കയിലെ പുണ്യഗേഹം |
| ത്വവാഫ് (1:76) | പ്രദക്ഷിണം |
| അർശ് (1:77) | സിംഹാസനം |
| ലൗഹ് (1:78) | ദൈവസ്ഥാനം |
| നബി (1:79) | പ്രവാചകൻ |
| തൗബ (1:81) | പശ്ച്ചാത്താപം |
| ഖബൂൽ (1:83) | അംഗീകാരം, സമ്മതം |
| ഹമ്മാദ് (1:84) | ഒരുപേര് |
| ഹല്ലാജ (1:93) | ഒരു അറബിനാമം |
| മഖാം (1:109) | ഖബറിടം |
| ഖിയാം (1:116) | അന്ത്യനാമം |
| വഖീയത്ത് (1:118) | ബാക്കിയായത് |
| ഇൽമ് (1:119) | അറിവ് |
| ഉറൂബ് (1:121) | അസ്തമയം |
| ദീൻ (1:127) | മതം |
| ദുനിയാവ് (1:127) | ലോകം |
| ആഖിർ (1:128) | പരലോകം |
| അദാബ് (1:130) | ശിക്ഷ |
| സുഖ്ഫ (1:133) | ഏടുകൾ |
| ഹിർഖ (1:135) | |
| ഹുക്കമെയ് (1:140) | എഴുത്തുകാർ |
| ഇശ (1:149) | രാത്രിനമസ്ക്കാരം |

| പദം | മലയാള അർത്ഥം |
| --- | --- |
| സുബ്ഹി (1:150) | പ്രഭാതനമസ്ക്കാരം |
| ഖത്തം (1:151) | ഖുർആൻമുഴുവനും |
| വയള് (1:157) | മതപ്രസംഗം |
| ഇബ്ലീസ് (1:164) | പിശാച് |
| അംബിയാഅ് (1:165) | പ്രവാചകൻമാർ |
| ഔലിയാഅ് (1:165) | ദിവ്യപുരുഷൻമാർ |
| റൂഹ് (1:166) | ആത്മാവ് |
| ഹാളിർ (1:166) | ഹാജർ |
| ഖോജ (1:167) | ആചാര്യൻ |
| റസൂലുള്ള (1:167) | ദൈവത്തിന്റെ പ്രവാചകൻ |
| മലായിക്കത്ത് (1:169) | മാലാഖമാർ |
| സ്വഫ്ഫ് (1:183) | നിര |
| ഖുബ്ബ (1:186) | മകുടം |
| റമളാൻ (1:189) | ഹിജറമാസം |
| ഇസ്ലാം (1:239) | ഇസ്ലാംമതം |
| അബ്ദാൽ (1:240) | മക്കൾ |
| ബലാൽ (1:264) | ദോഷം |
| ദുആ (1:267) | പ്രാർത്ഥന |
| ബർക്കത്ത് (1:267) | ഐശ്വര്യം |
| അമീർ (1:279) | രാജാവ് |
| സുൽത്താൻ (1:280) | ചക്രവർത്തി |
| റഹ്മത്ത് (1:291) | അനുഗ്രഹം |
| ഫാത്തിഹ (1:303) | ഖുർആനിലെ ആദ്യത്തെ അധ്യായം |
| ശഫാഅത്ത് (1:305) | ശുപാർശ |
| സലാം (1:311) | രക്ഷ |
| ഉർബതുബ്നുസുബൈർ | ഒരുപേര് |
| അഖൽ (8:1) | ബുദ്ധി |

| പദം | മലയാള അർത്ഥം |
|---|---|
| ബുലൂഗ് (8:1) | പ്രയപൂർത്തി |
| മുർസൽ (8:4) | പ്രവാചകൻമാർ |
| സൂറത്ത് (9:1) | അധ്യായം |
| മിനൽമസ്ജിദ് (9:2) | പള്ളിയിൽനിന്നും |
| ഹറാം (9:2) | നിഷിദ്ധം |
| ഹുബ്ബ് (9:4) | ഇഷ്ടം |
| ബൈത്തുൽമുഖദ്ദസ് (9:5) | പലസ്തീനിലെ ഒരു പള്ളി |
| സീറ (9:7) | കഥ |
| ഉലുമ (9:7) | പണ്ഡിതൻ |
| ഹദീസ് (10:1) | പ്രവാചകവചനം |
| മൂത്തൂ (10:1) | മരിക്കുവിൻ |
| ഖബ്ലഅൻതമൂത്തൂ (10:1) | മരിക്കുന്നതിന് മുമ്പ് |
| മവ്ത്ത് (10:6) | മരണം |
| സ്വഹബാക്കൾ (2:4) | പ്രാവചകാനുചരൻമാർ |
| സഖൂം (2:6) | ഒരു പേര് |
| ശറഫ് (2:7) | ശ്രേഷ്ഠം |
| ഹംദ് (3:4) | സ്തുദി |
| ഖത്ത് (4:1) | കത്ത് |
| സൗബ് (5:3) | വസ്ത്രം |
| അബിയള് (5:3) | വെളുത്ത |
| സുറൂജ് (10:7) | വിളക്ക് |
| മജ്ലിസ് (1:170) | സദസ്സ് |

# അനുബന്ധം 3

## മുഹ്‌യിദ്ദീൻമാല (മൂലകൃതി)



















